ഒമ്പതാം പദ്ധതി

ജനങ്ങളുടെ പദ്ധതി



# വികസന റിപ്പോർട്ട്

തോളൂർ ഗ്രാമ പഞ്ചായത്ത് - '96

86-7

# വികസന റിപ്പോർട്ട്

## തോളൂർ ഗ്രാമ പഞ്ചായത്ത് - '96

**ഉള്ളടക്കം**


1. അവതാരിക
2. ചരിത്ര പശ്ചാത്തലം
3. തോളൂർ ഗ്രാമ പഞ്ചായത്ത് പൊതു വിവരണം
4. കൃഷി - ജലസേചനം
5. മൃഗ സംരക്ഷണവും - മത്സ്യബന്ധനവും
6. വ്യവസായം
7. ഊർജ്ജം - ഗതാഗതം
8. സഹകരണം
9. പാർപ്പിടം - സാമൂഹ്യക്ഷേമം
10. വിദ്യാഭ്യാസം
11. ആരോഗ്യ രംഗം
12. സംസ്ക്കാരം
13. വനിതാക്ഷേമം
14. പട്ടികജാതി - പട്ടികവർഗ്ഗ വികസനം
15. വാർത്താവിനിമയം
16. വിഭവ സമാഹരണം

# 1 അവതാരിക

തോളൂർ ഗ്രാമ പഞ്ചായത്തിൽ 9 - ാം പഞ്ചവത്സര പദ്ധതിക്കുവേണ്ട ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഒന്നാം ഘട്ട ജില്ലാ തല പരിശീലന ക്ലാസ്സുകളോടെയാണ്. 1996 സെപ്തംബർ 4, 5, 6 തിയ്യതികളിൽ കൈപ്പറമ്പിൽ വെച്ചു നടന്ന ത്രിദിന പരിശീലന ക്ലാസ്സിൽ നമ്മുടെ പഞ്ചായത്തിലെ എല്ലാ അംഗങ്ങളും പങ്കെടുത്തിരുന്നു. 12-9-'96 ന് പോന്നോർ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്ന ഏകദിന പഞ്ചായത്ത് തല പരിശീലനത്തിൽ വിവിധ വാർഡുകളിൽ നിന്നായി 70 പേർ പങ്കെടുത്തു. സെപ്തംബർ 21 മുതൽ ഒക്ടോബർ 6 വരെയുള്ള ദിവസങ്ങളിൽ ഒമ്പതു വാർഡുകളിലേയും ഗ്രാമ സഭകൾ ചേർന്നു. ഗ്രാമസഭകളിൽ ജന പങ്കാളിത്തം വൻതോതിൽ ഉണ്ടായിരുന്നില്ലെങ്കിലും ഒട്ടും മോശമായിരുന്നില്ല. പഞ്ചായത്തിലെ വിവിധങ്ങളായ വികസന പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ ഗ്രാമസഭകളിൽ നടന്നു. ഓരോ ഗ്രാമസഭകളിൽ നിന്നും 20-25 പേർ അടങ്ങുന്ന സമിതികളും രൂപീകരിച്ചു.

ജനകീയാസൂത്രണത്തിലെ രണ്ടാംഘട്ട പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ത്രിദിന ജില്ലാതല പരിശീലന ക്ലാസ്സ് കുന്നംകുളത്തുവെച്ച് ഒക്ടോബർ 23, 24, 25 തിയ്യതികളിൽ നടന്നു. പഞ്ചായത്ത് അംഗങ്ങൾക്ക് പുറമെ ശ്രീ. പി. ഐ ബാലകൃഷ്ണൻ, പഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. കെ. വേലുകുട്ടി ശ്രീ. ജോൺ മാത്യു പി., ഡോ. ടി. ആർ. വേണുഗോപാലൻ, ശ്രീമതി. പി. സാവിത്രിയമ്മ, ശ്രീ. പി. അരവിന്ദാക്ഷ മേനോൻ എന്നിവർ പങ്കെടുത്തു. 27-10-96 ന് പോന്നോർ G. W. U. P. S. ൽ നടന്ന പഞ്ചായത്ത് തല ഏകദിന പരിശീലന പരിപാടിയിൽ 77 പേർ പങ്കെടുത്തു. നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാലും അഞ്ചും പേരടങ്ങുന്ന 13 ഗ്രൂപ്പുകളെ തെരെഞ്ഞെടുത്തു. പഞ്ചായത്തിലെ വിവിധ സർക്കാർ ഓഫീസുകളിൽ നിന്ന് പഞ്ചായത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് 7 ചെറിയ ഗ്രൂപ്പുകളെ തെരെഞ്ഞെടുത്തു. ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വിവിധ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകളിൽ നിന്ന് വിവരങ്ങൾ (Secondary data) ശേഖരിച്ചു. ശ്രീ. പി. ഐ. ബാലകൃഷ്ണനെ കൺവീനറായും ശ്രീ ജോൺ മാത്യു പി, ശ്രീ സി. ട്ടി. ചേറു എന്നിവരെ ജോയിന്റ് കൺവീനർമാരായും തെരഞ്ഞെടുത്തു.

ഈ പതിമൂന്ന് ഗ്രൂപ്പുകൾ ഗ്രാമസഭാനിർദ്ദേശങ്ങൾ, ദ്വിതീയ വിവരങ്ങൾ, പഞ്ചായത്തിലെ വിവിധ തുറകളിലുള്ള വിദഗ്ധരുമായി നടത്തിയ ചർച്ചകളിൽ നിന്നു ലഭിച്ച വിവരങ്ങൾ എന്നിവയെല്ലാം സമന്വയിപ്പിച്ച് ഓരോ വിഷയങ്ങളേയും സംബന്ധിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ചെയ്തത്. 27- 10-96 മുതൽ 10-11-96 വരെയുള്ള ദിവസങ്ങൾ മാത്രമാണ് വികസന റിപ്പോർട്ട് തയ്യാറാക്കുക എന്ന ശ്രമകരമായ ജോലിക്കായി നമുക്ക് ലഭിച്ചത്. അതുകൊണ്ടുതന്നെ ഈ വികസന റിപ്പോർട്ടിന്റെ പൂർണ്ണതയെ കുറിച്ച് ഞങ്ങൾക്ക് വലിയ അവകാശവാദം ഒന്നുംതന്നെയില്ല. വികസന സെമിനാറിൽ നടക്കുന്ന വിപുലമായ ചർച്ചകൾ വഴി ഈ റിപ്പോർട്ടിനെ പരിപുഷ്ടമാക്കാമെന്ന് ഞങ്ങളാശിക്കുന്നു.

ജനകീയാസൂത്രണ പരിപാടി നമ്മുടെ പ്രദേശങ്ങളെ പുതിയ ഉൾക്കാഴ്ചയോടെ നോക്കിക്കാണുവാൻ നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ ഇന്നത്തെ സ്ഥിതി ആഴത്തിൽ പഠിച്ച് മനസ്സിലാക്കി നാളെയെ രൂപപ്പെടുത്തിയെടുക്കുവാൻ നമ്മളേ പ്രേരിപ്പിക്കുന്നു. നാം ആവിഷ്ക്കരിക്കുന്ന വികസന പരിപാടികളുടെ

എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ കൂട്ടായ്മയും നന്മയും അവരുടെ അറിവുകളും സമാഹരിച്ച് ഉപയോഗിക്കുവാൻ നമ്മോട് ആവശ്യപ്പെടുന്നു.

ജനകീയാസൂത്രണ പരിപാടിയിലെ പ്രവർത്തനങ്ങൾക്ക് ഈ പഞ്ചായത്തിലെ ആരേയും ഒഴിച്ചുനിർത്താതെ എല്ലാവരേയും പങ്കെടുപ്പിക്കുക എന്ന പൊതുസമീപനമാണ് ഞങ്ങൾക്കുള്ളത്. ഈ പഞ്ചായത്തിലെ എല്ലാ പൗരന്മാരെയും ഈ മഹാ പ്രസ്ഥാനത്തിലേക്ക് ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

പഞ്ചായത്തിന്റെ ഓരോ വികസന രംഗത്തേയും ചരിത്രം, ഇന്നത്തെ സ്ഥിതി, സാദ്ധ്യതകൾ എന്നിവ വസ്തുനിഷ്ഠമായി പരിശോധിക്കാൻ ഞങ്ങൾ ആവതും ശ്രമിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ വികസനത്തിന്റെ മുഖം ഈ റിപ്പോർട്ടിൽ തെളിയും എന്നും ഭാവി വികസന പ്രവർത്തനങ്ങൾക്ക് ഈ റിപ്പോർട്ട് ദിശാബോധം നല്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. വികസന റിപ്പോർട്ട് എഴുതുവാൻ സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് നിറുത്തുന്നു.

എന്ന്,

പി. ഐ. ബാലകൃഷ്ണൻ
കൺവീനർ,
ജനകീയാസൂത്രണ സമിതി

**വി. എസ്. മാധവൻ**
പ്രസിഡണ്ട്,
തോളൂർ ഗ്രാമ പഞ്ചായത്ത്

പറപ്പൂർ
25-11-1996

# ദ്വിതീയ വിവരശേഖരണം നടത്തിയവർ

1. ശ്രീ. പി. ഐ. ബാലകൃഷ്ണൻ
2. „ പി. ഡി. ആന്റണി
3. „ ടി. വി. രാമകൃഷ്ണൻ
4. „ പി. ആർ. പീറ്റർ
5. „ സി. സി. ജോണി
6. „ സി. ട്ടി. ചേറു
7. „ കെ. സി. വേലായുധൻ
8. „ പി. ജെ. വർഗ്ഗീസ്
9. ശ്രീമതി അനിതാ വിജയൻ (കൃഷി ഓഫീസർ)
10. ശ്രീ. ഇ. എം. ജോസ് മാസ്റ്റർ
11. „ കെ. സി. വേലായുധൻ മാസ്റ്റർ
12. „ ടി. നന്ദനൻ
13. „ സി. വി. ഡേവീസ്
14. „ കെ. എസ് . അർജുനൻ
15. „ എൻ. കെ. പുഷ്ക്കരൻ (വി. ഇ. ഒ)
16. „ എ. വി. വത്സലൻ
17. „ പി. എ. ഔസേഫ്
18. „ സി. എ. വർഗ്ഗീസ്
19. „ ആർ. ജെ. ജയകുമാർ

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

## കൃഷിജല സേചനം

1. ശ്രീ. പി. ശങ്കരൻകുട്ടി നായർ (കൺവീനർ)
2. „ എ. വി. ജോണി (ചെയർമാൻ)
3. „ പി. ഉണ്ണികൃഷ്ണൻ
4. „ സി. കെ. ലോറൻസ്
5. „ കെ. കുഞ്ഞുണ്ണി
6. „ സി. എൽ. ഔസേഫ്
7. „ കെ. കെ. ശങ്കുണ്ണി
8. „ ടി. കെ വേലായുധൻ
9. ശ്രീമതി അനിതാവിജയൻ (കൃഷി ഓഫീസർ)

## II മൃഗ പരിപാലനം-മത്സ്യബന്ധനം

1. ശ്രീ. പ്വി. ആർ. പീറ്റർ (കൺവീനർ)
2. „ സി. ബി. രാമകൃഷ്ണൻ (ചെയർമാൻ)
3. „ ഡോക്ടർ പി. വേണു ഗോപാലൻ
4. „ പി. ഒ. ജോസ്
5. „ ഇ. സി. തോമാസ്
6. „ കെ. ശങ്കരൻകുട്ടി
7. „ പി. കെ. വിജയൻ
8. „ ജോൺ മാത്യു പി.
9. „ എ. കെ. ജോൺസൺ
10. „ എം. എസ്. കൃഷ്ണൻ കുട്ടി

## III വിദ്യഭ്യാസം

1. ശ്രീ. സി. സി. വർഗ്ഗീസ് മാസ്റ്റർ (കൺവീനർ)
2. ശ്രീമതി എൽസി ടീച്ചർ (ചെയർപേഴ്സൺ)
3. ശ്രീ. ഇ., എം. ജോസ് മാസ്റ്റർ
4. „ കെ. സി. വേലായുധൻ മാസ്റ്റർ
5. „ എ. എസ് വിശ്വംഭരൻ
6. „ സി. എഫ്. ജോസ് മാസ്റ്റർ

## IV ആരോഗ്യം-കുടിവെള്ളം - പരിസര ശുചിത്വം

1. ശ്രീ. പി. എ. ഔസേഫ് (കൺവീനർ)
2. „ കെ. എസ്. കൃഷ്ണൻ (ചെയർമാൻ)
3. „ ഡോക്ടർ ടി. ആർ. വേണുഗോപാലൻ (സീനിയർ മെഡിക്കൽ ഓഫീസർ)
4. „ സി. ട്ടി. ചേറു
5. „ ഡോക്ടർ രാജീവ് (മെഡിക്കൽ ഓഫീസർ I. S. M)
6. „ എം. സി. ജോസ്
7. „ പി. ജെ. വർഗ്ഗീസ്

## V വ്യവസായം

1. ശ്രീ. പി. ഒ. വിൻസന്റ് (കൺവീനർ)
2. „ ജെയിംസ് സി. ജോസഫ് (ചെയർമാൻ)

3. „ എം. എ. രാഘവൻ
4. „ ഇ. ഡി. വിൻസന്റ്
5. „ കെ. പി. ബെന്നി
6. „ വി. വി. ലാസർ
7. „ സി. കെ. സുഭാഷ്
8. „ കെ. എം. പ്രഭാകരൻ
9. „ സി. വി. ഡേവീസ്

## VI ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

1. ശ്രീ. സി. എ. വർഗ്ഗീസ് (കൺവീനർ)
2. „ ഇ. എ. ചാക്കുണ്ണി (റിട്ടയേർഡ് ഇലക്ട്രിസിറ്റി എൻജിനീയർ) (ചെയർമാൻ)
3. „ ഇ. ജെ. വർഗ്ഗീസ്
4. „ വി. എസ്. വേലായുധൻ
5. „ എം. ശ്യാമൻ

## VII ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

1. ശ്രീ. എൻ. കെ. പുഷ്ക്കരൻ, വി. ഇ. ഒ (കൺവീനർ)
2. കുമാരി കെ. കെ. വിമല (ചെയർപേഴ്സൺ)
3. ശ്രീ. ആർ. ജെ. ജയകുമാർ
4. ശ്രീ. കെ. വി. സുകുമാരൻ
5. ശ്രീ. ടി. കെ. വേലായുധൻ
6. ശ്രീ. കെ. വി. രാമദാസ്
7. ശ്രീ. സി. കെ. രാജൻ

## VIII സംസ്കാരം

1. ശ്രീ. കെ. രാധാകൃഷ്ണൻ (കൺവീനർ)
2. ശ്രീമതി. പത്മിനി ശങ്കരൻ കുട്ടി (ചെയർപേഴ്സൺ)
3. ശ്രീ. പി. പരമേശ്വരൻ
4. ശ്രീ. കെ. എക്സ്. ലോറൻസ് മാസ്റ്റർ
5. ശ്രീ. കെ. വി. ശങ്കരനാരായണൻ
6. ശ്രീ. ടി. കെ. ബാലകൃഷ്ണൻ

## IX വനിതാക്ഷേമം

1. ശ്രീമതി എൽസി ടീച്ചർ (കൺവീനർ)
2. „ പി. സാവിത്രിഅമ്മ (ചെയർപേഴ്സൺ)
3. „ ആശ. അശോകൻ
4. „ കൊച്ചുത്രേസ്യ
5. „ ബേബി വിത്സൺ

## X സഹകരണം

1. ശ്രീ. പി. ഒ. സെബാസ്റ്റ്യൻ (കൺവീനർ)
2. ശ്രീ. ജെയിംസ് സി. ജോസഫ് (ചെയർമാൻ)
3. „ പി. ഉണ്ണികൃഷ്ണൻ
4. „ വി. പി. അരവിന്ദാക്ഷൻ
5. „ കെ. ആർ. സുബ്രഹ്മണ്യൻ
6. „ പി. മധുസൂദനൻ

## XI പട്ടിക ജാതി - പട്ടിക വർഗ്ഗം

1, ശ്രീ. സുന്ദരൻ ഐനിക്കാട് (കൺവീനർ)
2. „ കെ. എസ്. കൃഷ്ണൻ (ചെയർമാൻ)
3. „ വി. എസ്. മാധവൻ
4. „ കെ. സി. വേലായുധൻ
5. „ പി. ഐ. ബാലകൃഷ്ണൻ

## XII വിഭവസമാഹരണം

1. വി. ഡി. ജോൺ (കൺവീനർ)
2. സി. ബി. രാമകൃഷ്ണൻ (ചെയർമാൻ)
3. സി. സി. ജോണി
4. എം. സി. വാസു

## XIII പഞ്ചായത്ത് ചരിത്രം

1. ശ്രീ. എ. എൽ. പുത്തൂർ (കൺവീനർ)
2. „ വി. എസ്. മാധവൻ (ചെയർമാൻ)
3. „ പി. അരവിന്ദാക്ഷ മേനോൻ
4. „ ടി. ശ്രീധര മേനോൻ

കൺവീനർ. ശ്രീ. പി. ഐ. ബാലകൃഷണൻ

ജോയിന്റ് കൺവീനർമാർ

1. സി. ട്ടി. ചേറു
2. ജോൺ മാത്യു. പി.

# 2 ചരിത്ര പശ്ചാത്തലം

## പ്രാചീന ചരിത്രം

നൂറ്റാണ്ടുകൾക്ക് മുമ്പ് ചിറ്റിലപ്പിള്ളി ആസ്ഥാനമായി നാടുവാണിരുന്ന തലപ്പിള്ളി രാജവംശത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു തോളൂർ പഞ്ചായത്ത് പ്രദേശം പിന്നീട് മണക്കുളം, കക്കാട്, പുന്നത്തൂർ, ചിറളയം എന്നീ നാല് താവിഴികളായി പിരിഞ്ഞതിൽ പുന്നത്തൂരിന്റെ അധീനതയിലായിത്തീർന്നു ഈ പ്രദേശം.

ബ്രാഹ്മണരുടേയും നാടുവാഴികളുടേയും ജന്മികളുടേയും ഭരണവ്യവസ്ഥ ഉണ്ടായിരുന്ന കാലത്തിന്റെ സ്മരണ നിലനിർത്തുന്ന ക്ഷേത്രങ്ങളും കുളങ്ങളും ഒരു വള്ളക്കടവും ഇവിടെ ഇപ്പോഴുമുണ്ട്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് പുന്നത്തൂർ കോട്ട തകർന്നെങ്കിലും പുന്നത്തൂരിന്റെ അധീശത്വമുള്ള "വഴിയിൽ ശേഖവൻ കാവ് ക്ഷേത്രം" ഇന്നും നിലനില്ക്കുന്നു. തൃശ്ശൂരിലെ തിരുവമ്പാടി ക്ഷേത്രം തോളൂർ ഗ്രാമ പഞ്ചായത്തിലെ എടക്കളത്തൂരിലായിരുന്നുവത്രെ. ക്ഷേത്രാവശിഷ്ടങ്ങളും വിസ്തൃതമായ ക്ഷേത്രക്കുളവും ഇന്നും ഉണ്ട്. " കണ്ണൻ "ചിറ എന്നത് കുളം ലോപിച്ച് "കണ്ടൻ "ചിറ എന്ന പേരിലാണ് കുളം ഇന്നറിയപ്പെടുന്നത്.

കേരളത്തിലെ ആദി ബ്രാഹ്മണരിൽ പ്രമുഖസ്ഥാനം വഹിക്കുന്ന അഴുവാഞ്ചേരി തമ്പ്രാക്കളുടെ ഊരായ്മ ക്ഷേത്രങ്ങളാണ് തോളൂർ വിഷ്ണുക്ഷേത്രവും പോന്നോർ ശിവക്ഷേത്രവും തോളൂർ പിഷാരിയേക്കൽ ക്ഷേത്രവും. ഈ പ്രദേശങ്ങളിലെ നിരവധി ഭൂമികളുടെ ജന്മാവകാശം അഴുവഞ്ചേരി മനയ്ക്കായിരുന്നു. കൊച്ചിരാജാവിന്റെ ഭരണ കാര്യങ്ങളിൽ പങ്കുവഹിച്ചിരുന്ന ' നമ്പ്യാന്മാർ' ഈ പ്രദേശവാസികളായിരുന്നു.

എ. ഡി. 52-ൽ ക്രിസ്തുശിഷ്യനായ തോമാശ്ലീഹ പാലയൂർ സന്ദർശിച്ചു എന്നും പള്ളി സ്ഥാപിച്ചു എന്നും ചരിത്ര പുസ്തകങ്ങളിൽ കാണുന്നു. പാലയൂരിൽ നിന്ന് ഉദ്ദേശം എട്ട് കിലോമീറ്റർ കിഴക്ക് സ്ഥിതി ചെയ്യുന്ന തോളൂർ പഞ്ചായത്തിലെ പറപ്പൂരിലും തോമാശ്ലീഹായുടെ പാദസ്പർശം ഏറ്റിട്ടുണ്ടെന്ന് ഇവിടുത്തെ പഴമക്കാർ പറയുന്നു. ഈ പ്രദേശത്തെ ക്രിസ്ത്യാനികളുടെ ആദ്യത്തെ ഇടവകപള്ളി പാലയ്യൂരായിരുന്നു. പറപ്പൂർ പ്രദേശത്ത് താമസിച്ചിരുന്ന ക്രിസ്ത്യാനികൾ പുന്നത്തൂർ മഠപ്പാട്ടിൽ താമസിച്ചിരുന്ന പുന്നത്തൂർ തമ്പുരാനേയും മണക്കുളം രാജാവിനേയും കണ്ട് സങ്കടം ഉണർത്തിച്ചതിന്റെ ഫലമായി 64 കുടിയായ്മകൾക്കായി പറപ്പൂരിൽ ഒരു പള്ളിയ്ക്ക് തിട്ടൂരം കല്പിച്ചനുവദിച്ചതിന്റെ ഫലമായി 907 തുലാം മാസത്തിൽ (1731) പറപ്പൂർ പള്ളി സ്ഥാപിതമായി.

## 'തോളൂർ' സ്ഥല നാമ ചരിത്രം

തോളൂർ എന്ന പേരിന്റെ ഉൽപ്പത്തിയെ കുറിച്ച് പല പഴങ്കഥകളും പറഞ്ഞു കേൾക്കുന്നുണ്ട്. പുന്നത്തൂർ തമ്പുരാന്റെ പടനായരായി തുളുനാട്ടിൽ നിന്ന് വരികയും പിന്നീട് തമ്പുരാനെ എതിർക്കുകയും ചെയ്ത ഒരു പടനായരെ പറ്റിയും പഴമക്കാർ പറയുന്നുണ്ട്. ഈ പടനായർ തുളുവർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു എന്നും തുളുവർ എന്ന വാക്കിൽ നിന്നാണ് തോളൂർ ഉണ്ടായത് എന്നും പറയുന്നുണ്ട്.

## സമീപ കാല ചരിത്രം

പഴയ കൊച്ചിരാജ്യം ഉണ്ടായിരുന്ന കാലത്തുതന്നെ തോളൂർ പഞ്ചായത്ത് നിലവിലുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ നാട്ടുപ്രമാണിമാരിൽ നിന്ന് പഞ്ചായത്ത് മെമ്പർമാരേയും

പ്രസിഡന്റിനേയും സർക്കാർ നോമിനേറ്റ് ചെയ്യുകയായിരുന്നു. പിന്നീട് പട്ടയദാരന്മാരായ ജന്മികളിൽ നിന്നും മെമ്പർമാരെ തെരഞ്ഞെടുക്കുന്ന രീതി നിലവിൽ വന്നു.

അക്കാലത്ത് സർക്കാരിൽ നിന്നുള്ള ഗ്രാന്റ് മാത്രമാണ് പഞ്ചായത്തിനുണ്ടായിരുന്ന വരുമാന മാർഗ്ഗം. ഇന്ത്യയിൽ ജനകീയ ഭരണം വന്നതോടെ പഞ്ചായത്തിൽ പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നു. പഞ്ചായത്തിലെ പ്രായപൂർത്തിയായ എല്ലാ വോട്ടർമാരും വോട്ടുചെയ്ത് മെമ്പർമാരെ തെരഞ്ഞെടുക്കുകയാണ് ചെയ്തു വന്നിരുന്നത്. (മലബാറിൽ പ്രസിഡന്റിനെ നേരിട്ട് വോട്ടുചെയ്ത് തെരെഞ്ഞെടുക്കുന്ന രീതി നിലവിലുണ്ടായിരുന്നു)

1874-ൽ സ്ഥാപിച്ച പറപ്പൂർ സെന്റ് ജോൺസ് എൽ. പി. സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. എടക്കളത്തൂർ ശ്രീകൃഷ്ണ വിലാസം എൽ. പി. സ്ക്കൂളിന്റെ സ്ഥാപനം നടന്നത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ്.

ചിറ്റിലപ്പിള്ളി വില്ലേജ് കോടതിയുടെ ആസ്ഥാനം പറപ്പൂരിൽ ആയിരുന്നു. പറപ്പൂരിനേയും ചിറ്റിലപ്പിള്ളിയേയും ബന്ധിപ്പിക്കുന്ന മുള്ളൂർ കായൽ പാലത്തിന്റേയും റോഡിന്റേയും നിർമ്മാണം 1921 ലും പോന്നോർ നിന്ന് എടക്കളത്തൂർക്കുള്ള പുത്തൻവെട്ടുവഴി എന്നറിയപ്പെട്ടിരുന്ന റോഡിന്റെ നിർമ്മാണം 1945 ലും ആകുന്നു. പഞ്ചായത്തിലെ മേഞ്ചിറ പാടശേഖരത്തിൽ നിന്ന് ആരംഭിച്ച് ചെല്ലിപ്പാടത്തു കൂടെ തോളൂർ ദേശത്തെ കുറുകെ പിളർന്ന് കടന്നുപോകുന്ന കാളിപ്പാടം തോടിന്റെ നിർമ്മാണം 1951 ലും തോളൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സ്ഥാപനം 1963 ലും ആണ്.

ഈ പഞ്ചായത്തിൽ സർവ്വശ്രീ. പി. വി. ഇട്ടിരാരിച്ചൻ നായർ, കെ. ഐ. വറീത്, പി. കെ. മാധവൻ നായർ, സി. എൽ കൊച്ചന്തോണി, എ. എൽ. പൂത്തൂർ, എൻ. ആർ. ബാലൻ, വി. എസ്. മാധവൻ എന്നിവർ യഥാക്രമം പ്രസിഡന്റുമാരായിരുന്നു. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. വി. എസ്. മാധവൻ തുടർച്ചയായി 2- ാം തവണയാണ് പ്രസിഡന്റാകുന്നത്.

ഗാന്ധിജിയുടെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ ശ്രീ. ചവറാട്ടിൽ ഭാസ്ക്കരൻ മാസ്റ്റർ മുൻകൈ എടുത്ത് പോന്നോരിൽ ഗവഃ സ്ക്കൂൾ 1951 ൽ സ്ഥാപിച്ചു. സമൂഹത്തിലെ പിന്നോക്കക്കാരുടെ മോചനം ലക്ഷ്യമാക്കിയാണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. ഇത് ഈ പഞ്ചായത്തിന്റെ സമീപകാല ചരിത്രത്തിൽ ഒരു സുപ്രധാന സംഭവമാണ്.

കൊച്ചി രാജാക്കന്മാരുടെ രാജ്യഭരണം നിലനിന്നിരുന്ന കാലത്ത് കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് ഈ പഞ്ചായത്തിലെ പരേതനായ ശ്രീ. കെ. പി. ജോസഫിനെ M.L.C. ആയി തെരെഞ്ഞെടുത്തിരുന്നു. 1942 ൽ ക്വിറ്റിന്ത്യ സമരത്തിൽ പങ്കെടുത്ത പല ബഹുമാന്യ വ്യക്തികളും ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവരിൽ സ്മരിക്കപ്പെടേണ്ട വ്യക്തിയാണ് ദിവംഗതനായ ശ്രീ. കെ. പി. ലോനപ്പൻ ആച്ചാട്ടിൽ. 1947 ആഗസ്റ്റ് 15ാം ന് ഇന്ത്യ സ്വതന്ത്രമായ അവസരത്തിൽ ഈ പഞ്ചായത്തിൽ വലിയ തോതിലുള്ള ആഹ്ലാദ പ്രകടനങ്ങൾ നടന്നിട്ടുണ്ട്. 1956 നവംബർ 1-ാം ന് നടന്ന കേരളപ്പിറവി ഈ പഞ്ചായത്തിലെ ജനങ്ങളെ ഏറ്റവും സന്തോഷിപ്പിച്ച ഒരു സംഭവമായിരുന്നു. പഴയ മലബാർ പ്രദേശമായ തൊട്ടടുത്തുകിടക്കുന്ന മുല്ലശ്ശേരി പഞ്ചായത്തിലെ അന്നകരയിലേക്ക് ആയിരങ്ങൾ ദീപശിഖ വഹിച്ചുകൊണ്ട് നടത്തിയ ജാഥ അവിസ്മരണീയമാണെന്ന് ദൃക്സാക്ഷികൾ പറയുന്നു. പഴയ കൊച്ചി സംസ്ഥാനത്തിൽപ്പെട്ട തോളൂർ പഞ്ചായത്തിലെ കൃഷിക്കാരും തൊട്ടടുത്തുള്ള മലബാർ പ്രദേശത്തുള്ള കൃഷിക്കാരും തമ്മിൽ നിലനിന്നിരുന്ന അലോസരങ്ങൾക്ക് അറുതി വന്നു എന്നതാകാം കേരളപ്പിറവി ഇവിടത്തെ ജനങ്ങളെ ഇത്രയധികം സന്തോഷിപ്പിച്ചത്.

പഞ്ചായത്തിലെ വിവിധങ്ങളായ സാമൂഹ്യ സാമ്പത്തിക വികസന രംഗങ്ങളിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ വികാസ പരിണാമങ്ങൾ സംക്ഷിപ്തമായി വരും പേജുകളിൽ വിവരിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലത്തെ സംബന്ധിച്ച വിവരണം ഇവിടെ നിറുത്തുന്നു!

# ഈ പഞ്ചായത്തിലെ പ്രമുഖരിൽ ചിലർ



**ആർച്ച് ബിഷപ്പ് : ജോസഫ് കുണ്ടുകുളം**

1942-ൽ പൗരോഹിത്യം സ്വീകരിച്ചു. 1970-ൽ തൃശ്ശൂർ രൂപതാ ബിഷപ്പായി നിയുക്തനായി. 1995 ആഗസ്റ്റിൽ തൃശ്ശൂർ അതി രൂപതയുടെ പ്രഥമ ആർച്ച് ബിഷപ്പായി അവരോഹിതനായി



**ശ്രീ. പി. കെ. ശങ്കുണ്ണി**

ഇദ്ദേഹം കേരളത്തിലെ ആദ്യത്തെ വൈരക്കൽ കമ്പനി പോന്നോരിൽ 15-8-1965-ൽ സ്ഥാപിച്ചു. ഈ വ്യവസായം പഞ്ചായത്തിന്റെ സാമ്പത്തിക രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തി.



**ശ്രീ. സി. വി. പാപ്പച്ചൻ**

അന്തർദേശീയ ഫുട്ബോൾ താരം



**ശ്രീ. കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി**

ആഗോള പ്രശസ്തി നേടിയ വി ഗാർഡ് ഇൻഡസ്ട്രീസിന്റെ സ്ഥാപകനും ഉടമയും



**ശ്രീ. എൻ. ആർ. ബാലൻ**

1979-84 കാലത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ഇദ്ദേഹം ഇപ്പോഴത്തെ സ്ഥലം എം. എൽ. എ. കൂടിയാണ്.

# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ

Late പി. വി. ഇട്ടിരാരച്ചൻ നായർ



Late K.I. വറീത്



Late P.K. മാധവൻ നായർ



Late C.L. കൊച്ചന്തോണി



എ. എൽ. പുത്തൂർ



Late K.O. ലോനപ്പൻ

# തോളൂർ ഗ്രാമ പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | തോളൂർ ഗ്രാമ പഞ്ചായത്ത് |
| ഓഫീസ് ആസ്ഥാനം | - | പറപ്പൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | എടക്കളത്തൂർ, തോളൂർ, ചാലയ്ക്കൽ |
| ബ്ളോക്ക് പഞ്ചായത്ത് | - | പുഴയ്ക്കൽ |
| ജില്ലാ പഞ്ചായത്ത് | - | തൃശ്ശൂർ |
| താലൂക്ക് | - | തൃശ്ശൂർ |
| നിയമസഭാ നിയോജക മണ്ഡലം | - | കുന്നംകുളം |
| ലോക സഭാ നിയോജക മണ്ഡലം | - | ഒറ്റപ്പാലം |
| വിസ്തീർണ്ണം | - | 17.20 ച. കി. മി |
| അതിരുകൾ | - | വടക്ക് - കൈപ്പറമ്പ്, കണ്ടാണശ്ശേരി പഞ്ചായത്തുകൾ<br>കിഴക്ക് :- കൈപ്പറമ്പ്, അടാട്ട് പഞ്ചായത്തുകൾ<br>തെക്ക് :-അടാട്ട് മുല്ലശ്ശേരി പഞ്ചായത്തുകൾ<br>പടിഞ്ഞാറ് :- വടക്കാഞ്ചേരി പുഴ |
| ജനസംഖ്യ | - | 16893 |
| പുരുഷൻമാർ | - | 8384 |
| സ്ത്രീകൾ | - | 8509 |
| ജനസാന്ദ്രത | - | 982 |
| വാർഡുകൾ | - | 9 |
| സാക്ഷരത | - | 96 % |
| പ്രസിഡന്റിന്റെ പേര് | - | ശ്രീ. വി. എസ്. മാധവൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | - | ശ്രീമതി. എൽസി ടീച്ചർ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | - | ശ്രീ. സി. ബി. രാമകൃഷ്ണൻ |

കോസ് ഫോർഡ്, സെസ്സ് എന്നീ സംഘടനകളുടെ സഹകരണത്തോടെ 1994ൽ പഞ്ചായത്തിന്റെ വിഭവ ഭൂപട നിർമ്മാണ (Risource mapping) പ്രവർത്തനങ്ങൾ നടന്നു. അസറ്റ് മാപ്പ് ലാന്റ് യൂസ് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

# പഞ്ചായത്ത് മെമ്പർമാർ



വി. എസ്. മാധവൻ
പ്രസിഡന്റ്
വാർഡ് -I



പി. എൽ. എൽസി. ടീച്ചർ
വൈസ് പ്രസിഡന്റ്
വാർഡ്. - VI



സി. ബി. രാമകൃഷ്ണൻ
സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ
വാർഡ് -III



കെ. എസ്. കൃഷ്ണൻ
മെമ്പർ
വാർഡ് -II



കെ. കെ. വിമല
മെമ്പർ
വാർഡ് - IV



ജെയിംസ് സി. ജോസഫ്
മെമ്പർ
വാർഡ് - V



എ. വി. ജോണി
മെമ്പർ
വാർഡ് -VII



കെ. എൽ. ജോസ് മാസ്റ്റർ
മെമ്പർ, വാർഡ് - VIII



പത്മിനി ശങ്കരൻകുട്ടി
മെമ്പർ
വാർഡ് - IX



പി. സാവിത്രിയമ്മ
ബ്ളോക്ക് പഞ്ചായത്ത് മെമ്പർ



എം. കെ. വേലുക്കുട്ടി
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

# 4 കൃഷി - ജലസേചനം

## കാർഷിക ചരിത്രം

തോളൂർ ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളുടേയും ഉപജീവനമാർഗ്ഗം കൃഷിയാണ്. അടാട്ട്, കൈപ്പറമ്പ്, മുല്ലശ്ശേരി, എളവള്ളി, കണ്ടാണശ്ശേരി എന്നീ പഞ്ചായത്തുകളുടെ നടുക്ക് സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് വൈവിധ്യമാർന്ന കൃഷിസമ്പ്രദായങ്ങൾ വളരെക്കാലം മുമ്പുതന്നെ ഉണ്ടായിരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയിൽ വടക്കുനിന്ന് തെക്കോട്ട് വടക്കാഞ്ചേരി പുഴയൊഴുകുന്നു. തെക്കും കിഴക്കും ഭാഗങ്ങൾ കോൾ നിലങ്ങളാണ്. കോൾ നിലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പീച്ചി ഇറിഗേഷൻ കനാലുകൾ കടന്നുപോകുന്നു. മേൽ പറഞ്ഞ ജല സ്രോതസ്സുകളും സാമാന്യം നന്നായി ലഭിക്കുന്ന മഴയും പഞ്ചായത്തിന്റെ ജലസമ്പത്തിനെ സമൃദ്ധമാക്കുന്നു.

നമ്മുടെ നെൽപ്പാടങ്ങളെ രണ്ടാക്കി ത്തിരിക്കാവുന്നതാണ്. 1. വിരിപ്പുമുണ്ടകന്റ്റൻ കൃഷിചെയ്യുന്ന ഇരുപ്പൂനിലങ്ങൾ 2.കോൾ നിലങ്ങൾ. കോൾ നിലങ്ങളിൽ ബണ്ടുകൾ ഉണ്ടാക്കി തട്ടുകളായിത്തിരിച്ച് ചക്രങ്ങൾ ഉപയോഗിച്ച് വെള്ളം വറ്റിച്ച് കൃഷി ചെയ്യലായിരുന്നു പ്രാചീന കൃഷി സമ്പ്രദായം. സാമാന്യം നല്ല വിളവും അന്ന് ലഭിച്ചിരുന്നു. വളരെ ഫലഭൂയിഷ്ഠമായിരുന്നു മണ്ണ്. മലയിൽ നിന്നും കുന്നുകളിൽ നിന്നും കുത്തി ഒഴുകിവരുന്ന എക്കൽമണ്ണ് കോൾ നിലങ്ങളെ വളക്കൂറുള്ളതാക്കി കൊണ്ടിരുന്നു. ഡാമുകളും പുഴയിലെ ഇടവിട്ടുള്ള ചിറകളും നിർമ്മിച്ചതിനാൽ എക്കൽമണ്ണ് വരുന്നത് തടയപ്പെട്ടു. ഇതിന്റെ ഫലമായി ഫലപുഷ്ടി കുറഞ്ഞു. പ്രകൃതിയെ മാത്രം ആശ്രയിച്ച് ഞാറ്റുവേലകൾ നോക്കിയാണ് അന്ന് കൃഷി ചെയ്തിരുന്നത്.

ഇരുപ്പുപണിതിരുന്ന പാടശേഖരങ്ങളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ ലഭിക്കുന്ന ആദ്യത്തെ മഴയ്ക്ക് കൃഷിയിറക്കും ചാരം, ചാണകം എന്നിവയാണ് വളമായി ഉപയോഗിച്ചിരുന്നത്. ആഗസ്റ്റ്- സെപ്ത്ബർ മാസങ്ങളിൽ വിളവെടുപ്പ് നടക്കും. വീണ്ടും മണ്ണ് ഉഴുത് പച്ചിലയും ചാണകവും ചേർത്ത് ഞാറുകൾ പറിച്ചു നടും. രോഗങ്ങളും കീടങ്ങളും താരതമ്യേന കുറവായിരുന്നു. ഓലപ്പുഴുവിന്റെ ശല്യം ഉണ്ടാകുമ്പോൾ വേലികളിൽ കാണുന്ന ഒരു തരം മാറാല കുറ്റികളിൽ പിടിപ്പിച്ച് കണ്ടങ്ങളിൽ പലയിടങ്ങളിലായി കുത്തി നിർത്തുന്നു. മാറാലകളിലുള്ള കീടങ്ങൾ ഓലപ്പുഴുവിനെ പിടിച്ച് നശിപ്പിക്കുന്നു.

ജലസേചനത്തിനായി തുലാൻ, വേത്തി, കയറ്റുകൊട്ടചക്രം എന്നിവ ഉപയോഗിച്ചിരുന്നു. 10-15 മേനിയാണ് അന്ന് വിളവ് ലഭിച്ചിരുന്നത്. മനുഷ്യപ്രയത്നം കൊണ്ടുമാത്രമാണ് അന്ന് കൃഷിനടത്തിയിരുന്നത്. ഉഴുവാനും നിരപ്പാക്കാനും മാത്രമാണ് മൃഗങ്ങളെ ഉപയോഗിച്ചിരുന്നത്. കാളത്തേക്ക് നടത്തുന്നതിനും മൃഗങ്ങളെ ഉപയോഗിച്ചിരുന്നു.

ഉയർന്നതും ചെരിവുള്ളതും 'നിരപ്പുള്ളതും താഴ്ന്നതുമായ വൈവിധ്യമുള്ള ഭൂപ്രകൃതിയാണ് ഈ പ്രദേശത്തിനുള്ളത്. ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യമായ വിവിധയിനം വിളകൾ കൃഷിചെയ്തു വരുന്നു. ( പട്ടിക 1 നോക്കുക)

ഉയർന്ന പ്രദേശങ്ങളിൽ കശുമാവും മറ്റു ഫലവൃക്ഷങ്ങളും കൃഷിചെയ്യുന്നു. ചെരിവുകളിൽ തെങ്ങ്, കവുങ്ങ്, മരിച്ചീനി, ഇഞ്ചി, കുരുമുളക് എന്നിവയും, സമതല പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി എന്നിവയും കൃഷി ചെയ്യുന്നു. പാടശേഖരങ്ങളുടേയും കായലുകളുടേയും ഓരങ്ങളിൽ തെങ്ങ് , കവുങ്ങ്, വാഴ, കൊക്കോ, ജാതി, കുരുമുളക് എന്നിവ വെച്ചു പിടിപ്പിക്കുന്നു. ഇങ്ങനെയാണ് ഈ പഞ്ചായത്ത് പ്രദേശത്തെ പൊത/ുവായ കൃഷി രീതി.

## പട്ടിക 1

**തോളൂർ പഞ്ചായത്തിന്റെ ഭൂപ്രകൃതി കാണിക്കുന്നതും അവയിലെ വൈവിധ്യമാർന്ന കൃഷിരീതികളെയും കാണിക്കുന്ന ഒരു ഗ്രാഫിക് പിക്ചർ**



ഭൂവുടമകൾ ജന്മിമാരായിരുന്നു. കൈവശക്കാർ കുടിയാന്മാരും കർഷകരുമായിരുന്നു. 1957 ന് ശേഷം പല കാലങ്ങളിലുണ്ടായ കാർഷിക പരിഷ്കരണ പ്രക്രിയയിലൂടെ കൃഷിഭൂമി കുടിയാന്മാർക്ക് ലഭിക്കുകയും അവർ അതിന്റെ ജന്മാവകാശക്കാരായിത്തിരുകയും ചെയ്തു.

വർദ്ധിച്ചതും അതിന് ആനുപാതികമായി ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തതും ആയിരിക്കാം. ഈ രണ്ടു പതിറ്റാണ്ടുകാലത്ത് ഈ പ്രദേശത്ത് തൊഴിൽ രംഗത്ത് വന്ന മാറ്റങ്ങളും ഇതിന് കാരണമായിട്ടുണ്ട്.

1976 ൽ തൃശ്ശൂർ കോൾ മേഖലയിൽ 9 കോടി

**പട്ടിക 2**

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**ഭൂമി കൈവശക്കാരുടെ കണക്ക്**

| ഭൂമിയുടെ അളവ് | ഒരു ഹെക്ടറിനു താഴെ | 1-2 ഹെക്ടർവരേ | 2 ഹെക്ടറിനുമുകളിൽ |
|---|---|---|---|
| കൈവശക്കാരുടെ എണ്ണം | 1641 | 229 | 110 |

പഞ്ചവത്സര പതികളുടെ പ്രവർത്തന ഫലമായി നിലവിൽ വന്ന വികസന ബ്ളോക്കുകൾ, ആധുനിക കൃഷി സമ്പ്രദായം വിപുലപ്പെടുത്താൻ സഹായിച്ചു. രാസവളങ്ങളുടെ ഉപയോഗങ്ങളും അത്യുൽപാദന ശേഷിയുള്ള വിത്തുകളും ശാസ്ത്രീയ കൃഷി സമ്പ്രദായവും അത്ഭുതകരങ്ങളായ മാറ്റങ്ങൾ കാർഷിക മേഖലയിൽ വരുത്തി. വിളവ് മൂന്നും നാലും ഇരട്ടിയായി. കർഷകർക്ക് ചെലവുകൾ കഴിച്ച് മിച്ചം വെയ്ക്കുവാനും അങ്ങനെ സമൂഹത്തിൽ സാമ്പത്തിക പുരോഗതി കൈവരിക്കാനും കഴിഞ്ഞു.

**യന്ത്രവൽക്കരണം**

കാർഷിക മേഖലയിൽ യന്ത്രവൽക്കരണം 1960 മുതൽ വ്യാപിക്കാൻ തുടങ്ങി. കന്നുകാലികൾക്കു പകരം ട്രാക്ടറുകളും പവ്വർ ട്രില്ലറുകളും വന്നു. ജലസേചനത്തിന് എഞ്ചിനുകളും മോട്ടോറുകളും ഉപയോഗിക്കാൻ തുടങ്ങി. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും പ്രചരിക്കാൻ തുടങ്ങി. ഇവയെല്ലാം കാർഷിക രംഗത്ത് വലിയ മാറ്റം ഉണ്ടാക്കി. എന്നാൽ ഈ നേട്ടങ്ങൾ അധികകാലം നില നിർത്താൻ കഴിഞ്ഞില്ല. കാർഷിക രംഗത്ത് മുരടിപ്പ് പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇതിനു പ്രധാന കാരണം കാർഷികോല്പാദനത്തിനുള്ള ചെലവ് ക്രമാതീതമായി

രൂപ കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിച്ച് ആരംഭിച്ചതാണ് കേരള ലാന്റ് ഡവലപ്മെന്റ് പ്രോജക്ട്. ഈ പദ്ധതി നടപ്പിലാക്കുന്നത് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനാണ്. (KLDC) പ്രസ്തുത പദ്ധതി നമ്മുടെ പഞ്ചായത്തിൽ ഭാഗികമായി മാത്രമേ പൂർത്തിയായിട്ടുള്ളു. പേരാമംഗലം റീച്ച് കനാൽ, മുല്ലശ്ശേരി റീ;ച്ച് കനാൽ, ചാത്തൻ കോൾ റീച്ച് കനാൽ എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ വരുന്നത്. KLDC നിർമ്മിച്ചിരിക്കുന്ന ബണ്ടുകൾക്ക് ബലം വേണ്ടത്രയില്ല. വെള്ളത്തിന്റെ മർദ്ദം മൂലം ബണ്ട് പലയിടത്തും പൊട്ടാറുണ്ട്. നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള ബണ്ടുകളിൽ നിർമ്മിക്കേണ്ട പാലങ്ങൾ, മോട്ടോർ തറകൾ എന്നിവയുടെ പണികൾ തീർന്നിട്ടില്ല. ഇപ്പോൾ കോൾഡെവലപ്മെന്റ് ഏജൻസി (KDA)യുടെ നേതൃത്വത്തിൽ പ്രസ്തുത പണികൾ നേരിയ തോതിൽ ആരംഭിച്ചിട്ടുണ്ട്.

പ്രധാന മന്ത്രിയുടെ ഊർജ്ജിത നെല്ലുല്പാദന പദ്ധതിയിൽപെടുത്തി വടക്കെ മൂള്ളൂർ കായൽ കോൾ പടവുകൾക്ക് മൊത്തമായി 60 ലക്ഷം രൂപയുടെ ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിലുൾപ്പെടുത്തി മോട്ടോർ തറകൾ പമ്പുസെറ്റുകൾ, പെട്ടി - പറകൾ, തോട് - ചാലുകൾ എന്നിവ നിർമ്മിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ

നമ്മുടെ പഞ്ചായത്തിലെ മൂന്ന് പടവുകൾക്കാണ് സഹായം ലഭിച്ചത്.

പീച്ചി പദ്ധതിയുടെ ആയകെട്ടിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിലെ മുഴുവൻ കോൾ പടവുകളിലും നൂറ് ഏക്കറിന് ഒരു യൂണിറ്റ് എന്ന ക്രമത്തിൽ ഫീഡിങ്ങ് കനാലുകൾ നിർമ്മിക്കുകയുണ്ടായി.

നെൽകൃഷി

പഞ്ചായത്ത് പ്രദേശത്ത് എടക്കളത്തൂർ, തോളൂർ, ചാലയ്ക്കൽ എന്നീ വില്ലേജുകളിലായി 2345.89 ഏക്കർ നെൽകൃഷിയിടമാണുള്ളത്. ഇതിൽ വിരിപ്പ് കൃഷി (ഒന്നാം വിള) 275 ഏക്കർ മാത്രമാണ്. മുണ്ടകൻ കൃഷി (രണ്ടാം വിള) 790 ഏക്കർ നിലത്തും പുഞ്ചകൃഷി (മൂന്നാം വിള) 1347 ഏക്കറിലുമാണ്.

**പട്ടിക 4**

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**നെല്ലുല്പാദനത്തെ സംബന്ധിച്ച വിവരം**

| വിള | വിസ്തീർണ്ണം | ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| ഒന്നാം വിള | 110 ഹെക്ടർ | 231 ടൺ | 2100 കി. ഹെക്ടർ |
| രണ്ടാം വിള | 315 ഹെക്ടർ | 797 ടൺ | 2530 കി. ഹെക്ടർ |
| മൂന്നാം വിള | 539 ഹെക്ടർ | 1536 ടൺ | 2850കി. ഹെക്ടർ |

നമ്മുടെ പഞ്ചായത്തിലെ പാടശേഖരങ്ങൾ താഴെ പറയുന്നവയാണ്.

1. എടക്കളത്തൂർ പടിഞ്ഞാറെ പാടം
2. വളക്കുളം
3. മേഞ്ചിറ
4. ചെല്ലിപാടം - കൂർണിപാടം
5. ചാലയ്ക്കൽ പാടം
6. വടക്കേ പോന്നോർ താഴം
7. പോന്നോർ താഴം
8. കാളിപാടം - നായ്ക്കൻ കോൾ
9. സംഘം കോൾനോർത്ത്
10. കരിമ്പന തരിശ് (ചിറ്റിലപ്പിള്ളി വില്ലേജ് കൂടി ഉൾപ്പെടുന്നു)
11. സംഘം കോൾ സൗത്ത് (മുല്ലശ്ശേരി വില്ലേജും ഉൾപ്പെടുന്നു)

ഈ പാടശേഖരങ്ങളിൽ എട്ട് പാടശേഖരങ്ങളും പറപ്പൂർ സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിൽ വരുന്ന പടവുകളാണ്. ഓരോ പടവുകളിലേക്കും കൃഷിക്കാരുടെ പൊതുയോഗം വിളിച്ചു ചേർത്ത് 5 അംഗ കമ്മറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന പൊതു തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് കൃഷിയിറക്കികൊണ്ടിരിക്കുന്നത്. പാടശേഖരങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളും അതാത് കമ്മറ്റികളുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

1991-92 മുതൽ സംഘം നെല്ല് സംഭരണം ആരംഭിച്ചു. ഇത് കൃഷിക്കാർക്ക് അല്പമെങ്കിലും ആശ്വാസം പകർന്നിട്ടുണ്ട്.

**പട്ടിക 5**

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**1995-96 വർഷത്തിൽ പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് മുഖേന നടത്തിയ നെൽകൃഷിയുടെ വിവരം**

മുണ്ടകൻ

| ക്രമ നമ്പർ | പടവിന്റെ പേര് | വിസ്തീർണ്ണം ഏക്കർ | സെന്റ് | കൃഷിക്കാരുടെ എണ്ണം | സംഘം സംഭരിച്ച നെല്ല് | കർഷകർക്ക് കിട്ടിയ വില |
|---|---|---|---|---|---|---|
| 1 | വളകുളം | 35 | 91 1/2 | 41 | | |
| 2 | മേഞ്ചി | 154 | 57 | 145 | | |
| 3 | പോന്നോർ താഴം | 210 | 26 3/4 | 85 | | |
| 4. | വടക്കേ പോന്നോർ താഴം | 53 | 43 3/4 | 85 | | |
| | ആകെ | 454 | 19 | 542 | 388.085 ടൺ | 21,80,175.35 |

പുഞ്ച

പട്ടിക 6

| ക്രമ നമ്പർ | പടവിന്റെ പേര് | വിസ്തീർണ്ണം ഏക്കർ | വിസ്തീർണ്ണം സെന്റ് | കൃഷിക്കാരുടെ എണ്ണം | സംഘം സംഭരിച്ച നെല്ല് | കർഷകർക്ക് കിട്ടിയ വില |
|---|---|---|---|---|---|---|
| 1. | സംഘം നോർത്ത് കോൾ | 233 | 86 | 218 | 1660.692 ടൺ | 93,97,299.30 |
| 2. | സംഘം സൗത്ത് കോൾ | 623 | 85 | 648 | | |
| 3. | നായ്ക്കൻ കളിപ്പാട്ടം | 82 | 63 3/4 | 83 | | |
| 4. | തരിശ്- കരിമ്പന | 89 | 90 1/4 | 121 | | |
| 5. | തിരുത്തും പാടം | 106 | 65 | 168 | | |
| 6. | മേഞ്ചിറ | 154 | 57 | 145 | | |
| 7. | വളകുളം | 35 | 91 1/2 | 41 | | |
| | ആകെ | 1327 | 39 | 1424 | | |

## തെങ്ങ് കൃഷി

പഞ്ചായത്ത് പ്രദേശത്ത് 902 ഏക്കർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്തുവരുന്നു. 11/2 കോടി രൂപയുടെ നാളികേരം ഇവിടെ ഉല്പാദിപ്പിക്കുന്നു.

പട്ടിക 7
തോളൂർ ഗ്രാമ പഞ്ചായത്ത്
തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | രോഗം ബാധിച്ച തെങ്ങുകൾ: റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിങ് | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 95 ഏക്കർ | 2406 | 7764 | - | 2 | 10 | 10 | 22 |
| 2 | 156 ,, | 7694 | 11399 | - | 3 | 15 | 20 | 38 |
| 3. | 90 ,, | 2964 | 7593 | - | 2 | 12 | 7 | 21 |
| 4. | 85 ,, | 2428 | 5946 | - | 2 | 8 | 5 | 15 |
| 5. | 97 ,, | 3074 | 7024 | - | 3 | 9 | 11 | 23 |
| 6. | 80 ,, | 2540 | 4693 | - | 1 | 7 | 7 | 15 |
| 7. | 126 ,, | 5393 | 9517 | - | 2 | 8 | 10 | 20 |
| 8. | 85 ,, | 2488 | 8250 | - | 4 | 10 | 14 | 28 |
| 9. | 88 ,, | 2121 | 7100 | - | 2 | 11 | 9 | 22 |
| ആകെ | 902 ഏക്കർ | 31108 | 69286 | - | 21 | 90 | 93 | 204 |

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലൊഴികെ മറ്റെല്ലാ സ്ഥലങ്ങളിലും തെങ്ങ് കൃഷിയുണ്ട്. വയലോരങ്ങളിലും കൃഷിനിലങ്ങൾ നികത്തി തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലങ്ങളിലും കൂടുതൽ ഉയർന്ന ഉല്പാദന നിരക്ക് കാണിക്കുന്നു. ജലസേചനം നടത്തുന്നവയും നടത്താത്തവയും തമ്മിൽ എണ്ണത്തിലും ഗുണനിലവാരത്തിലും വലിയ വ്യത്യാസം കാണിക്കുന്നു. ജലസേചനവും നല്ല വളപ്രയോഗവും നടത്തുന്ന വയലോരപ്രദേശങ്ങളിൽ 1: 100 എന്ന നിലവാരത്തിൽ ഉല്പാദനം ഉണ്ടാകുമ്പോൾ മറ്റു സ്ഥലങ്ങളിൽ ഒന്നിന് 30 - 40 എന്ന തോതാണ് ഉള്ളത്. ഇപ്പോൾ നിലവിലുള്ള കേര വികസന സമിതികൾ പ്രവർത്തനം തുടങ്ങിയതോടുകൂടി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ കൃഷിഭവനുകളിൽ കൂടി ലഭിക്കുന്നുണ്ട്.

## കവുങ്ങ്

പഞ്ചായത്ത് പ്രദേശത്തെ മറ്റൊരു പ്രമുഖ തോട്ടവിളയാണ് കവുങ്ങ്. വയലോരങ്ങളിലും സമതലപ്രദേശങ്ങളിലും അല്പം ചരിവുള്ള പ്രദേശങ്ങളിലും കവുങ്ങ് കൃഷി ചെയ്തുവരുന്നു. ആവറേജ് വിളവ് ഈ പ്രദേശത്ത് നിന്ന് ലഭിക്കുന്നുണ്ട്. ഉദ്ദേശം 600 ഏക്കർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്ത്‌വരുന്നു. 2½ കോടി രൂപയുടെ അടയ്ക്ക പ്രതിവർഷം ഇവിടെ ലഭിക്കുന്നുണ്ട്.

പട്ടിക 8
തോളൂർ ഗ്രാമ പഞ്ചായത്ത്
അടയ്ക്കയുടെ ഉല്പാദനം സംബന്ധിച്ച വിവരം

| വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത ഏക്കറിൽ | വില |
|---|---|---|---|
| 600 ഏക്കർ | 480 ടൺ | 800 കി./ ഹെക്ടർ | 2,50,60,000 |

## കിഴങ്ങ് വർഗ്ഗങ്ങൾ

ഈ പഞ്ചായത്ത് പ്രദേശത്ത് ഏതാണ്ട് എല്ലാ ഭൂമേഖലയിലും കിഴങ്ങ് വർഗ്ഗങ്ങൾ കൃഷിചെയ്യുന്നു. കൂർക്ക, കിഴങ്ങ്, (പൊടികിഴങ്ങ് , നനകിഴങ്ങ്), ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, മധുരകിഴങ്ങ് എന്നിവയും കൃഷി ചെയ്തുവരുന്നു. ഉയർന്ന പ്രദേശങ്ങളിലാണ് പൊടികിഴങ്ങ്, കൂർക്ക, ചേന, മരച്ചീനി, മധുരകിഴങ്ങ് എന്നിവ കൃഷിചെയ്യുന്നത്. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്നവയായതുകൊണ്ട് ജൂൺ മാസം മുതൽ നവംബർ മാസം വരെ ലഭിക്കുന്ന മഴയ്ക്കനുസരിച്ച് വിളവിൽ മാറ്റം വന്നുകൊണ്ടിരിക്കും. സാമാന്യം നല്ല വിളവ് ഇവിടെ ലഭിക്കുന്നുണ്ട്. ചേമ്പ്, കാച്ചിൽ, ചെറുചേമ്പ് എന്നിവ സമതല പ്രദേശങ്ങളിലും തോട്ടവിളകളായ തെങ്ങ്, കവുങ്ങ് എന്നിവയുടെ ഇടവിളയായും കൃഷിചെയ്തുവരുന്നു. ജലസേചനം അത്യാവശ്യമായതുകൊണ്ട് ഇടവിളയായി ചെയ്യാവുന്ന നല്ല കൃഷികളാണിവ. മരച്ചീനിയാണ് പ്രധാനപ്പെട്ട കിഴങ്ങുകൃഷി. മഴയെ ആശ്രയിച്ചും ജലസേചനം നടത്തി രണ്ട് തരത്തിൽ കൃഷിചെയ്യുന്നുണ്ടെങ്കിലും നനച്ച് ചെയ്യുന്ന കൃഷിക്ക് ഉല്പാദന ക്ഷമതയിൽ ഇരട്ടിയോളം വ്യത്യാസം കാണുന്നു. നല്ല ജൈവാംശമുള്ള മണ്ണ് ആവശ്യമായതുകൊണ്ട് നന്നായി താഴ്ത്തികിളച്ചും ജൈവവളം, ചാരം എന്നിവ ചേർത്തും , കൃഷി നടത്തിവരുന്നു. കൂടുതൽ ഉല്പാദനം ഉണ്ടാകുന്നത് ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് നനയ്ക്കുന്ന മരചീനി കൃഷി ചെയ്യുന്നത്.ഡിസംബർ-ജനുവരി മാസങ്ങളിലാണ്.മെയ് മുതൽ ജൂലൈവരെ വിളവെടുക്കുന്നു.

**പട്ടിക 9**

**തോളൂർ ഗ്രാമ പഞ്ചായത്ത്**

കൃഷിചെയ്ത് വരുന്ന കിഴങ്ങ് വർഗ്ഗങ്ങളുടെ വിവരം

| ഇനം | വിസ്തീർണ്ണം | മൊത്ത മുല്പാദനം | ഉല്പാദന ക്ഷമത ഏക്കറിന് |
|---|---|---|---|
| മരിച്ചീനി | 25 ഏക്കർ | 200 ടൺ | 8000 കി. ഗ്രാം |
| മധുരകിഴങ്ങ് | 8 ഏക്കർ | 40 ടൺ | 5000 കി. ഗ്രാം |
| കൂർക്ക | 12 ഏക്കർ | 48 ടൺ | 4000 കി. ഗ്രാം |
| ചേന | 10 ഏക്കർ | 25 ടൺ | 2500 കി. ഗ്രാം |
| ചേമ്പ്, കാവത്ത് കാച്ചിൽ, ചെറുചേമ്പ് | 15 ഏക്കർ | 15 ടൺ | 1000 കി. ഗ്രാം |

പട്ടിക 9ൽപറഞ്ഞ കൃഷിയിനങ്ങളിൽ നിന്ന് ഏകദേശം 8 ലക്ഷം രൂപയുടെ വരുമാനം പ്രതിവർഷം കർഷകർക്ക് ലഭിക്കുന്നു. സാരമായ പ്രശ്നങ്ങളോ കീടബാധ്യതയോ ഇല്ലാത്തതു കൊണ്ടും മാന്യമായ വില ലഭിക്കുന്നതുകൊണ്ടും കർഷകർ ഈ കൃഷിയിൽ നിന്നും പിന്തിരിയുന്നില്ല. നല്ല നടീൽ വസ്തുക്കൾ (ഈ കാലാവസ്ഥയ്ക്കും മണ്ണിനും യോജിച്ചവ) ലഭ്യമാക്കുകയും ജൈവവളങ്ങളുടെ ലഭ്യത കൂടുകയും ചെയ്താൽ കൂടുതൽ ഉല്പാദനം ലഭിക്കും. ഉല്പന്നങ്ങൾ പരമാവധി ഇവിടെത്തന്നെ വിപണനം നടത്താൻ സാധിക്കുന്നതുകൊണ്ട് ട്രാൻസപോർട്ടേഷ... പോലുള്ള ചെലവുകൾ കുറയുന്നു. അതുകൊണ്ട് വരുമാനം പരമാവധി കർഷകന്റെ കയ്യിലെത്തുന്നു എന്നത് ഏറെ ആശ്വാസകരമാണ്.

## പച്ചകറികൾ

പച്ചക്കറി കൃഷിക്ക് ഏറെ സാദ്ധ്യതകളുള്ള പ്രദേശമാണിത്. ഇപ്പോൾ വീട്ടു പറമ്പുകളിലും ഒന്നാം വിളയ്ക്കു ശേഷം നെൽ വയലുകളിലും പച്ചക്കറി കൃഷിചെയ്തുവരുന്നു. എന്നിരുന്നാലും പഞ്ചായത്ത് പ്രദേശത്തിന്റെ മുഴുവൻ ആവശ്യങ്ങളും പരിഹരിക്കാൻ വേണ്ടത്ര പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. ഒരു മാസം ഉദ്ദേശം 15 ലക്ഷം രൂപയുടെ പച്ചക്കറികൾ പഞ്ചായത്ത് പ്രദേശത്തിൽ ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. അതിൽ നാലിലൊരു ഭാഗം പച്ചക്കറി മാത്രമാണ് നമുക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്.

ഊർജ്ജിത പച്ചക്കറി ഗ്രാമമായി തോളൂർ പഞ്ചായത്തിനെ തെരെഞ്ഞെടുത്തിട്ടുണ്ട് എന്നത് ഇവിടുത്തെ കർഷകർക്ക് ഉത്തേജനം നല്കുന്ന വാർത്തയാണ്. പഞ്ചായത്തിന്റെ ആവശ്യം മുഴുവൻ പരിഹരിക്കാനും മറ്റു പ്രദേശങ്ങളിലേക്കു കൂടി വിപണനം നടത്തുവാനും സാധിക്കുമാറ് കൃഷി വിപുലമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

പട്ടിക 10

തോളൂർ ഗ്രാമ പഞ്ചായത്ത്

പച്ചക്കറി കൃഷിയുടെ ഉല്പാദന ക്ഷമത

| ഇനം | വിസ്തീർണ്ണം | മൊത്ത മുല്പാദനം | ഉല്പാദന ക്ഷമത ഏക്കറിന് |
|---|---|---|---|
| വാഴ | 100 ഏക്കർ | 1000 ടൺ | 10000 കി. ഗ്രാം |
| പച്ചക്കറികൾ | 20 ഏക്കർ | 20 ടൺ | 1000 കി. ഗ്രാം |
| പയർ | 30 ഏക്കർ | 15 ടൺ | 500 കി. ഗ്രാം |

ഈ പഞ്ചായത്ത് പ്രദേശത്ത് വളരെ കാലങ്ങൾക്കുമുമ്പ് തന്നെ സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്തിരുന്നു. നാടൻ ഇനങ്ങളായിരുന്നു ഇവ. കുരുമുളക് തോട്ടവിളായായ കവുങ്ങിൻ തോപ്പിലാണ് കൂടുതൽ കൃഷി ചെയ്തിരുന്നത്. കവുങ്ങ് ഊന്നുകാലായും മറ്റു സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ, മുരുക്ക് എന്നിവ താങ്ങുകാലായും ഉപയോഗിച്ച് കൃഷി ചെയ്തുവരുന്നു.

1970 മുതൽ ഈ പ്രദേശത്ത് അത്യുൽപാദന ശേഷിയുള്ള പന്നിയൂർ, കരിമുണ്ട എന്നീ കുരുമുളകു വള്ളികളും റിയാഡി ജനീറോ തുടങ്ങിയ ഇഞ്ചി വിത്തിനങ്ങളും ജാതി, ഗ്രാമ്പു, കൊക്കോ എന്നീ മലമ്പ്രദേശ സുഗന്ധ വ്യഞ്ജന വിളകളും ഇവിടെ പ്രചാരത്തിൽ വന്നു. കർഷകർ വളരെ ആവേശത്തോടെയാണ് അവ സ്വീകരിച്ചത്. എന്നാൽ അധിക കാലം കഴിയുന്നതിനു മുമ്പുതന്നെ കൊക്കോ മരങ്ങൾ പലതും വെട്ടി മാറ്റി. വിപണന സൗകര്യം ഇല്ലാത്തതും നല്ല വില ലഭിക്കാത്തതും ചില കുത്തക കമ്പനികളുടെ ചൂഷണത്തിന് വിധേയമാകേണ്ടി വന്നതുമാണ് ഇതിനുള്ള കാരണങ്ങൾ.

ജാതിച്ചെടികൾ കവുങ്ങിൻ തോപ്പുകളിൽ ഇടവിളയായിട്ടാണ് കൃഷി ചെയ്തിരുന്നത്. സാമാന്യം ഭേദപ്പെട്ട വില ലഭിക്കുന്നതുകൊണ്ട് അവയെ ആരും നശിപ്പിക്കുന്നില്ല. മേൽത്തരം ഇനങ്ങളുടെ വരവോടു കൂടി കുരുമുളക് കൃഷി വളരെ മെച്ചപ്പെടുകയും ഉല്പാദനം ഗണ്യമായി ഉയരുകയും ചെയ്തു. എന്നാൽ 1990 മുതൽ ഓരോ തോട്ടങ്ങളും ദ്രുതവാട്ടം എന്ന മാരക രോഗത്തിന് വിധേയമായതുമൂലം കുരുമുളക് കൃഷി പാടേ നശിച്ചു കൊണ്ടിരിക്കുകയാണ്. കാര്യമായ പ്രതിവിധികൾ ഒന്നും തന്നെ ലഭ്യമല്ലാത്തതു കൊണ്ട് കർഷകർ നിരാശയിലാണ്.

ഇഞ്ചിക്കും അടുത്ത കാലത്തായി കുമിൾ രോഗം ബാധിച്ചിട്ടുണ്ട്. പലയിടത്തും മൂട് ചീഞ്ഞ് അഴുകി പോകാൻ തുടങ്ങിയിരിക്കുന്നു. താമ്ര കുമിൾ സംഹാരി കളുടെ ഉപയോഗം കൊണ്ട് ഒരു പരിധിവരെ ഈ രോഗത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുന്നുണ്ട്. എങ്കിലും പൂർണ്ണമായും നിയന്ത്രണാധീനമാക്കാൻ കഴിഞ്ഞിട്ടില്ല.

അല്പം ചില തോട്ടങ്ങളിൽ ഗ്രാമ്പു കൃഷി ചെയ്യുന്നുണ്ടെങ്കിലും ശരിയായ വിധത്തിൽ വിളവെടുക്കാനോ സംസ്കരിക്കാനോ അറിയാത്ത തുകൊണ്ട് നാശമായി പോയികൊണ്ടിരിക്കു കയാണ്. കവുങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുന്നതു കൊണ്ട് കൊഴിയുന്ന പൂക്കളെ നഷ്ടപ്പെടാതെ ലഭിക്കുന്നതിനുള്ള സാധ്യത കുറവാണ്.

1987 ൽ ഈ പ്രദേശത്ത് കൃഷിഭവൻ ആഫീസ് പ്രവർത്തനം തുടങ്ങി. നാട്ടിലെ കാർഷിക പ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ നേതൃത്വം കൊടുക്കുന്നതിനും സാങ്കേതിക കാര്യങ്ങളിൽ ഉപദേശങ്ങളും സഹായങ്ങളും നല്കുന്നതിനും ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

പട്ടിക 11

തോളൂർ ഗ്രാമ പഞ്ചായത്ത്

ദുരിതാശ്വാസ പ്രവർത്തനം

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993-'94 | 159.72 | - | - | - | 225 | 311100.00 |
| 1994 -95 | 197.05 | - | - | - | 385 | 465977.00 |
| 1995 -96 | 117.35 | - | - | - | 146 | 92132.00 |
| ആകെ | 474.12 | - | - | - | 756 | 869209.00 |

ഗ്രാമ സഭകളിൽ ചർച്ചചെയ്യപ്പെട്ട പ്രശ്നങ്ങളുടേയും നിർദ്ദേശങ്ങളുടേയും ക്രോഡീകരണം

വാർഡ് 1

1. പടിഞ്ഞാറെ പാടത്തേക്കുള്ള വഴി വീതികൂട്ടണം. ഐക്കരത്തോടിന് പാലം വേണം.

2. ഐക്കരത്തോട് ആഴവും വീതിയും കൂട്ടണം. തോട് പുഴയുമായി പൈപ്പുവഴി ബന്ധിപ്പിക്കണം.

3. എടക്കളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉടൻ നടപടി എടുക്കണം.

4. അന്നകര - ചിറയ്ക്കൽ ചീപ്പിനു സമീപം മോട്ടോർ സ്ഥാപിച്ച് മേലേ പുഴയിലേക്ക് വെള്ളം ലിഫ്റ്റ് ചെയ്യണം.

5. ചെല്ലിപ്പാടം, മേഞ്ചിറ, വളക്കുളം, പടിഞ്ഞാറേ പാടം എന്നീ പാടശേഖരങ്ങളെ പീച്ചിയുടെ ആയക്കെട്ട് ഏരിയായിൽ ഉൾപ്പെടുത്തണം.

6. ആളൂർ പാടത്തെ മൺകുഴികളിലുള്ള വെള്ളം ബണ്ടുകെട്ടി കൃഷിക്ക് ഉപയുക്തമാക്കണം.

7. കല്ലിങ്ങൽ റോഡ് പുഴവരെ നീട്ടി വീതിക്കൂട്ടണം.
8.ആളൂർ MLA റോഡിൽ മോട്ടോർ ഷെഡ്ഡുവരെ ബണ്ടുകൾ കെട്ടി കൃഷിക്ക് ഉപയുക്തമാക്കണം.
9.പരിയക്കുറ്റിവരെ റോഡ് കറ്റകൊണ്ടു വരുന്നതിനെ യോഗ്യമാക്കണം.
10. പള്ളി അമ്പലനടറോഡ് പടിഞ്ഞാറ് ഭാഗത്തു കൂടി വാക കരയുമായി ബന്ധിപ്പിക്കണം.
11. പുറം തറയിൽ വടക്കാഞ്ചേരി പുഴയിൽ ചീപ്പ് വേണം..
12. പടിഞ്ഞാറേ പാടത്ത് ഐക്കര തോടിന് സമീപമുള്ള കൃഷിഭൂമികൾ ഇരുപ്പൂ കൃഷിചെയ്യാനുതകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തണം.
13. മൂക്കോല ചീപ്പിന്റെ പലകകൾ അടിയന്തിരമായി മാറ്റുകയും ആകാവുന്ന വേഗത്തിൽ ഷട്ടറാക്കി മാറ്റുകയും വേണം.
14. പടിഞ്ഞാറ് പാടത്തുള്ള മൈനർ ഇറിഗേഷൻ ബണ്ടിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള ചാലിന്റെ ഭാഗത്തേക്ക് ട്രാക്ടർ കടത്തുന്നതിന് റാമ്പ് നിർമ്മിക്കണം.
15. ആളൂർ ചീപ്പിന്റെ നഷ്ടപ്പെട്ട പലകകൾ ഉടൻ പുനഃസ്ഥാപിക്കണം. ഇവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
16. ഐക്കര തോട് (മണക്കട) ചീപ്പിന്റെ പലകകൾ പുനഃ സ്ഥാപിക്കണം.

വാർഡ് 2

1. അന്നകര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. ഈ പദ്ധതി മൂലം 50കോടി രൂപയുടെ അടയ്ക്ക, നാളികേരം തുടങ്ങിയ തോട്ടവിളകൾ കൂടുതലായി ഉൽപ്പാദിപ്പിക്കാം. ഇത് സർക്കാർ തലത്തിൽ നടപ്പാക്കേണ്ടതാണ്.
2. തരിശു ഭൂമിക്ക് ചുറ്റും ബണ്ടുണ്ടാക്കി എടക്കളത്തൂർ, തോളൂർ പ്രദേശങ്ങൾ ബന്ധിപ്പിക്കുന്ന ഫാം റോഡുണ്ടാക്കുക.
3. ചിറയിൽ നിന്ന് കാളിപാടം തോടും കല്ലാരം തോടും ആഴം കൂട്ടുക. കല്ലാരം തോട് ഇടിയാതിരിക്കാൻ ഇരുഭാഗവും കെട്ടി സംരക്ഷിക്കുക.
4.തരിശിൽ കുളം നിർമ്മിച്ച് തോളൂർ കുന്നത്തേക്ക് വെള്ളം പമ്പ് ചെയ്ത് കൃഷിക്ക് ഉപയുക്തമാക്കുന്നതിനു വേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടമെന്റ് അനുവദിച്ച പദ്ധതി നടപ്പാക്കുക.

വാർഡ് 3

1. കെ. എൽ. ഡി. സി. (വടക്കേ മുള്ളൂർ കായൽ) ബണ്ടു മുതൽ വടക്കേ പോന്നോർ താഴം പടവ് വരെ

ചാൽ താഴ്ത്തി വെള്ളം വറ്റിക്കാനുള്ള പ്രവർത്തനം അടിയന്തിരമായി ചെയ്യേണ്ടതാണ്. കൂടാതെ നിലവിലുള്ള ബണ്ടിൽ തടയണ കെട്ടി തീരപ്രദേശത്തും വെള്ളം ലഭ്യമാക്കണം.

2. കെ. എൽ. ഡി. സി. ബണ്ട് വീതി കൂട്ടി കൃഷിയാവശ്യത്തിന് വാഹനങ്ങൾ കൊണ്ടു പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

3. ചിമ്മിനി ഡാമിൽ നിന്ന് വരുന്ന വെള്ളം വടക്കെ പോന്നോർ താഴം വരെ എത്തിക്കുന്നതിന് പുതിയ തോട് നിർമ്മിക്കണം.

4. തെക്കുംപുറത്ത് കടവിലുള്ള കുളത്തിലെ മണ്ണ് നീക്കം ചെയ്യണം.

5. പോന്നോരിലെ ചീനി കുളം യഥാവിധി ശരിയാക്കുകയും അതിലേക്കുള്ള പഞ്ചായത്ത് വഴി ശരിയാക്കുകയും ചെയ്യുക.

6. പുതുകുളം പഞ്ചായത്ത് ഏറ്റെടുത്ത് ഉപയോഗപ്രദമാക്കണം.

വാർഡ് 4

1. തോളൂർ പൊതു ശ്മശാനം റോഡിൽ ഉദ്ദേശം 500 മീറ്റർ 11 KV ലൈൻ വലിച്ച് അവിടെയുള്ള പുറംപോക്കിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ വോൾട്ടേജ് ക്ഷാമം മൂലം ജലസേചനം നടത്തുവാൻ സാധിക്കാതെ വിളനാശം സംഭവിക്കുന്ന കവുങ്ങ്,, തെങ്ങ്, വാഴ, തുടങ്ങിയവയുടെ ഉൽപാദനം വർദ്ധിപ്പിക്കാം.

2. നാലാം വാർഡിലെ പോന്നോർ താഴം പാടം ഇരുപൂവാക്കുക.

3. അന്നകര ചിറയ്ക്കൽ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് മൂക്കോല പുഴയിൽ സംഭരിക്കുകയും ഈ വെള്ളം മേഞ്ചിറ തരിശിൽ കൊണ്ടുവന്ന് ഒരു പമ്പ് സെറ്റ് സ്ഥാപിച്ച് തോളൂർ കുന്നിന്റെ നെറുകയിൽ എത്തിച്ചാൽ ഏകദേശം നൂറേക്കർ കൃഷിക്ക് ഉപയുക്തമാക്കാം. കുടിവെള്ളക്ഷാമവും പരിഹരിക്കാം:

4. തെക്കുപുറത്ത് പുറംപോക്കിൽ ഒരു കുളം കുഴിച്ച് ഈ മണ്ണ് ചെല്ലൻ കോളിന്റെ വരമ്പിൽ നിക്ഷേപിച്ച് ഒരു ഫാം റോഡാക്കി മാറ്റി കക്കാട് റോഡുമായി ബന്ധിപ്പിച്ചാൽ കർഷകർക്ക് കൃഷിയാവശ്യത്തിന് സാധനങ്ങൾ കൊണ്ടുപോകുന്നതിനും മറ്റും സൗകര്യം ആയിരിക്കും.

5. നടുവിൽ പാടം റോഡ് വാഹന ഗതാഗത യോഗ്യമാക്കി തീർത്താൽ കർഷകർക്ക് ഉപകാര പ്രദമായിരിക്കും.

വാർഡ് 5

1. നായ്ക്കൻ കാളിപ്പാടം പടവിലേക്ക് ഒരു ഫാം റോഡ് നിർമ്മിക്കണം. (കീരിപാലം മുതൽ കാളിപാടം വരെ)

2. തോളൂർ കുരിശു പള്ളി മുതൽ തെക്കോട്ട് നിലവിലുള്ള റോഡ് നന്നാക്കി കെ. എൽ. ഡി. സി. കനാലിൽ പാലം നിർമ്മിച്ച് ആട്ടോക്കാരൻ ചാലിന്റെ വരമ്പിൽ കൂടി തെക്കോട്ട് കടയിലേക്ക് പുറപോക്ക് സ്ഥലത്തുകൂടി റോഡുണ്ടാക്കിയാൽ കൃഷിക്ക് ഉപയുക്തമായിരിക്കും.

3. വടക്കാഞ്ചേരി പുഴ വഴി വരുന്ന വെള്ളം കടലിലേക്ക് സുഗമമായി ഒഴുകാത്തതുമൂലവും (കോൾ നിലങ്ങളിലെ കെ. എൽ. ഡി. സി കനാൽ പൂർത്തി കരിക്കാത്തതു കൊണ്ടും) ഇടിയൻ ചിറ വഴി പോകുവാൻ പുതിയതായി ഡൈവർഷൻ ചെയ്ത കനാലിന്റെ പണി പൂർത്തികരിക്കാത്തതുമൂലവും ചിറ ചെല്ലിപാടം എന്നീ പാട ശേഖരങ്ങളിലെ അധികവെള്ളം പോകുന്ന ചിറ കാളിപാടം തോട് വൃത്തി.യാക്കാത്തതുമൂലവും വിരിപ്പ് മുണ്ടകൻ കൃഷി തുടർച്ചയായി നശിച്ചുകൊണ്ടിരിക്കുകയാണ്. സത്വര നടപടി വേണം.

4. പാടശേഖരങ്ങളിലെ അധിക വെള്ളം (നീങ്ങിപോകാത്ത വെള്ളം) ഡി വാട്ടറിങ്ങിന് ആവശ്യമായ പമ്പുസെറ്റുകൾക്കും കൃഷിക്കാവശ്യത്തിനും കണക്ഷൻ ലഭ്യമാക്കേണ്ടതാണ്. ഉദാ : ചെല്ലിപാടം. പ്രധാനമന്ത്രിയുടെ ഊർജ്ജിത നെല്ലുല്പാദന സ്കീം അനുസരിച്ച് 15 HP മോട്ടോർ അയ്യൻകുഴി ഭാഗത്തും 20 HP. മോട്ടോർ ചോരോതഭാഗത്തും 20HP മോട്ടോർ പമ്പുസെറ്റ്

ചെല്ലിപാടത്ത് സ്ഥാപിച്ച് കണക്ഷൻ എത്രയും പെട്ടെന്ന് അനുവദിച്ച് കിട്ടേണ്ടതാണ്.

വാർഡ് 6

1. അക്കരപാടത്തേക്ക് പോകുവാൻ പാലം വേണം.

2. പാലത്തിനപ്പുറത്തെ കോക്കൂർ റോഡും ചോരോതറോഡും ബന്ധിപ്പിക്കണം.

3. പുഴയോരത്ത് ചെറുകിട കർഷകർക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മാരുടെ അനാസ്ഥ ഒഴിവാക്കണം.

4. പറപ്പൂർ പള്ളിയുടെ അടുത്ത് നിന്ന് നാഗത്താൻ കാവ് വഴി അയ്യൻകുഴിയിലേക്ക് പോകുന്ന റോഡ് സഞ്ചാരയോഗ്യമാക്കി റെയിൽവേ ട്രാക്കുമായി ബന്ധപ്പെടുത്തിയാൽ ഈ പ്രദേശത്തുള്ള കൃഷിക്കാരുടെ യാത്രാക്ലേശം പരിഹരിക്കപ്പെടും.

5. മാക്കിൽ പ്രദേശത്ത് പാലം പണിയുകയാണെങ്കിൽ പാലം പണിയുടെ ചെലവ് കുറയും.

6. തോളൂർ ചിറയിൽ പലകമാറ്റി ഷട്ടർ സംവിധാനം ഏർപ്പെടുത്തിയാൽ ജലവിനിയോഗത്തിന് സൗകര്യപ്രദമായിരിക്കും.

വാർഡ് 7

1. സ്ഥിരമായി കൃഷി നശിച്ചുകൊണ്ടിരിക്കുന്ന ചാലയ്ക്കൽ പാടത്തെ രക്ഷിക്കുവാൻ കുരുത്തി ചാലിൽ ഊരകം പാലത്തിനടുത്ത് ഒരു സ്ഥിരമായ ചീപ്പ് പണിത് 20HP യുടെ മോട്ടോർ സ്ഥാപിക്കണം.

2. ചാലയ്ക്കൽ പാടത്തേക്കുള്ള വിത്ത്, വളം എന്നിവ കൊണ്ടുവരുന്നതിനുള്ള മിച്ച ഭൂമി റോഡ് കുരുത്തിച്ചാൽ റോഡ്, മിച്ചഭൂമി കുഴിങ്കര റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം.

3. കടാംതോട് പുഴയുടെ ചാല്യക്കൽ പാടം ഭാഗത്തെ വരമ്പ് ബലപ്പെടുത്തിയും ചീപ്പുകൾ സംരംക്ഷി ക്കേണ്ടതാണ്.

4. കൂർണിപ്പാടം കൃഷിക്കാർ പലതവണ നിലം നികത്തിയതിനെതിരെ കൃഷിഭവനിൽ കൊടുത്ത പരാതിയിൽ മേൽ ഇതുവരെ നടപടിയുണ്ടായിട്ടില്ല.

5. പിടിനിലം റോഡിന്റെ മുഖത്ത് കൂർണിപ്പാടത്തെ ഇരുപ്പൂ കൃഷിക്കായി 20HP മോട്ടോറും ചീപ്പും അനുവദിക്കേണ്ടതാണ്.

6. കൂർണിപ്പാടം റോഡ് ബലപ്പെടുത്തുകയും അതിനോടനുബന്ധിച്ച് പള്ളികുളം റോഡിനോട് ബന്ധിപ്പിക്കുകയും വേണം.

7. കുറ്റിക്കൽ 20 HP മോട്ടോർ സ്ഥാപിച്ച് കൂർണിപ്പാടത്തെ കൃഷി നാശം ഒഴിവാക്കണം.

8. കെ. എൽ. ഡി. സി. ബണ്ട് പൂർത്തീകരി ക്കാത്തതുകൊണ്ട് മഴ പെയ്യുമ്പോൾ വെള്ളം പൊങ്ങി ചാലയ്ക്കൽ പാടത്തും കൂർണിപാടത്തും നൂറുകണക്കിന് ഏക്കർ കൃഷി നശിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരം കാണണം.

9. ഏഴാം വാർഡിൽ പഴയ ചന്ത ഭാഗത്തുള്ള നൂറേക്കർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി വെള്ളം ലഭിക്കുന്നതിന് പറച്ചാൽ കുണ്ടിൽ മോട്ടോർ വെച്ച് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

വാർഡ് 8

1. കല്ലൊടി പടിഞ്ഞാറുഭാഗം പുഞ്ചപണിയുന്നതിന് 10 HP മോട്ടോർ വെച്ച് പമ്പ് ചെയ്താൽ ഉദ്ദേശം 25 ഏക്കർ ഭൂമി കൃഷിയുക്തമാക്കാം.

2. കോൾ നിലത്തിൽ നിന്ന് കുളം കുഴിച്ച് കെ. എൽ. ഡി. സി. യിലുള്ള വെറുതെ കുടിക്കുന്ന സ്ഥലം 20 HP മോട്ടോർ വെച്ച് ലക്ഷം വീട് കോളനിയിൽ കൊണ്ടുവന്നാൽ എട്ടാം വാർഡിലെ എല്ലാ കർഷകർക്കും പറമ്പ് നനയ്ക്കുന്നതിനും അതുമൂലം വരൾച്ച ഒഴിവാക്കുന്നതിനും സാധിക്കും.

വാർഡ് 9

1. ചാത്തൻ കോളിലേക്ക് ചാലപുഴയിൽ നിന്ന് ആരംഭിക്കുന്ന റോഡ് നിലവിലുള്ള ഫാം റോഡുമായി ബന്ധിപ്പിക്കണം. മുള്ളൂർ സ്ക്കൂളിനു മുന്നിൽ നിന്ന് ചാത്തൻ കോളിലേക്ക് ഇറങ്ങുന്ന റോഡ് മേൽപറഞ്ഞ

ഫാം റോഡുമായി ബന്ധിപ്പിക്കണം.

2. മുള്ളൂരിൽ നിന്ന് അടാട്ടുമായി ബന്ധിപ്പിക്കുന്ന ബണ്ട് റോഡ് നെല്ല് കയറ്റി ലോറികൾ പോകാവുന്ന വിധത്തിൽ വികസിപ്പിക്കണം.

3. മൺമട റോഡ് കെ. എൽ. ഡി. സി. കനാലിന് പാലം വേണം. നിലവിലുള്ള എട്ട് മീറ്റർ റോഡ് അളന്ന് സർവ്വേ നടത്തുകയും കയ്യേറ്റം തടയുകയും വേണം.

4. കാമ്പിക്കോളിന്റെ മേലെ തട്ടിലൂടെ വെള്ളം കൊടുക്കുന്നതിന് (മോട്ടോർ സൗകര്യം) ശ്രദ്ധിക്കണം.

5. തരിശ് കരിമ്പന പടവിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് ആവശ്യമായ റാമ്പുകൾ ഉണ്ടാക്കണം.

6. മുള്ളൂർ ചിറ്റിലപ്പിള്ളി അതിർത്തിയിലുള്ള പാലം പൊളിച്ച് കെട്ടി അടിയിലൂടെ വെള്ളം ഒഴുകുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

7. ചാലപ്പുറത്ത് തരിശായ അഞ്ച് ഏക്കറിലധികം നിലം കൃഷിയുക്തമാക്കുവാനുള്ള നടപടി എടുക്കണം.

8. "51" തറയിൽ പുത്തൻ ചാലിലേക്ക് പോകുന്ന ഭാഗത്ത് സ്ലൂയിസ് വാൽവിട്ട് മേൽപ്പുറം ഭാഗത്തേക്ക് (വടക്ക്) വെള്ളം തിരിച്ചുവിടാനുള്ള നടപടി എടുക്കണം.

9. നിലവിലുള്ള കുളിക്കടവ് ചേറ് നീക്കി വൃത്തിയാക്കണം.

10. തരിശ് കരിമ്പനപ്പടവിൽ ചാലപ്പുഴ മുതൽ എഞ്ചിൻ തറവരെ ഒരു ഫാം റോഡ് നിർമ്മിക്കണം.

11. മടപ്പാട്ട് കോളിന്റെ നടുവിൽ കൂടെ ഐനിക്കാട് ബണ്ടുമായി ലിങ്ക് ചെയ്ത് ഒരു ഫാം റോഡുണ്ടാക്കണം.

12. കൂലിക്കാരുടെ ലഭ്യതക്കുറവ് കണക്കിലെടുത്ത് കാർഷികമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തണം.

13. വെട്ടിക്കോച്ചാമ്പാറ ഫാം റോഡ് ഉണ്ടാക്കി കൊയ്തു കൊണ്ടു പോരാനും മറ്റും സൗകര്യം ഉണ്ടാക്കണം.

14. പാലയ്ക്കൽ തറമുതൽ ഉണക്കച്ചാൽ വരമ്പിൽ കൂടെ ഫാം റോഡ് നിർമ്മിച്ച് ഊരകം ഫാം റോഡുമായി ബന്ധിപ്പിക്കണം.

15. പൊതുകുളം മുള്ളൂർ തെക്കേ അറ്റത്തും വെട്ടിയിലും ഉണ്ടാക്കണം.

## പഞ്ചായത്തിലെ പൊതു പ്രശ്നം

1. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവൻ മുഖേന സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

2. കൃഷിയാവശ്യത്തിന് വൈദ്യുതി സൗജന്യമായി ലഭ്യമാക്കുക.

3. വളത്തിനും കീടനാശിനിക്കും ചുരുങ്ങിയത് 50% സബ്സിഡി ഏർപ്പെടുത്തണം. ഇവ സമയത്ത് ലഭ്യമാക്കണം.

4. പാടശേഖര കമ്മറ്റിക്ക് ട്രാക്ടർ, കൊയ്ത്ത് മെതിയന്ത്രം, പവർട്രില്ലർ, ഇത്യാദി കൃഷി ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

5. കൃഷിക്കാർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തണം.

6. വൈദ്യുതി വിതരണ രംഗത്ത് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കണം.

7. വിവിധ വകുപ്പുകൾ തമ്മിലുള്ള യോജിച്ച പ്രവർത്തനം ഇല്ലാത്തതുകൊണ്ട് പദ്ധതികൾ ശരിയായ രീതിയിൽ പ്രാവർത്തികമാകുന്നില്ല.

8. കൃഷിഭവന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തണം.

9. കാർഷികോല്പന്നങ്ങൾ വിൽക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കമ്പോളം ഉണ്ടാക്കണം.

10. കൃഷിക്കുവരുന്ന രോഗങ്ങൾക്ക് പ്രതിരോധ മരുന്നുകൾ ലഭ്യമാക്കണം.

11. കൃഷി നിലങ്ങളിൽ ഇടവിള ഇറക്കുന്നതിനുള്ള ധനസഹായം വേണം.

12. കവുങ്ങ് കൃഷിയെ മാരകമായി ബാധിക്കുന്ന 'മഹാളി' 'ചൊവ്വ' മുതലായ രോഗങ്ങളെ അകറ്റി സംരംക്ഷിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കണം.

13. പഞ്ചായത്തിലെ പുറംപോക്ക് സ്ഥലത്ത് ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.

14. റീ സർവ്വേയിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കണം.

15. കാർഷികമേഖലയിൽ 'ചാക്രിക' ജലവിതരണ

പദ്ധതി നടപ്പിലാക്കണം.

16. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ കൃഷി പ്രോത്സാഹിപ്പിക്കണം.

17. അത്യുല്പാദന ശേഷിയുള്ള പച്ചക്കറിവിത്ത്, വാഴക്കന്ന് എന്നിവ കൃഷിഭവൻ മുഖേന വിതരണം നടത്തണം.

18. കൃഷിയിറക്കുന്ന സമയത്ത് പ്രത്യേകിച്ച് നെൽകൃഷിക്കാർക്ക് വായ്പ നൽകി വിളവെടുപ്പ് കഴിയുമ്പോൾ ന്യായമായ പലിശയോടുകൂടി തിരിച്ചു നല്കുന്നതിനെ പരിപാടി തയ്യാറാക്കി നടപ്പിൽ വരുത്തണം.

19. വിള ഇൻഷൂറൻസ് നടപ്പിലാക്കുക.

20. ജല ദൗർലബ്യം മൂലം കൃഷിചെയ്യാതെ കിടക്കുന്ന ഉയർന്ന പ്രദേശങ്ങൾ ജലസേചന സൗകര്യം നല്കി പച്ചക്കറി കൃഷി മുതലായവ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

21. ജൈവ വള ലഭ്യത ഉറപ്പ് വരുത്തണം.

22. വിളവ് വർദ്ധിപ്പിക്കുവാൻ മാഗ്നീഷ്യം സൾഫേറ്റ് സബ്സിഡി നിരക്കിൽ പുനഃസ്ഥാപിക്കുണം.

23. കീടങ്ങളുടെ ആക്രമണം കണക്കിലെടുത്ത് ഗ്രൂപ്പ് ഫാമിങ്ങ് കമ്മറ്റി ഉണ്ടാക്കി മരുന്ന്തെളികൾ കൂട്ടായി നടത്തണം.

24. കാർഷിക മേഖലയിലെ വൈദ്യുതി പ്രയോരിറ്റി പുനഃസ്ഥാപിച്ച് വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തണം. ഇലക്ട്രിസിറ്റി സൗജന്യം എല്ലാ കൃഷിക്കും ബാധകമാക്കണം.

## കൃഷിഭവൻ

തോളൂർ ഗ്രാമ പഞ്ചായത്തിൽ 1987 – ലാണ് കൃഷിഭവൻ നിലവിൽ വന്നത്. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കാർഷികമേഖലയിലെ വികസനം ലക്ഷ്യമാക്കി പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൃഷിഭവൻ വഴി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. നെൽ കൃഷി വികസന പദ്ധതി
2. സമഗ്ര നാളീകേര വികസന പദ്ധതി
3. നടീൽ വസ്തുക്കളുടെ വിതരണം
4. വിള ഇൻഷൂറൻസ് പദ്ധതി
5. പ്രകൃതി ദുരിതാശ്വാസം
6. കവുങ്ങ് കൃഷി വികസന പരിപാടി
7. കുരുമുളക് വികസന പദ്ധതി
8. തെങ്ങ് കൃഷി - പ്ലാസ്റ്റിക് ഉപയോഗം
9. മണ്ണ് പരിശോധന

പട്ടിക 3

തോളൂർ ഗ്രാമ പഞ്ചായത്ത്

കൃഷി ഭവൻ വഴി സാമ്പത്തിക സഹായത്തോടെ വിതരണം ചെയ്ത കാർഷികോപകരണങ്ങൾ

| | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|---|
| 87-88 മുതൽ | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ് സ്റ്റാക്ക് സ്പ്രേയർ | പവർ സ്പ്രേയർ മറ്റുള്ളവ | | | |
| 95-96 വരെ | 2 | 6 | - | 17 | 193 | 5 | 7 | 2 | 147 |

## പട്ടിക 4

### തോളൂർ ഗ്രാമ പഞ്ചായത്ത്
### രാസ വളം - കീടനാശിനി വിപണനം.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | |
| | | കി. ഗ്രാം | ദ്രവം ലിറ്റർ | ഖരം കി. ഗ്രാം | കി. ഗ്രാം | ദ്രവം ലിറ്റർ | ഖരം കി. ഗ്രാം | കി. ഗ്രാം | ദ്രവം ലിറ്റർ | ഖരം കി. ഗ്രാം |
| 1. | സർവ്വീസ് സഹകരണ ബാങ്ക്, പറപ്പൂർ (ഐനിക്കാട് ഡെപ്പോ) | 287500 | 281.50 | 535.00 | 285000 | 305.00 | 595.00 | 353500 | 340 | 1882 |
| 2. | ചാത്തൻകോൾ, പുപ്പിലക്കാട്, കർഷകസംഘം (മുള്ളൂർഡെപ്പോ) | 38000 | 125.00 | - | 36550 | 149.00 | - | 21700 | 48.90 | 45.50 |
| 3. | സ്വകാര്യം കെ.ഐ. ഔസേഫ്, കുണ്ടുകുളം ഏജൻസീസ് പറപ്പൂർ | 56500 | 232.50 | 478.00 | 35000 | 193.50 | 471.00 | 47500 | 135.00 | 331.00 |
| 4. | സി. ടി. ജോയ്, ചിറ്റിലപ്പിള്ളി, കുന്നത്ത്, ചാലയ്ക്കൽ, ഐനിക്കാട് ഡെപ്പോ | 9000 | - | - | 11750 | - | - | 13000 | - | - |
| | | 391000 | 639.00 | 1013.00 | 368250 | 647.50 | 1066.00 | 435700 | 723.90 | 2269.50 |

നെല്ല്, തെങ്ങ്, കവുങ്ങ്, മറ്റു നടീൽ വസ്തുക്കൾ മുതലായവയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷിവകുപ്പ് പല ആധുനിക പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ശാസ്ത്രീയമായ കൃഷി രീതിയെ പറ്റി കൃഷിക്കാരെ ബോധവാന്മാരാക്കാനും പ്രോത്സാഹിപ്പിക്കാനും കൃഷിഭവന്റെ സേവനം ആവശ്യമാണ്.

**കൃഷിഭവന്റെ നടപ്പു വർഷത്തെ പ്രവർത്തനങ്ങൾ**

1. കുരുമുളക് നാലായിരത്തി നാനൂറ് വള്ളികൾ 50% സബ്സിഡി നിരക്കിൽ കുരുമുളക് വികസന പദ്ധതി സ്കീമിൽ ഉൾപ്പെടുത്തി വിതരണം ചെയ്തു.
2. 25 ഹെക്ടർ സ്ഥലത്തേക്ക് മഹാളി മരുന്ന് വിതരണം
3. മംഗള തൈ നൂറെണ്ണം സൗജന്യമായും ഇരുനൂറെണ്ണം ഒരു രൂപ നിരക്കിലും വിതരണം ചെയ്തു.
4. കശുമാവ് 125 എണ്ണം, കുരുമുളക് 5000 വള്ളികൾ വിലയ്ക്ക് നല്കി. ഗ്രാമ്പു ചെടി 100 എണ്ണം.
5. രണ്ട് ജാതി പ്രദർശന തോട്ടം അഞ്ച് വർഷത്തേക്ക് തിരഞ്ഞെടുത്തു.
6. ഇഞ്ചി കൃഷിക്ക് 3 പ്രദർശന തോട്ടം
7. ജീവാന്നുവളം നിർമ്മിക്കുന്നതിന് ഷെഡ്ഡു പണിയുന്നതിനും മറ്റു സാമഗ്രികൾ വാങ്ങിക്കുന്നതിനും സബ് സിഡി നല്കുന്നു.
8. ചെല്ലിപാടം സ്കീം അനുസരിച്ച് പ്രധാന മന്ത്രിയുടെ ഊർജ്ജിത നെല്ലുല്പാദന സ്കീമിൽ 9 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.
9. വിത്ത് ശേഖരിക്കുന്നതിന് 4 സീഡ് സ്റ്റോർ പണികഴിച്ചിട്ടുണ്ട്.

## സാധ്യതകളും പരിഹാരങ്ങളും

1. കൃഷിയുടെ ചിലവിനെ കണക്കിലെടുത്ത് കർഷകപ്രതിനിധികളും സഹകരണ സംഘങ്ങളും കൃഷി ഓഫീസറും പഞ്ചായത്തംഗങ്ങളും ചേർന്ന് തീരുമാനിക്കുന്ന വില നെല്ലിന് ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.
2. പഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സംസ്ക്കരിച്ച് അരിയാക്കി അതത് പ്രദേശങ്ങളിൽ വിപണനം നടത്താനുള്ള പദ്ധതി സഹകരണ സംഘങ്ങൾ തന്നെ ഏറ്റെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
3. രാസ വളങ്ങളുടേയും കീടനാശിനികളുടേയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനങ്ങൾ അതത് പ്രദേശത്ത് തന്നെ ഉണ്ടായിരിക്കണം. ഇവയുടെ വില വർദ്ധനവ് തടയണം. ജൈവവളത്തിന്റേയും സസ്യ കീടനാശിനികളുടേയും ഉപയോഗം കഴിയുന്നത്ര പ്രോത്സാഹിപ്പിക്കണം., ഇതുവഴി പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാനും തവള, മത്സ്യം, മനുഷ്യോപകാരികളായ മറ്റു ജീവജാലങ്ങൾ, ഷഡ്പദങ്ങൾ എന്നിവയെ സംരക്ഷിക്കാനും കഴിയും.
4. തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുവാൻ യന്ത്രവത്ക്കരണം നടീൽ മുതൽ മെതിവരെ വ്യാപിപ്പിക്കുകയും ആവശ്യാനുസരണം കൃഷിക്കാർക്ക് ലഭ്യമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.
5. മണ്ണിലെ ജീവാന്നുക്കളെയും മണ്ണിരയേയും വീണ്ടും മണ്ണിലേക്ക് കൊണ്ടുവരുവാനായി ജീവാന്നുവളം ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുകയും ചുരുങ്ങിയത് 5 വർഷം എങ്കിലും അമിത രാസ വളപ്രയോഗവും കീടനാശിനിപ്രയോഗവും നിർത്തലാക്കുകയും വേണം. ഏത് കൃഷിയുടേയും അടിസ്ഥാന ഘടകം മണ്ണായതുകൊണ്ട് മണ്ണിനെ രക്ഷിച്ചേപറ്റൂ.
6. പഞ്ചായത്ത് തലത്തിൽ നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും യോജിച്ച വിത്തുകൾ ഉൽപാദിപ്പിക്കുവാനുള്ള സൗകര്യം കൃഷിഭവനുകളുടെ മേൽനോട്ടത്തിൽ ഉണ്ടായാൽ വിത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയും.
7. കാർഷിക സർവ്വകലാശാലകൾ പരിസ്ഥിതിക്ക് ദോഷം വരാത്ത കൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ടി ഗവേഷണം നടത്തുകയും

ഗവേഷണഫലങ്ങൾ അപ്പപ്പോൾ കർഷകരിലേക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

8. വിത കഴിഞ്ഞവസരങ്ങളിൽ മഴ പെയ്താൽ ഉടൻ വൈദ്യുതി പോകുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ രാപ്പകൽ പ്രവർത്തിക്കുന്ന കർഷക പ്രതിനിധികളും വൈദ്യുതി ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന ഒരു വളണ്ടറി സർവ്വീസ് കോർ പ്രവർത്തിക്കേണ്ടതാണ്.

9. വികസനങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന റോഡുകൾ ബണ്ടുകൾ റെയിൽ പാളങ്ങൾ, ഫാം റോഡുകൾ എന്നിവയുടെ അടിയിൽ കൂടി ഒഴുകിയിരുന്ന വെള്ളം ഒഴുകി പോകുവാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ട് കൂടുതൽ ദിവസം നെൽ വയലുകൾ മുങ്ങികിടക്കുന്നു. ( ഉദാ : കെ. എൽ. ഡി. സി. ബണ്ടുകൾ, ഗുരുവായൂർ റെയിൽ, ആളൂർ എം. എൽ.എ. റോഡ്) വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പാക്കേണ്ടതാണ്.

10. കാർഷിക വികസന പ്രവൃത്തികൾ പരമാവധി കർഷകപ്രതിനിധികളെ ഏൽപ്പിക്കുക. മാർക്കറ്റ് നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുക. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വിജിലൻസ് കമ്മറ്റിയെ നിയോഗിച്ച് അഴിമതി കഴിയുന്നതും തടയുക.

11. കൃഷിയുമായി· ബന്ധപ്പെട്ട് കിടക്കുന്ന ചെറുകിട ജലസേചന വകുപ്പ്, വൻകിട ജലസേചന വകുപ്പ്, സി. എ. ഡി. എ. കൃഷിഭവൻ വൈദ്യുത വകുപ്പ് എന്നിവയുടെ കൂട്ടായ്മയോടുകൂടിയുള്ള പ്രവർത്തനം കാർഷിക മേഖലയുടെ വികസനത്തിന് ഏറെ ഉപകരിക്കും.

12. കൃഷി മാത്രം തൊഴിലാക്കിയ കർഷകർക്ക് കൃഷിയിറക്കാൻ വായ്പ വിളവെടുപ്പ് കഴിയുന്ന കാലാവധിക്ക് അനുവദിക്കണം. ഇതിന് സഹകരണ ബാങ്ക്, ദത്തെടുത്ത ദേശസാത്കൃത ബാങ്ക് എന്നിവയിൽ വായ്പയ്ക്കുള്ള സംവിധാനം ഉണ്ടാക്കണം.

13. നെൽകൃഷി മേഖലയുടെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടു കാലത്തെ ചരിത്രം പരിശോധിച്ചാൽ കൃഷി ചിലവുകൾ ക്രമാതീതമായി വർദ്ധിച്ചുവെന്ന് കാണാം. ആനുപാതികമായി കാർഷീകോൽപന്നങ്ങളുടെ വില വർദ്ധിച്ചതുമില്ല. ഈ വൈരുദ്ധ്യം ഇപ്പോഴും തുടരുന്നു. സാമ്പത്തിക പരാധീനത വരുത്തിവെയ്ക്കുന്ന ഈ സ്ഥിതിവിശേഷം കൃഷിക്കാരെ നിരുത്സാഹപ്പെടുത്തുന്നു. കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

14. കൃഷിക്കാർക്ക് ശാസ്ത്രീയമായ ഒരു പെൻഷൻ പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്. കൃഷിക്കാരുടെ മക്കളുടെ വിവാഹം വിദ്യഭ്യാസം തുടങ്ങിയ പ്രധാന ആവശ്യങ്ങൾക്കെങ്കിലും സഹായം ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. യഥാർത്ഥ കൃഷിക്കാരുടെ ആവശ്യങ്ങളും നിജസ്ഥിതിയും മനസ്സിലാക്കി വേണ്ട സഹായം നല്കാൻ പഞ്ചായത്തത്തു തല കമ്മറ്റി രൂപീകരിക്കേണ്ടതാണ്.

15. കെ. എൽ. ഡി. സി. ബണ്ടുകൾ, ഫാം റോഡുകൾ എന്നിവ കൃഷിയാവശ്യത്തിന് വാഹനങ്ങൾക്കു പോകുവാൻ തക്കവിധത്തിൽ യാത്രായോഗ്യമാക്കണം. കൂടാതെ മിക്കപടവുകളിലേക്കും ട്രാക്ടർ ഇറക്കുന്നതിനുള്ള സൗകര്യം കുറവാണ്. പഞ്ചായത്ത് തലത്തിൽ റാമ്പുകളുടെ ആവശ്യം കണക്കാക്കി ഇവയുടെ നിർമ്മാണ ചുമതല കൃ ഷിക്കാരുടെ പ്രതിനിധികളെ ഏല്പിക്കണം.

16. <u>തോളൂർ ചിറ ലിഫ്റ്റ്</u>

കായലിലെ പുഞ്ചകൃഷിക്ക് (ഒന്നാം സോൺ) വറ്റിച്ചു കളിയുന്ന വെള്ളം *(ഏനാമാവ് റെഗുലേറ്റർ വഴി കടലിലേക്കാണ് ഒഴുകിപോകുന്നത്) പഞ്ചായത്ത് അതിർത്തിയിലുള്ള തോളൂർ ചിറയിൽനിന്നും മേലോട്ട് ചൂണ്ടൽ പഞ്ചായത്തതിർത്തിയിലുള്ള പെരുവൻ ചിറ വരെ ഉദ്ദേശം എട്ട് കി. മീ. ദൂരത്തിൽ ലിഫ്റ്റ് ചെയ്ത് നിർത്തുകയും പുഴ മറിഞ്ഞ് പോകുന്ന ഇടങ്ങളിൽ പുഴയ്ക്ക് ബണ്ടുകൾ ഇടുകയും ചെയ്താൽ തോളൂർ ചിറയ്ക്ക് മേൽ ഭാഗത്തുള്ള എളവള്ളി, മുല്ലശ്ശേരി, കണ്ടാണശ്ശേരി, തോളൂർ എന്നീ പഞ്ചായത്തുകളിൽ പ്പെട്ട 1130 ഏക്കർ നിലങ്ങൾ മൂപ്പ് നിലങ്ങളാക്കി മാറ്റാൻ സാധിക്കും. അതുവഴി 900 ടൺ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കുവാനും ഈ പ്രദേശങ്ങളിലെ തോട്ട

വിളകളായ തെങ്ങ്, കവുങ്ങ് എന്നിവയിൽ നിന്ന് 50 കോടി രൂപയുടെ ഉല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുവാനും സാധിക്കും. കൂടാതെ ചൂണ്ടൽ, കൈപ്പറമ്പ് പഞ്ചായത്തുകൾക്ക് കാർഷികമായി ചെറിയ അളവിൽ ഗുണം ചെയ്യുകയും ചെയ്യും. മറ്റു പഞ്ചായത്ത് പ്രദേശങ്ങളിലെ ഇപ്പോഴുള്ള കുടിവെള്ള ക്ഷാമം അടക്കമുള്ള ജലക്ഷാമം പരിഹരിക്കുവാനും ഇതുവഴി സാധിക്കും.

ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ ഇപ്പോൾ പറപ്പൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള അന്നകര ചിറ (തോളൂർ ചിറ) യിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു 50 HP മോട്ടോറിന് പകരം രണ്ട് 50Hp മോട്ടോർ പ്രവർത്തിപ്പിക്കുകയും വടക്കാഞ്ചേരി പുഴയിലെ എട്ട് കി. മി. സ്ഥലത്ത് വെള്ളത്തിന്റെ ലെവൽ താഴാതെ നിർത്തുകയും ചെയ്യുക.

ഈ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള കോൾ മേഖലയിൽപ്പെട്ട പോന്നോർ താഴം പടവ് വടക്കെ പോന്നോർ താഴം കാളിപ്പാടം പടവ് എന്നിവിടങ്ങളിൽ പുഞ്ചകൃഷി സ്ഥിരമായി ഉണക്കം വന്ന് പോകുക പതിവാണ്. കാളിപ്പാടം തോട്ടിൽ കൂടെ വടക്കാഞ്ചേരി പുഴയിലെ വെള്ളം കെ.എൽ.ഡി.സി. കനാലിലേക്ക് കടത്തിയാൽ ഈ പടവിലെ ഉണക്കത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയും. തോളൂർ ചിറയിലെ ചീർപ്പ് പലകകൾ മാറ്റി ഷട്ടർ സംവിധാനം ഏർപ്പെടുത്തുകയും വേണം. ഇതിനു പുറമേ ഈ പദ്ധതിയുടെ പ്രവർത്തന ഫലമായി എടക്കളത്തൂർ പടിഞ്ഞാറെ പാടം പദ്ധതി മേഞ്ചിറയിൽ നിന്നുള്ള തോളൂർ ലിഫ്റ്റ് പദ്ധതി എന്നിവ ഫലവത്താക്കാനും സാധിക്കും. പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്ന ഒരു പദ്ധതിയായതിനാൽ ഇതിനെ പ്രഥമസ്ഥാനം നല്കി ആസൂത്രണം ചെയ്യേണ്ടതാണ്.

17. മേഞ്ചിറ തരിശിലുള്ള പുറംപോക്കിൽ കുളം താഴ്ത്തി തോളൂർ കുന്നത്തേക്ക് ലിഫ്റ്റ് ചെയ്ത് അവിടെ നിന്ന് താഴ്വാരങ്ങളിലേക്ക് ചാലുകൾ വഴി വെള്ളം എത്തിക്കാൻ കഴിഞ്ഞാൽ 250 ഏക്കർ സ്ഥലത്ത് പുതുതായി തെങ്ങ് കൃഷിചെയ്യുവാനും നിലവിലുള്ളവയുടെ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കാനും കഴിയും കൂടാതെ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമവും പരിഹരിക്കാം.

18, ഇപ്പോൾ നിലവിലുള്ള കേര വികസന സമിതിയും കർഷക പ്രതിനിധികളും അടങ്ങുന്ന കാർഷിക വികസന സമിതികൾ രൂപീകരിക്കുക. കൃഷിഭവന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. പ്രസ്തുത ക്യാമ്പുകളിൽ കാർഷികസർവ്വകലാശാല വിദഗ്ധർ ക്ലാസ്സെടുക്കുക. കർഷകരുടെ അനുഭവ ജ്ഞാനവും വിദഗ്ധരുടെ ഗവേഷണഫലവും കൂടി ചേർന്ന് കാർഷികമേഖലയെ സമ്പന്നമാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യാൻ അവസരം ലഭിക്കുകയാണെങ്കിൽ ഏറ്റവും ഫലപ്രദമായ അറിവുകൾ ലഭ്യമാക്കുകയും. ആ അറിവിന്റെ വെളിച്ചത്തിൽ കാർഷിക വൃത്തി ലാഭകരമാകുകയും ചെയ്യും.

19. നല്ല വിത്തുകൾ തിരഞ്ഞെടുക്കുന്നതിൽ സർവ്വകലാശാല വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ലെന്ന പരാതി ഒഴിവാക്കാൻ അതതു പ്രദേശങ്ങളിലെ കാലാവസ്ഥക്കും ഭൂപ്രകൃതിക്കും യോജിച്ച വിധത്തിൽ നന്നായി കായ്ക്കുന്ന വിത്തിനങ്ങളെ സ്വയം പരാഗണം നടത്തി വർഗ്ഗ ശുദ്ധിയോട് കൂടി നിലനിർത്താനുമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ജൂലൈ, സെപ്തംബർ മാസങ്ങളിലെ മൂത്ത് പഴുത്ത തേങ്ങയാണ് വിത്തിനായി തിരെഞ്ഞെടുക്കേണ്ടത് പഞ്ചായത്ത് പ്രദേശങ്ങളിൽ നഴ്സറികൾ ഉണ്ടാകുകയാണെങ്കിൽ പറിച്ച് വെച്ചുണ്ടാകുന്ന ഉണക്കവും ട്രാൻസ്ഫോർട്ടേഷൻ ചിലവുകളും ഒഴിവാക്കാൻ സാധിക്കും. പരമ്പരാഗത കൃഷി സമ്പ്രദായത്തിന്റെ അന്ത: സത്ത നിലനിർത്തികൊണ്ട് മാത്രമേ ആധുനിക സമ്പ്രദായം പ്രാവർത്തികമാവുകയുള്ളൂ.

20. തേങ്ങയുടെ ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള ഗ്രാമീണ

വ്യാവസായങ്ങൾ തുടങ്ങാൻ വേണ്ടതായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കാനും അതിനാവശ്യമായ മുടക്കുമുതൽ സ്വരൂപിക്കാനും തയ്യാറായാൽ തൊഴിലില്ലായ്മ പ്രശ്നം പഞ്ചായത്ത് പ്രദേശത്തുനിന്നും ഒരു പരിധിവരെ ദൂരീകരിക്കാൻ കഴിയും . അതുവഴി ഗ്രാമീണരുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

21. കവുങ്ങിന്റെ മാരകമായ മഞ്ഞളിപ്പ് രോഗം (ചൊവ്വക്കേട്) ഉണ്ടാകുന്നതിനെ കുറിച്ച് ആകാവുന്നത്ര വേഗത്തിൽ കാർഷിക സർവ്വകലാശാല ഗവേഷണം നടത്തി രോഗകാരണം കണ്ടെത്തേണ്ടതാണ്. ഈ രോഗം പടർന്നുപിടിക്കാതിരിക്കാനുള്ള നടപടിയും സ്വീകരിക്കണം. രോഗം ബാധിച്ചു നശിച്ച തോട്ടങ്ങളിൽ നിന്നും വൃക്ഷങ്ങൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുവാൻ വേണ്ടതായ ചിലവുകൾ അടിയന്തിരമായി കർഷകർക്ക് ലഭ്യമാകേണ്ടിയിരിക്കുന്നു. പുതിയവ കായ്ഫലം ആകുന്നതുവരേയുള്ള കാലത്തേക്ക് ആവശ്യമായ ചിലവുകൾക്ക് ദീർഘകാല വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കണം

22. കേന്ദ്ര അടയ്ക്ക സംഭരണ സംസ്ക്കരണ വിപണന സംഘം പ്രവർത്തിക്കുന്നതുകൊണ്ട് വില അധികം താഴോട്ട് പോകാതെ നിൽക്കുന്നുണ്ട്. എന്നിരുന്നാലും ഉൽപ്പന്നം സുലഭം ആകുന്ന സമയങ്ങളിൽ വ്യാപാരികളുടെ ചൂഷണത്തിന് കർഷകർ വിധേയരാകുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇത് പരിഹരിക്കാൻ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ഉല്പന്നവും സംഭരിക്കുവാനുള്ള സൗകര്യം സഹകരണ സംഘങ്ങൾ വഴി ഉണ്ടാക്കുകയും, വില നിലവാരത്തെ പിടിച്ചു നിർത്തി വിപണനം ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം.

അടയ്ക്കയിൽ വ്യാവസായിക പ്രാധാന്യമുള്ള ഘടകം കണ്ടുപിടിച്ച് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പുതിയ വ്യാവസായ സംരംഭങ്ങൾ തുടങ്ങുവാനുള്ള പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുവഴി ഉല്പന്ന വില വർദ്ധിക്കാനും കർഷകന്റെ വരുമാനം ഇന്നത്തേതിൽ നിന്ന് വർദ്ധിക്കാനും ഇടയാകും.

23. പഞ്ചായത്ത് പ്രദേശത്തെ സഹകരണ സംഘം ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും സംഭരിച്ച് വിപണനം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. പ്രീമിയം ഇല്ലാതെ കാർഷികവിളകൾക്ക് ഇൻഷൂറൻസ് സൗകര്യം ഉണ്ടാക്കണം.മേൽപറഞ്ഞ കാര്യങ്ങൾ നടപ്പിൽ വന്നാൽ ഏറെ വിജയ സാധ്യതയുള്ള പച്ചക്കറി കൃഷിയിൽ വലിയ മുന്നേറ്റം നടത്താൻ കഴിയുമെന്നതിൽ തർക്കമില്ല.

24. മുള്ളൂർ കായലിൽ 51 തറ മുതൽ വടക്കെ പോന്നോർ താഴം വരെയുള്ള കെ.എൽ.ഡി.സി. കനാൽ വടക്കു നിന്ന് തെക്കോട്ട് വെള്ളം സുഗമമായി ഒഴുകാൻ കഴിയുന്ന തരത്തിൽ താഴ്ത്തേണ്ടതുണ്ട്. ഈ നിർമ്മാണ പ്രവർത്തി നിർവ്വഹിക്കുവാൻ കഴിഞ്ഞാൽ വടക്കെ മുള്ളൂർ കായൽ മേഖലയിൽ ഇരിപ്പൂ കൃഷി ആരംഭിക്കുവാൻ കഴിയും ഇത് നമ്മുടെ പഞ്ചായത്തിലെ ജലസേചന രംഗത്ത് വളരെ നിർണ്ണായകമായ പ്രവർത്തിയാണ്.

25. മുണ്ടൂർ കാർമൽ ഗാർഡനു സമീപത്തു നിന്ന് ആരംഭിക്കുന്ന കെ .എൽ. ഡി. സി. കനാലിലേക്ക് പീച്ചി വെള്ളത്തെ പുഴയ്ക്കൽ പാടത്തുകുടി ഒരു കനാൽ നിർമ്മിച്ചു കൊണ്ട് എത്തിക്കാവുന്നതാണ്. കെ. എൽ. ഡി. സി. പദ്ധതിയുടെ ആരംഭകാലത്ത് പീച്ചി വെള്ളം മുകളിൽ സൂചിപ്പിച്ച തരത്തിൽ കിഴോട്ടൊഴുക്കി വടക്കെ മുള്ളൂർ കായലിലേക്ക് എത്തിക്കാനായിരുന്നു വിഭാവനം ചെയ്തിരുന്നത് ആയതിനുള്ള സർവ്വേയും നടന്നിരുന്നുവെന്നാണ് അറിയുന്നത്. ഇത് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ജലസേചന സൗകര്യത്തെ പതിൻമടങ്ങ് മെച്ചപ്പെടുത്തും.

## പൊതു അവലോകനം

കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ ഭൂപ്രദേശത്തിന്റെ കിടപ്പനുസരിച്ചുള്ള വൈവിധ്യമാർന്ന കൃഷി ചെയ്തുവരുന്നുണ്ടെങ്കിലും വികസന

സാധ്യതയുള്ള പല കൃഷികളും താരതമ്യേന കുറഞ്ഞ് വരികായാണ്. സാമാന്യം നല്ല മഴ ലഭിക്കുന്ന പ്രദേശമായതിനാലും പാരമ്പര്യ ജല സ്രോതസ്സുകൾകൊണ്ട് അനുഗ്രഹീതമായതിനാലും നെൽകൃഷിയാണ് കൂടുതൽ അഭികാമ്യമായിട്ടുള്ളത്. ആയതിനാൽ നെൽകൃഷിയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്.

നെല്ല് കഴിഞ്ഞാൽ ഈ പഞ്ചായത്തിലെ കർഷകരുടെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗം തെങ്ങിൽ നിന്നും .കവുങ്ങിൽ നിന്നുമാണ്. ആയതിനാൽ ഈ കൃഷികളുടെ വികസന പ്രവർത്തനങ്ങൾക്കും തുല്യമായ പ്രാധാന്യം നല്കേണ്ടതാണ്.

പഞ്ചായത്തതിർത്തിയിൽ കൃഷിചെയ്ത് വരുന്ന കിഴങ്ങ് വർഗങ്ങൾ ഏറിയ പങ്കും ഇവിടെ തന്നെ ഉപയോഗിക്കുന്നതുകൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണം വാഹന ചിലവ്, ചുമട്ടുകൂലി എന്നിവ ലാഭിക്കാൻ കഴിയുന്നു. ഉല്പന്നങ്ങളുടെ പരമാവധി വില കർഷകനു തന്നെ ലഭിക്കുന്നു. ഉപഭോക്താക്കൾക്ക് കൂടുതൽ വില അനുഭവപ്പെടുന്നുമില്ല. ആയതിനാൽ ആകാവുന്നത്ര കൂടുതൽ സ്ഥലങ്ങളിലേക്ക് കിഴങ്ങ് കൃഷി വ്യാപിപ്പിക്കാനുള്ള വികസന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തെ പ്രധാനപ്പെട്ട കൃഷിയാണ് വാഴ, പച്ചക്കറികൾ എന്നിവ. കൃഷിക്കാരുടെ നല്ലൊരു വരുമാന മാർഗ്ഗവും കൂടിയാണ് വാഴ. ഇവിടുത്തെ മണ്ണും ജല സ്രോതസ്സുകളും വാഴ കൃഷിക്ക് വലിയ വികസന സാധ്യതകൾ ഉണ്ടാക്കുന്നു.

നിർദ്ദേശിക്കപ്പെട്ട വികസന പ്രവർത്തനങ്ങൾ പരമാവധി നടപ്പിലാക്കി ഉൽപ്പാദനം ഇന്നുള്ളതിൽ നിന്ന് ഇരട്ടിയാക്കാൻ കഴിയും. "സമഗ്ര പച്ചക്കറി ഗ്രാമ"മായി തെരഞ്ഞെടുത്ത നമ്മുടെ പഞ്ചായത്തിന്റെ കാർഷിക വികസനത്തിന് നാം കൂട്ടായി പരിശ്രമിക്കേണ്ടതാണ്. തനതായതും കൂട്ടായതുമായ സംരംഭങ്ങൾ വഴിയും സ്വന്തം വീട്ടു മുറ്റത്തും പറമ്പിലും സ്ഥലമില്ലാത്തവർക്ക് സൗകര്യമുള്ള പക്ഷം മട്ടുപ്പാവിലും എന്നു വേണ്ട പച്ചകൃഷി ചെയ്യാൻ അനുയോജ്യമെന്നു തോന്നുന്ന ഓരോ ഇഞ്ച് മണ്ണിലും പണിയെടുത്ത് ഈ വികസന പ്രവർത്തനത്തെ വിജയിപ്പിക്കേണ്ടതാണ്. പച്ചക്കറി വികസനത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ പ്രധാന പരിഗണന നല്കി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

സുഗന്ധ വ്യഞ്ജനങ്ങളുടെ കൂട്ടത്തിൽ പ്രാധാന്യം ഏറിയതും ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നതുമായ കുരുമുളക് കൃഷി രക്ഷിക്കുന്നതിനും രോഗ കീടബാധകൾ വന്നവയ്ക്കു പകരം കൂടുതൽ രോഗ വിമുക്തമായതും പ്രതിരോധ ശക്തിയുള്ളതും വിളവു നല്കുന്നതുമായ ഇനങ്ങൾ കൃഷിക്കാർക്ക് എത്തിച്ചു കൊടുക്കുകയും "സമഗ്രകുരുമുളക് കൃഷി പദ്ധതി" ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്താൽ ഇന്നുള്ള ഉൽപാദനം പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ സമൂലമായ മാറ്റം വരുത്തും എന്നതിന് സംശയമില്ല.

# (5) മൃഗ സംരക്ഷണവും മത്സ്യബന്ധനവും

## മൃഗ സംരക്ഷണം

**ആമുഖം**

ഭാരതത്തിന്റെ സമ്പദ് വ്യവസ്ഥക്ക് വലിയ സംഭാവനകൾ നൽകുവാൻ കഴിവുള്ള ഒരു മേഖലയാണ് മൃഗ സംരക്ഷണ ക്ഷീരോല്പാദന മേഖല. നമ്മുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (G.D.P) ഏകദേശം 10% ത്തോളം സംഭാവന ചെയ്യുന്നത് ഈ മേഖലയാണ്. ഈ രംഗത്ത് ചിലവഴിക്കുന്നത് 1.09% മാത്രമാണ്. ഈ അവസ്ഥക്കൊരു മാറ്റം വരുത്തിയാൽ ഭാരതത്തിന്റെ സമ്പദ് ഘടനയിൽ വലിയ പുരോഗതി നേടാനാകും. ഇത്തരമൊരു മാറ്റത്തിന് ഓരോ ഗ്രാമീണന്റേയും പങ്കാളിത്തമുണ്ടാകുന്നതിലൂടെ സമ്പത്തിന്റെ ന്യായമായ വിതരണവും സാധ്യമാകുന്നുണ്ട്.

കഴിഞ്ഞ രണ്ടുമൂന്ന് ദശാബ്ദത്തിനിടയ്ക്ക് മൃഗ സംരക്ഷണമേഖലയിൽ ശ്രദ്ധേയമായ വളർച്ചയും വികാസവുമാണ് കേരളത്തിൽ ദൃശ്യമായിട്ടുള്ളത്. പാലിന്റേയും മുട്ടയുടേയും മാംസത്തിന്റേയും ഉപഭോഗത്തിൽ ഈ മാറ്റം പ്രകടമായിട്ടുണ്ടെങ്കിലും പാലിന്റെ ഉല്പാദനത്തിൽ മാത്രമേ ആനുപാതിക പുരോഗതി നേടാനായിട്ടുള്ളൂ എന്നു കാണാം. മുട്ടയുടേയും മാംസത്തിന്റേയും കാര്യത്തിൽ നാം അന്യ സംസ്ഥാനങ്ങളെ അതിരുകവിഞ്ഞു ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്നും നില നിൽക്കുന്നത്. കേരളത്തിന്റെ പൊതുവായ ഈ പശ്ചാത്തലം നമ്മുടെ ഗ്രാമ പഞ്ചായത്തിനും ഏറെ കുറേ ബാധകമാകുന്നുണ്ട്.

ഒരു കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വലിയ സംഭാവന നല്കിപ്പോരുന്ന ഒന്നാണ് മൃഗ സംരക്ഷണ മേഖല. ഇവിടത്തെ മൃഗ സമ്പത്തിനെ സംബന്ധിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

**വളർത്തുമൃഗ സംഖ്യ**

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പന്നി | ആന | ആകെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| 1 | - | - | - | 4 | 12 | 5 | 180 | 85 | 6 | 3 | 6 | 86 | 26 | - | 413 |
| 2 | - | - | - | 2 | 9 | 9 | 206 | 92 | 4 | 2 | 2 | 76 | 28 | - | 430 |
| 3 | - | - | - | 4 | 4 | 2 | 235 | 79 | 5 | 3 | - | 84 | 22 | - | 438 |
| 4 | - | 2 | - | - | - | - | 245 | 105 | 2 | 4 | - | 65 | 25 | - | 448 |
| 5 | - | - | - | - | - | - | 201 | 115 | 6 | 2 | 4 | 78 | 10 | - | 416 |
| 6 | - | - | - | 2 | - | - | 203 | 82 | 3 | 5 | - | 50 | 27 | - | 372 |
| 7 | - | - | - | - | - | - | 160 | 90 | 2 | - | - | 80 | 24 | - | 356 |
| 8 | - | - | - | - | - | - | 157 | 72 | 2 | 1 | 4 | 75 | 21 | - | 332 |
| 9 | - | - | - | - | - | - | 277 | 73 | 5 | 4 | 8 | 68 | 19 | - | 454 |
| പഞ്ചായത്തിലാകെ | - | 2 | - | 12 | 25 | 16 | 1864 | 793 | 35 | 24 | 24 | 662 | 202 | - | 3659 |

കഴിഞ്ഞ 2 ദശാബ്ദങ്ങളിലായി ഉല്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കൾക്കുപകരം അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്താൻ കർഷകർ മുന്നോട്ടു വന്നതുകൊണ്ടാണ് പാലുല്പാദനം ഗണ്യമായ തോതിൽ ഉയർത്താനായത് എന്ന് മേൽ കാണിച്ച പട്ടികയിൽനിന്നും വ്യക്തമാകുന്നു.

മുൻകാലങ്ങളിൽ ശരാശരി 1-1½ ലിറ്റർ പാൽ ഉല്പാദനശേഷിയുള്ള നാടൻ പശുക്കളായിരുന്നു അധികവും.ഇവയ്ക്ക് ശാസ്ത്രീയമായ വിധത്തിൽ തയ്യാറാക്കിയ പോഷക ഗുണമുള്ള ആഹാരമായിരുന്നില്ല നൽകിയിരുന്നത്. ഈ ഗ്രാമത്തിൽ ലഭ്യമായിട്ടുള്ള തവിടും വൈക്കോലും കുറച്ചു പുല്ലും മാത്രമായിരുന്നു. രോഗപ്രതിരോധ ചികിത്സകളെക്കുറിച്ച് അറിവോ ചികിത്സ ലഭിക്കാനുള്ള സൗകര്യമോ അന്നുണ്ടായിരുന്നില്ല.തൊഴുത്തിന്റേയും വയ്ക്കോൽ കൂനയുടേയും വലിപ്പം തറവാട്ടു മഹിമയുടെ ലക്ഷണമായി കണ്ടിരുന്ന അക്കാലത്ത് മൃഗപരിപാലനം ഒരു ജീവനോപാധിയായിരുന്നില്ല.ഉയർന്ന സാങ്കേതിക വിദ്യയുടെ സഹായത്താൽ പശുക്കളുടെ ഉല്പാദനക്ഷമത 3-4 മടങ്ങിലും അധികം വർദ്ധിപ്പിക്കാനും കൃത്രിമബീജദാനത്തിലൂടെ പശുക്കളുടെ ഉല്പാദനക്ഷമത കൂട്ടുവാനും രോഗപ്രതിരോധത്തിലൂടെ രോഗ നിർമ്മാർജ്ജനത്തിനുമുള്ള സാധ്യതകൾ വളരെയേറെ വർദ്ധിച്ചതിന്റെ ഫലമാണിത്.

മൃഗസംരക്ഷണ -ക്ഷീരോല്പാദന മേഖലയുടെ സാധ്യതകളെകുറിച്ച് പൊതു അവലോകനം താഴെകൊടുക്കുന്നു:-

1. കന്നുകാലി സമ്പത്തിന്റെ ഭൂരിഭാഗവും (94%) ഗ്രാമപ്രദേശങ്ങളിലായതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തമാക്കുന്നു.

2.ഈ മേഖലയിലെ അദ്ധ്വാനം സ്ത്രീ പുരുഷ ഭേദമില്ലാതെ നടത്താനാകുമെന്നതിനാൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ മേഖലക്കു കഴിയും.

3. പരിമിതമായ കൈവശഭൂമിയുള്ളവർക്കു പോലും ഈ മേഖലയിൽ പ്രവർത്തിക്കാനാകും.

4. വലിയ സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത ഈ തൊഴിൽ മേഖലയിൽ സാധാരണക്കാർക്കും വലിയ വിജയം നേടാൻ കഴിയും.

5. ഉല്പന്നത്തിന് സ്ഥിരമായ വിപണിയും ഡിമാന്റുമുണ്ട്.

6. പാരമ്പര്യേതര ഊർജയജ ഉല്പാദനം (ബയോഗ്യാസ്) നടത്താനുള്ള ഒരു സ്രോതസ്സ്.

7. മണ്ണിന്റെ ഫലഭൂയിഷ്ഠത അമിതമായ രാസ വളപ്രയോഗം മൂലം നഷ്ടപ്പെട്ടത് വീണ്ടെടുക്കാനുള്ള ജൈവവളം ലഭിക്കാൻ അവസരമുണ്ടാക്കുന്നു.

8. മാംസ സംസ്കരണത്തിന്റെ ഉപോല്പന്നങ്ങളായ തുകൽ, എല്ല്, ഓസീൻ, ജലാറ്റിൽ, ഇൻസുലിൻ, ഹോർമോണുകൾ, വാക്സിനുകൾ, കൊഴുപ്പ് ഇവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങളുടെ സാധ്യതകൾ.

9. വൃഥാ കളയുന്ന സമയം സാർത്ഥകമായി ഉപയോഗിക്കാനും അതുവഴി അധികവരുമാനത്തിനും വഴിയൊരുക്കുന്നു.

## പഞ്ചായത്തിലെ മൃഗ സംരക്ഷണ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പറപ്പൂരിലാണ് 1973 ൽ ആദ്യമായി ICDP സെന്റർ പ്രവർത്തനമാരംഭിച്ചത്. 31-3-94 ൽ ഇത് ഒരു മൃഗാശുപത്രിയായി ഉയർത്തീയിട്ടുണ്ട്. അതോടൊപ്പം തന്നെ നിലവിലുണ്ടായിരുന്ന ICDP സെന്റർ എടക്കളത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മൃഗാശുപത്രിയിൽ ഒരു വെറ്ററിനറി ഡോക്ടറുടേയും ICDP സെന്ററിൽ ഒരു ലൈവ്സ്റ്റോക്ക് അസിസ്റ്റന്റിന്റേയും സേവനം ലഭിക്കുന്നുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളും ഇപ്പോൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. മൃഗാശുപത്രിക്ക് വേണ്ടിയുള്ള സ്വന്തം കെട്ടിടം MP യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ട് (2 ലക്ഷം രൂപ) നിർമ്മാണം നടത്തിവരുന്നുണ്ട്. ഇതിനാവശ്യമായ 10 സെന്റ് സ്ഥലം

പറപ്പൂർ സർവ്വീസ് സഹകരണ ബാങ്കിനു സമീപം പൊതു ജനങ്ങളുടെയും പറപ്പൂർ പള്ളി അധികൃതരുടേയും സാമ്പത്തിക സഹായത്തോടെയാണ് വാങ്ങിയിട്ടുള്ളത് എന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. ഇപ്പോൾ നിർമ്മാണം പൂർത്തിയാക്കിവരുന്ന മൃഗാശുപത്രിയിൽ ഓപ്പറേഷൻ തിയ്യേറ്റർ, ലാബോറട്ടറി, കർഷക പരിശീലന ഹാൾ, ഫർണീച്ചറുകൾ തുടങ്ങിയ സൗകര്യങ്ങൾ സാമ്പത്തിക പരിമിതി മൂലം ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## മൃഗാശുപത്രിയുടെ ഭാവി വികസനത്തിനുള്ള നിർദ്ദേശങ്ങൾ

1. മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കണം.
2. സുസജ്ജമായ ഒരു ഓപ്പറേഷൻ തിയ്യേറ്റർ, കർഷക പരിശീലന ഹാൾ, ലാബോറട്ടറി എന്നിവ നിർമ്മിക്കണം.
3. നല്ലൊരു വാർത്താബോർഡ് സ്ഥാപിക്കണം. (ഇതിൽ ഉരുക്കളുടെ വില്പന പരസ്യവും ചേർക്കാവുന്നതാണ്)

പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയ മൃഗസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവലോകനം താഴെ കൊടുക്കുന്നു :-

**1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP)**

താഴ്ന്ന വരുമാനക്കാരായ കർഷകരുടെ നാലുമാസം മുതൽ ആറ്മാസം വരെ പ്രായമുള്ള സങ്കര വർഗ്ഗ പശുകുട്ടികൾക്ക് മുപ്പത്തിരണ്ട് മാസംവരേയോ പ്രസവിക്കുന്നതുവരേയോ 50% സബ്സിഡി നിരക്കിൽ തീറ്റ നല്കുന്നതാണ് ഈ പദ്ധതി. ഇതു പ്രകാരം 126 കന്നുകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**2. പ്രത്യേക ഘടക പദ്ധതി (S.C.P)**

പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കറവു മാടുകളുടേയും കിടാരികളേയും വിതരണം ചെയ്യുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം കഴിഞ്ഞവർഷത്തിൽ രണ്ട് കറവുപശുക്കളേയും, നാല് കിടാരികളേയും വിതരണം ചെയ്തിട്ടുണ്ട്. ആകെ ചിലവഴിച്ച തുക 26000 രൂപയാണ്.

3. 50% സബ്സിഡി നിരക്കിൽ രണ്ട് മാസം പ്രായമുള്ള സങ്കരയിനം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 1074 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്.

4. ഒരു വന്ധ്യതാ നിവാരണ ക്യാമ്പും മൂന്ന് ഗോരക്ഷാ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. ഗോരക്ഷാ ക്യാമ്പിൽ നിന്നും അത്യുല്പാദന ശേഷിയുള്ള പശുക്കളെ തിരിച്ചറിയാൻ കഴിഞ്ഞു.

5. പഞ്ചായത്തതിർത്തിയിൽ ജനിക്കുന്ന എല്ലാ കന്നുകുട്ടികൾക്കും മൂന്ന് മാസം പ്രായം വരെ സൗജന്യമായി വിര മരുന്ന് നല്കിവരുന്നു.

കഴിഞ്ഞവർഷം ഈ പഞ്ചായത്തിലുള്ള മൃഗാശുപത്രിയിൽ നിന്നും നാല്കു മൃഗങ്ങൾക്ക് നല്കിയ ചികിത്സകളെ സംബന്ധിച്ചതും കൃത്രിമ ബീജദാനം സംബന്ധിച്ചുമുള്ള വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

മേല്പറഞ്ഞ പദ്ധതികളിലൂടെ മൃഗ സംരക്ഷണം ക്ഷീരോല്പാദന മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 5.2 മൃഗചികിത്സ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | ദഹന സംബന്ധമായവ | 320 | 50 | 15 | 5 | 4 | - | - | - | - |
| 2. | ശ്വാസ കോശ സംബന്ധം | 54 | 4 | 20 | - | - | - | - | - | - |
| 3. | ഉപാപചയ സംബന്ധം | 86 | 10 | 8 | - | - | - | - | - | - |
| 4. | ത്വക്‌രോഗങ്ങൾ | 222 | 10 | 24 | - | 4 | - | - | - | - |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 561 | 29 | 60 | - | - | - | - | - | - |
| 6. | പരാദ രോഗങ്ങൾ | 492 | 20 | 80 | 8 | 10 | 60 | 35 | - | - |
| 7. | പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ | 90 | 10 | 4 | - | - | - | - | - | - |
| 8. | വന്ധ്യത | 46 | 6 | - | - | - | - | - | - | - |
| 9. | അകിടുവീക്കം | 116 | 10 | 24 | - | - | - | - | - | - |
| 10. | മുടന്തൻ പനി | 58 | 12 | 8 | - | - | - | - | - | - |
| 11. | പകർച്ച വ്യാധികൾ | 35 | 5 | 15 | - | - | 350 | 50 | - | - |

## 5.3 കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തു മൃഗ ഇനം | ആകെ എണ്ണം | കൃത്രിമ ബജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1796 | 1347 | 359 |
| കിടാരി | 610 | 449 | 149 |
| എരുമ | 64 | 58 | 25 |

### ക്ഷീരോല്പാദനം

ഈ ഗ്രാമ പഞ്ചായത്തിൽ 2698 പശുക്കളും 59 എരുമകളും ഉണ്ട്. ഇതിൽ 41 നാടൻ പശുക്കളും 2657 സങ്കരയിനം പശുക്കളും ആണ്. കറവുമാടുകളെ സംബന്ധിച്ച വിശദമായ കണക്കുകൾ വളർത്തുമൃഗങ്ങളെ സംബന്ധിക്കുന്ന പട്ടികയിൽ കൊടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ പ്രതിദിനം ശരാശരി 5629 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതാണ് മനസ്സിലാക്കുന്നത്.

### ക്ഷീരോല്പാദന രംഗത്തെ പ്രധാന വെല്ലുവിളികൾ

1. പഞ്ചായത്തിൽ 900 ൽ പരം ഹെക്ടർ നെൽ കൃഷിചെയ്യുന്നുണ്ടെങ്കിലും ശരിയായ രീതിയിലുള്ള സംഭരണമില്ലാത്തതിനാൽ വൈക്കോൽ വലിയൊരു ഭാഗം പാഴായി പോകുന്നു. അതുകൊണ്ടു തന്നെ ചില മാസങ്ങളിൽ വൈക്കോൽ ക്ഷാമം രൂക്ഷമാകുന്നുണ്ട്.
2. നെല്ല് സംസ്ക്കരണം വേണ്ടത്ര അളവിൽ നടക്കാത്തതുകൊണ്ട് കാലിത്തീറ്റയുടെ 30% വരെ ഉപയോഗിക്കാവുന്ന ഗുണമേന്മയുള്ള തവിടിന് ക്ഷാമം അനുഭവപ്പെടുന്നു. പുറമേ നിന്നു വരുന്ന ചോളത്തവിടും മായം ചേർത്ത തവിടും ഉപയോഗിക്കേണ്ടി വരുന്നതിനാൽ അസുഖങ്ങൾ പിടി പ്പെടുന്നു.
3. 22,44000 തേങ്ങ കൊപ്രയാക്കി സംസ്കരിക്കുന്നുണ്ടെങ്കിലും, കാലിത്തീറ്റയാക്കി ഉപയോഗിക്കാവുന്ന കൊപ്രപ്പിണ്ണാക്ക് വലിയൊരു അളവുവരെ പുറമെ നിന്നാണ് വരുന്നത്.
4. വേണ്ടവിധം പരിരക്ഷിക്കാത്തതിനാൽ സങ്കരയിനം പശുക്കളുടെ പാലുല്പാദന ശേഷി 30-40% വരെ കുറയുന്നു.

5. തീറ്റ സാധനങ്ങളുടെ ദൗർല്ലഭ്യം, വിലക്കയറ്റം, പാൽ കറന്നെടുക്കാനുള്ള ബുദ്ധിമുട്ട് പ്രസവിച്ച ഉടൻ തന്നെ പശുക്കളെ വിൽക്കുന്നതിനാൽ ഉയർന്ന ജനിതകമൂല്യമുള്ള പശുക്കളെ ഈ പ്രദേശത്തിന് നഷ്ടപ്പെടുന്നു. ഇത് ഭാവി ക്ഷീരോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.
6. തൊഴുത്തിന്റെ അശാസ്ത്രീയത മൂലം അകിടുവീക്കം വർദ്ധിക്കുന്നു. ധനനഷ്ടം ഉണ്ടാകുന്നു.

### പരിഹാര മാർഗ്ഗങ്ങൾ

1. സഹകരണാടിസ്ഥാനത്തിൽ വൈക്കോൽ സംഭരണം, നെല്ലുകുത്ത് മിൽ, കൊപ്രയാട്ടുമിൽ എന്നിവ തുടങ്ങുന്നതു മൂലം കാലിത്തീറ്റ ഘടകങ്ങളുടെ 50 -55% വരെ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാനാകും.

2. ഉയർന്ന ഉല്പാദനശേഷിയുള്ള പശുക്കളെ പഞ്ചായത്തിന്റെ സ്വത്തായി കണക്കാക്കി സൗജന്യ നിരക്കിൽ ഇൻഷൂർ ചെയ്യണം.

3. കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ Cattle Mortality fund രൂപീകരിക്കുകയും മാസ്റ്റർ പോളിസി ഗ്രൂപ്പ് ഇൻഷൂറൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

4. ക്ഷീര കർഷകരെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുക.

5. കർഷകർക്ക് പുത്തനറിവുകൾ ലഭിക്കുന്നതിനായി സെമിനാർ, ഫിലിംഷോ, ചർച്ചാക്ലാസ്സ്, ഫാമുകൾ സന്ദർശിക്കൽ എന്നിവ ഏർപ്പെടുത്തുക.

## മാംസോല്പാദനം

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മാംസ ഭുക്കുകളാണ് . നമ്മുക്കാവശ്യമായ മാംസത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ ഇവിടെ ഉല്പ്പാദിപ്പിക്കപ്പെടുന്നുള്ളു. അറവുശാലകളിൽ അശാസ്ത്രീയതയും മൃഗങ്ങളോടുള്ള ക്രൂരതയുമാണ് നിറഞ്ഞ് നില്ക്കുന്നത്. മാംസ പരിശോധനയ്ക്ക് കാര്യക്ഷമമായ സംവിധാനങ്ങളില്ലാത്തത് പൊതു ജനാരോഗ്യത്തിന് ഭീഷണിയാകുന്നു.

5.4

| കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെ ഇനം | പ്രതിവാരം എണ്ണം | പ്രതിവർഷം എണ്ണം | ശരാശരി തൂക്കം Kg | പ്രതിവർഷ മാംസ ഉപഭോഗം | Kg- ന് ശരാശരി മൂല്യം (രൂപ) | മൊത്തം മൂല്യം (രൂപ) |
|---|---|---|---|---|---|---|
| പശു/എരുമ/പോത്ത് | 30 | 1560 | 100 | 156000 | 40 | 62,40,000 |
| ആട് | 3 | 156 | 15 | 2340 | 100 | 2,34,000 |
| പന്നി | 1 | 52 | 60 | 3120 | 60 | 1,87,200 |
| ആകെ | 34 | 1768 | - | 161460 | - | 66,61,200 |

**Note :** ഇവിടെ വെട്ടുന്ന മാംസത്തിന്റെ ഒരു ഭാഗം മറ്റു പ്രദേശങ്ങളിലും വിതരണം ചെയ്യപ്പെടുന്നുണ്ട്. ആയതിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ ഇവിടെ ചേർക്കുവാൻ കഴിഞ്ഞിട്ടില്ല.

## സാധ്യതകളും പരിഹാരങ്ങളും

1. പഞ്ചായത്തിൽ പ്രസവിക്കുന്ന കാളകുട്ടികളെ ശരിയായി പരിപാലിക്കുക. രണ്ട് മാസംവരെ കുറച്ച് പാലും ഒരു വർഷം വരെ വിര മരുന്നും ശ്രദ്ധയും നല്കുക. ഇതു വഴി ആവശ്യമായ മാംസത്തിന്റ നല്ലൊരു പങ്ക് ഇവിടെ തന്നെ ഉല്പാദിപ്പിക്കാവുന്നതാണ്.
2. ആടുവളർത്തലും പന്നിവളർത്തലും വ്യാപിപ്പിക്കുക.
3. IRDP പോലുള്ള വായ്പാ പദ്ധതികൾ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

## ആടുവളർത്തൽ

നമ്മുടെ പഞ്ചായത്തിലെ ആടു വളർത്തലിന് വളരെ അനുകൂലമായ ഭൗതീക സാഹചര്യം നിലനില്ക്കുന്നുണ്ട്. മേച്ചിൽ സ്ഥലങ്ങളും തീറ്റക്ക് അനുയോജ്യമായ പച്ചിലകളും ഇവിടെ സുലഭമായി തന്നെയുണ്ട് എന്ന് പറയാവുന്നതാണ്. പക്ഷെ സാധ്യതകളനുസരിച്ച് ആടുവളർത്തൽ വ്യാപിച്ചതായി കാണുന്നില്ല. താരതമ്യേന കുറഞ്ഞ മൂലധനംകൊണ്ട് ആരംഭിക്കാവുന്നതാണ് ഈ തൊഴിൽ. മറ്റു വളർത്തുമൃഗങ്ങളെ അപേക്ഷിച്ച് ആടുകൾക്ക് അസുഖങ്ങൾ ,കുറവാണ്. ആട്ടുമാംസത്തിന് നല്ല ഡിമാന്റും വിലയും ലഭിക്കുന്നുണ്ട്. വിപണനം വളരെ എളുപ്പമാണ്. കുറഞ്ഞ കൈവശ ഭൂമിയുള്ളവർക്കും ആടു വളർത്തൽ തൊഴിലിൽ ഏർപ്പെടാവുന്നതാണ് . ചുരുക്കത്തിൽ കുറഞ്ഞ വരുമാനം ഉള്ള കുടുംബങ്ങൾക്ക് സ്വീകരിക്കാവുന്ന ഏറ്റവും നല്ല ഉപ തൊഴിലാണ് ആടുവളർത്തൽ എന്നു പറയാം.

## പ്രശ്നങ്ങൾ

1. നല്ല രീതി.യിൽ പരിപാലിക്കപ്പെടാത്തതിനാൽ ആടുകളുടെ വളർച്ച മുരടിക്കുന്നു.
2. വിര മരുന്നു ,വിതരണത്തിനുള്ള സംവിധാനം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.
3. നല്ല ജനുസ്സിൽപ്പെട്ട ആട്ടിൻകുട്ടികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ.
4. ഇണചേർക്കുന്നതിനുള്ള ആണാടിന്റെ ദൗർലഭ്യം

## പരിഹാരങ്ങൾ

1. ആട്ടിൻ തീറ്റ സബ്സീഡി നിരക്കിൽ വിതരണം ചെയ്യുക.

2. സൗജന്യമായി ആറുമാസം പ്രായം വരെ വിര മരുന്ന് നല്കുക.

3. നല്ലയിനങ്ങളായ മലബാറി , അട്ടപ്പാടി ബ്ലാക്ക് ആട്ടിൻ കുട്ടികളെ ലഭ്യമാക്കുക.

4.ചെറിയ ആടുവളർത്തൽ യൂണിറ്റുകൾ തുടങ്ങുന്നതിന് സാഹചര്യം ഉണ്ടാക്കുക. IRDP വായ്പകൾ ഈ രംഗത്തേക്ക് പരമാവധി തിരിച്ചുവിടുക.

5. ശാസ്ത്രീയ പരിചരണ മുറകളെ കുറിച്ച് കർഷകർക്ക് പരിശീലനം നല്കുക.

6. മാംസ സംസ്ക്കരണത്തിനും തുകൽ സംസ്ക്കരണത്തിനും സംവിധാനങ്ങൾ രൂപപ്പെടുത്തിയെടുക്കുക.

7. ആടുകൾക്ക് നല്കാവുന്ന തീറ്റകളായ പ്ലാവ്, മുരുക്ക്, ശീമകൊന്ന, സുബാബുൾ ഇവ നട്ടുപിടിപ്പിക്കുന്നത് പ്രചരിപ്പിക്കുക.

## പന്നി വളർത്തൽ

പഞ്ചായത്തിലെ 15, 20 പേർ പന്നി വളർത്തൽ നടത്തുന്നുണ്ട്. പലരും പന്നി വളർത്തലിനെ കുറിച്ച് അന്വേഷണങ്ങളുമായി മൃഗാശുപത്രിയെ സമീപിക്കുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് ഇനിയും പലരേയും ഈ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയുമെന്നതാണ്.

### സാധ്യതകൾ

1. കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെ വേസ്റ്റ്, പച്ചക്കറി വേസ്റ്റ്, ഹോട്ടൽ വേസ്റ്റ് ഇവയുടെ ഉപയോഗത്തിലൂടെ പന്നി വളർത്തൽ ചെയ്യാവുന്നതാണ്.

2. പന്നിമാംസത്തിന് ധാരാളം ഡിമാന്റുണ്ട്.

3. പഞ്ചായത്തിൽ ലഭ്യമാക്കാവുന്ന കൊപ്രപിണ്ണാക്ക്, തവിട്, ഇവയുടെ ഉപയോഗത്തിന് അവസരം ഉണ്ടാകുന്നു.

### പ്രശ്നങ്ങൾ

1. പന്നികുഞ്ഞുങ്ങളുടെ ദൗർലഭ്യം

2. ഇടനിലക്കാർ മൂലം ശരിയായ വില ലഭിക്കുന്നില്ല.

3. പന്നി കൂടിന്റെ അശാസ്ത്രീയത രോഗങ്ങൾക്കും പരിസ്ഥിതി പ്രശ്നങ്ങൾക്കും വളർച്ച കുറവിനും കാരണമാകുന്നു.

### പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിലേക്ക് ആവശ്യമായ പന്നി കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാൻ പിഗ് ബ്രീഡിങ്ങ് യൂണിറ്റുകൾ തുടങ്ങുക.

2. ഈ രംഗത്ത് എത്തുന്ന യുവാക്കൾക്ക് ധനസഹായം / വായ്പ സൗകര്യം പരിശീലനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## ബ്രോയിലർ കോഴി വളർത്തൽ

വളരെ സാധ്യതയുള്ള മറ്റൊരു മേഖലയാണിത്.. 7-8 ആഴ്ച കൊണ്ട് ലാഭം കിട്ടുന്നു. നമ്മുടെ ആവശ്യത്തിനനുസരിച്ച് വേണ്ടതായ കോഴികൾ അന്യ സംസ്ഥാനത്തുനിന്നാണ് ഇപ്പോൾ വരുന്നത്. തീറ്റ സംസ്കരണ യൂണിറ്റുകൾ തുടങ്ങാനുള്ള സാധ്യത പഞ്ചായത്തിലുണ്ട്.

### പ്രശ്നങ്ങൾ

1. വേണ്ടത്ര ബ്രോയിലർ കോഴി കുഞ്ഞുങ്ങളുടെ ദൗർലഭ്യം.

2. തീറ്റയുടെ വർദ്ധിച്ചവില

3. പുറമേ നിന്ന് വരുന്ന കോഴികൾ അനവധി അസുഖങ്ങളും കൂടെ കൊണ്ടുവരുന്നു.

#### പരിഹാരം

1. വേണ്ടത്ര കോഴി കുഞ്ഞുങ്ങളെ ലഭിക്കാൻ ഇൻക്യുബേറ്റർ സ്ഥാപിക്കുക.
2. ചെറിയ ഇറച്ചി കോഴി യൂണിറ്റുകൾ ആരംഭിക്കുക.
3. തീറ്റ മിശ്രണ യൂണിറ്റുകൾ തുടങ്ങുക. (കായൽ മത്സ്യം ഉപയോഗിക്കാവുന്നതാണ്)
4. പുറത്ത് നിന്നും കൊണ്ടുവരുന്ന കോഴികൾക്ക് സംസ്ഥാന അതിർത്തികളിൽ ക്വാറന്റെയിൻ ഏർപ്പെടുത്തുക.

## മുട്ടയുല്പാദന രംഗം

പ്രതിവർഷം ഏകദേശം 4 ലക്ഷം മുട്ടകൾ ഉപഭോഗം ചെയ്യുന്നു എന്ന് കണക്കാക്കാവുന്നതാണ്. ഇതിൽ 4-5 % മാത്രമേ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ. മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

#### പ്രശ്നങ്ങൾ

1. ആവശ്യത്തിന് കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യാനാവുന്നില്ല.
2. പകർച്ചവ്യാധികൾക്കെതിരെയുള്ള കുത്തിവെയ്പ്. മൃഗാശുപത്രിയിൽ നിന്നും ചെയ്തുവരുന്നുണ്ടെങ്കിലും കർഷകർ ഈ സൗകര്യം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല.
3. വിര മരുന്ന് നല്കാത്തതുമൂലം കോഴി കുഞ്ഞുങ്ങളിലെ മരണ നിരക്ക് കൂടുതലാണ്.
4. പുറമേ നിന്നും കോഴികളെ അനിയന്ത്രിതമായി കൊണ്ടുവരുന്നതിനാൽ പുതിയ രോഗങ്ങൾ നാട്ടിലെത്തുന്നു.
5. കോഴിതീറ്റയുടെ വില കൂടുതൽ

#### പരിഹാരങ്ങൾ

1. പഞ്ചായത്തിൽ ഇൻക്യുബേറ്റർ സ്ഥാപിക്കുക.
2. രോഗപ്രതിരോധപ്രവർത്തനങ്ങളിൽ കൂടുതൽ ജനങ്ങളെ സഹകരിപ്പിക്കുക.
3. കോഴിതീറ്റയുടെ 50% ത്തിലധികം ഘടകങ്ങളും നമ്മുക്ക് സ്വന്തമായിട്ടുണ്ട്. ഇത് ശാസ്ത്രീയമായി വിനിയോഗിക്കുക
4. സഹകരണാടിസ്ഥാനത്തിൽ തീറ്റയുല്പാദനം കോഴികുഞ്ഞുവിതരണം മാംസവില്പന എന്നിവയ്ക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

#### കാലിതീറ്റയുല്പാദനം

ധാരാളം പാടശേഖരം ഉള്ളതിനാൽ വൈക്കോലിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ഏറെ കുറേ സ്വയംപര്യപ്തമാണ്. അത്യാവശ്യത്തിന് പുല്ലും ഇവിടെ നിന്ന് ലഭിക്കുന്നുണ്ട്. വൈക്കോൽ പുല്ല് എന്നിവയ്ക്ക് പുറമേ നല്കുന്ന ആഹാരത്തിന്റെ പകുതിഭാഗം കാലിത്തീറ്റയും ബാക്കിഭാഗം പിണ്ണാക്ക് കൊള്ളിപൊടി, തവിട് എന്നിവയും ആണ്. മേൽത്തരം ഗുണമേനമയുള്ള കാലിത്തീറ്റ പഞ്ചായത്തിൽ തന്നെ ഉണ്ടാക്കുന്നതിനുള്ള സാഹചര്യങ്ങൾ വികസിപ്പിച്ചെടുക്കാവുന്നതാണ്.

#### പ്രശ്നങ്ങൾ

1. ധാരാളം നെൽ കൃഷിയുള്ള ഈ പ്രദേശത്തുനിന്നും ലഭിക്കുന്ന വൈക്കോൽ ശരിയായി ഉപയോഗിക്കുന്നില്ല.
2. കൃഷിക്കാർ നെല്ല് വിറ്റ് അരി വാങ്ങി ഉപയോഗിക്കുന്നതിനാൽ നെല്ലിന്റെ ഉപോല്പന്നവും കാലിത്തീറ്റയുടെ 30% ത്തോളം വരെ ഉപയോഗിക്കുന്നതുമായ തവിടും പുറത്ത് നിന്നും വാങ്ങിക്കേണ്ടിവരുന്നു.
3. തേങ്ങയുടെ ഉല്പാദനം വർഷത്തിൽ 2244000 ആണെങ്കിലും ഉല്പാദിപ്പിക്കുന്ന കൊപ്ര പിണ്ണാക്കിൽ

ഭൂരിഭാഗവും വൻകിട കാലിത്തീറ്റ നിർമ്മാണ ഫാക്ടറികളിലേക്ക് കയറ്റി പോകുകയാണ് ചെയ്യുന്നത്.

4. നമ്മുടെ പഞ്ചായത്തിൽ പ്രതിമാസം 900 ചാക്ക് കാലിത്തീറ്റ ചെലവാകുന്നുണ്ട്. 900x315 = 283500 രൂപ ഈ ഇനത്തിൽ പ്രതിമാസം കുത്തക വ്യവസായികളിലേക്ക് ഒഴുകികൊണ്ടിരിക്കുന്നു.

5. പുൽകൃഷിക്ക് ഉപയുക്തമാക്കിയിട്ടുള്ള സ്ഥലങ്ങൾ വളരെ കുറവാണ്.

6. കാലിത്തീറ്റയിലും തീറ്റ ഘടകങ്ങളിലും മായം ഗുണനിലവാരകുറവ് എന്നിവ അസുഖങ്ങൾ വിളിച്ചുവരുത്തുന്നു.

<u>പരിഹാര നിർദ്ദേശങ്ങൾ</u>

1. കൊയ്ത്ത് സീസണിൽ സഹകരണാടിസ്ഥാനത്തിൽ വൈക്കോൽ സംഭരിക്കുക.

2. നെല്ല് കുത്ത് മിൽ കൊപ്രമിൽ എന്നിവ പഞ്ചായത്തിൽ തന്നെ തുടങ്ങുക. (അങ്ങനെ കൊപ്ര പിണ്ണാക്ക്, തവിട് എന്നിവയുടെ ക്ഷാമം പരിഹരിക്കാം)

3. കാലിതീറ്റയുടെ ഗുണനിലവാരം പരിശോധിക്കാൻ ക്വാളിറ്റി കൺട്രോൾ ലാബ് സ്ഥാപിക്കുക.

4. ആവശ്യമായ തീറ്റ പുല്ല് തെങ്ങിൻ തോപ്പുകളിലും മറ്റും ഇടവിളയായി കൃഷിചെയ്യുക.

### തുകലിന്റെയും അറവുശാല <u>ഉപോല്പന്നങ്ങളുടേയും സംസ്കരണം.</u>

പഞ്ചായത്തിൽ തീരെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു മേഖലയാണിത്. തൻമൂലം ബുദ്ധിപൂർവ്വമായ ചൂഷണത്തിലൂടെ ഉളവാക്കാവുന്ന കൂടുതൽ തൊഴിലവസരങ്ങളും ധനാഗമ മാർഗ്ഗങ്ങളും പാഴായി പോകുന്ന ഒരു സ്ഥിതി വിശേഷം ഇവിടെ നിലനില്ക്കുന്നു.

കശാപ്പുശാലയിൽ ഉണ്ടാകുന്ന ഉപോല്പന്നങ്ങളായ രക്തം, എല്ല്, ആന്തരാവയവങ്ങൾ ( പാൻക്രിയാസ് തുടങ്ങിയവ) പാഴായി പോകുകയും പരിസ്ഥിതി മലിനീകരണം വരുത്തിവെക്കുകയും ചെയ്യുന്നു.

| കശാപ്പു ചെയ്യുന്ന മൃഗങ്ങളുടെ എണ്ണം | | | തുകലിന്റെ മൂല്യം രൂപയിൽ | ആകെ മൂല്യം രൂപയിൽ |
|---|---|---|---|---|
| | ആഴ്ചയിൽ | വർഷത്തിൽ | | |
| പശു, എരുമ പോത്ത് | 30 | 1560 | 600 | 9,36,000 |
| ആട് | 3 | 156 | 120 | 18,720 |
| ആകെ | | | | 9,54,720 |

<u>പരിഹാര നിർദ്ദേശങ്ങൾ</u>

1. പഞ്ചായത്തടിസ്ഥാനത്തിലോ ബ്ലോക്കടിസ്ഥാനത്തിലോ ശാസ്ത്രീയമായ കശാപ്പുശാലകൾ സ്ഥാപിക്കുക.

2. തുകൽ സംസ്ക്കരണവും അറവുശാല ഉപോല്പന്ന സംസ്ക്കരണവും ആരംഭിക്കുക.

3. പാഴായി പോകുന്ന രക്തവും മറ്റവശിഷ്ടങ്ങളും കോഴിതീറ്റയായും പന്നിതീറ്റയായും ഉപയോഗിക്കാവുന്നതാണ്.

## ജൈവ വളം

അശാസ്ത്രീയമായ രാസ വള പ്രയോഗത്തിലൂടെ ഫലഭൂയിഷ്ഠത കുറഞ്ഞ് വരുന്ന മണ്ണിനെ ഫലഭൂയിഷ്ഠമാക്കാൻ ജൈവവളം ഉതകുന്നു. പ്രതിദിനം 2795 കുട്ട ചാണകം ഈ പഞ്ചായത്തിൽ ഉണ്ടാകുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. പ്രതിവർഷം 1020175 കുട്ട ചാണകം ഇതിന്റെ മൂല്യം 6121050 രൂപ .

5.6

ശരാശരി ചാണകത്തിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന മൂല്യം

| വളർത്തു മൃഗങ്ങളുടെ എണ്ണം | ലഭിക്കുന്ന ശരാശരി ചാണകം | പ്രതി വർഷം | മൂല്യം രൂപ | പ്രതിവർഷം മൂല്യം രൂപ |
|---|---|---|---|---|
| 2795 | 2795 കുട്ട | 1020175 കുട്ട | 6/- | 6121050 |

## ഊർജ്ജം

ഗോബർഗ്യാസ് പ്ലാന്റ്

ഒരു ശരാശരി കുടുംബത്തിനാവശ്യമായ ബയോഗ്യാസ് ലഭിക്കുവാൻ രണ്ടോമൂന്നോ പശുക്കളുടെ ചാണകം മതി. ഇതിനായി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും സബ്സീഡി ലഭ്യമാണ്. പഞ്ചായത്തിൽ പതിനെട്ട് ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ പ്രചരിപ്പിക്കേണ്ടതുണ്ട്.

## വന്ധ്യതാ നിവാരണം

പോഷകാഹാര കുറവുകൊണ്ടും പലതരം മൂലകങ്ങളുടെ അഭാവത്താലുമാണ് കന്നുകാലികളിൽ സാധാരണയായി വന്ധ്യതാ കണ്ടുവരുന്നത്. ചികിത്സാ ക്യാമ്പുകൾ നടത്തി ഇത് കുറയ്ക്കുവാൻ പരിശ്രമിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. കർഷകരെ ബോധവാൻമാരാക്കുന്നതിലൂടെ ഇത് വലിയൊരു അളവ് വരെ പരിഹരിക്കാം.
2. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ബന്ധപ്പെട്ട ചികിത്സക്കും കൂടുതൽ തുക വകയിരുത്തുക.
3. കർഷകർക്ക് പരിശീലനത്തിനും ഫാം സന്ദർശനത്തിനും സൗകര്യം ഉണ്ടാക്കുക.

കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 10% കർഷകരും കാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാണ്. 20% ത്തോളം പേർ മുഖ്യ ഉപതൊഴിലായും സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ കന്നുകാലികളുടെ ആകസ്മിക മരണം ഇവരുടെ ഉപജീവന മാർഗ്ഗം തന്നെ ഇല്ലാതാക്കുന്നു. കഴിഞ്ഞ വർഷം പതിനാല് പശുക്കളും ഒരു എരുമയും നാല് കിടാരികളും മരണപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം സാധാരണക്കാരെ കന്നുകാലി വളർത്തലിൽ നിന്ന് പിൻതിരിയുവാൻ പ്രേരിപ്പിക്കുന്നു.

പരിഹാരം

1. സമഗ്ര കന്നുകാലി ഇൻഷൂറൻസ് ഏർപ്പെടുത്തുക.
2. ഗ്രൂപ്പ് ഇൻഷൂറൻസ് - മാസ്റ്റർ പോളിസി സൗകര്യങ്ങൾ ഉപയോഗപ്പെടുത്താം.

പേവിഷബാധ നിർമ്മാർജ്ജനം

കഴിഞ്ഞ വർഷം 25 മൃഗങ്ങളെ നായക്കടിയേറ്റ് മൃഗാശുപത്രിയിലും 25 പേരെ തോളൂർ PHC യിലും ചികിത്സക്കായി കൊണ്ടുവന്നിരുന്നു. പഞ്ചായത്തുൽ നായ വളർത്തുന്നതിന് ലൈസൻസ് കർശനമാക്കിയിട്ടില്ല. മാത്രമല്ല പട്ടിപിടിത്തത്തിനും പ്രയോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. തൻമൂലം അലഞ്ഞു തിരിയുന്ന നായ്ക്കൾ ജന സമൂഹത്തിന് വൻ വിപത്തായിരിക്കുകയാണ്.

നിർദ്ദേശങ്ങൾ

1. പേവിഷബാധ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുക.
2. നായ വളർത്തുന്നതിന് ലൈസൻസിങ്ങ് നിർബന്ധമാക്കുക.

3. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുക.

## കർഷക പരിശീലനം

മൃഗ സംരക്ഷണ ക്ഷീരോല്പാദന രംഗത്ത് ഇക്കഴിഞ്ഞ വർഷങ്ങളിൽ വളരെയേറെ പുരോഗതി ഈ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. എന്നിരുന്നാലും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ കർഷകർ ഇന്നും വിമുഖരാണ്.

### പരിഹാര നിർദ്ദേശങ്ങൾ

1. ഫാം സന്ദർശനം, ചർച്ചാക്ലാസ്സുകൾ, പരിശീലന ക്ലാസ്സുകൾ, എന്നിവ സംഘടിപ്പിക്കുക.
2. ഓരോ പ്രദേശത്തും മൃഗ സംരക്ഷണ ക്ഷീരോല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഒരു ഗ്രൂപ്പ് ലീഡറെ തിരെഞ്ഞെടുക്കുക.
3. ഈ രംഗത്തെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും പരിഹരിക്കാനും ഈ ലീഡർ മുൻകൈ എടുക്കണം.

## മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അംഗീകാരം

ഇത് അവാർഡുകളുടെ കാലമാണെങ്കിലും യാതൊരുവിധത്തിലുള്ള അംഗീകാരമോ പരിഗണനയോ ലഭിക്കാത്ത ഒരു വിഭാഗമാണ് മൃഗ സംരക്ഷണ മേഖലയിലെ കർഷകർ. അവന്റെ അദ്ധ്വാന ഫലങ്ങൾ അനുഭവിക്കാത്ത ഒരാളുപോലും ഉണ്ടാകില്ല. ഈ രംഗത്ത് പ്രവർത്തിച്ച് മറ്റുള്ളവർക്ക് മാതൃകയാകുന്നവർക്ക് അവാർഡ് അംഗീകാരം എന്നിവ നല്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. ഇവരുടെ ഉല്പന്നങ്ങൾക്ക് മാന്യമായ വിലയും ,വിപണിയും ഉണ്ടാക്കികൊടുക്കുകയും വേണം.

### ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. ക്ഷീര കർഷകർക്കാവശ്യമായ ,വായ്പ സൗകര്യം ഏർപ്പെടുത്തുക.
2. എടക്കളത്തൂർ വില്ലേജ് കേന്ദ്രീകരിച്ച് ക്ഷീര സഹകരണ സംഘം ആരംഭിക്കുക.
3..ICDP സെന്ററിൽ ആഴ്ചയിൽ രണ്ട് ദിവസം ഡോക്ടർ വരികയും മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യണം.
4. കോഴി, ആട്, മുയൽ, പന്നി, പശു, ഇവ വളർത്തുന്നതിന് 50% സബ്സിഡി നിരക്കിൽ വായ്പാ സഹായം ഏർപ്പെടുത്തുക.
5. എടക്കളത്തൂർ MLA റോഡിൽ നിന്നും തോട്ടിലേക്കിറങ്ങുന്ന റാമ്പ് നന്നാക്കുക.
6. നല്ലയിനം കറവുമാടുകളെ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുക.
7. പാലിന്റെ വില ക്രമാനുസൃതമായി ഉല്പാദകർക്ക് ലഭ്യമാക്കുക.
8. പോന്നോർ കേന്ദ്രമാക്കി ഒരു ഉപബീജസങ്കലന കേന്ദ്രം സ്ഥാപിക്കുക (ഈ ആവശ്യത്തിന് എടക്കളത്തൂർ വില്ലേജാഫീസിനോട് ചേർന്ന് കിടക്കുന്ന പുറംപോക്ക് സ്ഥലം വിനിയോഗിക്കാം)
9. വളർത്തുമൃഗങ്ങൾക്ക് പകർച്ചവ്യാധികളും മറ്റുരോഗങ്ങളും വരാതിരിക്കാൻ പ്രതിരോധ നടപടികളും കുത്തിവെയ്പ്പുകളും യഥാസമയം ബന്ധപ്പെട്ട വകുപ്പ് വഴി നടത്തണം.
10. ക്ഷീര കർഷകരെ രക്ഷിക്കാൻ തീറ്റക്ക് സബ്സിഡി ഏർപ്പെടുത്തുക.
11. വളർത്തുമൃഗങ്ങളെ സൗജന്യമായി ഇൻഷൂർ ചെയ്യുക.
12. കുത്തിവെയ്ക്കുന്ന ബീജം ഉല്പാദന ക്ഷമതയുള്ളതാണെന്ന് ഉറപ്പ് വരുത്തണം.
13. കടാംതോട് കടവ് അറ്റകുറ്റ പണി നടത്തുകയും പറച്ചാൽ തോട്ടുമുഖത്ത് ഒരു പുതിയ കടവ് ഉണ്ടാക്കുകയും വേണം.
14. മുള്ളൂർ കേന്ദ്രമാക്കി ഒരു വെറ്റിനറി സെന്റർ

സ്ഥാപിക്കണം. ഒരു ലൈവ് സ്റ്റോക്ക് അസിസ്സ്റ്റന്റിന്റെ മുഴുവൻ സമയ സേവനവും ഒരു കൃതിമ ബീജ സങ്കലന കേന്ദ്രവും തുടങ്ങണം.

15. ഇപ്പോൾ മൃഗാശുപത്രിയിൽ നിന്നും ഈ പ്രദേശത്ത് കിട്ടികൊണ്ടിരിക്കുന്ന സേവനം അപര്യാപ്തമാണ്.

16. പാൽ അളക്കുന്നതിലുള്ള ബദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഒരു മിൽക്ക് സൊസൈറ്റി സ്ഥാപിക്കുകയോ പഞ്ചായത്തിലെ മിൽക്ക് സൊസൈറ്റിയുടെ പരിധി മുള്ളൂരിലേക്ക് വ്യാപിപ്പിക്കുകയോ ചെയ്യണം.

17. ഗുണ നിലവാരമുള്ള കാലിതീറ്റകൾ വില കുറച്ച് ലഭ്യമാക്കണം.

18. നല്ലയിനം കോഴികുഞ്ഞുങ്ങളേയും കോഴിത്തീറ്റയും അവയ്ക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളും ലഭ്യമാക്കണം.

19. രോഗപ്രതിരോധ ചികത്സയ്ക്കാവശ്യമായ മരുന്നുകൾ സൗജന്യമായി യഥാസമയങ്ങളിൽ ലഭ്യമാക്കണം.

## മത്സ്യബന്ധനം

ധാരാളം ജലാശയങ്ങളാലും, പുഴ, തോട് എന്നിവകളാലും അനുഗ്രഹീതമാണ് തോളൂർ ഗ്രാമപഞ്ചായത്ത്. ശുദ്ധജല മത്സ്യകൃഷിക്ക് ധാരാളം സാധ്യതകൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ശാസ്ത്രീയമായ കൃഷിരീതികളോ നൂതന ,സമ്പ്രദായങ്ങളോ മറ്റു ഉല്പാദന മേഖലകളെ സ്വാധീനിച്ചതുപോലെ ഈ മേഖലയിൽ കടന്നുവന്നതായി കാണുന്നില്ല.

കായലോരങ്ങളിൽ വെള്ളം നിറയുന്ന അവസത്തിൽ വല വീശിയോ കൃഷിക്കുവേണ്ടി വെള്ളം വറ്റിക്കുന്ന സമയങ്ങളിൽ പെട്ടി കഴയിൽ വല വെച്ചും തോടുകൾ വറ്റുന്ന സമയത്ത് മുന്നും പിന്നും ചിറ കെട്ടി വെള്ളം വറ്റിച്ചും ഒറ്റിൽ വെച്ച് തപ്പിപിടിച്ചും മത്സ്യം പിടിക്കുന്ന പരമ്പരാഗത രീതികൾ തന്നെയാണ് ഇന്നും ഇവിടെ നിലനിൽക്കുന്നത്. വരാൽ, മുണ്ടത്തി, വാള, കടു, മുശു, കോലാൻ, കരിപ്പിടി, പരൽ, ആരൽ കുറുമ്പാട് (പള്ളത്തി പോട്ട) ചീക്കുരി, പൊരുക്ക്, വിറയൻ, ചെള്ളി (ഒരിനം ചെമ്മീൻ) കൊഞ്ച് എന്നീ മത്സ്യങ്ങളാണ് ഈ പ്രദേശത്ത് കണ്ടുവരുന്നത്. ഇവിടെനിന്നും ലഭിക്കുന്ന മത്സ്യത്തിൽ ഏറിയപങ്കും ഈ പ്രദേശത്തു തന്നെയാണ് വിറ്റഴിയുന്നത്. വൻ കൊയ്ത്തുനടക്കുന്ന അപൂർവ്വ അവസരങ്ങളിൽ വരാൽ, വാള, മുണ്ടത്തി, മുശു എന്നിവ തൊട്ടടുത്ത പട്ടണമായ തൃശ്ശൂരിൽ കൊണ്ടു പോയി വില്ക്കാറുണ്ട്.

1962 ൽ 70 മെമ്പർമാരുള്ള ഒരു മത്സ്യതൊഴിലാളി സഹകരണ സംഘം ( റജിസ്റ്റർ നമ്പർ 365) ഇവിടെ സ്ഥാപിച്ചു. ആരംഭത്തിൽ കാര്യക്ഷമമായ പ്രവർത്തിച്ചിരുന്ന സംഘം പിന്നീട് പല കാരണങ്ങളെ കൊണ്ടും പ്രവർത്തനരഹിതമാകാൻ തുടങ്ങി. മത്സ്യതൊഴിലാളികളല്ലാത്തവർ മെമ്പർമാരായതും മത്സ്യബന്ധനവുമായി ബന്ധമില്ലാത്തവരെ സംഘത്തിന്റെ ചുമതല ഏല്പിച്ചതുമാണ് 1986 ൽ ഈ സംഘം ലിക്വഡേറ്റ് ചെയ്യപ്പെടാൻ ഇടയായതെന്ന് മത്സ്യതൊഴിലാളികൾ അഭിപ്രായപ്പെടുന്നു. സാഹചര്യങ്ങൾ ഇതൊക്കെയാണെങ്കിലും മത്സ്യബന്ധനം നടത്തുന്ന അവസരത്തിൽ ഇവിടത്തെ തൊഴിലാളികൾ സംഘം ചേർന്ന് മത്സ്യബന്ധനം നടത്തുകയും ലഭിക്കുന്ന കൂലി തുല്യമായി വീതിച്ചെടുക്കുകയും ചെയ്യുന്നു എന്നുള്ളത് ഇവരുടെ ഇടയിൽ ഐക്യവും കൂട്ടായ്മയും നിലനിർത്താൻ സഹായിക്കുന്നുണ്ടെന്ന് പ്രത്യേകം എടുത്ത് പറയേണ്ടതാണ്. ആണ്ടിൽ ആറ്മാസക്കാല മാത്രമാണ് ഇവിടെ മത്സ്യബന്ധനത്തിന് സൗകര്യം ഉള്ളത്. ശേഷിക്കുന്ന കാലം ഇവരെ സംബന്ധിച്ചിടത്തോളം പഞ്ഞമാസക്കാലമായി വേണം കരുതാൻ. 26.39 ഏക്കർ തരിശുനിലവും 9 പൊതുകുളങ്ങളും 139.48 ഏക്കർ തോടുകളും 37.06 ഏക്കർ പുഴയും 1564 ഏക്കർ കോൾ നിലങ്ങളുമാണ് ഈ പ്രദെശത്തെ മത്സ്യലഭ്യ മേഖല ഇതിൽ 26 ഏക്കർ തരിശുനിലവും കണ്ടൻച്ചിറകുളം കാരകുളം ചീനികുളം , പള്ളികുളം എന്നിവയും ശാസ്ത്രീയമായ മത്സ്യകൃഷിക്ക് യോജിച്ചവയാണ്. മറ്റു കുളങ്ങളും പാകപ്പെടുത്തിയെടുത്താൽ മത്സ്യകൃഷിക്ക്

ഉപയുക്തമാക്കാവുന്നവയാണ്. വടക്കാഞ്ചേരി പുഴയിലെ മത്സ്യ ലേലം ചെയ്ത് കിട്ടുന്ന തുക സമീപ പഞ്ചായത്തുകളായ എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളുമായി പങ്കുവെക്കുകയാണ് ചെയ്തുവരുന്നത്. 1996 -97 ൽ പുഴയിലെ മത്സ്യലേലത്തിൽ നിന്ന് തോളൂർ പഞ്ചായത്തിന് 48050രൂപയാണ് ലഭിച്ചത്. കുളങ്ങളിലേയും തോടുകളിലേയും മത്സ്യലേലത്തിൽ നിന്ന് 2150 രൂപയും ലഭിക്കുകയുണ്ടായി. പറപ്പൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പടവുകളിലെ മത്സ്യലേലത്തിൽ നിന്ന് ഉദ്ദേശം 2 ലക്ഷത്തോളം രൂപ പടവുകൾക്ക് ലഭിച്ചതായി അറിയുന്നു.

ഇവിടെ 117 പേർ മത്സ്യബന്ധനം മാത്രം തൊഴിലാക്കി ഉപജിവനം നടത്തുന്നവരാണ് . 49 പേർ ഉപതൊഴിലായും സ്വീകരിച്ചിരിക്കുന്നു. ഇവരിൽ 53 പേർ മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളാണ്. 28 പേർ കടൽ മത്സ്യം കൊണ്ടുവന്ന് വില്പന നടത്തി ഉപജീവനം നടത്തുന്നു.

## പ്രശ്നങ്ങൾ

1. ഇവിടെയുള്ള മത്സ്യതൊഴിലാളികൾ പൊതുവെ സാമ്പത്തിക ബുദ്ധിമുട്ടുള്ളവരാണ്.

2. മത്സ്യബന്ധനം "സീസണൽ" തൊഴിലായതിനാൽ ആണ്ടിൽ ആറ് മാസത്തോളം മത്സ്യതൊഴിലാളികൾ തൊഴിൽ രഹിതരാണ്.

3. മത്സ്യബന്ധനത്തിനാവശ്യമായ വഞ്ചി , വല, കണ്ടാടി എന്നിവ വാങ്ങാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നു.

4. മത്സ്യം കൊണ്ടുനടന്ന് വിൽക്കുന്നതുന് പെട്ടി, സൈക്കിൾ, എന്നിവ സ്വന്തമായി വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട്.

5. നൂതന മത്സ്യകൃഷി സമ്പ്രദായങ്ങളെ കുറിച്ചും, മത്സ്യബന്ധന രീതികളെ കുറിച്ചും മത്സ്യതൊഴിലാളികൾ പ്രായേണ അജ്ഞരാണ്.

6. അമിതവും അശാസ്ത്രീയവുമായ കീടനാശിനി പ്രയോഗം മൂലം പാടശേഖരങ്ങളിൽ മത്സ്യസമ്പത്ത് നശിക്കുന്നു.

7. അരിപ്പവലകൾ ഉപയോഗിക്കുന്നതുമൂലം മത്സ്യസമ്പത്തിന് വംശനാശം ഉണ്ടാകുന്നു.

8. നാടൻ മത്സ്യങ്ങളുടെ ലഭ്യത വളരെ കുറവായതുകൊണ്ട് വിലയുണ്ടെങ്കിലും തൊഴിലാളികളുടെ വരുമാനം കുറവായി തന്നെ നിലനിൽക്കുന്നു.

9. ഇത് ഒരു ഉൾനാടൻ മത്സ്യബന്ധന മേഖല ആയതിനാൽ സാധാരണ മത്സ്യതൊഴിലാളികൾക്ക് ലഭിച്ചു വരുന്ന പല സർക്കാർ ആനുകുല്യങ്ങളും ഇവർക്ക് ലഭിക്കാതെ വരുന്നു.

10. മത്സ്യ തൊഴിലാളികൾക്ക് ഒരു സഹകരണ സംഘം ഇപ്പോൾ നിലവിലില്ല എന്നുള്ളത് ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു.

## സാധ്യതകൾ പരിഹാരങ്ങൾ

1. ധാരാളം കുളങ്ങളും പുഴകളും തരിശുനിലങ്ങളും ഉള്ളതിനാൽ നവീന രീതിയിലുള്ള മത്സ്യകൃഷിക്ക് ഈ പ്രദേശം വളരെ യോജിച്ചതാണ്.

2. മേഞ്ചിറ തരിശ് കേന്ദ്രീകരിച്ച് ഒരു ജലാശയം നിർമ്മിച്ച് അതിൽ വൻതോതിൽ മത്സ്യകൃഷി നടത്തുന്നതിനും സാധ്യത നിലനിൽക്കുന്നുണ്ട്.

3. ഇവിടെയുള്ള KLDC കനാലുകളിൽ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തികൊണ്ട് ( 51 തറ മുതൽ വടക്കോട്ട് പോന്നോർ താഴം വരേ താഴ്ത്തുക) വർഷം മുഴുവൻ കനാലിൽ വെള്ളം നിർത്തുവാൻ കഴിയുന്നതാണ്. കനാലിൽ വൻതോതിൽ മത്സ്യകൃഷി നടത്താവുന്നതാണ്.

4. സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള ജലാശയങ്ങളിൽ മത്സ്യകൃഷിനടത്തുന്നതിന് വേണ്ട സാഹചര്യങ്ങൾ ഒരുക്കികൊടുക്കുക.

5. മത്സ്യകൃഷി പോഷിപ്പിക്കുന്നതിന് പലതരത്തിലുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ സഹായ പദ്ധതികളെ സംബന്ധിച്ചും മത്സ്യകൃഷിക്ക് സഹായം നല്കികൊണ്ടിരിക്കുന്ന

ഏജൻസികളെ സംബന്ധിച്ചും പൊതുജനങ്ങൾക്കിടയിൽ അറിവ് പകരുന്നതിനായി സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് വക കുളങ്ങൾ നന്നാക്കി മത്സ്യം വളർത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
2. സ്വകാര്യ വ്യക്തികളുടെ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിനു വേണ്ട വിത്തും മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും നല്കുക.
3. മത്സ്യതൊഴിലാളി സഹകരണ സംഘം ഉണ്ടാക്കണം.
4. മത്സ്യരോഗത്തിന് നിവാരണം കാണണം.
5. ഈ പഞ്ചായത്തിലെ പുഴകളും കുളങ്ങളും ലേലം ചെയ്യുന്നത് നിർത്തിവെച്ച് സൗജന്യമായി മത്സ്യം പിടിക്കാൻ അനുവദിക്കണം.

സഹകരണ സംഘം പുനഃസ്ഥാപിക്കുന്നതിലൂടെ ഈ മേഖലയിലുള്ളവരുടെ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇങ്ങനെ സഹകരണ സംഘം പുനഃ സംഘടിപ്പിക്കുന്നതിലൂടെ പഞ്ചായത്ത് കുളങ്ങൾ, പുഴകൾ എന്നിവയിലെ മത്സ്യ ലേലത്തിലും സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള കോൾ പടവുകളുടെ മത്സ്യലേലത്തിലും സംഘത്തിനു നേരിട്ട് ലേലം കൊള്ളാനും കഴിയും. ഇങ്ങനെ ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യ തൊഴിലാളികൾക്ക് മോചിതരാകാനും സാധിക്കും.

മുകളിൽ പറഞ്ഞ പ്രശ്നങ്ങളിലേക്ക് ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ തിരിയുകയും അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുകയും അതിനനുസരിച്ച് മത്സ്യതൊഴിലാളികളും അനുബന്ധ മേഖലകളിലുള്ളവരും ഉണർന്ന് പ്രവർത്തിക്കുകയും ചെയ്താൽ മത്സ്യസമ്പത്തിന്റെ അളവ് ഗണ്യമായി വർദ്ധിപ്പിക്കാനും അതുവഴി മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയും.

# 6 വ്യവസായം

മറ്റ് മേഖലകളിലെ നേട്ടങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വ്യവസായത്തിന്റെ കാര്യത്തിൽ കാര്യമായ വളർച്ചയൊന്നും നമ്മുടെ പഞ്ചായത്തിന് ഉണ്ടായിട്ടില്ല എന്ന് കാണാൻ കഴിയും. ഒരു കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ ഒന്നുരണ്ട് വ്യവസായങ്ങൾ മാറ്റി നിർത്തിയാൽ എടുത്തു പറയത്തക്ക വ്യവസായങ്ങൾ ഒന്നും ഇല്ലെന്ന് തന്നെ പറയാം.

വൈദ്യുതിയുടെയും കാർഷിക മേഖലയിലെ യന്ത്രവല്ക്കരണത്തിന്റേയും കടന്ന് കയറ്റം കൊണ്ട് നിലച്ചുപോയ പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ ഒരു നിര തന്നെ. ഈ പഞ്ചായത്തിൽ കാണാൻ കഴിയും. കയറ്റ്കൊട്ട, കാളത്തേക്ക് കൊട്ട, തുലാൻ തേക്ക്കൊട്ട, ഇരുമ്പ് കൊണ്ടുള്ള കാർഷിക ഉപകരണങ്ങൾ, മുളകൊണ്ട് നിർമ്മിക്കുന്ന പായ, വട്ടി, സഞ്ചി എന്നിവയാണ് നിലച്ചുപോയ കുടിൽ വ്യവസായങ്ങളിൽ ചിലത്. ഈ ഉല്പന്നങ്ങൾക്ക് സഹകരണ മേഖലയിലോ, മറ്റ് മേഖലകളിലോ ഒരു വിപണി ഇല്ലാത്തതും സ്റ്റീൽ, അലുമിനിയം, പ്ലാസ്റ്റിക് എന്നിവകൊണ്ട് ഉണ്ടാക്കുന്ന ഉല്പന്നങ്ങളുമായി വിലയുടെ കാര്യത്തിൽ മത്സരിക്കാൻ കഴിയാത്തതും ഈ പരമ്പരാഗത വ്യവസായങ്ങൾ നിലയ്ക്കുവാൻ കാരണമായിട്ടുണ്ട്. ശരിയായ രീതിയിലുള്ള പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകിയാൽ ഈ മേഖലയെ വീണ്ടും ഉണർത്തികൊണ്ട് വരുവാൻ നമ്മുക്ക് സാധിക്കും.

ഉദ്ദേശം അഞ്ഞൂറോളം പേർ ജോലി ചെയ്തിരുന്ന 1974-75 കാലഘട്ടത്തിൽ നിലച്ചുപോയതുമായ ഒരു വലിയ വ്യവസായ സ്ഥപനമായിരുന്നു K.C. പ്ലാന്റേഷൻ. പൈനാപ്പിൾ കൃഷിയും, സംസ്കരണവും മാമ്പഴജ്യൂസ് നിർമ്മാണവുമാണ് ഇവിടെ ചെയ്തുവന്നിരുന്നത്. രാജ്യ രക്ഷാ വകുപ്പിലേക്കായിരുന്നു ഈ ഉല്പന്നങ്ങളുടെ ഏറിയ പങ്കും കയറ്റുമതി ചെയ്തിരുന്നത്. ഉത്തരേന്ത്യക്കാർ ഈ വിപണി കയ്യടക്കുകയും ഇവിടത്തെ ആഭ്യന്തര പ്രശ്നങ്ങളും കൂടി ആയപ്പോൾ ഈ വ്യവസായ സ്ഥാപനം ഇവിടെ നിലച്ചുപോയി.

നമ്മുടെ പഞ്ചായത്തിൽ 78 വ്യവസായ യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 46 സ്ഥാപനങ്ങൾ മാത്രമെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 12 സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 1175 പേർ ഈ വ്യവസായ സ്ഥാപനങ്ങളിലായി ജോലി ചെയ്തുവരുന്നു.

**ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിവരം**

| ക്രമ നമ്പർ | വ്യവസായത്തിന്റെ പേര് | യൂണിറ്റ് എണ്ണം | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പുരുഷന്മാർ | സ്ത്രീ | ആകെ |
| 1. | കല്ലോര | 22 | 665 | 339 | 1004 |
| 2. | അടയ്ക്ക വെട്ട് | 5 | 44 | 4 | 48 |
| 3. | ടെയ്‌ലറിംഗ് | 4 | 1 | 17 | 18 |
| 4. | പലഹാര നിർമ്മാണം | 3 | 3 | 13 | 16 |
| 5. | മിറർ കട്ടിംഗ് | 1 | 4 | - | 4 |
| 6. | പെയിന്റ് കമ്പനി | 1 | 4 | - | 4 |
| 7. | വെൽഡിംഗ് യൂണിറ്റ് | 4 | 10 | - | 10 |
| 8. | ആയുർവ്വേദ മരുന്ന് | 1 | 1 | 1 | 2 |
| 9. | ഓട്ടുകമ്പനി | 1 | 17 | - | 17 |
| 10. | റൈസ്മിൽ | 1 | 3 | 1 | 4 |
| 11. | പ്രിന്റിങ്ങ് പ്രസ്സ് | 3 | 3 | 9 | 12 |
| 12. | വുഡൻ ഫർണിച്ചർ | 5 | 12 | 1 | 13 |
| 13. | ഓയിൽ മിൽ | 5 | 13 | 1 | 14 |
| 14. | പ്ലാസ്റ്റിക് കമ്പനി | 1 | 4 | 2 | 6 |
| 15. | ട്രാൻസ്ഫോർമർ പ്രൊഡക്ഷൻ യൂണിറ്റ് | 1 | 3 | - | 3 |
| | ആകെ | 58 | 787 | 388 | 1175 |

## കല്ലൊര വ്യവസായം

1965 ഓഗസ്റ്റ് 15- ാം തിയ്യതി കേരളത്തിലെ ആദ്യത്തെ വൈരക്കൽ കമ്പനി പോന്നോരിൽ സ്ഥാപിതമായി. ശ്രീ. പി. കെ. ശങ്കുണ്ണിയാണ് ഇതിന്റെ സ്ഥാപകൻ. കാലക്രമേണ ഈ വ്യവസായം ഇവിടെ വികസിച്ച് 43 പുതിയ കമ്പനികൾ ഉണ്ടാകുകയും 2060 പേർ ഈ വ്യവസായ മേഖലയിൽ തൊഴിലെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് ഈ വ്യവസായം സമീപ പഞ്ചായത്തുകളിലേക്കും, മറ്റ് ജില്ലകളിലേക്കും വ്യാപിക്കുകയും കേരളത്തിൽ തന്നെ ഏകദേശം മുപ്പതിനായിരത്തോളം പേർ ഇപ്പോൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്തുവരികയും ചെയ്യുന്നു. ബോംബെ വ്യവസായികളിൽ നിന്നും ലഭിക്കുന്ന കച്ചക്കല്ല് കോണുകളായി ഉരച്ച് മിനുസപ്പെടുത്തുന്ന ജോലിയാണ് ഈ കമ്പനിയിൽ ചെയ്യുന്നത്. ,കരാർ നിരക്കിലാണ് തൊഴിലാളികൾക്ക് കൂലി ലഭിക്കുന്നത്. കല്ലിന്റെ ദൗർലഭ്യം മൂലം ഈ പഞ്ചായത്തിൽ 21 കല്ലൊര കമ്പനികൾ അടച്ചുപൂട്ടുകയും ആയിരത്തോളം പേർക്ക് ഈ ,പഞ്ചായത്തിൽ തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു.

ഈ പഞ്ചായത്തിന്റെ സാമൂഹ്യ രംഗങ്ങളിൽ നിർണ്ണായകമായ സംഭാവന നൽകുന്നതിന് കല്ലൊര വ്യവസായത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും 30% കുംടുംബങ്ങൾ ഇപ്പോഴും ഈ വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നു.

1970 കളിൽ തോളൂർ ഗ്രാമപഞ്ചായത്തിലെ പോന്നോർ ആയിരുന്നു കല്ലൊര വ്യവസായത്തിന്റെ സിരാകേന്ദ്രം. 1980 കളായപ്പോഴേക്കും അയൽ പഞ്ചായത്തിലെ കൈപ്പറമ്പിലേക്ക് ഇത് മാറി. മെച്ചപ്പെട്ട യാത്രാസൗകര്യവും . വാർത്താവിനിമയ സൗകര്യവുമായിരിക്കണം കാരണങ്ങൾ. കാൽ നൂറ്റാണ്ടിലധികം കാലം ഈ പഞ്ചായത്തിൽ പടർന്ന് പന്തലിച്ച് നിന്ന വ്യവസായം .കഴിഞ്ഞ ഏതാനും വർഷങ്ങളായി പല വിധത്തിലുള്ള തളർച്ചയെ നേരിടുന്നു. ഈ പ്രദേശത്തെ തൊഴിലാളികളുടെ വൈദഗ്ധ്യം മറ്റൊരിടത്തും ലഭ്യമല്ല എന്നതു കൊണ്ട് വൈരക്കൽ രംഗത്തെ വൻ വ്യവസായികൾ ഇന്നും ഇവിടെ കമ്പനികൾ നടത്താൻ തല്പരരാണ്.

വൈരക്കൽ വ്യവസായത്തിലെ പ്രശ്നങ്ങൾ നേരിടുന്നതിനും പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾക്ക് വ്യവസായ വകുപ്പ് സെക്രട്ടറി & കമ്മീഷണർ ഭരത് ഭൂഷനെ കേരള ഗവൺമെന്റ് നിയമിച്ചിരുന്നു. ഈ വ്യവസായത്തിന്റെ വളർച്ചക്കാവശ്യമായ ഏതാനും മാർഗ്ഗനിർദ്ദേശങ്ങൾ ആ റിപ്പോർട്ടിൽ ഉണ്ടായിരുന്നു. അവ നടപ്പിലാക്കാൻ സർക്കാർ ശ്രദ്ധിക്കേണ്ടതുണ്ട്. സഹകരണാടിസ്ഥാനത്തിൽ വൈരക്കൽ കൊണ്ടു വരുന്നതിനും വിതരണവും വില്പനയും നടത്തുന്നതിനും ഈ രംഗത്ത് താൽപര്യമുള്ളവർ ഇപ്പോഴുമുണ്ട്. കൈപ്പറമ്പിൽ പ്രവർത്തിക്കുന്ന 'കേരള ഡൈമണ്ട് ഗിൽഡ്", പ്രോജക്ട് തയ്യാറാക്കി തൃശ്ശൂർ വ്യവസായ കേന്ദ്രത്തിന്റെ അനുമതി തേടിയിരുന്നു. എന്നാൽ ഒരു വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്തു തരുവാൻ പോലും നടപടി ഉണ്ടായില്ല. അസംസ്കൃത വൈരക്കൽ ഇറക്കുമതി ക്കാര്യത്തിൽ സർക്കാർ തലത്തിൽ ഏതളവുവരെ ഇടപ്പെടാമെന്നും അന്വേഷിക്കേണ്ടതാണ്. കല്ലൊര വ്യാവസായത്തിന് പുതു ജീവൻ ലഭിക്കുമെന്ന് നമ്മുക്കാശിക്കാം.

## അടയ്ക്കവെട്ട് വ്യവസായം

പച്ച അടയ്ക്ക വെട്ടി പുഴുങ്ങി കളി ചേർത്ത് ഉണക്കി സംസ്ക്കരിക്കുന്ന ഒരു വ്യവസായമാണിത്. ഈ വ്യവസായത്തിന് 75 വർഷത്തെ പഴക്കമുണ്ട്. ആണ്ടിൽ ഏകദേശം 500 പേർക്ക് 9 മാസത്തോളം തൊഴിൽ ലഭിച്ചിരുന്ന ഒരു കുടിൽ വ്യവസായം ആയിരുന്നു ഇത്. പച്ച അടയ്ക്കയുടെ ക്ഷാമം മൂലം കേവലം അഞ്ചിടത്തായി 48 പേർ മാത്രമാണ് ഈ തൊഴിലിലിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. തമിഴ് നാട്ടിലേക്കാണ് കളിയടക്ക കയറ്റി അയച്ചിരുന്നത്. ഇപ്പോൾ ഇതിന് തമിഴ്നാട്ടിൽ വിപണി കുറവാണ്.

സാധ്യതകൾ

1.പച്ച അടയ്ക്കക്ക് കമ്പോളമില്ലായ്കയാൽ കൊട്ടടയ്ക്ക സംസ്ക്കരിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തി വാസന പാക്ക് തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കാവുന്ന വ്യാവസായങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. എങ്കിലിവിടെ സുലഭമായ കൊട്ടടയ്ക്കയുടെ തമിഴ്നാട്ടിലേക്കുള്ള ഒഴുക്ക് തടയുന്നതിനും ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

2. തോട്ട വിളയിലെ മുഖ്യയിനമായ നാളികേരം ഇവിടെ തന്നെ സംസ്ക്കരിച്ച് ഓയിൽ മിൽ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്. ,കൊപ്രയായി കിട്ടുന്ന പിണ്ണാക്ക് കാലിത്തീറ്റയാക്കി ഉപയോഗിക്കുകയും ചെയ്യാം. വെളിച്ചെണ്ണയുടെ ലഭ്യത ഉള്ളതിനാൽ ഇതിനോടനുബന്ധിച്ച് ഒരു സോപ്പ് കമ്പനിയും തുടങ്ങാവുന്നതാണ്.

3. നെല്ല് സംഭരണവും സംസ്ക്കരണവും

ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് പുറമെയുള്ള മില്ലുകളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ഈ പ്രദേശത്തെ മുഖ്യ കൃഷിയും നെല്ലാണ്. ഇതിന്റെ പുറത്തേക്കുള്ള ഒഴുക്ക് തടയുന്നതിന് സഹ കരാണാടിസ്ഥനത്തിൽ നെല്ല് സംഭരിച്ച് ഇവിടെത്തന്നെ അരിയാക്കുകയാണെങ്കിൽ കൃഷിക്കാർക്ക് തങ്ങളുടെ ഉല്പ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സാധ്യതയുണ്ട്. നെല്ല് കുത്തുമ്പോൾ കിട്ടുന്ന തവിട് കന്നുകാലിത്തീറ്റയാക്കി ഉപയോഗിക്കുകയും ചെയ്യാം.

4. കെട്ടിട സാമഗ്രികളുടെ നിർമ്മാണം

വളരെയധികം കെട്ടിട നിർമ്മാണം നടക്കുന്ന ഒരു പ്രദേശമാണിത്. ഇവിടെ 500ൽ കൂടുതൽ കെട്ടിട നിർമ്മാണ തൊഴിലാളുകളുണ്ട്. സഹകരണാടി സ്ഥാനത്തിൽ ചുളിഷ്ടിക, സിമന്റ് ഇഷ്ടിക, സിമന്റുകൊണ്ടുള്ള ജനൽ, കട്ടിള, ക്രാസി, എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റിന് സാധ്യതയേറെയാണ്.

5. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

തൃശ്ശൂർ ഗുരുവായൂർ റെയിൽവെലൈനിന്റെ കിഴക്ക് ഭാഗത്തോ പടിഞ്ഞാറ് ഭാഗത്തോ പഞ്ചായത്ത് ചിലവിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ടാക്കേണ്ടതാണ്. ആവശ്യമായ ജലവും, വൈദ്യുതിയും ഇവിടെ തന്നെ ലഭ്യമാണ്. കൂടാതെ റെയിൽ യാഡിനുള്ള സൗകര്യവ്വ് ഉണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതൊരു ആശ്വാസമായിരിക്കും.

6. ജനറേറ്റർ കമ്പനി

കേരളത്തിൽ ഇപ്പോൾ നിർമ്മാണമില്ലാത്ത ഒന്നാണ് ജനറേറ്റർ. ഇവിടെ കുറേ ചെറപ്പക്കാർ സഹകരണാടിസ്ഥാനത്തിൽ ഈ കമ്പനി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഒരുക്കി കഴിഞ്ഞു. നൂറ് പേർക്ക് (സാങ്കേതിക വിദ്യാഭ്യാസം ഉള്ളവർക്കും - ഇല്ലാത്തവർക്കും) ഇതിൽ തൊഴിൽ പ്രതീക്ഷിക്കാം.

7. വെട്ടുകൽ യന്ത്രം

200ൽ പരം തൊഴിലാളികൾ കല്ലുവെട്ടിൽ ഏർപ്പെട്ടിയിരിക്കുന്നു. കൽമടക്ക് ഏറെ ലഭ്യതയുള്ള പ്രദേശമാണിത്. ജില്ലയിലെ നാനാഭാഗങ്ങളിലും ഇവിടത്തെ കല്ലിന് വിപണിയുണ്ട്. കൽമട നിരപ്പാക്കി നല്ല കൃഷിഭൂമിയായി ഉപയോഗിക്കുകയും ചെയ്യാം. സഹകരണാടി സ്ഥാനത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ച് ചുരുങ്ങിയത് 2 വെട്ടുകൽ യന്ത്രമെങ്കിലും വാങ്ങുന്നതിനുള്ള ധനസഹായ നടപടി സ്വീകരിക്കണം.

8. പലഹാര യൂണിറ്റ്

ബേക്കറി സാധനങ്ങൾ പലഹാരങ്ങൾ എന്നിവ ഉണ്ടാക്കി പായ്ക്കറ്റുകളിലാക്കി വില്പന നടത്തുന്നതിനുള്ള ഒരു വലിയ യൂണിറ്റിന് ഇവിടെ സാധ്യതയുണ്ട്. സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണെങ്കിൽ വനിതകൾക്ക് ഏറെ തൊഴിൽ സാധ്യത ലഭിക്കുന്ന ഒരു വ്യവസായമാകും ഇത്. കൂടാതെ താഴെ പറയുന്ന വ്യവസായ യൂണിറ്റുകൾക്കും ഇവിടെ സാധ്യതയുണ്ട്.

ഫർണീച്ചർ, കുടം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബുക്ക് ബയിന്റിംഗ്, ഖാദി വ്യവസായം ,

അച്ചാർ നിർമ്മാണം , ബേക്കറി, ഭക്ഷ്യധാന്യപൊടി, പായക്കറ്റുകളിലാക്കി വില്പന, മെഴുകുതിരി നിർമ്മാണം, പപ്പടം, വാദ്യോപകരണങ്ങളുടെ നിർമ്മാണം, ഫങ്ങ്ഷൻ അറേജ്മെന്റ് ട്രൂപ്പ് (മേശ, കസേര, പന്തൽ പണി, ഡെക്കറേഷൻസ്, സദ്യ ഒരുക്കികൊടുക്കൽ എന്നിവ) ഡ്രൈക്ലീനിംഗ്.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. വൈരക്കൽ വ്യവസായം, ചെറുകിടക്കാർക്ക് കൂടുതൽ ലാഭകരമാകുന്ന വിധത്തിൽ വൈദ്യുതി ലൈസൻസ് എന്നിവ ലഭ്യമാക്കാൻ ഗവൺമെന്റ് സാമ്പത്തിക സഹായങ്ങൾ നല്കണം.

2. സഹകരണാടിസ്ഥാനത്തിൽ നെല്ല് സംഭരിക്കുകയും അരിയാക്കുകയും ചെയ്യുക.

3. പുതിയ വ്യവസായങ്ങൾ തുടങ്ങുക. ( കരകൗശലം, നൂൽ നെയ്ത്ത് , അടയ്ക്കവെട്ട്, ഖാദി യൂണിറ്റ്, കൈത്തറി, പപ്പടം)

4. കുടിൽ വ്യവസായങ്ങൾ ചെറുകിട വ്യവസായങ്ങൾ എന്നിവ തുടങ്ങുന്നതിന് യുവതീ യുവാക്കൾക്ക് സാമ്പത്തിക സഹായങ്ങളും പരിശീലന ക്ലാസ്സുകളും തുടങ്ങുക.

5. Foundary വ്യവസായം

റെയിൽവേലൈനിനോട് ചേർന്ന് വയൽ പ്ലാന്റിന് റെയിൽ ഇടണം. റെയിൽവേ സമ്മിതിയും മറ്റും ലഭ്യമാക്കണം.

6. ഗാർമെന്റ് നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായവും പരിശീലനവും വേണം.

7. കുട നിർമ്മാണ യൂണിറ്റിനുള്ള സാമ്പത്തിക സഹായവും പരിശീലനവും വേണം.

8. ഹോളോബ്രിക്സ് മെഷിൻ ഉപയോഗിച്ച് കല്ല്വെട്ട്, സോപ്പ് നിർമ്മാണം, കൊപ്ര സംഭരണം, എന്നീ യൂണിറ്റുകൾ വേണം.

9. റെഡിമെയ്ഡ് വസത്ര് നിർമ്മാണ യൂണിറ്റ് തുടങ്ങണം, കോഴി, ആടുമാടുവളർത്തൽ എന്നിവയ്ക്ക് ധന സഹായം.

10. കാർപ്പന്ററി വ്യവസായം/ കോൺക്രീറ്റ് സാധന സാമഗ്രി നിർമ്മാണം/ ബുക്ക് ബയിന്റിങ്ങ്.

11. വനിതാ ടൈലറിംഗ്, മെഴുകുതിരി, നോട്ട്ബുക്ക്, നാളികേരവെള്ളത്തിൽ നിന്ന് കോള, കട്ട് ഫ്ലവർ, സുഗന്ധ പാക്ക്, പ്ലാസ്റ്റിക് പെല്ലറ്റ്,

## പരിഹാരങ്ങൾ

1. കല്ലോര വ്യവസായം നേരിടുന്ന വൈരക്കല്ലിന്റെ ദൗർലഭ്യ ഭീഷണിയെ നേരിടുന്നതിന് വൈരക്കൽ ഇറക്കമതി ചെയ്ത് തൊഴിൽ ഉടമകൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. വ്യവസായത്തിനാവശ്യമായ വൈദ്യുതി സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

3. വ്യവവസായ ,ലൈസൻസിനുള്ള നടപടികൾ സുഗമമാക്കുക.

4. ഇവിടത്തെ മുഖ്യവിളയായ നെല്ല് നാളികേരം, അടയ്ക്ക, ഇവ ഇവിടെത്തന്നെ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. ഡെപ്പോസിറ്റുകൾ സഹകരണബാങ്കിൽ നിക്ഷേപിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുക.

6. വ്യവസായ വായ്പ സഹകരണ ബാങ്ക് വഴി വിതരണം ചെയ്യുക.

7. വ്യവസായ വായ്പ അപേക്ഷകൾ വെളിച്ചം കാണാതെ ബാങ്കിൽ കെട്ടിക്കിടക്കുന്ന പ്രവണത അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

8. വ്യവസായ സംരംഭകരെ ബോധവത്ക്കരിക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുക.

9. കൊട്ടടയ്ക്ക സംസ്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

10. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സുഗമമാക്കുക.

# 7 ഗതാഗതം-ഊർജ്ജം

വൈദ്യുതി, വിറക്, ചാണകം, കൽക്കരി, പെട്രോളിയം ഉല്പന്നങ്ങൾ എന്നിവയാണ് പ്രധാന ഊർജ്ജ സ്രോതസ്സുകൾ. ഇവയെ അടിസ്ഥാനമാക്കി കൊണ്ടുളള ഊർജ്ജ ആസൂത്രണമാണ് സമ്പൂർണ്ണ ഊർജ്ജ ആസൂത്രണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വൈദ്യുതിയുടെ ഉല്പാദനത്തിന് വലിയ സാദ്ധ്യകളൊന്നും ഇല്ലാത്ത നമ്മുടെ പഞ്ചായത്തിൽ ഊർജ്ജ സംരക്ഷണത്തിനായിരിക്കണം ഊന്നൽ നൽകേണ്ടത്. നമ്മുടെ ഊർജ്ജ ആവശ്യങ്ങൾക്കായി നാം ആശ്രയിക്കുന്നത് പ്രധാനമായും വൈദ്യുതി, വിറക്, മണ്ണെണ്ണ, ഡീസൽ, പെട്രോൾ, പാചകവാതകം, ചാണകം എന്നിവയെയാണ്.

## വൈദ്യുതി

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വരുന്നത് 1950-കളിലാണ്. 1960- കൾ എത്തുമ്പോഴേക്കും പഞ്ചായത്തിന്റെ മിക്കവാറും എല്ലാപ്രദേശങ്ങളിലും വൈദ്യുതി എത്തി. അത്താണി, കുന്ദംകുളം എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ് നമ്മുടെ പ്രദേശത്തേക്ക് വൈദ്യുതി വരുന്നത്. ഈ രണ്ട് സബ് സ്റ്റേഷനുകളുടെയും അററത്താണ് (TALE END) ഈ പ്രദേശം. ഇതുകൊണ്ട് പഞ്ചായത്തിന് ചില പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. K. S.E.B. പറപ്പൂർ സെക്ഷന് കീഴിലാണ് നമ്മുടെ പഞ്ചായത്തിലെ മിക്കവാറും ലൈനുകൾ. (എടക്കളത്തൂർ പള്ളിക്കു മുന്നിലൂടെ പോകുന്ന ലൈൻ മുണ്ടൂർ സെക്ഷന്റെ കീഴിലാണ്). വൈദ്യുതി ഉപഭോഗത്തിന്റെ രീതി താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| ക്രമ നമ്പർ | മേഖല | കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1. | ഗാർഹികം | 2928 |
| 2. | കാർഷികം | 1505 |
| 3. | വ്യവസായം | 129 |
| 4. | വാണിജ്യം | 300 |

120 പേർക്ക് കണക്ഷന് വേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ 80% വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്തിൽ ഉപഭോഗം ചെയ്യുന്ന വൈദ്യുതിയുടെ സിംഹഭാഗവും ഗാർഹിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഗാർഹിക ആവശ്യത്തിൽ തന്നെ വെളിച്ചത്തിനാണ് കൂടുതൽ വൈദ്യുതിയും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് മുഴുവനായും വൈദ്യുതി തന്നെയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിൽ ഇപ്പോൾ 408 ബൾബുകളും 50 ട്യൂബ് ലൈറ്റുകളുമാണ് തെരുവ് വിളക്കുകളായി കത്തിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ 92.5. K.M. നീളം വൈദ്യുതി ലൈൻ ഉണ്ട്.

**തെരുവ് വിളക്കുകളുടെ വിശദവിവരം**

| വാർഡ് | ററ്യൂബ് | ബൾബ് | ആകെ |
|---|---|---|---|
| 1 | 5 | 43 | 48 |
| 2 | 3 | 40 | 43 |
| 3 | 8 | 51 | 59 |
| 4 | 4 | 38 | 42 |
| 5 | 7 | 60 | 67 |
| 6 | 3 | 65 | 68 |
| 7 | 9 | 45 | 54 |
| 8 | 7 | 42 | 49 |
| 9 | 4 | 24 | 28 |
| ആകെ | 50 | 408 | 458 |

ഇതിനു പുറമെ 123 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 168000 രൂപ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്ത് പ്രതിമാസം 5288 രൂപ ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചുകൊണ്ടിരിക്കുന്നുണ്ട്.

കഴിഞ്ഞ 5 വർഷക്കാലത്തിൽ വിവിധ സ്കീമുകളിലായി പഞ്ചായത്തിന്റെ മുൻകൈയ്യോടെ 500 വീടുകൾക്ക് സൗജന്യമായി വൈദ്യുതി നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി 1991-ൽ പഞ്ചായത്ത് നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി 127 പട്ടികജാതി വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചു. ഇത്തരം ഒരു സംരംഭം ആദ്യമായി നടപ്പിലാക്കിയ അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നാണ് തോളൂർ ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ എല്ലാ ലക്ഷം വീട് കോളനികളും വൈദ്യുതീകരിച്ചവയാണ്.

## പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ വിശദവിവരം.

| ക്രമ നമ്പർ | കപ്പാസിറ്റി | ലൊക്കേഷൻ |
|---|---|---|
| 1 | 100KVA | എടക്കളത്തൂർ വടക്കുമുറി |
| 2 | 100KVA | എടക്കളത്തൂർ വടക്കുമുറി |
| 3 | 100KVA | എടക്കളത്തൂർ വടക്കുമുറി |
| 4 | 160 " | മാളിയമ്മാവ് Jn |
| 5 | 100 " | മാളിയമ്മാവ് റോഡ് |
| 6 | 160 " | ശിവനട പോന്നോർ |
| 7 | 100 " | പള്ളി " |
| 8 | 160 " | കല്ലൊര Jn |
| 9 | 160 " | കോളനി പോന്നോർ |
| 10 | 160 " | ബാലവാടി തോളൂർ |
| 11 | 100 " | കി. തോളൂർ |
| 12 | 100 " | പ.തോളൂർ |
| 13 | 160 " | മാവിൻചുവട് |
| 14 | 160 " | മൂക്കോല |
| 15 | 160 " | നാഗത്താൻകാവ് |
| 16 | 160 " | കരുവാൻ മൂല |
| 17 | 250KVA | പറപ്പൂർ സെന്റർ |
| 18 | 160KVA | ഷാരിയേക്കൽ |
| 19 | 100 " | നാരായണൺ തറ |
| 20 | 100 " | തെക്കുംപുറം |
| 21 | 100 " | ചെറുകാട് |
| 22 | 160 " | തോട്ടപ്പാൻ |
| 23 | 63 " | നായ്ക്കൻ തറ |
| 24 | 160 " | നടുപ്പാലം |
| 25 | 160 " | വാലൻ തറ |
| 26 | 100 " | മുള്ളൂർ |
| 27 | 100 " | പാലക്കൻ തറ |
| 28 | 100 " | ഐനിക്കാട് |
| 29 | 100 " | മനപ്പാട്ട്പറമ്പ് |
| 30 | 315 " | ചാലക്കൽ |
| 31 | 160 " | സെന്റ് ജോസഫ് |
| 32 | 160 " | സെന്റ് ജോസഫ് ടൈൽ വർക്സ് |

## വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ

1. ഇരുപത് ശതമാനത്തോളം വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.
2. പല പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. തെരുവ് വിളക്കുകൾ പലതും കത്തുന്നില്ല.
4. ഒട്ടനവധി റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
5. വൈദ്യുതി വിതരണം പലപ്പോഴും മുടങ്ങുന്നു.
6. ലൈനുകളിൽ തകരാറ് സംഭവിക്കുമ്പോൾ പവർ സപ്ലൈ പുനസ്ഥാപിക്കുന്നതിന് കാല താമസം നേരിടുന്നു.
7. ലൈനുകളിൽ അപകടകരമായ വോൾട്ടേജ് വ്യതിയാനം വരുന്നു.
8. പഴക്കംകൊണ്ട് ദുർബലമായി അപകടകരമായ അവസ്ഥയിൽ നില്ക്കുന്ന പോസ്റ്റുകൾ പലയിടത്തും ഉണ്ട്.
9. പല ലൈനുകളിലും കമ്പികൾ അപകടകരമായ

വിധം താഴ്ന്ന് നില്ക്കുന്നു.

10. വീതി കൂട്ടിയ റോഡുകളിൽ പലയിടത്തും പോസ്റ്റുകൾ വശങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചിട്ടില്ല.
11. മിക്കവാറും തെരുവ് വിളക്കുകൾക്ക് ഷെയ്ഡുകൾ ഇല്ല.

## പരിഹാരങ്ങൾ

1. അടുത്ത 5 വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി പഞ്ചായത്തും K.S.EB. യും സംയുക്തമായി നടപ്പിലാക്കേണ്ടതുണ്ട്.
2. തോളൂർ പഞ്ചായത്തിന് സമീപമുള്ള പെരുവല്ലൂർ, പേനകം റോഡ് പരിസരത്ത് ഒരു 66Kv സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് K.S.E.B.ആലോചിച്ചതായി അറിയുന്നു. ഈ സബ് സ്റ്റേഷൻ എത്രയും വേഗം സ്ഥാപിക്കണം. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനും ലൈനിലെ ഓവർലോഡ് കുറക്കുവാനും ഇത് സഹായകമാകും.
3. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന തോളൂർ ശവക്കോട്ടയുടെ കിഴക്കുഭാഗത്തായി 11KV ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4. വിവിധ ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള L.Tലൈനുകൾ പരസ്പരം ബന്ധിപ്പിച്ച് വിതരണ ശൃംഖല ബലപ്പെടുത്തേണ്ടതുണ്ട്.
5. തെരുവുവിളക്കുകൾ കത്തിക്കുന്നതിന് ആവശ്യമായ ബൾബുകൾ വാങ്ങുന്ന കാര്യത്തിലും ഫ്യൂസാകുന്ന ബൾബുകൾ മാറ്റുന്ന കാര്യത്തിലും പഞ്ചായത്തിന് ഇടപെടാൻ കഴിയുന്ന തരത്തിൽ നിയമ ഭേദഗതികൾ ഉണ്ടാക്കേണ്ടതുണ്ട്.
6. തെരുവ് വിളക്കുകളുടെ ഷെയ്ഡുകളും മറ്റും നവീകരിക്കുന്നതിന് കെ. എസ്. ഇ. ബി. നടപടി എടുക്കേണ്ടതുണ്ട്.
7. കെ. എസ്. ഇ. ബി. ജീവനക്കാർ തങ്ങളിലർപ്പിതമായ ജോലിയുടെ സങ്കീർണ്ണതയും പ്രാധാന്യവും ഉൾക്കൊണ്ട് കൂടുതൽ ഉത്തരവാദിത്വബോധത്തോടെ കാര്യനിർവ്വഹണം നടത്തേണ്ടതാണ്.
8. ദുർബ്ബലമായ പോസ്റ്റുകളും താഴ്ന്ന് കിടക്കുന്ന ലൈനുകളും അടിയന്തിര പ്രാധാന്യം നൽകികൊണ്ട് നവീകരിക്കുക.
9. റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
10. റോഡിന് സമീപം വീടുകൾ ഉള്ളവർ പൂമുഖങ്ങളിൽ ബൾബുകൾ സ്ഥാപിക്കുമ്പോൾ വഴിയിൽ ഇരുട്ടിൽ തപ്പുന്ന യാത്രക്കാരനെ ഓർക്കുക. അല്പം പ്രകാശം വഴിയിലേക്കും ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.

## വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിന് നമുക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ

1. ലൈനുകളിൽ തൊട്ടുനില്ക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റുക.
2. വൈദ്യുതി പാചക ഉപയോഗത്തിന് ഉപയോഗിക്കാതിരിക്കുക.
3. കൂടെക്കൂടെ ഇസ്തിരിപ്പെട്ടി ചൂടാക്കാൻ അവസരം നൽകാതെ വസ്ത്രങ്ങൾ ഇസ്തിരിചെയ്യൽ കഴിവതും ഒന്നിച്ചു ചെയ്യുക.
4. അനാവശ്യമായി മുറികളിൽ വിളക്കുകൾ പ്രകാശിപ്പിക്കാതിരിക്കുക. ഫാനുകൾ കറക്കാതിരിക്കുക.
5. ബൾബുകൾക്ക് പകരംകുറഞ്ഞ വൈദ്യുതിയും, കൂടുതൽ പ്രകാശവും പരത്തുന്ന ഇലക്ട്രോണിക്സ് ചോക്കുകളോടുകൂടിയ ട്യൂബ്ലൈറ്റുകൾ പരമാവധി സ്ഥാപിക്കുക.
6. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന ഊർജ്ജ പ്രതിസന്ധിയെക്കുറിച്ചും, ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവത്ക്കരിക്കുക.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

തോളൂർ പഞ്ചായത്തുൾപ്പെടുന്ന പുഴക്കൽ ബ്ലോക്ക് 1995-ൽ ഐ. ആർ. ഇ. പി. ബ്ലോക്കായി പ്രവർത്തിക്കുവാൻ തുടങ്ങി. പേരാമംഗലത്ത് അനർട്ടിന്റെ

ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അനർട്ടിന്റെ നേതൃത്വത്തിൽ പാരമ്പര്യേതര ഊർജ്ജ ഉപയോഗരീതികളെ പറ്റി പ്രചരിപ്പിക്കുന്നതിന് ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. പുകയില്ലാത്തതും, ഇന്ധനക്ഷമത കൂടിയതുമായ അടുപ്പുകൾ.

വീട്ടമ്മമാരുടെ ആരോഗ്യത്തെ കാർന്നുതിന്നുന്ന പുകശല്യത്തിൽനിന്ന് മോചനം ലഭിക്കുന്നതും, കൂടുതൽ ഇന്ധനക്ഷമത ലഭിക്കുന്നതുമായ ഇത്തരം അടുപ്പുകൾക്ക് 345 രൂപ വിലവരുന്നു. സബ്സിഡി നിരക്കിൽ ഇത്തരം അടുപ്പുകൾ 60 രൂപക്കും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 40 രൂപക്കും സ്ഥാപിച്ചുകൊടുക്കുന്നു.

2. കാസ്റ്റ് അയേൺ അടുപ്പുകൾ

വീട്ടുകരുടെ സൗകര്യാർത്ഥം മാറ്റിസ്ഥാപിക്കാവുന്ന തരത്തിലുള്ള ഇത്തരം അടുപ്പുകൾ 200 രൂപ വിലവരുന്നത് 60 രൂപക്ക് നൽകിവരുന്നു.

3. സോളാർ കുക്കർ

സൂര്യന്റെ ചൂടുകൊണ്ട് പാചകം നടത്താൻ പറ്റുന്ന സൗകര്യം. 3 മണിക്കൂർ സൂര്യന്റെ താപം കൊണ്ട് എല്ലാതരം പാചകങ്ങളും ചെയ്യാം. 850 രൂപ സബ്സിഡി ലഭിക്കും.

4. സോളാർ ഡ്രൈയർ

6500 രൂപ വിലവരുന്ന സോളാർ ഡ്രൈയറിന് 2500 രൂപ സബ്സിഡി ലഭിക്കുന്നു. സോളാർ ഡ്രൈയർ കൊണ്ട് കൊപ്ര. ധാന്യങ്ങൾ, മത്സ്യം, കുരുമുളക് എന്നിവ ഉണക്കിയെടുക്കാൻ കഴിയും. നേരിട്ട് വെയിൽ പതിക്കാത്തതിനാൽ ഉണക്കുന്ന സാധനങ്ങളുടെ നിറം മാറി പോകുകയില്ല.

5. സൂര്യ റാന്തൽ

കയ്യിൽ കൊണ്ടുനടക്കാവുന്ന പോട്രോമാക്സ് പോലെയുള്ള ഉപകരണം, 3725 രൂപ വിലയുള്ള സൂര്യറാന്തൽ സബ്സിഡി കഴിച്ച് 1725 രൂപക്ക് ലഭിക്കുന്നു. കൂടാതെ ഒരു വർഷം ഗ്യാരന്റിയും ലഭിക്കുന്നു. പട്ടിക ജാതിക്കാർക്ക് കൂടുതൽ സബ്സിഡി ലഭിക്കുന്നതാണ്.

6. ഗാർഹിക സൂര്യ വിളക്ക്

ഒരു വീട്ടിൽ രണ്ട് ബൾബുകൾ പ്രകാശിപ്പിക്കുന്നതിനുള്ള മൊത്തം ചിലവ് വരുന്ന 9000 രൂപയിൽ 6000 രൂപയും സബ്സിഡി ആയി ലഭിക്കുന്നു.

**അനർട്ട് തോളൂർ പഞ്ചായത്തിൽ വിതരണം ചെയ്ത ഉപകരണങ്ങൾ**

| ഉപകരണത്തിന്റെ പേര് | എണ്ണം | | |
|---|---|---|---|
| | ജനറൽ | S. C. P. | ആകെ |
| 1. പുകയില്ലാത്ത അടുപ്പ് | 720 | | 720 |
| 2. വിറക് സ്റ്റൗവ് | 475 | 8 | 483 |
| 3. മണ്ണെണ്ണ സ്റ്റൗവ് | 250 | 24 | 274 |
| 4 പ്രഷർ കുക്കർ | 472 | | 472 |
| 5. ഇലക്ട്രോണിക്സ് ചോക്ക് | 125 | | 125 |
| 6. സി. എഫ്. എൽ. | 85 | | 85 |
| 7. കമ്മ്യൂണിറ്റി അടുപ്പ് (സ്ക്കൂളുകൾ) | 3 | | 3 |
| 8 സോളാർ റാന്തൽ | 8 | 7 | 15 |

Ps. 200 L. P. D. യുടെ സോളാർ വാട്ടർ ഹീറ്റർ തോളൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

**ഗ്രാമ സഭാ നിർദ്ദേശങ്ങൾ**

1. തെരുവ് വിളക്കുകൾ കൂടുതലായി സ്ഥാപിക്കണം.
2. അർഹമായ വീടുകൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നല്കണം.
3. കോളനി ലൈൻ, എൽ. എഫ്. സ്കൂൾ നടുവിൽ പാടം ലൈൻ, മങ്ങാട് റോഡ് ലൈൻ എന്നിവ ത്രീ ഫേസ് ആക്കണം.
4. സോളാർ ലൈറ്റുകൾ അനുവദിക്കണം.
5. ഇന്ധനക്ഷമതയുള്ള അടുപ്പുകൾ വിതരണം ചെയ്യണം.
6. കറന്റ് പോയാൽ വൈദ്യുതി എത്രയും പെട്ടെന്ന് പുന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

7. തോളൂർ കരുവാൻ പടി സെന്ററിലുള്ള ട്രാൻസ് ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കണം.
8. നാഗത്താൻ കാവിന് സമീപത്തുള്ള ട്രാൻസ് ഫോർമർ തറകെട്ടി സംരക്ഷിക്കണം.
9. മീറ്റർ റീഡിങ്ങ് മാസം തോറും എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
10 വരുമാനം മാനദണ്ഡമാക്കാതെ റേഷൻ കാർഡൊന്നിന് പാചക ആവശ്യത്തിനായി 20 ലിറ്റർ മണ്ണെണ്ണ അനുവദിക്കണം.
11. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
12. പാലക്കൻ തറയിൽ നിന്ന് വടക്കോട്ട് വരുന്ന ഹൈടെൻഷൻ ലൈൻ കെ.എൽ.ഡി.സി. ബണ്ടിനോട് ചേർത്ത് സ്ഥാപിക്കണം.
13. അയിനിക്കാട് റോഡിൽ സ്ഥിതിച്ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കണം.
14. ചാത്തൻകോൾതറയിൽ വന്നുനില്ക്കുന്ന മുതുവറ ഫീഡറിൽനിന്ന് പാലക്കൽ തറയിലേക്ക് കറണ്ട് ചാർജ്ജ് ചെയ്യുവാൻ സൗകര്യമുണ്ടാക്കണം.
15. സമീപപ്രദേശങ്ങളിലൊന്നും സർക്കാർ വക പാചകവിതരണ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പറപ്പൂരിൽ ഒരു സ്ഥാപനം ആരംഭിക്കണം.

നമ്മുടെ വീടുകളിൽ ഉപയോഗിച്ചുവരുന്ന പഴയതരം അടുപ്പുകളുടെ ദക്ഷത വെറും 20% മാത്രമാണ്. അതായത് 80% ചൂടും വെറുതെ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഈ പഞ്ചായത്തിൽ എല്ലാ വീടുകളിലും അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു സമയബ്ധിതപരിപാടി ആവിഷ്കരിക്കുന്നത് ഊർജ്ജസംരക്ഷണത്തിനായി നമുക്ക് ചെയ്യാവുന്ന ഏറ്റവും പ്രായോഗികമായ നടപടിയായിരിക്കും. ഇപ്പോൾ 800 ൽ പരം വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗോബർ ഗ്യാസ് പ്ലാന്റുകൾ പരമാവധി വീടുകളിൽ സ്ഥാപിക്കുന്നതും നന്നായിരിക്കും.

# ഗതാഗതം

തോളൂർ ഗ്രാമപഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ തൃപ്തികരമാണെന്ന് പറയുവാൻ നിർവ്വാഹമില്ല. പഞ്ചായത്തിന്റെ ഹൃദയഭാഗമായ പറപ്പൂരിൽ കൂടെ ജില്ലാതലസ്ഥാനമായ തൃശൂരിലേക്ക് 21 ബസ്സുകൾ ഓടുന്നുണ്ട്. എടക്കളത്തൂർ വഴി കെ. എസ്. ആർ. ടി. സി. ബസ്സ് അടക്കം രണ്ടു ബസ്സുകൾ ഓടുന്നുണ്ട്. പിന്നെ രണ്ടു ബസ്സുകൾ ഓരോ ട്രിപ്പ് വീതവും. പറപ്പൂർ കൈപറമ്പ് റോഡിലൂടെ ആറ് ബസ്സുകൾ ഓടികൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള എടക്കളത്തൂർ ഗ്രാമവാസികൾക്കും, തെക്കുകിഴക്കു ഭാഗത്തുള്ള മുള്ളൂർ, ഐനിക്കാട് നിവാസികൾക്കും പഞ്ചായത്ത്തല ഓഫീസുകൾ കേന്ദ്രീകരിച്ചിരിക്കുന്ന പറപ്പൂരിലേക്ക് വരുന്നതിനും തൃശൂർ പട്ടണത്തിലേക്ക് പോകുന്നതിനും ഒട്ടനവധി ക്ലേശങ്ങൾ ഉണ്ട്.

പറപ്പൂർ വഴി തൃശൂരിലേക്ക് പോകുന്ന ബസ്സുകൾ അധികവും അമല വഴിയാണ് പോകുന്നത്. അയ്യന്തോൾ വഴി പോകുന്ന ബസ്സുകളും, അടാട്ട് വഴി പോകുന്നവയും കുറവാണ്.

കാലത്ത് 9 മണിക്കും 10 മണിക്കും ഇടയിൽ ബസ്സുകളുടെ എണ്ണം കൂട്ടേണ്ടതുണ്ട്. ആ സമയത്ത് യാത്രക്കാർ ഒട്ടനവധി ക്ലേശങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്. രാത്രി 8 മണിക്ക് ശേഷം തൃശൂരിൽനിന്ന് പറപ്പൂർവഴി ബസ്സുകൾ കുറവാണ്. കെ. എസ്. ആർ. ടി. സി. ഗുരുവായൂർ ഡിപ്പോയിൽ നിന്ന് ദൂരെസ്ഥലത്തേക്ക് പോകുന്ന ഏതാനും ബസ്സുകൾ പറപ്പൂർ വഴി പോകുകയാണെങ്കിൽ പറപ്പൂരിലേയും പരിസരപ്രദേശത്തേയും യാത്രക്കാർക്ക് സൗകര്യമായിരിക്കും. കൂടുതൽ ബസ്സുകൾ പോന്നോർ വഴിയും പോകേണ്ടതുണ്ട്. എടക്കളത്തൂർ എം. എൽ. എ. റോഡു വഴിയും കൂടുതൽ ബസ്സുകൾ ഗതാഗതം നടത്തേണ്ടതുണ്ട്. പഞ്ചായത്തിൽ 50- ൽ പരം ഓട്ടോറിക്ഷകളും, 20-ൽ പരം ടാക്സികളും 10 ടെമ്പോകളും ഉണ്ട്. പറപ്പൂരിൽ ഓട്ടോറിക്ഷ ടാക്സി,

ടെമ്പോ എന്നിവ പാർക്ക് ചെയ്യുന്നതിന് സ്റ്റാന്റില്ല. റോഡ് സൈഡിലാണ് ഇവ പാർക്ക് ചെയ്യുന്നത്. ഇത് ഗതാഗത തടസ്സങ്ങൾ ഉണ്ടാക്കാറുണ്ട്. പറപ്പൂർ സെന്ററിൽനിന്ന് അധികം അകലെയല്ലാതെ ഒരു സ്റ്റാന്റു നിർമ്മിക്കേണ്ടതുണ്ട്.

യാത്രക്കാർക്ക് ബസ്സ് കാത്തുനില്ക്കാനുളള സൗകര്യം കുറവാണ്. അധികം യാത്രക്കാരുള്ള പ്രദേശങ്ങളിൽ വെയ്റ്റിംങ്ങ് ഷെഡ്ഡുകൾ പണിയേണ്ടതാണ്.

## റോഡുകൾ

നമ്മുടെ പഞ്ചായത്തിൽ $9^1/_2$ കിലോമീറ്റർ പി. ഡബ്ല്യൂ. ഡി. റോഡുകളും 74.4 കി. മീറ്റർ പഞ്ചായത്തുറോഡുകളും ഉണ്ട്. പഞ്ചായത്തു റോഡുകളെ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

| വാർഡ് | റോഡിന്റെ നീളം (കി. മീ) | ടാർ ചെയ്ത റോഡിന്റെ നീളം (കി. മീ) |
|---|---|---|
| 1 | 10.5 | 1.2 |
| 2 | 8.4 | 0.6 |
| 3 | 7.6 | 2.6 |
| 4 | 7.9 | 1.8 |
| 5 | 7.2 | 1.6 |
| 6 | 8.8 | 0.6 |
| 7 | 7.4 | 2.2 |
| 8 | 9.2 | 2.4 |
| 9 | 7.4 | 1.8 |
| ആകെ | 74.4 | 14.8 |

റോഡു നിർമ്മാണത്തിന് സർക്കാർ ഗ്രാന്റുകളായി ലഭിക്കുന്ന വി. ആർ. എം. ഗ്രാന്റ് (വില്ലേജ് റോഡ് മെയ്ന്റനൻസ് ഗ്രാന്റ്) ജെ. ആർ. വൈ, പഞ്ചായത്തിന്റെ സ്വന്തം ഫണ്ട് എന്നീ ഫണ്ടുകളാണ് ഉപയോഗിക്കാറുള്ളത്. എം. എൽ. എ. മാർ വഴി പ്രകൃതി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിക്കുന്ന തുകകളും റോഡുനിർമ്മാണത്തിന് ഉപയോഗിക്കാറുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് തോളൂർ പഞ്ചായത്തിന് ലഭിച്ച വി. ആർ. എം., ഉപാധിരഹിത ഫണ്ട്, ജെ. ആർ. വൈ. എന്നീ ഗ്രാന്റുകളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

ഉപാധിരഹിത ഫണ്ട്

| | വി.ആർ.എം. | ജനറൽ | എസ്. സി. പി. | JRY |
|---|---|---|---|---|
| 91 - 92 | 44315 | 1,25,000 | 51000 | 3,14964 |
| 92-93 | 43430 | 1,20,000 | 64500 | 3,00910 |
| 93-94 | 42217 | 1,35,000 | 60000 | 3,64317 |
| 94-95 | 41907 | 1,22,600 | 70000 | 2,34396 |
| 95-96 | 41574 | 1,68,300 | 1,06,400 | 2,94339 |

## പ്രശ്നങ്ങൾ

1. കഴിഞ്ഞ ഒരു പതിറ്റാണ്ട് കാലത്ത് വാഹനങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് അനുസരിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നതിനോ, ഉള്ളവ അറ്റകുറ്റപണികൾ നടത്തുന്നതിനോ വേണ്ട വിഭവങ്ങൾ കണ്ടെത്താൻ കഴിയുന്നില്ല.
2. ഗ്രാമീണ റോഡുകളുടെ ഇരുവശങ്ങളിലും വ്യാപകമായ രീതിയിൽ കൈയ്യേറ്റം നടത്തുന്നു.
3. കാനകൾ തൂർക്കുന്ന പ്രവണത പരക്കെ നിലനില്ക്കുന്നു റോഡുകൾ പെട്ടെന്ന് കേടുവരുത്തുന്നതിന് ഇതു കാരണമാകുന്നു.
4. ജെ. ആർ. വൈ നിർമ്മാണപ്രവർത്തികൾ കരാറുകാരെ ഒഴിവാക്കി ഗുണഭോക്താക്കളുടെ കമ്മിറ്റി നേരിട്ടു നടപ്പാക്കുന്നതിനാണ് നിയമമെങ്കിലും ഫലത്തിൽ അങ്ങിനെ ചെയ്യാൻ കഴിയാറില്ല.
5. ജെ. ആർ. വൈ പദ്ധതിയിൽ അനുവദിക്കുന്ന സംഖ്യകൾ പല ഘട്ടങ്ങളിലായാണ് ലഭിക്കുന്നത്. നിർമ്മാണപ്രവർത്തിയുടെ എസ്റ്റിമേറ്റ് സംഖ്യുടെ പകുതി തുക പല ഘട്ടങ്ങളായി അഡ്വാൻസ് കൊടുക്കാൻ നിയമമുണ്ടെങ്കിലും ബാക്കി

സംഖ്യയുടെ ഫൈനൽ ബിൽ ലഭിച്ചതിനുശേഷം മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. ചുരുക്കത്തിൽ നിർമ്മാണപ്രവർത്തിക്ക് ഗുണഭോക്തൃ കമ്മിറ്റി മുൻകൂറായി പണം കണ്ടെത്തേണ്ടതുണ്ട്. ഇതിനു കഴിയാത്തതിനാൽ കരാറുകാരെ ഏല്പിക്കാൻ നിർബന്ധിതരാകുന്നു.

6. പി. ഡബ്ല്യൂ. ഡി. റെയ്റ്റ് ലോക്കൽ റെയ്റ്റുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. അതുകൊണ്ട് ഗുണഭോക്തൃകമ്മറ്റിക്ക് പ്രവൃത്തികൾ നേരിട്ടു ചെയ്യുവാൻ കഴിയുന്നില്ല.

## സാധ്യതകളും പരിഹാരങ്ങളും

1. റോഡുനിർമ്മാണ രംഗത്ത് നിലനില്ക്കുന്ന അഴിമതി ദൂരീകരിക്കാൻ കഴിഞ്ഞാൽ അതുവഴി തന്നെ കൂടുതൽ വിഭവം സമാഹരിക്കുവാൻ കഴിയും. ജനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്ന വികസനപ്രവർത്തനമാണ് റോഡുനിർമ്മാണം. അതുകൊണ്ടുതന്നെ ജനകീയ പങ്കാളിത്തം ഉറപ്പാക്കുവാനും ജനങ്ങളുടെ ശേഷി സമാഹരിച്ച് ഉപയോഗിക്കുവാനും ധാരാളം സാധ്യതകൾ ഈ രംഗത്തുണ്ട്.
2. റോഡു കൈയ്യേറ്റം ഒഴിവാക്കുന്നതിന് റവന്യൂ അധികൃതരുടെ സഹായം അത്യന്താപേക്ഷിതമാണ്. റോഡ് അളന്നു തിട്ടപ്പെടുത്തുന്നതിന് ഇന്നു നിലനില്ക്കുന്ന നിയമത്തിന്റെ നൂലാമാലകൾ ഒഴിവാക്കേണ്ടതുണ്ട്.
3. കാനകളിൽ തടസ്സം ഉണ്ടാക്കാതെ ശ്രദ്ധിക്കുന്ന പ്രവണത പൊതുജനങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.
4. ജെ. ആർ. വൈ നിർമ്മാണത്തിലെ ചട്ടങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.
5. പി. ഡബ്ല്യൂ. ഡി. റെയ്റ്റുകൾ കാലോചിതമായി മാറ്റേണ്ടതാണ്.
6. പറപ്പൂർ മുതൽ തോളൂർ സെൻറർ വരെയുള്ള പി. ഡബ്ല്യൂ. ഡി. റോഡ് അടിയന്തിരമായും നന്നാക്കേണ്ടതുണ്ട്.
7. മൂക്കോല, ആളൂർ, എം. എൽ. എ. റോഡ് റീടാറിംഗ് നടത്തേണ്ടതുണ്ട്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

## ഗതാഗതം - റോഡ്

### വാർഡ് - 1

1. മെഡിക്കൽ കോളേജിൽ നിന്ന് ഗുരുവായൂരിലേക്ക് മുണ്ടൂർ, പോന്നോർ ശിവനട, എടക്കളത്തൂർ, ആളൂർ വഴി ബസ്സ് ഗതാഗതം വേണം.
2. മെഡിക്കൽ കോളേജ് ബസ്സുകൾ എടക്കളത്തൂർവരെ നീട്ടണം.
3. നിലവിലുള്ള കെ. എസ്. ആർ. ടി. സി. ബസ്സ് കൃത്യമായി ഓടുമെന്ന് ഉറപ്പുവരുത്തണം.
4. അമ്പലനട പോസ്റ്റോഫീസ് റോഡ് ടാർ ചെയ്യുക.
5. പടിഞ്ഞാറെപ്പാടം - വാക റോഡ് നിർമ്മിക്കുക.
6. ചെറുമുക്ക് റോഡ് വീതികൂട്ടണം.
7. വടക്കേകുന്നത്തുനിന്ന് അമ്പലപ്പറമ്പ് മുറിഞ്ഞുകടക്കുന്ന റോഡ് പുനർനിർമ്മാണം ചെയ്യണം.
8. പഴമുക്ക് കോളനിറോഡ് നന്നാക്കണം.
9. എം. എൽ. എ. റോഡ് (PWD) അടിയന്തിരമായി റിപ്പയർ ചെയ്യണം.

### വാർഡ് II

1. എടക്കളത്തൂരും, ബന്ധിപ്പിക്കുന്ന തോടുകുളം പാടശേഖരത്തിലൂടെ ബണ്ട് റോഡ് നിർമ്മിക്കുക.
2. തോളൂർ മാവിൻ ചുവടുമുതൽ റെയിൽവെ ക്രോസ് വരെയുള്ള മെറ്റൽറോഡ് ടാർ ചെയ്യുക.
3. കോളനി സെന്ററിൽനിന്ന് ആരംഭിക്കുന്ന ചെറുവത്തൂർ റോഡ് ടാർ ചെയ്യുക.
4. തെക്കേപുറം കോളനിവഴി - മേഞ്ചിറ പാടശേഖരത്തിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.
5. മുതുവന്നൂർ റോഡ് നന്നാക്കണം.
6. വെട്ടത്ത് റോഡ് - മേഞ്ചിറയിലേക്ക് നീട്ടി പുനർനിമ്മാണം നടത്തണം.
7. തോപ്പിൽക്കാരുടെ കയ്യാലവഴി മേഞ്ചിറയിലേക്ക് വാഹനഗതാഗതത്തിന് യോഗ്യമായ റോഡ് നിർമ്മിക്കുക.

8. കാഞ്ഞിരക്കടവ് റോഡ് (മേഞ്ചിറയിലേക്ക്) സഞ്ചാരയോഗ്യമാക്കുക.

വാർഡ് 3

1. പോന്നോർ, ആണ്ടപറമ്പ്, മീഞ്ചന്ത (ശിവനട റോഡ്) റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
2. ലക്ഷംവീട് ലിറ്റിൽഫ്ലവർ ലിങ്ക് റോഡിന്റെ അറ്റകുറ്റപണികൾക്ക് മുൻഗണന നല്കുക.
3. പാമ്പുങ്ങൽ റോഡ് വീതികൂട്ടി സംരക്ഷിക്കുക.
4. കരുവാൻറോഡ് റിപ്പയർ ചെയ്ത് പോന്നോർ താഴം പടവിലേക്ക് കൃഷിക്കാർക്ക് പോകാൻ സൗകര്യമുണ്ടാക്കുക.
5. ലിറ്റിൽഫ്ലവർ റോഡ്, നടുവിൽപാടം എന്നീ റോഡുകളുടെ ബാക്കി ഭാഗം ടാർ ചെയ്യുക.
6. ആനക്കോട്ട് റോഡ് റിപ്പയർ ചെയ്യുക.
7. പോന്നോർ താഴം ലിങ്ക് റോഡിന്റെ ബാക്കി പണികൾ പൂർത്തിയാക്കുക.
8. പാമ്പുങ്ങൽ റോഡിൽനിന്ന് പോന്നോർ താഴത്തേക്കുള്ള ലിങ്ക് റോഡ് റിപ്പയർ ചെയ്യുക.

വാർഡ് 4

1. എൽ. എഫ്. റോഡിന്റെ അടുത്തുനിന്ന് തെക്കോട്ട് നടുവിൽപാടത്ത് കൃഷിസൗകര്യത്തിനും വാഹനം പോകുന്നതിനുമായി ഫാംറോഡ് നിർമ്മിക്കുക.
2. തെക്കുംപുറത്ത് കടവാരത്ത് കുളം കുത്തുകയും ആ മണ്ണ് ഫാംറോഡിന് ഉപയോഗിക്കുകയും ചെയ്യാം.
3. ജനതറോഡ്, മങ്ങാട് - കക്കാട് റോഡ് ഇവ ഉയർത്തി സഞ്ചാരയോഗ്യമാക്കുക.
4. എൽ. എഫ്. സ്കൂൾ റോഡ് തെക്കുംപുറം റോഡ്, മങ്ങാടു കക്കാടു റോഡുമായി ബന്ധിപ്പിക്കുക.
5. മൂക്കോല, തോളൂർ റോഡ് വീതികൂട്ടി ടാർ ചെയ്യുക.
6. കോളനി റോഡിൽ നിന്ന് തോട്ടപ്പാൻ മാരാർ കോളിലേക്ക് വെട്ടിക്കുളം ഭാഗത്തുകൂടി റോഡ് നിർമ്മിക്കുക.
7. കോളനി, ശവക്കോട്ട ലിങ്ക് റോഡ് നന്നാക്കണം.
8. L. F. സ്ക്കൂൾ റോഡ് ജങ്ങ്ഷനിൽ ബസ് സ്റ്റോപ്പ് വേണം.

വാർഡ് 5

1. പാണേങ്ങാടൻ റോഡ് ടാർ ചെയ്യുക.
2. പണി തുടങ്ങിവെച്ച മുളയ്ക്കൽ റോഡ് പിള്ളാട്ടിൽ റോഡുമായി ബന്ധിപ്പിക്കുക.
3. പിള്ളാട്ടിൽ റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
4. കാളിപ്പാടത്തേക്കുള്ള പുറമ്പോക്കു വഴി തെളിയിച്ച് നന്നാക്കുക.
5. പിഷാരിയേക്കൽ, റോഡും പാലവും ഫൂട് ബ്രിഡ്ജും നിർമ്മിക്കുക.
6. പിഷാരിയേക്കൽ റോഡും, ചിരിയങ്കണ്ടത്ത് പാടവുമായി ബന്ധിപ്പിക്കുക.
7. തോളൂർ കുരിശുപള്ളിയുടെ സൈഡിൽകൂടി പോകുന്ന റോഡ് കാളിപ്പാടത്തേക്ക് എത്തിക്കുക.
8. കരുവാൻമൂലയിൽ നിന്ന് തുടങ്ങുന്ന റോഡ് തോടുവക്കത്തുള്ള മാവുകൾ മുറിച്ചുമാറ്റി ഗതാഗതയോഗ്യമാക്കുക.
9. ഷാരിയേക്കൽ കുളത്തിന്റെ തർക്കം പരിഹരിച്ച് ഉപയോഗപ്രദമാക്കുക.
10. റോഡുകളുടെ നടുക്ക് നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലേക്ക് മാറ്റുകയും, കാനകൾ വൃത്തിയാക്കുകയും വേണം.
11. കൈപ്പറമ്പ്, പറപ്പൂർ റോഡ് (PWD) ശോചനീയാവസ്ഥ പരിഹരിക്കുക.
12. തോളൂർ സെന്റർ, പറപ്പൂർ സെന്റർ എന്നിവിടങ്ങളിൽ ബസ്സ്റ്റോപ്പ് നിർമ്മിക്കുക.

വാർഡ് 6

1. പള്ളിമുതൽ നാഗത്താൻക്കാവ് ചെല്ലിപ്പാടം റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
2. ബാങ്ക് മുതൽ ചോരോത റോഡ്, ചോരോത പാലം തുടങ്ങിയവയ്ക്ക് മുൻഗണന നൽകുക. റോഡ് ടാർ ചെയ്യുക.
3. നാഗത്താൻകാവ് ട്രാൻസ്ഫോമർ മുതൽ കുളിക്കടവ്

(മാക്ക്) വരെ റോഡ് സഞ്ചാരയോഗ്യമാക്കുക. മാക്ക് കുളിക്കടവ് പടവുകൾ കെട്ടി സ്ത്രീകൾക്കും, പുരുഷന്മാർക്കും വ്യത്യസ്തമായി തിരിക്കണം.

4. വാർഡിൽ പല റോഡുകളും വീതി കൂട്ടുകയും, റിപ്പയർ ചെയ്യുകയും വേണം.
5. തോളൂർ റോഡ്, അയ്യൻകുഴിപാലം വരെയുള്ള റോഡുകൾ കാനകോരി സഞ്ചാരയോഗ്യമാക്കുക.
6. ടെമ്പോ, ടാക്സി, സ്റ്റാന്റ് പഞ്ചായത്തിൽ അത്യാവശ്യമാണ്. റോഡിന്റെ ഇരുവശങ്ങളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുകൊണ്ട് വളരെയധികം അപകടങ്ങളും, ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. ഈ വിഷയം ഗൗരവമായി എടുക്കണം.

## വാർഡ് 7

1. ഓട്ടുകമ്പനിയുടെ പടിഞ്ഞാറു ഭാഗത്തുകൂടി ചാലക്കൽ പാടത്തേക്ക് പോകുന്ന വഴി വാഹനഗതാഗത യോഗ്യമാക്കണം.
2. കോതമംഗലശ്ശേരി കുന്നത്ത് റോഡ് നന്നാക്കുക.
3. ചാലക്കൽപാടം മിച്ചഭൂമിയിൽനിന്ന് ചാലക്കലിലേക്ക് പുതിയതായി ഒരു റോഡ് നിർമ്മിക്കുക.
4. കോതമംഗലശ്ശേരിയിൽ നിന്ന് മാമ്പ്രത്തേക്ക് റോഡ് നിർമ്മിക്കുക.
5. പള്ളി ഭാഗത്തുനിന്ന് കുർനിപാടത്തേക്ക് ഉള്ള വഴി റിപ്പയർ ചെയ്യുക, പഴയ ചന്തയിൽ നിന്ന് ഹൈസ്ക്കൂൾവരെ ടാർ ചെയ്യുക.

## വാർഡ് 8

ആലപ്പാടൻറോഡ്, മനപ്പാട്ട് പറമ്പ്, അംബേദ്കർ കോളനി റോഡ്, കോലത്താട് കളരിക്കൽ എന്നീ റോഡുകൾ റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

## വാർഡ് 9

1. മുള്ളൂർ റോഡിൽ ബസ്സപകടം ഉണ്ടായ സ്ഥലത്ത് സൈഡു കെട്ടി ഉയർത്തുക.
2. പടിഞ്ഞാറ്റുമുറി റോഡിന്റെ വീതി കൂട്ടി റിപ്പയർ ചെയ്യുക.
3. മുള്ളൂർ ബണ്ട് കൃഷിക്കാരുടെ സൗകര്യാർത്ഥം കോച്ചാംപാറ റോഡുമായി ബന്ധിപ്പിക്കുക.
4. ഐനിക്കാട് കരയിലേക്ക് ചെല്ലുന്ന റോഡ് വീതികൂട്ടി അമ്പലം വരെ ഗതാഗതയോഗ്യമാക്കുക.
5. തെക്കെ പുളിഞ്ചേരി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക.
6. മുള്ളൂർകുന്ന് റോഡ് റിപ്പയർ ചെയ്യുക.
7. മുള്ളൂർ തെക്കെ ഭാഗത്തുനിന്നും അടാട്ട് അമ്പലംകാവ് വരെ പുതിയ റോഡ് നിർമ്മക്കുക
8. മുള്ളൂർ റോഡ് റീടാർ ചെയ്യുക.
9. മുള്ളൂരിലേക്ക് ബസ്സ് അനുവദിക്കുക.
10. പടിഞ്ഞാറ്റ് മുറിയിൽനിന്ന് ഗ്രൗണ്ടിലേക്ക് റോഡ് നിർമ്മിക്കുക.
11. മുള്ളൂർ പടിഞ്ഞാറ്റുമുറി റോഡ് ടാർ ചെയ്യുക.

# 8 സഹകരണം

ജനകീയാവാശ്യങ്ങൾ വർദ്ധിക്കുകയും സ്വന്തം നിലയിൽ നേടിയെടുക്കാൻ കഴിയാത്ത കാര്യങ്ങൾ കൂട്ടായ്മയിലൂടെ നേടാനാവുമെന്നറിയുകയും ചെയ്തപ്പോൾ മുതൽ സഹകരണപ്രസ്ഥാനത്തിന് സമൂഹത്തിൽ വേരോട്ടമുണ്ടായിട്ടുണ്ട്. ഇന്നു നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും, ജനകീയ അംഗീകാരത്തോടെ തലയുയർത്തി നില്ക്കുന്ന ഒരു മേഖലയാണിത്. ലളിതമായ സാധാരണക്കാരനു പോലും പ്രാപ്യമായ നിബന്ധനകളോടെയാണിവ പ്രവർത്തിക്കുന്നത് എന്നതാണ് ഇതിനെ ജനപ്രിയമേഖലയാക്കി മാറ്റുന്ന മുഖ്യഘടകം.

1943 നു മുമ്പ് പരസ്പരസഹായ സഹകരണ സംഘം എന്ന ഒരു സ്ഥാപനം ഇവിടെ പ്രവർത്തിച്ചിരുന്നു. കാർഷിക മേഖലയിലും, പൊതുവിതരണ രംഗത്തും പ്രവർത്തിച്ചിരുന്ന ആ സ്ഥാപനം ലിക്വിഡേറ്റ് ചെയ്തുപോകുകയാണുണ്ടായത്. തോളൂർ പഞ്ചായത്തിന്റെ സ്ഥിരകേന്ദ്രമായ പറപ്പൂരിൽ ഇപ്പോൾ മൂന്ന് സഹകരണസംഘങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പറപ്പൂർ ഹൈസ്ക്കൂളിലും കുട്ടികളുടെ ഒരു സഹകരണസംഘം പ്രവർത്തിച്ചു വരുന്നു.

1. **പറപ്പൂർ 474-ാം നമ്പർ സർവ്വീസ് <u>സഹകരണ ബാങ്ക്</u>**

1943-ൽ തുടങ്ങിയ ഈ സ്ഥാപനം തോളൂർ പഞ്ചായത്തിലെ കർഷകരുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് കാർഷിക വ്യവസായ പരസ്പര സഹായ സംഘമായി രജിസ്റ്റർ ചെയ്യുകയും, പിന്നീട് 1962 മുതൽ സർവ്വീസ് സഹകരണസംഘമായും, 1976-ൽ സർവ്വീസ് സഹകരണബാങ്കായും വളർന്നു സേവനം നടത്തികൊണ്ടിരിക്കുന്നു. തുടക്കത്തിൽ കുറച്ച് അംഗങ്ങൾ മാത്രം ഉണ്ടായിരുന്ന ഈ സ്ഥാപനത്തിൽ ഇന്ന് 10947 അംഗങ്ങളും പോന്നോരിൽ ഒരു ബ്രാഞ്ചും നാല് കോടി രൂപയോളം ഡെപ്പോസിറ്റും ഉണ്ട്. ഈ

സർവ്വീസ് സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

474 -ാം നമ്പർ സർവ്വീസ് സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

പട്ടിക 8.1

| പ്രവർത്തനം ആരംഭിച്ച വർഷം | സംഘത്തിന്റെ സ്വഭാവം | ആകെ അംഗങ്ങൾ | ഒരു ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പരമാവധി കടമെടുക്കാവുന്ന തുക | പൊതുനിക്ഷേപം | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | സ്ഥിരം | ഹ്രസ്വകാലം |
| 12 - 10 - 1943 | ക്രെഡിറ്റ് | 10947 | Rs. 10 /- | Rs. 30,00,000/- | Rs. 23,33,030/- | Rs. 50,000/- | Rs. 11,75,80,631/- | Rs. 3,2929,593/- | Rs. 30,48,634 . 02/- |

ഈ ബാങ്കിന്റെ മേൽനോട്ടത്തിൽ കൃഷിചെയ്യുന്ന രണ്ടായിരം ഏക്കറോളം ഭൂമിയുണ്ട്. നെൽകൃഷി പണി എളുപ്പമാക്കുന്നതിനുവേണ്ടി ഒമ്പതു പടവുകളാക്കി തിരിച്ചിട്ടുണ്ട്. ഓരോ പടവുകളിലേയും നെൽകൃഷി പണിയുടെ മേൽനോട്ടം വഹിക്കുന്നത് ഒമ്പതംഗ കമ്മറ്റികളും അതിൽനിന്ന് തിരഞ്ഞെടുക്കുന്ന കൺവീനർമാരുമാണ്. ഈ സംവിധാനം വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു കാർഷിക മേഖലയായ ഈ ഗ്രാമപഞ്ചായത്തിലെ സ്ഥാപനം എന്ന നിലക്ക് ഈ സംഘത്തിന്റെ മുഖ്യശക്തി സ്രോതസ്സ് ഇവിടുത്തെ കർഷകരാണ്. അവരുടെ താല്പര്യ സംരക്ഷണത്തിലൂടെ മാത്രമേ ഈ സഹകരണ സംഘത്തിന് കൂടുതൽ പുരോഗതി നേടാനാവൂ എന്നതിനാൽ കാർഷികമേഖലയെ കുറെക്കൂടി കാര്യക്ഷമമാക്കാനുള്ള സംരംഭങ്ങൾക്ക് ഇനിയും രൂപം നൽകേണ്ടതുണ്ട്. പ്രത്യേകിച്ചും ജലസേചന ഉല്പന്ന വിപണന മേഖലകളിൽ ഈ സംഘം വിളവെടുപ്പ് സീസണിൽ നെല്ല് സംഭരിക്കാറുണ്ട്. എന്നാൽ ടി നെല്ല് സംസ്കരിച്ച് അരിയാക്കി വിപണനം ചെയ്യാറില്ല. ഇതിനാവശ്യമായ സ്ഥലം സംഘത്തിന്റെ കീഴിൽ തന്നെയുണ്ട്. ഒരു കൊല്ലം അയ്യായിരം ടൺ നെല്ല് പ്രാദേശികമായിതന്നെ സംഭരിക്കാറുണ്ട്. മില്ലും, കളവും നിർമ്മിച്ചാൽ അരിയുല്പാദനം നടത്താവുന്നതാണ്. അരി കേരളീയരുടെ മുഖ്യാഹാരമായതിനാൽ മാർക്കറ്റിംഗ് ഒരു പ്രശ്നമാവില്ല. ഉപോല്പന്നമായ തവിട് ഇവിടെ ധാരാളം മൃഗപരിപാലകരുള്ളതിനാൽ ചിലവഴിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നും തോന്നുന്നില്ല. ഇവിടെ നിന്നുതന്നെ കൊപ്രപിണ്ണാക്ക് ലഭിക്കാനവസരമുള്ളതിനാൽ തവിടുമായി ചേർത്ത് കാലിത്തീറ്റ നിർമ്മാണസാദ്ധ്യതയും ആരായാവുന്നതാണ്. തൽമൂലം തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനു പുറമെ കർഷകർക്ക് ഗുണകരമാവുകയും ചെയ്യും.

ഈ സഹകരണബാങ്കിൽനിന്ന് പലവിധ ത്തിലുള്ള വായ്പകൾ നൽകിവരുന്നുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിൽനിന്നും വിവിധയിനം വായ്പകളെ കുറിച്ചുള്ള ഒരു ഏകദേശം ചിത്രം ലഭിക്കും.

## നല്കിയ വായ്പകൾ സംബന്ധിച്ച പട്ടിക
## പട്ടിക 2

| കാർഷിക വായ്പ | മറ്റ് വായ്പകൾ | | | പ്രത്യേക വായ്പകൾ | | | | |
|---|---|---|---|---|---|---|---|---|
| വിളവായ്പ | സാധാരണ വായ്പ | സ്വർണ്ണ പണയ വായ്പ | F. D. ലോൺ കൈപ്പട വായപ | IRDP | കിണർ വായ്പ | വ്യവസായ വായ്പ | ഡയറി ഡെവലപ് മെൻറ് | ടൈൽസ് റൂഫ് സെപ്റ്റിക് ലാട്രിൻ |
| Rs. 11,06,636/- | Rs. 2,03,81,301/- | Rs. 84,91,590/- | Rs. 12,07,371/- | Rs. 4,86,489/- | Rs. 3,25,642/- | Rs. 8,818/- | Rs. 18,903/- | Rs. 11,351/- |

കർഷകർക്ക് ആവശ്യമുള്ള വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയും വസ്ത്ര വ്യാപാരവും ഈ സംഘം നടത്തിവരുന്നുണ്ട്.

ബാങ്കിൽനിന്നും കൊടുക്കുന്ന ഐ. ആർ. ഡി. പി. വായ്പകൾ ലഭിക്കുന്നവർ 90% പേരും ശരിക്ക് ഉപയോഗപെടുത്താതെ ദുർവിനിയോഗം

ചെയ്തുവരുന്നതായാണ് അനുഭവമുള്ളത് മറ്റു വായ്പകൾ എടുത്തവരിൽ ചിലരും കുടിശ്ശിക വരുത്തുന്നുണ്ട്. തൻമൂലം വായ്പ തിരിച്ചടക്കാതെ അത് ഭാരിച്ച കടബാധ്യതയായിത്തീരുന്നു. അതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം വായ്പകൾ നൽകാനുള്ള ക്രമീകരണങ്ങൾ നടപ്പാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് വിവിധയിനം വായ്പകൾ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തതിന്റെ ചിത്രം വ്യക്തമാകും.

**പിരിഞ്ഞുകിട്ടാനുള്ള കാലാവധി കഴിഞ്ഞ വായ്പകൾ പട്ടിക 8.3**

| വായ്പാസ്വഭാവം | തുക |
|---|---|
| 1 കാർഷിക ഹ്രസ്വകാല വായ്പ | 426206 രൂപ |
| 2 ഐ. ആർ. ഡി. പി. വായ്പ | 251466 രൂപ |
| 3 മദ്ധ്യകാല - ദീർഘകാല വായ്പ | 14787 രൂപ |
| 4 സാധാരണ വായ്പ | 7043135 രൂപ |

ഈ സംഘത്തിൽ വിവിധയിനം ചിട്ടികൾ, ആർ. ഡി., ഡി. ഡി., സ്ഥിരനിക്ഷേപങ്ങൾ, സേവിങ്ങ്സ് അക്കൗണ്ട്, അഭിവർദ്ധിനി നിക്ഷേപങ്ങൾ എന്നിവയും നിലവിലുണ്ട്. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തിയെടുക്കാനും, അതുവഴി ജീവിത ഭദ്രത ഉറപ്പുവരുത്താനും ഇവ ഏറെ സഹായകരമാകുന്നുണ്ട്.

ഈ സംഘത്തിന്റെ മേൽനോട്ടത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കുകയാണെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സഹായകരമാകും. പറപ്പൂർ സെന്ററിൽ സഹകരണ ബാങ്കിന്റെ ഒരു സായാഹ്നശാഖ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ ആവർത്തന നിക്ഷേപങ്ങളും (R.D), ദിവസനിക്ഷേപങ്ങളും (D.D) ഇന്നുള്ളതിന്റെ ഇരട്ടിയെങ്കിലും വർദ്ധിപ്പിക്കാനാകും. സഹകരണസംഘങ്ങളിലെ നിക്ഷേപത്തുക ഇവിടെ തന്നെ വിതരണം ചെയ്യുന്നതുകൊണ്ടും നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ ലഭിക്കും എന്നതുകൊണ്ടും ജനങ്ങൾ സഹകരിക്കുമെന്നുറപ്പുണ്ട്.

ഈ സംഘം വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 8,4**

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| എൻ.സി.ഡി.സി | ഗോഡൗൺ പണിക്ക് | 20925/- |
| തൃശ്ശൂർ ജില്ല | ഹ്രസ്വകാല,ദീർഘ കാല കാർഷിക വായ്പ-ഐ. ആർ. ഡി. പി. വായ്പ | 1809328/ |
| സഹകരണ ബാങ്ക് | ഓവർ ഡ്രാഫ്റ്റ് | 239623273/- |

## ക്ഷീരവ്യവസായ സഹകരണ സംഘം

തോളൂർ പഞ്ചായത്തിലെ 5,6,7,8 എന്നീ വാർഡുകളാണ് ഈ സംഘത്തിന്റെ വ്യാപകാതിർത്തി കൂടുതൽ പേർക്ക് അംഗങ്ങളാകാനും പാലിന്റെ ലഭ്യത വർദ്ധിപ്പിക്കാനും ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നു രണ്ടിടങ്ങളിൽ കളക്ഷൻ സെന്ററുകളും തുടങ്ങണം. ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇതിനുവേണ്ടി സ്വന്തം കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നുണ്ട്. 1977 ൽ പ്രവർത്തനമാരംഭിച്ച ഇത് ബാലാരിഷ്ടതകൾ തരണം ചെയ്തു കഴിഞ്ഞു.

ഇപ്പോൾ ശരാശരി 550 ലിറ്റർ പാലാണ് പ്രതിദിനം ഈ സംഘത്തിൽ ലഭിക്കുന്നത്. 125 ലിറ്ററോളം ഈ പഞ്ചായത്തിനുള്ളിൽ തന്നെ വിതരണം ചെയ്യുകയും ബാക്കിയുള്ളത് കയറ്റി അയക്കുകയും ചെയ്യുന്നു. രാവിലെ മാത്രമെ പാൽ സംഭരണമുള്ളൂ. ആയത് ഉച്ചക്ക് ശേഷവും ആരംഭിക്കേണ്ടതാണ്. സംഘത്തിന് ഒറ്റക്ക് പാൽ സംസ്കരണ യൂണിറ്റും കാലിത്തീറ്റ ഉല്പാദനകേന്ദ്രവും തുടങ്ങാൻ കഴിയില്ലെങ്കിൽ ബ്ലോക്ക് തലത്തിലെങ്കിലും തുടങ്ങാനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്. അതുവഴി പാലുല്പാദകർക്ക് മായമില്ലാത്ത കാലിത്തീറ്റ ന്യായമായ വിലക്ക് കിട്ടുകയും പാലിന് കൂടുതൽ വില ലഭിക്കുകയും ചെയ്യും.

സംഘം വഴി തീറ്റപുൽ കൃഷിക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതും, കാവ മാടുകൾക്ക് അത്യാവശ്യം വേണ്ടതായ പോഷകമരുന്നുകൾ വിതരണം ചെയ്യുന്നതും സഹായകരമായിരിക്കും. പാലുല്പാദകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ വർഷവും ഗുണമേന്മയുള്ള കൂടുതൽ പാൽ അളക്കുന്ന കർഷകന് ഒരു പ്രോത്സാഹന സമ്മാനം നൽകുന്നത് നന്നായിരിക്കും.

## 3. പട്ടികജാതി സഹകരണസംഘം

1983-ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപന ത്തിൽകീഴിൽ ഒരു പ്രസ്സ് പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘം വഴി അംഗങ്ങൾക്ക് ചെറിയ തോതിൽ വായ്പകൾ നൽകുന്നുണ്ടെങ്കിലും ആയത് മുഴുവനായും വിജയിച്ചിട്ടില്ല. ഇപ്പോൾ ഒരു പ്രസ്സ് മാത്രമായി ചുരുങ്ങിയിരിക്കുന്ന ഈ സ്ഥാപനത്തിൽ പട്ടികജാതി സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് മെഴുകുതിരി നിർമ്മാണം, ടൈലറിംഗ്, കറിപൗഡർ നിർമ്മാണം തുടങ്ങിയ ചെറുകിടവ്യവസായങ്ങൾ വളരെ ഫലപ്രദമായി നടത്താവുന്നതാണ്. കൂടാതെ പ്രസ്സിനോടനുബന്ധിച്ച് ബുക്ക്ബൈന്റിംഗ് കൂടെ തുടങ്ങാനും, നോട്ടുബുക്കുകൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനും സാധ്യതയുണ്ട്. ഈ സംഘത്തിന്റെ കീഴിലുള്ള നെൽകൃഷി പ്പണിക്കാവശ്യമായ പവർ ട്രില്ലർ, കൃഷിയിറക്കുന്ന സീസണിൽ ഒരു ഡ്രൈവറെ നിയോഗിച്ച് വാടകയ്ക്ക് നൽകാവുന്നതാണ്. താഴെപ്പറയുന്ന മേഖലകളിലും, സഹകരണസംഘങ്ങൾ തുടങ്ങേണ്ടത് വളരെ അത്യാവശ്യമാണ്.

## 1. വൈരക്കൽ തൊഴിലാളി സഹകരണസംഘം

വളരെയധികം പേർ തൊഴിലെടുക്കുന്ന ഒരു മേഖലയാണിത്. ഇപ്പോഴിത് പ്രതിസന്ധി നേരിടുകയാണ്. തൊഴിലാളികളുടെ ക്ഷേമപ്രവർത്തന ങ്ങൾക്കായി ഒരു സഹകരണസംഘം ഈ മേഖലയിൽ തുടങ്ങുന്നത് ഉപകാരപ്രദമായിരിക്കും.

## 2. മത്സ്യസഹകരണസംഘം

കുറച്ചു വർഷങ്ങൾക്കുമുമ്പ് ഇവിടെ പ്രവർത്തി ച്ചിരുന്ന മത്സ്യസഹകരണ സംഘം ഇപ്പോൾ നില വിലില്ല. ധാരാളം ഉൾനാടൻ മത്സ്യസമ്പത്തുള്ള ഇവിടെ മത്സ്യബന്ധനവും, വിപണനവുമായി ബന്ധപ്പെട്ട് നൂറോളം പേർ ജീവിക്കുന്നുണ്ട്. ഒരു ചെറിയ ഐസ് പ്ലാന്റുകൂടി തുടങ്ങി ഇവിടെയുള്ള മത്സ്യസമ്പത്ത് വേണ്ടവിധം വിപണനം ചെയ്യാവുന്നതാണ്.

## 3. ഖാദിസഹകരണ സംഘങ്ങൾ

ഇവിടെ ഖാദി, നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങുകയാണെങ്കിൽ തൊഴിൽരഹിതരായ ധാരാളം സ്ത്രീകൾക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്. ഒമ്പതാം വാർഡിൽ ഇത്തരത്തിലുള്ള ശ്രമം നടന്നുവരുന്നുണ്ട്.

വളരെയേറെ സാധ്യതകളുള്ള മറ്റൊരു മേഖലയാണ് പച്ചക്കറി കൃഷി. ഇവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ആഴ്ച്ചയിലൊരിക്ക ലെങ്കിലും സംഭരിക്കാനും, വിപണനം ചെയ്യുവാനും ആഴ്ചചന്തകൾ ഒരുക്കാവുന്നതാണ്. 474-ാം നമ്പർ പറപ്പൂർ സഹകരണസംഘത്തിന് ഒഴിഞ്ഞുകിടക്കുന്ന മുറികളും, സ്ഥലങ്ങളും നൽകി തൽക്കാല ത്തേക്കെങ്കിലും ഈ സംരഭത്തെ സഹായിക്കാനാകും.

## പലഹാരനിർമ്മാണ യൂണിറ്റുകൾ

ചാരിറ്റബിൾ എന്റോവ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വനിതാ പലഹാര നിർമ്മാണ യൂണിറ്റുകൾ ഒന്നാം വാർഡിൽ നല്ല നിലയിൽ പ്രവർത്തനം നടത്തുന്നുണ്ട്. ചെറുകിട തൊഴിൽ സംരഭങ്ങൾക്ക് ഇത് പ്രോത്സാഹനജനകമായ കാര്യമാണ്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങി മറ്റുപല സംരഭങ്ങൾക്കും ചെറിയ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയാവുന്നതാണ്.

# 9 പാർപ്പിടം, സാമൂഹ്യക്ഷേമം

## പാർപ്പിടം

ഒരു ക്ഷേമരാഷ്ട്രത്തിൽ എല്ലാവർക്കും വീട് എന്ന ലക്ഷ്യം അനിവാര്യമായും, സാക്ഷാത്കരിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ മൊത്തം 3694 പാർപ്പിടങ്ങളാണുള്ളത്. ഇതിൽ എല്ലാ തരത്തിലുള്ള വീടുകളും ഉൾപ്പെടുന്നു. വീടില്ലാത്ത കുടുംബങ്ങളും ഉണ്ട്.

**തോളൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർപ്പിടങ്ങളുടേയും കെട്ടിടങ്ങളുടേയും സ്ഥിതി വിവര പട്ടിക**

| വാർഡ് | എണ്ണം | ഒന്നിൽ കൂടുതൽ നില | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 445 | 49 | 81 | 290 | 23 | 2 |
| 2 | 562 | 93 | 176 | 256 | 28 | 9 |
| 3 | 486 | 38 | 133 | 293 | 18 | 4 |
| 4 | 583 | 56 | 113 | 340 | 72 | 2 |
| 5 | 493 | 98 | 176 | 189 | 25 | 5 |
| 6 | 360 | 28 | 112 | 204 | 16 | |
| 7 | 626 | 76 | 97 | 438 | 15 | |
| 8 | 401 | 30 | 88 | 254 | 28 | 1 |
| 9 | 264 | 41 | 47 | 137 | 38 | 1 |
| ആകെ | 4220 | 509 | 1023 | 2401 | 263 | 24 |

പാർപ്പിടത്തിന്റെ ആവശ്യക്കാരായി പൊതുവിഭാഗത്തിൽ 205 കുടുംബങ്ങളും SC വിഭാഗത്തിൽ 110കുടുംബങ്ങളുണ്ട്. ഇവർ സ്വന്തമായി സ്ഥലം ഉള്ളവരും വീട് വെയ്ക്കാൻ സാമ്പത്തികസഹായം ആവശ്യമുള്ളവരും ആണ്. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾ വേറെയുമുണ്ട്.

ഈ പഞ്ചായത്ത് വളരെ വലിയൊരു പാർപ്പിടഭീഷണിയെ അഭിമുഖീകരിക്കുവാൻ പോകുകയാണ്. അഞ്ച്സെന്റിനും, പത്ത് സെന്റിനും ഇടയ്ക്ക് മാത്രം ഭൂമിയുള്ള 1032 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ കുടുംബങ്ങൾ പിളരുമ്പോൾ വലിയൊരു പാർപ്പിടപ്രശ്നം സംജാതമാകും.

**തോളൂർ പഞ്ചായത്തിൽ 5 സെന്റിനും 10 സെന്റിനും ഇടയ്ക്ക് ഭൂമിയുള്ളവർ-വില്ലേജ് അടിസ്ഥാനത്തിൽ**

| വില്ലേജിന്റെ പേര് | എണ്ണം |
|---|---|
| എടക്കളത്തൂർ | 584 |
| തോളൂർ | 384 |
| ചാലയ്ക്കൽ | 64 |
| ആകെ | 1032 |

ദുർബലവിഭാഗത്തിൽപെട്ട ഈ കുടുംബങ്ങൾക്ക് വീടുവെയ്ക്കാൻ സ്ഥലവും പണവും കണ്ടെത്തുക എന്നത് പ്രായേണ ദുഷ്കരമാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപരമായ പിന്നോക്കാവസ്ഥക്കും പകർച്ചവ്യാധികൾക്കും വഴിവെക്കുന്ന ഒരു ശുചിത്വപ്രശ്നവും പാപ്പിട പ്രശ്നത്തോടനുബന്ധമായി നിലനില്ക്കുന്നുണ്ട്. വീടുകൾക്ക് ശുചിത്വമുള്ള കക്കൂസ് ഇല്ല.

**തോളൂർ പഞ്ചായത്തിൽ വീട്, കക്കൂസ് എന്നിവ ഇല്ലാത്തവരുടെ ലിസ്റ്റ്.**

| | വീടില്ലാത്തവരുടെ എണ്ണം | | കക്കൂസ് ഇല്ലാത്തവരുടെ എണ്ണം | |
|---|---|---|---|---|
| വാർഡ് | പൊതു വിഭാഗം | SC വിഭാഗം | പൊതു വിഭാഗം | SC വിഭാഗം |
| 1 | 22 | 10 | 25 | 23 |
| 2 | 20 | 7 | 46 | 8 |
| 3 | 23 | 7 | 43 | - |
| 4 | 18 | 32 | 84 | 20 |
| 5 | 37 | 7 | 33 | 3 |

| | | | | |
|---|---|---|---|---|
| 6 | 18 | 7 | 20 | 24 |
| 7 | 22 | 10 | 23 | 9 |
| 8 | 20 | 10 | 24 | 12 |
| 9 | 25 | 20 | 33 | 27 |
| ആകെ | 205 | 110 | 331 | 126 |

**തോളൂർ പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങൾ**

| 1991-'92 | 1992-'93 | 1993-'94 | 1994-'95 | 1995-'96 |
|---|---|---|---|---|
| 3681 | 3756 | 3917 | 4120 | 4220 |

കെട്ടിടങ്ങളുടെ എണ്ണത്തിൽ അനുക്രമമായ വളർച്ച കാണുന്നുണ്ട്. കൃഷിഭൂമി മാരകമായ രീതിയിൽ കുറഞ്ഞുകൊണ്ടിരിക്കുന്നതിന് ഇതൊരു കാരണമാണ്.

പലരും കെട്ടിടനിർമ്മാണത്തിൽ അനാവശ്യമായ പ്രൗഢി കാണിക്കുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനതയാണ് ഇതിന് ഒരു കാരണം. ഇങ്ങനെ കോൺക്രീറ്റായി മാറിക്കൊണ്ടിരിക്കുന്നത് നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിന് ക്രിയാത്മകമായി ഉപയോഗിക്കാവുന്ന പണമാണ്. ഈ പണം നാടിന്റെ വികസനപ്രക്രിയകൾക്കുതകുന്ന വിധത്തിൽ വിനിയോഗിക്കാൻ സാധിക്കുകയാണെങ്കിൽ വ്യവസായ മേഖലയിൽ പുത്തൻ ഉണർവുണ്ടാകും.

സമൂഹത്തിലെ ദുർലഭ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ഹൗസിങ്ങ് ബോർഡ് നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതിയാണ് "രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി". പാർപ്പിട പ്രശ്നം ഏറ്റവും രൂക്ഷമായി അനുഭവിക്കുന്ന പാവപ്പെട്ടവരാണ് ഈ സ്കീമിൽ വായ്പക്ക് അപേക്ഷിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റി മുൻകൈയെടുത്ത് പാർപ്പിടത്തിന്റെ ആവശ്യക്കാരേയും ഹൗസിങ്ങ് ബോർഡിലെ ഉന്നത ഉദ്യോഗസ്ഥന്മാരേയും വിളിച്ചുകൂട്ടി ഒരു സെമിനാർ സംഘടിപ്പിച്ചു. പാർപ്പിടപ്രശ്നം പരിഹരിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹം തന്നെയാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നത്. എന്നാൽ സ്ഥലം പണയപ്പെടുത്തി ആവശ്യമായ എല്ലാ രേഖയും സമർപ്പിച്ച് കാത്തിരുന്നിട്ടും പലർക്കും വായ്പ നാളിതുവരെ ലഭിച്ചിട്ടില്ല.

ദുർബല വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് അവരുടെ ശുചിത്വമില്ലാത്ത കക്കൂസ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് Cost Ford ന്റെ സഹായം ലഭിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ശുചിത്വമുള്ള കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ട സാങ്കേതിക സാമ്പത്തിക സഹായം നല്കാമെന്ന് സംഘടന ഏറ്റിട്ടുണ്ട്. അധികം താമസിയാതെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ഈ പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ അഞ്ചെണ്ണമുണ്ട്. ഈ വീടുകൾ പണി തീർത്തിട്ട് 25 കൊല്ലം കഴിഞ്ഞു.

**തോളൂർ ഗ്രാമ പഞ്ചായത്തിലെ ലക്ഷം വീട് കോളനികൾ**

| വാർഡ് | സ്ഥലം | പേര് | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | എടക്കളത്തൂർ | ലക്ഷം വീട് കോളനി | 20 |
| 3 | പോന്നോർ | ലക്ഷം വീട് കോളനി | 20 |
| 6 | പറപ്പൂർ | ലക്ഷം വീട് കോളനി | 20 |
| 7 | പറപ്പൂർ | കോതാണശ്ശേരി OLH | 20 |
| 8 | പറപ്പൂർ | മടപ്പാട്ടുപറമ്പ്OLH | 24 |
| | | ആകെ | 104 |

മേൽ പറഞ്ഞവയിൽ 3,7,8 വാർഡുകളിലെ ലക്ഷം വീട് കോളനികളിലെ ഇരട്ടവീടുകൾ റിപ്പയറിങ്ങിന് ബുദ്ധിമുട്ടുള്ളവയും കലഹങ്ങൾക്ക് വഴി വെക്കുന്നവയുമാണ്.

1991 ൽ ഈ കോളനികൾ വൈദ്യുതീകരിച്ചു. 80 വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടുണ്ട്. ബാക്കി വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.

വീടുകൾക്ക് അടിയന്തിരമായി അറ്റകുറ്റ പണികൾക്കുള്ള സഹായം ആവശ്യമാണ്. എല്ലാ ലക്ഷം

വീട് കോളനികളിലും ശുദ്ധജലം ലഭ്യമാക്കാൻ ചില നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൊതുവെ നില തൃപ്തികരമല്ല. പ്രത്യേകിച്ച് ഒന്നാം വാർഡിലെ ലക്ഷം വീട് കോളനിയിൽ ശുദ്ധജല ലഭ്യത വളരെ കുറവാണ്.

ശുചിത്വമുള്ള കക്കൂസ് സൗകര്യം താരതമ്യേന കുറവാണ്. പട്ടയ ഇല്ലാത്തവർക്ക് പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നുണ്ട്. ഇതിനുള്ള സാങ്കേതികത്വം അവസാനിപ്പിക്കേണ്ടതാണ്.

<u>പ്രശ്നങ്ങൾ</u>

1.ഭവന നിർമ്മാണത്തിന് വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
2.ശുദ്ധജലം, കക്കൂസ് എന്നിവയുടെ അഭാവം
3. പട്ടയം ഇല്ലാത്തവരുടെ പാർപ്പിട പ്രശ്നം.
4.കോളനികളിലെ സൗകര്യക്കുറവ്.

<u>സാദ്ധ്യതകൾ</u>

ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പ്രത്യേക പരിശീലനം നേടിയ ഒരു ഗ്രൂപ്പ്, പഞ്ചായത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഭംഗിയായും സൗകര്യപ്രദമായും വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ഉണ്ടാക്കി പ്രസ്തുത ജോലി ഏറ്റെടുക്കുക. ഇതു വഴി ബിൽഡിംഗ് കൺസ്ട്രക്ഷൻ വിഭാഗത്തിൽ കുറെ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകും. നിർമ്മിതി കേന്ദ്രത്തിൽ ഇതിനായുള്ള പരിശീലനം ലഭിക്കുന്നതിന് ശ്രമിക്കാവുന്നതാണ്.

## <u>സാമൂഹ്യക്ഷേമം</u>

തോളൂർ ഗ്രാമ പഞ്ചായത്തിൽ ഐ.ആർ. ഡി. പി. സർവ്വെ ലിസ്റ്റ് പ്രകാരം 1518 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുണ്ട്. യാഥാർത്ഥ്യവുമായി ഇത് എത്ര മാത്രം പൊരുത്തപ്പെട്ട് പോകുന്നുണ്ടെന്നത് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

**തോളൂർഗ്രാമ പഞ്ചായത്തിലെ IRDP ഗുണഭോക്താക്ക ളുടെസ്ഥിതി വിവരം വാർഡടിസ്ഥാനത്തിൽ**

| വാർഡ് | കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | SC/ST | ആകെ | സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം | SC/ST | ആകെ |
|---|---|---|---|---|---|---|
| 1 | 214 | 26 | 240 | 20 | 10 | 30 |
| 2 | 194 | 18 | 212 | 25 | 15 | 40 |
| 3 | 169 | 9 | 178 | 18 | 3 | 21 |
| 4 | 219 | 32 | 251 | 20 | 14 | 34 |
| 5 | 179 | 25 | 204 | 35 | 15 | 50 |
| 6 | 123 | 25 | 148 | 34 | 14 | 48 |
| 7 | 190 | 31 | 221 | 26 | 16 | 42 |
| 8 | 126 | 29 | 155 | 36 | 18 | 54 |
| 9 | 117 | 10 | 127 | 31 | 20 | 51 |
| ആകെ | 1531 | 205 | 1656 | 245 | 125 | 370 |

കുറിപ്പ് ഐ. ആർ. ഡി. പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത എസ്. സി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ഐ. ആർ. ഡി. പി ആനുകൂല്യം നൽകിവരാറുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സാമൂഹ്യ ക്ഷേമത്തിനും വേണ്ടി പല വൻ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ദുർബല വിഭാഗത്തിൽ പ്പെട്ടവർക്ക് അനുവദിക്കപ്പെടുന്ന വായ്പകൾ കൊടുക്കുന്നതിന് ബാങ്കിങ്ങ് സ്ഥാപനങ്ങൾ പലപ്പോഴും വൈമുഖ്യം കാണിക്കുന്നു. വായ്പയെടുക്കുന്ന തുക തിരിച്ചടക്കാൻ നിശ്ചിത തൊഴിൽ ചെയ്യാൻ തന്നെ തുക ഉപയോഗിക്കാനും ഗുണഭോക്താക്കൾ തയ്യാറാകണം. പഞ്ചായത്തിന്റെ പക്ഷത്തുനിന്നും

ശ്രദ്ധയും ബോധവൽക്കരണവും വേണം.

### തോളൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നവർ വില്ലേജ് അടിസ്ഥാനത്തിൽ

| വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയം, കുഷ്ഠം, കാൻസർ | തൊഴിലില്ലായ്മ വേതനം | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|---|
| എടക്കളത്തൂർ | 6 | 13 | 9 | 13 | - | 36 | 37 |
| തോളൂർ | 8 | 8 | 11 | 25 | 2 | 74 | 10 |
| പാലക്കൽ | 4 | 3 | 4 | 5 | 8 | 44 | 1 |
| ആകെ | 18 | 24 | 24 | 43 | 10 | 154 | 48 |

ഈ സർവ്വ പ്രകാരം അർഹരായ പലർക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ലെന്ന് വ്യക്തമാകും. വിധവകൾ, വൃദ്ധർ, വികലാംഗർ തുടങ്ങിയവർക്കുള്ള പെൻഷനുകൾ തീരെ അപര്യാപ്തമാണ്. യഥാർത്ഥത്തിൽ പെൻഷന് അർഹതയുള്ളവരുടെ സംഖ്യ എത്രയോ വിപുലമാണ്. ഉദാഹരണത്തിന് പഞ്ചായത്തിലെ വികലാംഗരുടെ സ്ഥിതി വിവരപട്ടിക ചേർക്കുന്നു.

### തോളൂർ പഞ്ചായത്തിലെ വികലാംഗരെ സംബന്ധിച്ച സ്ഥിതിവിവര പട്ടിക

| ക്രമ നം | 5 വയസ്സുവരെ | | 5-10 | | 10-18 | | 18-25 | | 25-45 | | 45-60 | | 60 ന് മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 1 | - | 1 | - | - | 1 | - | 4 | 2 | - | - | 6 | 8 | 4 | 1 | 15 | 12 |
| 2 | 2 | 3 | 1 | - | - | - | 2 | - | - | - | 6 | 8 | - | 2 | 11 | 13 |
| 3 | - | - | - | - | 1 | 4 | 3 | 2 | - | - | 8 | 5 | 1 | - | 13 | 8 |
| 4 | - | 1 | - | - | 3 | 1 | 4 | - | - | - | 22 | 4 | 2 | 1 | 31 | 7 |
| 5 | - | - | 1 | - | 3 | 3 | 2 | 1 | - | - | 10 | 3 | 1 | 2 | 17 | 9 |
| 6 | - | - | - | - | 1 | 3 | 5 | 1 | - | - | 10 | 6 | 4 | 2 | 20 | 12 |
| 7 | - | - | 2 | - | - | - | 1 | 1 | - | - | 13 | 3 | 1 | 1 | 17 | 5 |
| 8 | - | - | - | - | - | - | 1 | - | - | - | 4 | 4 | 1 | 1 | 6 | 5 |
| 9 | - | - | - | - | - | - | - | - | - | - | 6 | 4 | 4 | 1 | 10 | 5 |
| ആകെ | 2 | 5 | 4 | - | 9 | 11 | 22 | 7 | - | - | 85 | 45 | 18 | 11 | 140 | 76 |

മേൽ പ്രസ്താവിച്ച സർവ്വെ പ്രകാരം 216 വികലാംഗരാണ് ഈ പഞ്ചായത്തിലുള്ളത്. മൊത്തം അംഗവൈകല്യം ബാധിച്ചവരിൽ 65% മദ്ധ്യവയസ്ക വിഭാഗത്തിൽ ഉൾപ്പെടുന്നു. ജീവിതത്തിൽ ഏറ്റവും ചിലവും ആവശ്യങ്ങളും കൂടുതലുള്ള കാലഘട്ടമാണിത്. ഇവരിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമെ സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നുള്ളൂ. തൊഴിൽ ചെയ്യാൻ കഴിവുള്ള ദുർബല വിഭാഗത്തിൽപ്പെട്ട വികലാംഗർക്ക് ലഭ്യമാക്കാവുന്ന എല്ലാ സഹായവും ചെയ്തുകൊടുക്കേണ്ടത് സമൂഹത്തിന്റെ

മൊത്തത്തിലുളളാവശ്യവും ജീവകാരുണ്യപരമായ പ്രവർത്തിയുമാണ്.

**സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സ്കീമുകളുടെ ആനുകൂല്യം ലഭിക്കുന്നവർ**

| ക്രമ നമ്പർ | വിവിധ സ്കീമുകൾ | ആനുകൂല്യം ലഭിക്കുന്ന വരുടെഎണ്ണം |
|---|---|---|
| 1 | വികലാംഗർക്കുളള യാത്രാബത്ത | 17 |
| 2 | വികലാംഗവിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് | 18 |
| 3 | തൊഴിൽ പരിശീലനത്തിന് സ്കോളർഷിപ്പ് | 34 |
| 4 | ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്ക് ധന സഹായം | 4 |
| 5 | വികലാംഗർക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം | 6 |
| 6 | വാഹനഉടമകളായ വികലാംഗർക്ക് പെട്രോൾ സബസിഡി | 3 |
| | ആകെ | 82 |

## മഹിളാ സമാജങ്ങൾ

ഈ പഞ്ചായത്തിൽ അഞ്ചു മഹിളാസമാജങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. അവയോടനുബന്ധിച്ച് ബാലവാടികളും ഉണ്ട്. ഈ സമാജങ്ങൾ കുറെക്കൂടി ജനങ്ങളിലേക്ക് ഇറങ്ങി വരേണ്ടതാണ്. ഈ പഞ്ചായത്തിനെ അംഗൻവാടി കേന്ദ്രമായി K.D.S സ്കീമിൽ ഉൾപ്പെടുത്തേണ്ടതാണ്. സാമൂഹ്യക്ഷേമ പദ്ധതികളുടെ സിരാകേന്ദ്രങ്ങളായി പ്രവർത്തിക്കാൻ അംഗൻവാടികൾക്ക് സാധിക്കും. രണ്ട് D.W.C.R.A യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികൾ പലതും നിലവിലുണ്ടെങ്കിലും ഇവയെക്കുറിച്ച് പൊതുജനങ്ങൾ അജ്ഞരാണ്. സാമൂഹ്യക്ഷേമവകുപ്പ് തൊഴിലില്ലായ്മയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്ത് ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുളളത്. പക്ഷേ ഈ പദ്ധതികളൊക്കെയുണ്ടായിട്ടും കോടികൾ മുടക്കിയിട്ടും ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതം കൂടുതൽ ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്. ആനുകൂല്യങ്ങൾ ലഭിക്കേണ്ടവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആനുകൂല്യങ്ങൾ പലപ്പോഴും എത്തേണ്ട കൈകളിൽ എത്തേണ്ട വിധത്തിലല്ല എത്തുന്നത്. തൊഴിൽ, പാർപ്പിടം കുടിവെളളം, ആരോഗ്യം, കുട്ടികളുടെ ഭാവി, സ്ത്രീകളുടെ നില തുടങ്ങിയ പ്രശ്നങ്ങളെല്ലാം രൂക്ഷമായി തുടരുകയാണ്.

## പൊതു വിതരണം

ഈ പഞ്ചായത്തിൽ എട്ട് പൊതു വിതരണ കേന്ദ്രങ്ങളാണ് നിലവിലുളളത്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ, റവ, മൈദ എന്നിവയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.

**തോളൂർ പഞ്ചായത്തിൽ നിലവിലുളള പൊതുവിതരണ കേന്ദ്രങ്ങൾ**

| ക്രമ നമ്പർ | സ്ഥലം | ലൈസൻസി | ARD No: | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | പറപ്പൂർ | സി.ജെ മാത്യു | 260 | 2719 |
| 2 | പറപ്പൂർ | സി.സി.വർക്കി | 259 | 2712 |
| 3 | പറപ്പൂർ | സി.ജെ.സൈമൺ | 363 | 1127 |
| 4 | തോളൂർ | സി.വി.ചുമ്മാർ | 332 | 1872 |
| 5 | പോന്നോർ | സി.ആർ.ദേവസ്സി | 331 | 1978 |
| 6 | പോന്നോർ | വി.എൽ. ആന്റണി | 256 | 2683 |
| 7 | പിറ്റലപ്പിളളി | സി.ജെ. സുജൻ | 149 | 1118 |
| 8 | എടക്കളത്തൂർ | ഇ.എൽ.ഔസേപ്പ് | 225 | 2774 |
| | | | ആകെ | 16983 |

ഇപ്പോൾ വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് അരി ഗുണ മേന്മയുളളതല്ല. ഇപ്പോൾ വിതരണം ചെയ്യുന്ന സാധനങ്ങൾക്കുപുറമെ പയറ്, കടല, സോപ്പ്, മുളക്, തുടങ്ങിയ അവശ്യവസ്തുക്കൾകൂടി വിതരണം ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ ഒന്നും തന്നെ നിലവിലില്ല. പറപ്പൂരിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നത് ഉപകാരപ്രദമായിരിക്കും.

## തോളൂർ ഗ്രാമ പഞ്ചായത്ത് പൊതുവിതരണത്തെക്കുറിച്ചുള്ള വിവരങ്ങൾ

### പൊതുവിതരണ കേന്ദ്രത്തിന്റെ നമ്പരും പേരും

| വർഷം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E. | ആകെ | മേജർ (1,2 വയസ്സിനു മേൽ) | മൈനർ (3,12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം ചെയ്തത് (ലി) | കാർഡ് വഴി വിതരണം ചെയ്തത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 91-92 | 978 | 1734 | 2712 | 12915 | 2712 | 15627 | 7933 | 1661.40 | 16.05 | 29.65 | 822.11 | 47.62 | 10509.83 | 275 | 32232 | 99987 |
| 92-93 | 1027 | 1059 | 2986 | 13087 | 2789 | 15876 | 7474.82 | 1258.39 | 16.06 | 43.13 | 831.75 | 65.35 | 9689.5 | 317 | 36675 | 101212 |
| 93-94 | 1024 | 1935 | 2959 | 13296 | 2849 | 16145 | 7552.95 | 1100.81 | 21.67 | 45.56 | 831.51 | - | 9552.5 | 357 | 37030 | 102251 |
| 94-95 | 1030 | 2227 | 3257 | 14013 | 3008 | 17021 | 8088.99 | 1346.30 | 26.6 | 78.75 | 867.24 | - | 10407.88 | 401 | 41202 | 112853 |
| 95-96 | 1029 | 2258 | 3287 | 14023 | 2960 | 16983 | 6939.98 | 1912.73 | 34.92 | 76.1 | 893.00 | - | 9856.73 | 392 | 40610 | 114235 |

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ആവശ്യങ്ങളുടെയും നിർദ്ദേശങ്ങളുടേയും ക്രോഡീകരണം

| ക്രമ നമ്പർ | ആവശ്യം,നിർദ്ദേശം | വാർഡ് |
|---|---|---|
| 1 | റേഷൻ കട | 3,9 |
| 2 | പോസ്റ്റോഫീസ് | 9 |
| 3 | F.W സെന്റർ | 3, 9 |
| 4 | മിൽക്ക് ഡയറി | 3 |
| 5 | ബീജസങ്കലന കേന്ദ്രം | 3 |
| 6 | കക്കൂസ് - 457 എണ്ണം | എല്ലാ വാർഡുകളിലേയും ആവശ്യം |
| 7 | വിധവാപെൻഷൻ | " " |
| 8 | വാർദ്ധക്യകാലപെൻഷൻ | " " |
| 9 | വികലാംഗപെൻഷൻ | " " |
| 10 | അഗതി മന്ദിരം | 3, 4, 7 |
| 11 | വായനശാലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ | 3,4 |
| 12 | ബാലവാടി | 3 |
| 13 | അംഗനവാടി | 6 |
| 14 | പാർപ്പിടം | എല്ലാ വാർഡുകളിലേയും ആവശ്യം |
| 15 | വൈദ്യുത കണക്ഷൻ (സൗജന്യം) | " " |
| 16 | സ്ഥലം വാങ്ങി വീടു പണിയാൻ സഹായം | " " |
| 17 | പട്ടയം ഇല്ലാത്തവർക്ക് അത് ലഭ്യമാക്കൽ | 4 |
| 18 | പുറംപോക്ക് സർവ്വേ നടത്തി കയ്യേറ്റം തടയുന്നതിന് | |
| 19 | ലക്ഷം വീട് കോളനിയിലെ വീടുകൾ പൊളിച്ചു പണിയുന്നതിന് സഹായം | എല്ലാ വാർഡുകളിലേയും ആവശ്യം<br>1, 3, 6, 7, 8 |
| 20 | കുടിവെള്ളം, കിണർ കുഴിക്കൽ | 1, 6, 8 |

Note: വിവിധ പെൻഷനുകൾക്ക് അപേക്ഷിച്ചിട്ട് കിട്ടാത്തവരും കിട്ടികൊണ്ടിരിക്കുന്നവർക്ക് പലർക്കും തുടർന്ന് കിട്ടുന്നുമില്ല. രണ്ടു. പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പടുന്നു.

| നിർദ്ദേശങ്ങൾ | വാർഡുകൾ |
|---|---|
| 1.നിലവിലുളള ശ്മശാനത്തിന്റെ ആധുനിക സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഗ്രാമ സഭ വിരൽ ചൂണ്ടുന്നു. | 4 |
| 2.ഐനിക്കാട് വെട്ടി പുറമ്പോക്ക് സ്ഥലം ശ്മശാനമാക്കണമെന്നും സത്വര നടപടി കൈക്കൊളളണമെന്നും തദ്ദേശവാസികളായ ഗ്രാമസഭാംഗങ്ങൾ ആവശ്യപ്പെടുന്നു. | 9 |
| 3. മരണാനന്തര സഹായ നിധി സമിതി, വടക്കുംമുറി കെട്ടിടത്തിന് പ്രത്യേക പരിഗണന നല്കി നമ്പറിട്ടു കൊടുക്കാൻ ഗ്രാമസഭ നിർദ്ദേശിക്കുന്നു. | 1 |
| 4.ഭവന നിർമ്മാണ ബോർഡിന്റെ നടപടികൾ ലളിതമാക്കണം. | 4 |
| 5.ഐ. ആർ. ഡി. പി. ലോണിന് അപേക്ഷിച്ചവർക്ക് എത്രയും പെട്ടെന്ന് ലോൺ കൊടുക്കുക. എല്ലാ വാർഡുകളിലും നിർദ്ദേശിക്കുന്നു. | എല്ലാ വാർഡുകളിലേയും അഭിപ്രായം. |
| 6 റേഷൻ കടകളിൽ വഞ്ചിതരാകുന്നത് ഒഴിവാക്കേണ്ടതാണ്. | 8 |
| 7.അതിർത്തി തർക്കങ്ങൾക്ക് പഞ്ചായത്ത് പരിഹാര നടപടികൾ സ്വീകരിക്കണം. | 6 |
| 8.മദ്യ നിരോധനം എല്ലാ ഗ്രാമസഭകളും വ്യാജ മദ്യത്തിന്റെ ഉപയോഗം തടയണമെന്ന് ഒരേ സ്വരത്തിൽ ആവശ്യപ്പെടുന്നു. കളളിന്റെ ഗുണനിലവാരം പരിശോധിക്കണമെന്നും മായം ചേർക്കൽ തടയണമെന്നും ഗ്രാമസഭകളിലെ എല്ലാവരും പ്രത്യേകിച്ച് സ്ത്രീകൾ ആവശ്യപ്പെടുന്നു. | എല്ലാ വാർഡുകളിലേയും അഭിപ്രായം |

# 10 വിദ്യാഭ്യാസം

നവോത്ഥാനത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിൽ, ദേശീയപ്രസ്ഥാനത്തിന്റെ കൊടുങ്കാറ്റ് കേരളത്തിൽ ആഞ്ഞടിക്കും മുമ്പ്, അക്ഷരജ്ഞാനം അത്യപൂർവ്വസിദ്ധിയായി കരുതിയിരുന്ന ഒരു കാലഘട്ടത്തിൽ തോളൂർ ഗ്രാമ പഞ്ചായത്തിൽ ഒരു വിദ്യാലയം ഉണ്ടായിരുന്നു എന്ന വസ്തുത അഭിമാനത്തോടെ രേഖപ്പെടുത്തുന്നു. വിദ്യാഭ്യാസ രംഗത്ത് കുടിപള്ളിക്കൂടങ്ങളായിരുന്നു ആദ്യം ഉണ്ടായിരുന്നത്. 1874ൽ പറപ്പൂർ പള്ളി അങ്കണത്തിൽ സെന്റ് ജോൺസ് എൽ. പി. സ്കൂൾ സ്ഥാപിതമായി. ഈ പഞ്ചായത്തിലെയും അയൽ പ്രദേശങ്ങളിലെയും വിദ്യാർത്ഥികൾ ഈ വിദ്യാലയത്തെയാണ് അന്ന് ആശ്രയിച്ചിരുന്നത്. 1954 ൽ ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ സെന്റ് ജോൺസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു.

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**ഇന്ന് നിലവിലുള്ള സ്കൂളുകളുടെ പട്ടിക**

| ക്രമ നമ്പർ | സ്കൂളിന്റെ പേരും സ്ഥലവും | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | ഉടമസ്ഥത |
|---|---|---|---|---|---|
| 1 | സെന്റ് ജോൺസ്. എൽ.പി.സ്കൂൾ, പറപ്പൂർ | 237 | 253 | 490 | പള്ളിവക എയ്ഡഡ് |
| 2 | ജി.എൽ.പി.എസ്,മുള്ളൂർ | 25 | 25 | 50 | ഗവൺമെന്റ് |
| 3 | എൽ.എഫ്.എൽ.പി.എസ്,പോന്നോർ | 95 | 89 | 184 | പള്ളി വക എയ്ഡഡ് |
| 4 | എൽ.എഫ്.ഇംഗ്ലീഷ് മീഡിയം സ്കൂൾ പോന്നോർ | 50 | 31 | 81 | സ്വകാര്യം |
| 5 | എസ്.കെ.വി.എൽ.പി.എസ്.എടക്കളത്തൂർ | 125 | 111 | 236 | സ്റ്റാഫ് |
| 6 | ജി.ഡബ്ല്യു.യു.പി.എസ്. പോന്നോർ | 133 | 136 | 269 | ഗവൺമെന്റ് |
| 7 | എസ്.ആർ.സി.യു.പി.എസ്.എടക്കളത്തൂർ | 154 | 124 | 278 | സ്വകാര്യ എയ്ഡഡ് |
| 8 | സെന്റ് ജോൺസ്.എച്ച്.എസ്.പറപ്പൂർ, & യു.പി.എസ് | 895 | 771 | 1666 | പള്ളി വക എയ്ഡഡ് |

കോത്താരിക്കമ്മീഷൻ നിർദ്ദേശിക്കുന്ന വിധത്തിൽ രണ്ടു കിലോ മീറ്ററിനുള്ളിൽ പ്രാഥമിക വിദ്യാലയ സൗകര്യം ലഭിക്കുവാനുള്ള അവസ്ഥ ഈ പഞ്ചായത്തിലുണ്ട്. 1,2,3,4, വാർഡുകളിലെ കുട്ടികൾക്ക്, S. K.V.L.P.. S എടക്കളത്തൂർ, L.F.L.P.S പോന്നോർ, L.F ഇംഗ്ലീഷ് മീഡിയം സ്കൂൾ, പോന്നോർ, G. W. U. P. S. പോന്നോർ എന്നീ വിദ്യാലയങ്ങളും 5,6,7,8, വാർഡുകളിലെ കുട്ടികൾക്ക് പറപ്പൂരിലെ സെന്റ് ജോൺസ് എൽ.പി. സ്കൂളും, 9-ാം വാർഡിലെ കുട്ടികൾക്ക് മുള്ളൂരിലെ ഗവ. എൽ. പി. സ്കൂളും ഏറ്റവും സൗകര്യമായി പോയി വരാവുന്ന വിദ്യാലയങ്ങളാണ്.

ഈ പഞ്ചായത്തിലെ ചെറിയൊരു ശതമാനം കുട്ടികൾ തൃശ്ശൂർ, കുന്നംകുളം തുടങ്ങിയ നഗരങ്ങളിലെ വിദ്യാലയങ്ങളിലേക്ക് പോയി പഠിക്കുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം കുട്ടികളും പഞ്ചായത്ത് അതിർത്തിയിലുള്ള വിദ്യാലയങ്ങളിൽ തന്നെയാണ് വിദ്യ അഭ്യസിക്കുന്നത്.

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരം**

| വാർഡ് നമ്പർ | ആകെ കുട്ടികളുടെ എണ്ണം | | | SC/ST കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 160 | 170 | 330 | 10 | 17 | 27 |
| 2 | 120 | 131 | 251 | 16 | 19 | 35 |
| 3 | 158 | 138 | 296 | 25 | 28 | 53 |
| 4 | 138 | 135 | 273 | 22 | 20 | 42 |
| 5 | 202 | 188 | 390 | 40 | 45 | 85 |
| 6 | 196 | 150 | 346 | 31 | 26 | 57 |
| 7 | 218 | 166 | 384 | 41 | 24 | 65 |
| 8 | 218 | 156 | 374 | 22 | 35 | 57 |
| 9 | 182 | 155 | 337 | 23 | 35 | 58 |
| 10 | 124 | 151 | 275 | 10 | 22 | 32 |
| ആകെ | 1716 | 1540 | 3256 | 240 | 271 | 511 |

സെന്റ് ജോൺസ് ഹൈസ്കൂളാണ് ഈ പഞ്ചായത്ത് പ്രദേശത്തെ ഏക ഹൈസ്കൂൾ. ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് 1954-55ലാണ് പുറത്തു വന്നത്. ഇപ്പോൾ 1666 കുട്ടികൾ പഠിക്കുന്ന 39 ഡിവിഷനുകളുള്ള വിദ്യാലയമാണിത്. ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുനിന്നും അയൽ പഞ്ചായത്തുകളായ മുല്ലശ്ശേരി, അടാട്ട്, കൈപ്പറമ്പ് എന്നിവിടങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടേക്ക് വരുന്നുണ്ട്. എസ്. എസ്.എൽ.സി. വിജയശതമാനം സ്റ്റേറ്റ് വിജയ ശതമാനത്തിന് മുകളിലാണ്. എന്നാൽ തൊട്ടുമുമ്പത്തെ അഞ്ചു കൊല്ലങ്ങളിലെ പഠനനിലവാരം വിലയിരുത്തുമ്പോൾ - 1991-92 അദ്ധ്യയനവർഷത്തിൽ 80 ശതമാനം വിജയം നേടിയ ഈ ഹൈസ്കൂളിലെ റിസൾട്ട് ഈ കഴിഞ്ഞ വർഷം 60.3 ശതമാനത്തിൽ എത്തി നില്കുന്നു എന്നതാണ്. ഈ പതനത്തെ പിടിച്ചു നിർത്താനുള്ള നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**എസ്.എസ്.എൽ.സി.വിജയശതമാനം**

| വർഷം | വിജയശതമാനം |
|---|---|
| 1991-1992 | 80% |
| 1992-1993 | 74.4% |
| 1993-1994 | 63.4% |
| 1994-1995 | 59.6% |
| 1995-1996 | 60.3% |

ഈ വർഷത്തെ കണക്കനുസരിച്ച് എസ്.എസ്.എൽ.സി. ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ 42% ആവറേജിന് താഴെയാണ്. 33% ആവറേജ് പുലർത്തുന്നു. 25% ഉയർന്ന നിലവാരത്തിലുള്ളവരുമാണ്.

പഠനത്തിൽ പിന്നോക്കം നില്കുന്ന 42% വിദ്യാർത്ഥികളെ മെച്ചപ്പെടുത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അവർക്ക് സ്പെഷൽ കോച്ചിങ്ങ് നല്കുകയോ ട്യൂഷൻ ഏർപ്പെടുത്തുകയോ ചെയ്യാം. രക്ഷിതാക്കളെ വിളിച്ചുവരുത്തി സ്ഥിതി ചർച്ച ചെയ്യണം. വികസനത്തിന് അത്യന്താപേക്ഷിതമായ ഘടകമാണ് വിദ്യാഭ്യാസം എന്നതുകൊണ്ടുതന്നെ പകുതിയോളം വരുന്ന ഈ വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

**തോളൂർ ഗ്രാമ പഞ്ചായത്ത്**

**വിദ്യാലയങ്ങളുടെ പൊതു നിലവാരം**

**താഴ്ന്ന പഠന നിലവാരം പുലർത്തുന്ന**

**കുട്ടികളുടെ കണക്ക്**

| സ്റ്റാൻഡേർഡ് | 30% മാർക്കിന് താഴെയുള്ളവർ | ആകെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|
| 1 | 15 | 330 | 5% |
| 2 | 40 | 251 | 16% |
| 3 | 68 | 296 | 23% |
| 4 | 51 | 273 | 19% |
| 5 | 93 | 390 | 24% |
| 6 | 137 | 346 | 40% |
| 7 | 153 | 384 | 40% |
| 8 | 224 | 374 | 62.5% |
| 9 | 173 | 337 | 51% |
| 10 | 118 | 275 | 42% |

മേൽ പ്രസ്താവിച്ച കണക്കുപ്രകാരം കുട്ടികളുടെ പഠനനിലവാരംഓരോ ക്ലാസ്സിലും കുറഞ്ഞുവരുന്നു. 8-ാം തരത്തിലെത്തുമ്പോൾ ഏറ്റവും മോശപ്പെട്ട പഠന നിലവാരമാണ് കാണുന്നത്. 62.5% കുട്ടികളും 30% കുറഞ്ഞ മാർക്കാണ് നേടുന്നത്. എട്ടാം തരത്തിൽ വെച്ചുള്ള ഈ താഴ്ന്ന നിലവാരത്തിൽ നിന്ന് മുൻക്ലാസ്സുകളിലെ നിലവാരത്തിലേക്ക് ഉയരാൻ അവർക്ക് കഴിയുന്നില്ല. പത്താം തരത്തിലെത്തുമ്പോഴേക്ക് കുറച്ച് പുരോഗതിയുണ്ടാകുന്നുണ്ട്.

എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കാൻ ആദ്യം വേണ്ടത് എട്ടാം ക്ലാസ്സിലെ കാര്യം കൂടുതൽ പരിഗണിക്കുകയാണ്. Teen Age ന്റെ പാളിച്ചയാണ് ഇവിടെ സംഭവിക്കുന്നത്. ശരിയായ ഗൈഡൻസ് കൊണ്ട് ഇത് കുറെയൊക്കെ പരിഹരിക്കാം. മാതൃ സംഗമത്തിന്റെ പ്രസക്തി ഇവിടെയാണ്. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സവിശേഷമായ ശ്രദ്ധ പ്രായത്തിന്റെ പരിഗണന, ശാസ്ത്രീയമായ സമീപനം എന്നിവ കൊണ്ട് ഈ നിലവാരം പിടിച്ചു നിർത്താം.

## പി.ടി.എ. മാതൃസംഗമം.

പി. ടി. എ. എല്ലാ സ്കൂളുകളിലും സജീവമാണെന്ന് പറയാൻ കഴിയില്ല. രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളുടെ പ്രവർത്തനങ്ങളും പഠനരീതിയും മനസ്സിലാക്കാൻ തികച്ചും ബാദ്ധ്യസ്ഥരാണ്. എന്നാൽ ഇതിന് വിമുഖത കാണിക്കുന്ന രക്ഷിതാക്കളും ഉണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിയംഗങ്ങൾ മാത്രമാണ് പലപ്പോഴും സജീവരായി രംഗത്തുള്ളത്. മാതൃസംഗമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ കുറിച്ച് മാതാക്കൾ ബോധവതികളല്ല. ഇതിനെ കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. "മാതൃ സംഗമ"ത്തിൽ മുഴുവൻ മാതാക്കളെയും പങ്കെടുപ്പിക്കണം. കുട്ടികളുടെ പ്രശ്നങ്ങൾ, പ്രത്യേകതകൾ, പഠനനിലവാരം മുതലായവ ചർച്ച ചെയ്യുന്നതിനും പരിഹാരം ആരാഞ്ഞു നടപ്പിലാക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. ഈ സംഘടനയുടെ കാര്യക്ഷമമായ പ്രവർത്തനം വിദ്യാർത്ഥികളും സമഗ്രമായ വ്യക്തിത്വവികാസത്തിന് വഴിതെളിക്കും. വിദ്യാർത്ഥികളുടെ പോരായ്മകൾ പരിഹരിക്കുക മാത്രമല്ല, വിദ്യാലയത്തിന്റ സുഗമമായ നടത്തിപ്പിനും ഇത് കാരണമാകും. വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങളിലുള്ള കുറവുകൾ സന്നദ്ധസേവനം, സംഭാവനകൾ എന്നിവയിലൂടെ പരിഹരിക്കാൻ സാധിക്കുന്നതാണ്. പറപ്പൂർ സെന്റ് ജോൺസ് ഹൈസ്കൂളിൽ ഈ അടുത്ത കാലത്ത് രക്ഷിതാക്കളുടെ ശ്രമഫലമായി 20 ഡസ്കുകൾ പണികഴിച്ച പ്രവൃത്തി ശ്ലാഘനീയവും മാതൃകാപരവുമാണ്. നാട്ടിലെ വിദ്യാലയങ്ങൾ സ്വകാര്യമേഖലയിലായാലും ഗവ.തലത്തിലായാലും ജനങ്ങളുടെ സ്വന്തമാണെന്ന ബോധം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾ വിദ്യയഭ്യസിക്കുന്ന സ്ഥാപനങ്ങളോട് മമത പുലർത്താൻ നമുക്ക് സാധിക്കണം.

### കൊഴിഞ്ഞുപോക്ക്

തോറ്റു പഠിക്കുന്നവരുടേയും ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നവരുടെയും കണക്കുകൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

### തോളൂർ ഗ്രാമ പഞ്ചായത്ത്
### തോറ്റു പഠിക്കുന്നവരും പഠനം നിർത്തിയവരുമായ വിദ്യാർത്ഥികളുടെ വിവരങ്ങൾ

| | തോറ്റു പഠിക്കുന്നവർ | | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | SC/ST | | | മററുള്ളവർ | | | | SC/ST | | | മററുള്ളവർ | | | |
| സ്കൂൾ നമ്പർ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ഗ്രാന്റ് ടോട്ടൽ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ഗ്രാന്റ് ടോട്ടൽ |
| 1 | - | - | - | - | - | - | - | - | - | - | - | - | - | - |
| 2 | 2 | 1 | 3 | 3 | 4 | 7 | 10 | - | - | - | 11 | 12 | 23 | 23 |
| 3 | 2 | 2 | 4 | 5 | 7 | 12 | 16 | - | - | - | - | - | - | - |
| 4 | 5 | 3 | 8 | 8 | 7 | 15 | 23 | 1 | 1 | 2 | - | - | - | 2 |
| 5 | 6 | 6 | 12 | 6 | 9 | 15 | 27 | 1 | - | 1 | - | 1 | 1 | 2 |
| 6 | 6 | 3 | 9 | 10 | 6 | 16 | 25 | 1 | - | 1 | -1 | 1 | 2 | |
| 7 | 9 | 10 | 19 | 35 | 17 | 52 | 71 | 1 | 1 | 2 | 3 | 1 | 4 | 6 |
| 8 | 9 | 2 | 11 | 45 | 10 | 55 | 66 | 1 | 2 | 3 | - | - | - | 3 |
| 9 | 7 | 3 | 10 | 30 | 8 | 38 | 48 | 4 | - | 4 | 7 | 3 | 10 | 14 |
| 10 | - | - | - | - | - | - | - | 3 | 1 | 4 | 7 | 3 | 10 | 14 |

ആകെ കുട്ടികൾ 3256

ആൺകുട്ടികൾ 1716

തോറ്റവർ 188 11%

പെൺകുട്ടികൾ 1540

| | | |
|---|---|---|
| തോറ്റവർ | 98 | 6% |
| SC/ST ആകെ | | •521 |
| ആൺകുട്ടികൾ | | 240 |
| തോറ്റവർ | 46 | 19% |
| പെൺകുട്ടികൾ | | 281 |
| തോറ്റവർ | 30 | 10% |

തോറ്റ കുട്ടികളുടെ കണക്കു നോക്കുമ്പോൾ തോറ്റവരിൽ 66% ആൺകുട്ടികളും 34% പെൺകുട്ടികളുമാണ്. SC വിഭാഗത്തിൽ മൊത്തം തോറ്റവരിൽ 60.5% ആൺകുട്ടികൾ 39.5% പെൺകുട്ടികൾ പൊതു വിഭാഗത്തിലുള്ളതിനേക്കാൾ അധികം കുട്ടികൾ SC വിഭാഗത്തിലാണ് തോല്ക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഇവരുടെ നിലവാരം ഉയർത്താൻ സ്പെഷ്യൽ കോച്ചിങ്ങ് നല്കേണ്ടതാണ്.

ഇടക്കുവെച്ച് കൊഴിഞ്ഞു പോകുന്നവർ അധികവും ആൺകുട്ടികളാണ്. SC/ST വാഭാഗത്തിൽ 12 ഉം മറ്റു വിഭാഗത്തിൽ 28 ഉം ആൺകുട്ടികൾ പഠനം നിർത്തിയിരിക്കുന്നു. കൂടുതലായും ഹൈസ്കൂൾ ക്ലാസ്സുകളിൽ വെച്ചാണ് പഠനം നിർത്തുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സാമ്പത്തിക പരാധീനത കൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്നാണ് മനസ്സിലാക്കേണ്ടത്. 13-14 വയസ്സാകുമ്പോഴേക്ക് പലരും പഠനം നിർത്തിക്കളയുന്നു. സാമ്പത്തിക സഹായവും വേണ്ടത്ര പ്രോത്സാഹനവും സിദ്ധിക്കുകയാണെങ്കിൽ ഇവർക്കും മതിയായ വിദ്യ അഭ്യസിക്കാനുള്ള അവസരം ഉണ്ടാകും. പട്ടിക ജാതിക്കാർക്കുള്ള സാമ്പത്തിക സഹായം ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കാനുള്ള നിയമനിർമ്മാണം ഇവിടെ ആവശ്യമായിരിക്കുന്നു.

## സ്ത്രീ വിദ്യാഭ്യാസം

സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ശരാശരി നിലവാരമാണ് കാണുന്നത്. എന്നാൽ L.P / U.P വിഭാഗത്തിലുള്ള ശരാശരി, H.S ൽ നഷ്ടപ്പെടുന്നു. പെൺകുട്ടികളുടെ എണ്ണം ഹൈസ്ക്കൂളിൽ കുറവാണ്.

### തോലൂർ ഗ്രാമപഞ്ചായത്ത്.

### ആൺ /പെൺ വിദ്യാഭ്യാസ താരതമ്യം.

| സ്കൂളിന്റെ പേര് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ശതമാനം ആൺ | ശതമാനം പെൺ |
|---|---|---|---|---|---|
| സെന്റ് ജോൺസ് L.P. S | 237 | 253 | 490 | 40% | 52% |
| ജിഎൽ. പിഎസ്. | 25 | 25 | 50 | 50% | 50% |
| L F L P S | 95 | 89 | 184 | 52% | 48% |
| L.F. ഇംഗ്ലീഷ് മീഡിയം | 50 | 31 | 81 | 61% | 39% |
| S.K.V.L.P.S | 125 | 111 | 236 | 53% | 47% |
| G.W.U.P.S | 133 | 136 | 269 | 49.4% | 50.6% |
| S.R.C.U.P.S | 154 | 124 | 278 | 55% | 45% |
| St. John's. H.S. | 895 | 771 | 1666 | 54% | 46% |

ഈ കണക്കുകൾ ചില വിചിത്രമായ സൂചനകൾ നൽകുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികളിൽ 61% ആൺകുട്ടികളാണ്. പെൺകുട്ടികൾ എണ്ണത്തിൽ ആൺകുട്ടികളേക്കാൾ കുടുതലുള്ള ഒരു പഞ്ചായത്തിൽ ഈ സ്കൂളിൽ മാത്രം ഇത്ര വ്യത്യാസം വരുന്നതിന്റെ കാരണം പരിശോധിക്കേണ്ടിയിരിക്കുന്നു. ചെലവു കൂടിയ വിദ്യാഭ്യാസം ആൺമക്കൾക്ക് നൽകുന്നതിൽ രക്ഷിതാക്കൾ ജാഗരൂകരാകുന്നു. പെൺമക്കളുടെ കാര്യത്തിൽ അത്ര തന്നെ പരിഗണനയില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

എൽ. പി. വിഭാഗത്തിൽ ശരാശരിയിലോ ഒരു പടി മുന്നിലോ നിന്നിരുന്ന സ്ത്രീ വിദ്യാഭ്യാസ തോത് ഹൈസ്കൂളിലേക്ക് എത്തുമ്പോൾ കുറഞ്ഞു പോകുന്നു. എൽ. പി. യു, പി. ക്ലാസ്സുകൾ കഴിയമ്പോഴേക്കും പല പെൺകുട്ടികളും പഠനം നിർത്താൻ നിർബന്ധിതരാകുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്കാണ് ഈ ഗതികേട് ഉണ്ടാകുന്നത്. തുടർന്ന് പഠിക്കാനുള്ള സൗകര്യമില്ലായ്മ, സാമ്പത്തിക ശേഷിയില്ലായ്മ, വീട്ടു ജോലി/കൂലിപ്പണിക്കു

പോകാൻ എന്നു തുടങ്ങിയുള്ള നിരവധി കാരണങ്ങൾ ഇതിനുണ്ടാകാം.

ഒരു പ്രത്യേക പ്രദേശത്തെ (എടക്കളത്തൂർ) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തോത് ആൺ കുട്ടികളേക്കാൾ കുറവാണ്. ജീവിതഭാരവും സൗകര്യക്കുറവും അറിവില്ലായ്മയും മൂലം പെൺകുട്ടികളെ പഠിപ്പിക്കേണ്ടതില്ല എന്നു തീരുമാനിക്കുന്ന കുടുംബങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. SC/ST വിഭാഗത്തിൽ പ്പെട്ട പെൺകുട്ടികൾക്ക് ഈ ദുര്യോഗം കുറവാണ്. 240 ആൺകുട്ടികൾക്ക് 281 പെൺകുട്ടികൾ എന്നതാണ് തോത്.

സഹായധനം ലഭിക്കുന്നതു മൂലം വിദ്യാഭ്യാസത്തിന് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നില്ല ഈ വിഭാഗത്തിന്. അതുകൊണ്ട് സാമ്പത്തികമായി വളരെ ദുർബലരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാമ്പത്തിക സഹായം നല്കുന്നതിന് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ 15 വയസ്സിനു താഴെയുള്ള എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്കു കഴിയണം.

പഠനത്തിൽ വിമുഖത കാണിക്കുന്നവരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ സഹായം നല്കുന്നതിന് സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും ഗവൺമെന്റ് തലത്തിലും പ്രവർത്തനങ്ങൾ ആവശ്യമാണ്.

## മഹിളാ സമാജങ്ങൾ - ബാലവാടികൾ

അഞ്ചു മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ഓരോ സമാജത്തിന്റെയും കീഴിൽ ബാലവാടികളും കാര്യക്ഷമമായി നടത്തപ്പെടുന്നു. ഇതിനു പുറമെ പഞ്ചായത്ത് നേരിട്ടു നടത്തുന്ന ഒരു ശിശുമന്ദിരവും സ്വകാര്യ ഉടമസ്ഥതയിലുള്ള രണ്ട് നേഴ്സറി സ്കൂളുകളും ഉണ്ട്. ചുരുക്കത്തിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗം പഞ്ചായത്തിൽ സജീവമാണ്. മഹിളാസമാജങ്ങൾ ഈ രംഗത്തും സാംസ്കാരിക രംഗത്തും അഭിനന്ദനാർഹമായ സേവനം കാഴ്ച വെക്കുന്നു.

## ഉന്നത വിദ്യാഭ്യാസം

പറപ്പൂരിലുള്ള ലൂർദ്ദ് മാതാ വനിതാ കോളേജാണ് ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനം 75 പെൺകുട്ടികൾ ഈ പാരലൽ കോളേജിൽ പഠിക്കുന്നുണ്ട്. പ്രീ ഡിഗ്രി വിദ്യാഭ്യാസം നല്കി വരുന്നു. ഒരു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## സ്കോളർഷിപ്പുകൾ

മൊത്തം അഞ്ഞൂറ്റി അറുപത്തിനാല് കുട്ടികൾക്ക് വിവിധയിനങ്ങളിൽപ്പെട്ട സ്കോളർഷിപ്പുകൾ ലഭിക്കുന്നു.

### തോളൂർ ഗ്രാമ പഞ്ചായത്ത് സ്കൂൾ തലത്തിൽ സ്കോളർഷിപ്പുകളും സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കുന്നവരുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലിം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ബീഡിത്തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളി സ്കോളർഷിപ്പ് |
|---|---|---|---|---|---|---|---|
| 1 | St.Johns L.P.S | - | 83 | - | - | - | - |
| 2 | G. L. P.S | - | 14 | - | - | - | - |
| 3 | L. F. L. P.S | - | 12 | - | - | - | - |
| 4 | L. F. (ENG) L. P.S | - | - | - | - | - | - |
| 5 | S. K. V. L. P.S | - | 50 | - | - | - | - |
| 6 | G. W. U. P.S | - | 72 | - | - | - | - |
| 7 | S. R. C. U. P.S | 2 | 51 | - | 2 | - | - |
| 8 | St. Johns H. S. | 3 | 254 | 13 | 2 | 2 | 4 |

## സ്പോർട്ട്സും ഗെയിംസും

കായിക മത്സരങ്ങളിൽ ധാരാളം സമ്മാനങ്ങൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നേടിയിട്ടുള്ള ചരിത്രമുള്ള സ്കൂളാണ് പറപ്പൂർ സെന്റ് ജോൺസ് ഹൈസ്കൂൾ. ജില്ലാ തല മത്സരങ്ങളിൽ 25 ആൺകുട്ടികളും 32 പെൺകുട്ടികളും സമ്മാനിതരായിട്ടുണ്ട്. രണ്ട് വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിൽ സമ്മാനം ലഭിച്ചു. ദേശീയ തലത്തിലേക്ക് ഉയരത്തക്ക പരിശീലനവും പ്രോത്സാഹനവും ഇത്തരം പ്രതിഭകൾക്ക് നൽകേണ്ടതാണ്. ഇന്ത്യൻ ഫുട്ബോൾ രംഗത്തെ താരമായ ശ്രീ. സി. വി. പാപ്പച്ചനെപ്പോലുള്ള പ്രതിഭകളെ സംഭാവന ചെയ്തിട്ടുള്ള വിദ്യാലയമാണിത്. S.R.C.U.P.S.ലെ കുട്ടികൾ തുടർച്ചയായി ശാസ്ത്ര പ്രദർശനത്തിൽ സമ്മാനർഹരാകാറുണ്ട്. സെന്റ് ജോൺസ് ഹൈസ്കൂൾ കരകൗശല പ്രദർശനത്തിലും ജില്ലാ തലത്തിൽ മികവ് പ്രകടിപ്പിച്ചിട്ടുണ്ട്.

## ഭൗതിക സാഹചര്യം

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയങ്ങളെല്ലാം തന്നെ ശരാശരി നിലവാരം പുലർത്തുന്നവയും കെട്ടിടം, ഉപകരണങ്ങൾ, കളിസ്ഥലങ്ങൾ, വെള്ളം, മൂത്രപ്പുര തുടങ്ങിയ ഭൗതിക സാഹചര്യങ്ങളോടുകൂടിയവയുമാണ്. ചുരുക്കം ചില പോരായ്മകൾ ഇല്ലാതില്ല. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം വ്യക്തമാക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**തോളൂർ ഗ്രാമ പഞ്ചായത്ത് - 9.3 സ്കൂളിന്റെ ഭൗതീക സൗകര്യങ്ങളുടെ വിവരം**

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം, മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്ര പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ/പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചക മുറി | സ്റ്റോർ റൂം | നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അസ്ഥിരം | താല്ക്കാലികം | സ്ഥിരം | അസ്ഥിരം | താല്ക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| St.J.L.P.S. പറപ്പൂർ | 12 | 1 | - | - | 12 | - | - | - | - | 1 | 10 | 1 | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 6 | 24 | 4 | 5 | - |
| G.L.P.S. മുള്ളൂർ | 4 | 1 | - | - | 2 | 4 | - | - | - | 2 | 10 | - | 2 | - | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 8 | - | - | - | അലമാരി |
| L.F.L.P.S പോന്നോർ | 6 | 2 | - | - | 8 | - | - | - | - | 1 | 3 | 2 | 1 | - | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 5 | 5 | 2 | 2 | അലമാരി |
| L.F. ഇംഗ്ലീഷ് മീഡിയം L.P.S. പോന്നോർ | 7 | 2 | - | - | 6 | - | - | - | - | 2 | 20 | - | 2 | - | പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - |
| S.K.V.L.P.S എടക്കളത്തൂർ | 8 | 4 | 4 | - | 9 | - | - | - | - | 3 | 25 | - | 1 | - | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | - | - | - | - | - |
| G.W. U.P.S. പോന്നോർ | 9 | - | 3 | - | - | 9 | - | - | - | 1 | 20 | - | 1 | - | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 20 | - | - | 2 | 3 അലമാരി |
| SRC.U.P.S. എടക്കളത്തൂർ | 8 | 1 | - | - | 15 | - | - | - | - | 2 | 20 | 1 | 1 | - | പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - |
| St.J.H.S. പറപ്പൂർ | 39 | 6 | - | - | 45 | - | - | ഉണ്ട് | ഉണ്ട് | 6 | 100 | - | 4 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | 20 | 20 | 5 | 5 | 3 അലമാര 5 കസേര |
| ലൂർദ്ദ് മാതാ കോളേജ് പറപ്പൂർ | 2 | 1 | - | - | 3 | - | - | - | - | 3 | - | - | 3 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - |

## ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ

മാറിയ പഠന സാഹചര്യം അനുസരിച്ച് നിലവാരം പുലർത്തണമെങ്കിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ അനിവാര്യമാണ്. വിശ്രമവിനോപാധികളായും ഇവ ഉപകരിക്കും. ടി. വി, റേഡിയോ, ടേപ്പ് റെക്കോർഡർ, വി. സി. ആർ തുടങ്ങിയ ഉപകരണങ്ങൾ പല സ്കൂളുകൾക്കും ഇല്ല.

അതുപോലെ ലൈബ്രറി, ലബോറട്ടറി തുടങ്ങിയവയും കാര്യക്ഷമമാകേണ്ടതുണ്ട്.

ശാസ്ത്രീയ വിഷയങ്ങൾ കണ്ടും അനുഭവിച്ചും പഠിക്കുന്നതാണ് കൂടുതൽ എളുപ്പം. കണ്ടു പഠിക്കുന്നതും വായിച്ചു പഠിക്കുന്നതും തമ്മിൽ വളരെ അന്തരമുണ്ടല്ലോ.

### തോളൂർ ഗ്രാമ പഞ്ചായത്ത്
### വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് /ഇല്ല പ്രവർത്തിക്കുന്നുണ്ട് /ഇല്ല | ലാബോറട്ടറി, സയൻസ് കോർണർ, ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നുണ്ട്/ഇല്ല | പഠനോപകരണങ്ങൾ, മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ, വേണ്ടത്ര ഉണ്ട്/ഇല്ല | റേഡിയോ | ടേപ്പ്റിക്കോർഡർ | ടി. വി. സെറ്റ് | വി. സി. ആർ. വി. സി. പി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക ഫെസ്റ്റ് അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃ സംഗമം സജീവം / സജീവമല്ല | ക്ലാസ്സ്, പി.ടി. എകൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| St. John's L.P.S.പറപ്പൂർ | - | - | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 12 | 12 | 193 | -- | 7 | സജീവമല്ല | - |
| G.W.L.P.S. മുള്ളൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | 1 | - | - | - | - | - | - | 4 | 4 | 193 | | 7 | ഉണ്ട് | - |
| L.F.L.P.S പോന്നോർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 6 | 6 | 194 | - | 3 | സജീവം | P.T.A. ഉണ്ട് |
| L.F. ഇംഗ്ലീഷ് മീഡിയം L. P. S. പോന്നോർ | - | - | ഉണ്ട് | - | - | - | - | - | - | - | - | 6 | 6 | 183 | - | - | - | - |
| S.R.V.L.P.S എടക്കളത്തൂർ | ഉണ്ട് | -- | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 9 | 9 | 193 | - | 7 | സജീവം | - |
| G.W. U.P.S. പോന്നോർ | ഉണ്ട് | - | ഇല്ല | ഉണ്ട് | ഇല്ല | - | - | - | ഉണ്ട് | - | - | 5 | 4 | 193 | - | 7 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| SRC.U.P.S. എടക്കളത്തൂർ | ഉണ്ട് | ഉണ്ട് | - | - | - | - | - | - | - | - | - | 3 | 6 | 193 | - | 7 | സജീവം | - |
| St.J.H.S. പറപ്പൂർ | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | ഉണ്ട് | ഉണ്ട് | ഉണ്ട് | - | 44 | 39 | 191 | 3 | 6 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| ലൂർദ്ദ് മാതാ കോളേജ് പറപ്പൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 3 | 180 | - | 2 | - | - |

## തോളൂർ ഗ്രാമ പഞ്ചായത്ത്
## വിദ്യാലയങ്ങളുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ, ഫർണിച്ചറുകൾ, അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ, രാസ വസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ വിനോദങ്ങൾക്ക് | ലൈബ്രറിക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനങ്ങൾ | എൻഡോവ്മെന്റ് | PTA ഫണ്ട് | മറ്റു മാർഗ്ഗത്തിലുള്ള വരവ് | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| St. John's L.P.S.പറപ്പൂർ | - | - | - | - | 3000 | - | 3455 | 1500 | 1050 | 600 | 1650 | - | 1060 | 5500 | - | 6560 |
| G.W.L.P.S. മുള്ളൂർ | - | - | - | - | - | - | 3689 | - | 448 | 476 | 924 | - | - | 3429 | - | 3429 |
| L.F.L.P.S പോന്നോർ | 3600 | 800 | - | - | 4722 | - | 3706 | - | 1034 | 680 | 1714 | - | 150 | 1285 | - | 1435 |
| L.F. ഇംഗ്ലീഷ് മീഡിയം L.P.S. പോന്നോർ | - | - | - | - | 3429 | - | - | - | - | - | - | - | - | 3429 | - | 3429 |
| S.R.V.L.P.S എടക്കളത്തൂർ | 1000 | 500 | - | 100 | 2000 | - | 6000 | 1000 | 1232 | 915 | 2147 | - | 94 | 2407 | - | 2501 |
| G.W. U.P.S . പോന്നോർ | - | - | - | - | 9000 | - | 5000 | 3152 | 811.50 | 725 | 1536.50 | - | 552 | 13464 | 1600 | 15616 |
| SRC.U.P.S. എടക്കളത്തൂർ | - | - | - | - | 2508 | - | 5554 | 3242 | 7123 | 478 | 7601 | - | - | - | 6500 | 6500 |
| St.J.H.S. പറപ്പൂർ | 20000 | 21000 | 2500 | 2100 | 3000 | 2500 | 11755 | 32000 | - | - | - | 13381 | - | 32000 | 150 | 45531 |
| ലൂർദ്ദ് മാതാ കോളേജ് പറപ്പൂർ | - | - | - | - | 7500 | - | - | - | - | - | - | - | - | - | - | - |

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. ഹൈസ്കൂൾ വളരെ അകലെയാണ്. എടക്കളത്തൂർ പോന്നോർ ഭാഗത്തെ കുട്ടികളെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടുണ്ട്. എടക്കളത്തൂർ - പോന്നോർ ഭാഗത്ത് ഒരു ഹൈസ്കൂൾ ആവശ്യമാണ്.

2. മുള്ളൂർ ജി. എൽ. പി. എസ്. വിദ്യാർത്ഥി ക്ഷാമത്തെ തുടർന്ന് അൺ ഇക്കണോമിക്ക് വിഭാഗത്തിലുൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശ വാസികൾകാവട്ടെ ഈ സ്കൂൾ കൂടിയേ തീരൂ. യാത്രാക്ലേശം മൂലം നിയമനം ലഭിക്കുന്ന അദ്ധ്യപകർ ഇവിടെ ജോലി ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്നില്ല. മുള്ളൂരിലേക്ക് യാത്രാ സൗകര്യം ഉണ്ടാക്കുക, ബസ് സർവ്വീസ് നടത്തുക അദ്ധ്യപകർക്കും മറ്റു ജീവന ക്കാർക്കും ക്വാർട്ടേഴ്സ് സൗകര്യം ഉണ്ടാക്കുക, സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനം വഴി കുട്ടികളുടെ മറ്റു വിദ്യാലയങ്ങളിലേക്കുള്ള ഒഴുക്ക് തടഞ്ഞു നിർത്താനുള്ള സൗകര്യം ഉണ്ടാക്കുക, സ്കൂളിനെ ലാഭത്തിലാക്കാനുള്ള ഇത്തരം സഹായ സഹകരണങ്ങൾ അധികൃതരുടെ പക്ഷത്തു നിന്ന് ഉണ്ടാകണം.

3. പി. ടി. എ., മാതൃ സംഗമം സജീവമല്ല ഫലപ്രദമാക്കണം.

4. സേവന വേതന വ്യവസ്ഥകളിലുള്ള അപര്യാപ്തത പരിഗണിക്കുക. ബാലവാടികളിലെ അദ്ധ്യാപികമാർ സംതൃപ്തരല്ല.

5. സാങ്കേതിക വിദ്യാഭ്യസത്തിന്റെ അപര്യാപ്തതയുണ്ട്.

6. വായനശാലകളുടെ പ്രവർത്തനം ശുഷ്കിച്ചതാണ്.

7. സാക്ഷരതാ വിദ്യാഭ്യാസം നേടിയവർക്ക് തുടർ വിദ്യാഭ്യാസത്തിന് സാദ്ധ്യത കുറവാണ്.

## സാദ്ധ്യതകൾ

1. പോന്നോർ G. W. U. P. S- ഹൈസ്കൂൾ ആക്കി അപ് ഗ്രേഡ് ചെയ്യുന്നതിനെ കുറിച്ച് ആലോചി ക്കേണ്ടതാണ്.

2. മുള്ളൂർ ഗവ. എൽ. പി. സ്കൂളിന്റെ മെച്ചപ്പെട്ട നടത്തിപ്പിന് ബസ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. തദ്ദേശവാസികൾക്ക് അദ്ധ്യാപന നിയമനം നല്കുക എന്ന കാര്യവും ആലോചിക്കാവുന്നതാണ്.

3. പറപ്പൂർ സെന്റെ ജോൺസ് ഹൈസ്കൂളിൽ പ്ലസ് ടു അനുവദിക്കേണ്ടത് വലിയ ആവശ്യമാണ്. ഉപരിപഠനത്തിന് ആശ്വാസപ്രദം അതിനുള്ള ഭൗതിക സൗകര്യം വിദ്യാലയത്തിനുണ്ട്.

4. G.WU.PS. പോന്നോർ സ്കൂളിനോടനുബന്ധിച്ച ഒരു നേഴ്സറി തുടങ്ങേണ്ടതിനെകുറിച്ച് ആലോചി ക്കാവുന്നതാണ്.

5. എട്ടാം വാർഡിൽ അഗ്രോ സെന്ററിൽ ഒരു ബാലവാടി തുടങ്ങുന്നത് അനുപേക്ഷണീയമാണ്.

6,. പഞ്ചായത്ത് അതിർത്തിയിൽ സാങ്കേതിക വിദ്യ അഭ്യസിപ്പിക്കാനുള്ള ഒരു സ്ഥാപനമില്ല. കാര്യക്ഷമമായ ഉപരിപഠനത്തിനുള്ള ഉപാധികളൊന്നും തന്നെയില്ല. അതുകൊണ്ട് ഒരു പോളി - ടെക്നിക് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

7. ഒരു കോളേജ് ഡിഗ്രി തലത്തിൽ തുടങ്ങുന്നതും അഭികാമ്യം.

# (11) ആരോഗ്യ രംഗം

മുൻകാലങ്ങളിൽ ഇവിടത്തെ ജനങ്ങൾ അവരുടെ ആരോഗ്യ പ്രശ്നങ്ങൾ പാരമ്പര്യ വൈദ്യൻമാരുടെ നാട്ടുചികിത്സാ രീതിയെ അവലംബിച്ചാണ് പരിഹരിച്ചിരുന്നത്. ഇന്ന് അത്തരം വൈദ്യൻമാരുടെ വംശം തന്നെ ഇല്ലാതായിട്ടുണ്ട്. അലോപ്പതി ചികിത്സാ രംഗത്തെ മുന്നേറ്റവും വളരെ പെട്ടെന്ന് രോഗ ശമനം നൽകുന്ന ഇംഗ്ലീഷ് മരുന്നുകളുടെ വ്യാപനവുമാകാം. ഇതിനു കാരണം. കൂടാതെ നമ്മുടെ നാട്ടിലെ ഔഷധച്ചെടികൾ വിവേചന രഹിതമായി നശിപ്പിച്ചതു കൊണ്ട് പച്ചില മരുന്നുകൾ ദുർലഭമായതും പാരമ്പര്യ വൈദ്യന്മാരുടെ തിരോധാനത്തിന് നിദാനമായിട്ടുണ്ട്.

## തോളൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം

17.20 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള ഈ ഗ്രാമ പഞ്ചായത്തിലെ അലോപ്പതി ചികിത്സാ സൗകര്യമുള്ള ഏക സ്ഥാപനമാണിത്. ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇത് 1963 ൽ ആണ് പ്രവർത്തനമാരംഭിച്ചത്. ഈ ആരോഗ്യകേന്ദ്രം ഒരു മാതൃ പ്രാഥമികാരോഗ്യ കേന്ദ്രമെന്ന പദവി (Mother P.H.C) യുള്ളതാണെങ്കിലും ഈ സ്ഥാപനത്തെ ആശ്രയിക്കുന്ന ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രാപ്തിയില്ലാത്ത അവസ്ഥയിലാണിന്ന്. 6 രോഗികളെ മാത്രം കിടത്തി ചികിത്സിക്കാൻ അനുമതിയുള്ള ഇവിടെ 12 രോഗികളെ കിടത്തി ചികിത്സിച്ചിട്ടും പല രോഗികളേയും സ്ഥല സൗകര്യമില്ലാത്തതിന്റെ പേരിൽ തിരിച്ചയ്ക്കേണ്ടി വരുന്നുണ്ട്. ഒരു സ്റ്റാഫ് നേഴ്സ് തസ്തികമാത്രമുള്ള ഇവിടെ രാത്രി സമയങ്ങളിൽ രോഗികളെ ശുശ്രൂഷിക്കാൻ ആരുമില്ലാത്ത അവസ്ഥ പല വിധ ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നുണ്ട്. ഒരു ഡ്യൂട്ടി നേഴ്സിന്റെ സേവനം കൂടി ലഭിച്ചാൽ ഇന്നത്തെ സാഹചര്യത്തിൽ തന്നെ മെച്ചപ്പെട്ട സേവനം ഒരു പരിധിവരെ നൽകാൻ കഴിയും. ആവശ്യത്തിനു ഉള്ള മരുന്നുകളുടെ ലഭ്യതകുറവും അത്യാവശ്യം വേണ്ട ഉപകരണങ്ങളുടെ അപര്യാപ്തതയും മെച്ചപ്പെട്ട സേവനം നൽകാനാകാത്ത അവസ്ഥയുണ്ടാകുന്നുണ്ട്.

ആഴ്ചയിൽ രണ്ടു ദിവസം പ്രവർത്തിക്കുന്നുണ്ടെന്നു പറയപ്പെടുന്ന ഒരു ലാബോറട്ടറി ഇവിടെയുണ്ടെങ്കിലും ഇതിന്റെ സേവനവും പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല. തന്മൂലം സർക്കാർ ആശുപത്രിയെ ശരണം പ്രാപിക്കുന്ന സാധാരണക്കാർ പോലും ചികിത്സ തേടി ദൂര സ്ഥലങ്ങളിലേക്കു പോകാൻ നിർബ്ബന്ധിതരാകുന്നു. ഇതെല്ലാം പരിഹരിക്കാൻ ഈ മാതൃ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുക മാത്രമേ പോം വഴിയുള്ളൂ. ഒട്ടുമിക്ക ഗ്രാമ സഭകളിലും ഉയർന്നു വന്ന ഈ ജനകീയാഭിലാഷം അടുത്ത 5 വർഷത്തിനുള്ളിലെങ്കിലും യാഥാർത്ഥ്യ മാകേണ്ടതുണ്ട്. ഒരു മാതൃ പ്രാഥമികാരോഗ്യ കേന്ദ്രമായതിനാൽ ഇപ്പോൾ ഈ സ്ഥാപനം ബ്ളോക്ക് പഞ്ചായത്തിന്റെ അധീനതയിലാണ്. അതുകൊണ്ട് ഈ ലക്ഷ്യപ്രാപതിക്കായി പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധയാണ് കൂടുതലുണ്ടാകേണ്ടത്. പുതിയ വാർഡുകളുടെ നിർമ്മാണത്തിനുപയോഗിക്കാവുന്ന സ്ഥലം ആശുപത്രി കോമ്പൗണ്ടിൽ തന്നെയുണ്ട് എന്നുള്ളത് സൗകര്യപ്രദമാണ്. മേൽപ്പറഞ്ഞ ലക്ഷ്യ പ്രാപ്തിക്കായി ഈയിടെ അര ലക്ഷം രൂപയോളം വിലവരുന്ന സാധന സാമഗ്രികൾ സംഭരിച്ചു നൽകിയ ആശുപത്രി 'സുഹൃത് സമിതി' യുടെ സേവനവും M.P/M.L.A. തുടങ്ങിയ ജനപ്രതിനിധികൾക്ക് ലഭിക്കുന്ന വികസന ഫണ്ടും സമാഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഈ സ്ഥാപനത്തിൽ രൂക്ഷമായിരുന്ന ശുദ്ധജലക്ഷാമം കാളിപ്പാടം ഭാഗത്തു കിണർ കുഴിച്ച് പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് പരിഹരിച്ചു കഴിഞ്ഞിട്ടുണ്ട്.

മുൻപ് ഈ സ്ഥാപനത്തിന് ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും 2 ലക്ഷം രൂപയുടെ മരുന്നുകൾ പ്രതിവർഷം ലഭിച്ചിരുന്നു. ഇപ്പോൾ മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലായതിനാൽ ഇംഗ്ലീഷ് മരുന്നുകളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടു കൂടി വെറും 15,000 രൂപയുടെ മരുന്നമാത്രമാണ് ലഭിക്കുന്നത്. ജനങ്ങൾ ഈ സ്ഥാപനത്തെ അവഗണിച്ച് ദൂര സ്ഥലങ്ങളിലേക്ക് ചികിത്സാ തേടിപ്പോകുന്നതിന്റെ ഒരു

പ്രധാന കാരണം ഇതു തന്നെയാണ്. ഈയിടെ പ്രതിവർഷം 50,000 രൂപയുടെ മരുന്നു നൽകാൻ അനുമതിയായിട്ടുണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ യഥാർത്ഥ ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ ഈ തുകയും അപര്യാപ്തമാണെന്നു കാണാം.

1992 മുതൽ 95 ഉൾപ്പെടെയുള്ള വർഷങ്ങളിൽ വിവിധ രോഗങ്ങൾക്ക് ചികിത്സ തേടി ഇവിടെയെത്തിയ രോഗികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം (പ്രതിവർഷം എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി മുതലായവ) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1992 | 48 | 15438 | 2680 | 860 | 368 | 20 | 11558 | 15486 |
| 1993 | 54 | 16396 | 2168 | 713 | 283 | 16 | 13270 | 16450 |
| 1994 | 154 | 18110 | 1058 | 594 | 201 | 12 | 16399 | 18264 |
| 1995 | 149 | 19286 | 957 | 400 | 147 | 9 | 17922 | 19435 |
| ആകെ | 405 | 69230 | 6863 | 2567 | 999 | 57 | 59149 | 69635 |

മേൽ കാണിച്ച പട്ടിക പരിശോധിച്ചാൽ ഈ മാതൃ പ്രാഥമികാരോഗ്യ കേന്ദ്രം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തേണ്ടതിന്റെയും മരുന്നുകൾക്കുള്ള അലോട്ടുമെന്റ് തുക വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകത കുറേ കൂടി വ്യക്തമാകുന്നതാണ്.

ചികിത്സാ ഉപകരണങ്ങൾ അണുവിമുക്തമാക്കാനുളള (Sterilisation) പ്രത്യേക റൂം ഇവിടെയില്ല. മാത്രമല്ല പഴഞ്ചൻ രീതിയിൽ മണ്ണെണ്ണ സ്റ്റൗവ് ഉപയോഗിച്ചാണ് ഇപ്പോൻ സ്റ്റെറിലൈസേഷൻ നടത്തുന്നത്. ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം അടിയന്തിര പ്രാധാന്യത്തോടെ പരിഹാരം കാണേണ്ട ഒരു പ്രശ്നമാണിത്. ചികിത്സാ ഉപകരണങ്ങൾ ശരിയാം വണ്ണം അണുവിമുക്തമാക്കിയില്ലെങ്കിലുണ്ടകുന്ന ഭവിഷ്യത്ത് ഭയാനകമാവുമെന്നതുകൊണ്ട് ഉപകരണങ്ങൾ അണുവിമുക്തമാക്കി സൂക്ഷിക്കാൻ. ഒരു പ്രത്യേക റൂം നിർമ്മിക്കേണ്ടതും ഗ്യാസ് കണക്ഷൻ ലഭ്യമാകേണ്ടതുമുണ്ട്. ഇപ്പോൾ നിലവിലുളള വാർഡും OP വിഭാഗവും ബന്ധിപ്പിക്കുന്ന വരാന്തയുടെ മുകളിൽ പ്രസ്തുത റൂം നിർമ്മിക്കുകയാണെങ്കിൽ വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകില്ലെന്ന് മാത്രമല്ല അണുബാധ സാധ്യതയും കുറയും. മാത്രമല്ല കോമ്പൗണ്ടിനുള്ളിലെ ഒരിഞ്ചു സ്ഥലം പോലും ഈ ആവശ്യത്തിനായി മാറ്റി വെക്കേണ്ടതായും വരുന്നില്ല. രോഗികളും അവരെ പരിചരിക്കുന്നവരും ജീവനക്കാരുമായി ധാരാളം ആളുകൾ വന്നു പോകുന്ന ഇവിടെ ആവശ്യത്തിനുളള ടോയ്‌ലറ്റ് (toilet) സംവിധാനവും ഉണ്ടാക്കേണ്ടതുണ്ട്. പ്രതിവർഷം 110-125 പ്രസവങ്ങൾ നടക്കുന്ന ഇവിടെ ശരിയായ വിധത്തിൽ മറുപിളള (Placenta) നിക്ഷേപിക്കുവാനുളള ഒരു കുഴിയുണ്ടാക്കുകയോ ഇൻസിനറേറ്റർ സംവിധാനമേർപ്പെടുത്തുകയോ ചെയ്യേണ്ടത് വളരെയധികം ആവശ്യമായ ഒരു കാര്യമാണ്.

## കുടുംബക്ഷേമകേന്ദ്രങ്ങൾ

എടക്കളത്തൂരും തോളൂർ പ്രാമികാരോഗ്യ കേന്ദ്രത്തിലുമായി ഈ പഞ്ചായത്തിലിപ്പോൾ രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങളാണുളളത്. വിസ്തൃതമായ ഈ പഞ്ചായത്തിലെ പതിനേഴായിരത്തോളം വരുന്ന ജനങ്ങളെ ആരോഗ്യ കാര്യങ്ങളിൽ വേണ്ടത്ര അളവിൽ ബോധവൽക്കരിക്കാനോ പ്രതിരോധകുത്തിവെയ്പുകൾ നടത്താനോ ഇവ പര്യാപ്തമല്ല. ഇതിന് പരിഹാരമെന്ന നിലയിൽ ഈ ഗ്രാമ പഞ്ചായത്തിലെ 2, 3, 4 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് പോന്നോരിൽ വില്ലേജാഫീസിനടുത്തുളള പുറം പോക്ക് ഭൂമിയിൽ ഒരു കുടുംബക്ഷേമ കേന്ദ്രവും 8,9 വാർഡുകൾക്കുവേണ്ടി മുളളൂരിൽ മറ്റൊരു കുടുംബക്ഷേമ കേന്ദ്രവും തുടങ്ങേണ്ടതാണ്. മുളളൂരിൽ ഇക്കാര്യത്തി നാവശ്യമായ സ്ഥലം ലഭിക്കുന്നതിന് നടപടികളായിട്ടുണ്ട്.

ഇത്തരം കേന്ദ്രങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനുലൂടെ രോഗാതുരതയുടെ തോത് വളരെയേറെ കുറക്കാനാകും. പ്രതിരോധമാണ് ചികിത്സയേക്കാൾ അഭികാമ്യമെന്ന ബോധം വളർത്തിയെടുക്കേണ്ടത് ജന സാന്ദ്രതയേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുറെ കൂടി പ്രസക്തമാവുകയാണ്. കാലിക (Seasonal) രോഗങ്ങളെകുറിച്ചുളള മുന്നറിയിപ്പുകളും മുൻകരുതലുകളും പരിസരം ശുചിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയുമെല്ലാം ആരോഗ്യ പരിപാലന രംഗത്ത് പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണല്ലൊ. മേൽ പറഞ്ഞ ഇടങ്ങളിൽ രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങൾ കൂടി ആരംഭിച്ചാൽ ഇപ്പോൾ നാമമാത്രമായിപ്പോലും നടക്കാത്ത ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനവും കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്. ആഴ്ചയിലൊരിക്കൽ നിശ്ചിത ദിവസങ്ങളിൽ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനവും ഉറപ്പുവരുത്തേണ്ടതാണ്. താഴെ കാണിക്കുന്ന പട്ടികകൾ ഇക്കാര്യങ്ങൾ വ്യക്തമാകാൻ സഹായകരമാണ്.

| ജനസംഖ്യ | കുടുംബക്ഷേമ കേന്ദ്രങ്ങൾ | | ഗർഭിണികളുടെ ശരാശരി എണ്ണം (പ്രതിവർഷം) | പ്രതിരോധകുത്തിവെയ്പ്പ് നടത്തിട ഒരു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം | 1996 നടത്തപ്പെട്ട ബോധ വൽക്കരണ ക്ലാസ്സുകൾ / സെമിനാറുകൾ |
|---|---|---|---|---|---|
| | ഇപ്പോഴുളളത് | കൂടുതലായി വേണ്ടത് | | | |
| 1 | 2 | 3 | 4 | 5 | 6 |
| 16893.2 | 2 | 2 | 211 | 194 | ഒന്ന് |

### സ്ഥായിയായ രോഗബാധിതരുടെ പട്ടിക

| രക്ത സമ്മർദ്ദം | പ്രമേഹം | കാൻസർ | കുഷ്ഠം | ക്ഷയം | ഹൃദ്രോഗം |
|---|---|---|---|---|---|
| 1155 | 24 | 16 | 27 | 59 | 8 |

### വിവിധഭാഗങ്ങളിലായി രോഗം ബാധിച്ചവർ

| വർഷം | ജലജന്യ രോഗങ്ങൾ | പ്രാണി ജന്യ രോഗങ്ങൾ | വായു ജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993 | 1250 | 3497 | 1438 | 10265 |
| 1994 | 1221 | 2695 | 1265 | 1383 |
| 1995 | 1173 | 2063 | 1016 | 15183 |

ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറെ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ് സാനിററി ടൈപ്പ് കക്കൂസുകളുടെ അപര്യാപ്തത. ഏകദേശം 15% ത്തോളം വീടുകളിൽ നല്ല കക്കൂസ് ഇല്ല എന്നുള്ളത് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടപ്രശ്നമാണ്. അടുത്ത അഞ്ചു വർഷത്തിനകം കക്കൂസില്ലാത്ത ഒറ്റ വീടുകളും ഈ ഗ്രാമ പഞ്ചായത്തിലുണ്ടാകാതിരിക്കുവാനുള്ള പദ്ധതികളാണ് വിഭാവനം ചെയ്യേണ്ടത്.

കുടുംബക്ഷേമ വിഭാഗം ആരോഗ്യപ്രവർത്തകരുടെ സഹകരണത്തോടെ മുഴുവൻ കക്കൂസുകളുടെ ഗ്യാസ് പൈപ്പുകളിലും കൊതുകു വല കെട്ടുന്നത് നിർബന്ധമാക്കുന്നതിനുള്ള ശ്രമങ്ങളും ഇതോടൊപ്പം നടത്താവുന്നതാണ്.

ഈ പഞ്ചായത്തിൽ മാതൃശിശുമരണങ്ങൾ വളരെ അപൂർവ്വമായേ സംഭവിക്കുന്നുള്ളൂ. സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ഇവിടത്തെ ജനനിരക്കും മരണനിരക്കും എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ വർഷം ജനിച്ച കുട്ടികളിൽ 194 കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പുകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ അംഗവൈകല്യമുള്ള 216 പേർ ഈ പഞ്ചായത്തിലുണ്ട്. വൈകല്യനിരക്ക് 1000 ത്തിന് 12ൽ കൂടുതലാണെന്നാണിത് വ്യക്തമാക്കുന്നത്. ബുദ്ധിമാന്ദ്യം സംഭവിച്ചവർ ഈ ഗ്രാമ പഞ്ചായത്തിൽ 20-25ന് ഇടക്ക് വരും 45 വയസ്സിനു താഴെയുള്ളവരാണി കൂട്ടത്തിൽ അധികവും.

ഇപ്പോൾ 18 നും 44 നും ഇടക്ക് പ്രായമുള്ള 2081 വിവാഹിതകളായ സ്ത്രീകളുണ്ടെങ്കിലും 1376 അമ്മമാർ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവരാണ്. ഈപ്രദേശത്ത് കണ്ടുവരുന്ന പ്രധാനപ്പെട്ട സ്ഥായിയായ രോഗം രക്തസമ്മർദ്ദമാണ്. രണ്ടാം സ്ഥാനം ക്ഷയരോഗത്തിനാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കുഷ്ഠം, കാൻസർ, ഹൃദ്രോഗം തുടങ്ങിയ സ്ഥായിയായ രോഗബാധിതരും ഇവിടെയുള്ളതായി കാണുന്നു. രോഗപ്രതിരോധശേഷി നഷ്ടപ്പെടുത്തി മരണത്തിലേക്ക് നയിക്കുന്ന മാരകമായ രോഗം ബാധിച്ച രണ്ടു പേർ ഈ ഗ്രാമ പഞ്ചായത്തിൽ ഉണ്ടായിരുന്നതായി രണ്ടു വർഷം മുമ്പു ഇന്ത്യൻ എക്സ്പ്രസ്സ് ദിനപത്രം റിപ്പോർട്ട് ചെയ്തിരുന്നു, ഇപ്പോൾ ഈ രോഗം ബാധിച്ചവർ ആരെങ്കിലുമുണ്ടോ എന്ന് പ്രാദേശികതലത്തിൽ നടത്തിയ അന്വേഷണങ്ങളിൽ നിന്നും വ്യക്തമായിട്ടില്ലെങ്കിലും ഗൗരവമേറിയ നിരീക്ഷണങ്ങൾ നടത്തുന്നത് അഭികാമ്യമാണ്.

### '95-'96 വർഷത്തെ ജനന മരണ പട്ടിക

| ജനനം | | | | മരണം | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ചാപിള്ള | ആകെ | ആൺ | പെൺ | ആകെ |
| 68 | 76 | ഇല്ല | 144 | 31 | 28 | 59 |

## കുടുംബാസൂത്രണം സംബന്ധിച്ച പട്ടിക

| വിവാഹിതകളായ സ്ത്രീകളുടെ പ്രായക്രമം | കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ | | | കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിക്കാത്തവർ | ആകെ |
|---|---|---|---|---|---|
| | 3 ൽ താഴെ കുട്ടികളുള്ളവർ | 3 ഉം അതിൽ കൂടുതലുള്ളവർ | ആകെ | | |
| 18-44 | 920 | 456 | 1376 | 705 | 2081 |

വായുജന്യ രോഗങ്ങളാണിവിടെ സ്ഥായി അല്ലാതെ കണ്ടുവരുന്ന രോഗങ്ങളിൽ കൂടുതലായി ഉള്ളത്. ജല ജന്യ രോഗങ്ങളും പ്രാണിജന്യ രോഗങ്ങളും ഏകദേശം തുല്യമായി കണ്ടു വരുന്നു. വയറിളക്കവും പനിയുമാണ് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ. ഫ്യൂമിഗേഷൻ, മരുന്നു തളിക്കൽ തുടങ്ങിയ കൊതുക് നിവാരണ പ്രവർത്തനങ്ങളുടേയും മാലിന്യ മുക്തമായ കുടിവെള്ള വിതരണത്തിന്റേയും ആവശ്യകത ഇവ വെളിപ്പെടുത്തുന്നുണ്ട്. തൊഴിൽ ജന്യമായ മുഖ്യരോഗം കല്ലാര (ഡൈമണ്ട് പോളിഷിംഗ് ) വ്യവസായവുമായി ബന്ധപ്പെട്ടതാണ്. കാഴ്ച ശക്തി കുറയുന്നതും വിട്ടു മാറാത്ത ജലദോഷവുമാണ് കണ്ടുവരുന്ന രോഗ ലക്ഷണങ്ങൾ. ഈ തൊഴിലുമായി ബന്ധപ്പെട്ട ഒട്ടനവധി ചെറുപ്പക്കാരുള്ള ഒരു പ്രദേശമാണിത് എന്നതു കൊണ്ട് ഇതിന്റെ കാരണവും പരിഹാരവും പഠന വിധേയമാക്കേണ്ടത് അത്യാവശ്യമാണ്.

### ആയ്യൂർവ്വേദ ഡിസ്പെൻസറി

എടക്കളത്തൂരിൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം കൂടുതൽ രോഗികൾക്ക് എളുപ്പം എത്തിച്ചേരാൻ സൗകര്യമുള്ള തോളൂർ പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗമായ പറപ്പൂരിലുള്ള വാടക കെട്ടിടത്തിലേക്ക് 1953 ലാണ് മാറ്റി സ്ഥാപിച്ചത്. സർക്കാർ ഉടമസ്ഥതയിലുള്ള ഈ സ്ഥാപനത്തിന് സ്വന്തമായ കെട്ടിട നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണിപ്പോൾ. ഇതിനാവശ്യമായ 5 സെന്റ് സ്ഥലം വി - ഗാർഡ് സ്ഥാപന ഉടമയാണ് സംഭാവന ചെയ്തത് എന്ന കാര്യം ഈയവസരത്തിൽ സ്മരണീയമാണ്. പാർശ്വഫലങ്ങളില്ലാത്ത side effect ചികിത്സാ തേടിയെത്തുന്ന ധാരാളം ആളുകൾക്ക് ഈ സ്ഥാപനത്തിന്റെ സേവനം ലഭിക്കുന്നുണ്ട്. ഇപ്പോഴും പ്രതിദിനം ശരാശരി 50 പേർ ഇവിടെ ചികിത്സാ തേടി എത്തുന്നുണ്ട് എന്നത് ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. ഇപ്പോൾ രാവിലെ മാത്രം സേവനം നൽകുന്ന ഈ സ്ഥാപനം ഉച്ചയ്ക്ക് ശേഷവും പ്രവർത്തിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഗുണ നിലവാരമുള്ള ആയ്യൂർവ്വേദ ഔഷധങ്ങളുടെ വിതരണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. കഷായങ്ങളും ആസവങ്ങളുമെല്ലാം ഇപ്പോൾ തയ്യാറാക്കി കൊടുക്കുന്നത് ഒരു അറ്റന്ററാണ്. ഒരു ആയ്യൂർവ്വേദ ഫാർമസിസ്റ്റിനെ നിയമിച്ച് കിട്ടാനുള്ള ശ്രമങ്ങൾ തുടങ്ങേണ്ടതുണ്ട്.

ഈ നാട്ടുക്കാരനായ ഒരു റിട്ട. ഡി. എം. ഒ. യുടെ (ആയ്യൂർവ്വേദം) മേൽനോട്ടത്തിൽ ചെറിയ തോതിൽ ആയ്യൂർവ്വേദ മരുന്നുകൾ ഉണ്ടാക്കി വിപണനം ചെയ്യുന്ന ഒരു സ്വകാര്യ സ്ഥാപനവും കഴിഞ്ഞ ഏതാനും വർഷമായി ഈ പഞ്ചായത്തിനുള്ളിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

### ഹോമിയോഡിസ്പെൻസറി

ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സർക്കാർ വക ഒരു ഹോമിയോ ഡിസ്പെൻസറി 1994 ൽ പ്രവർത്തമാരംഭിച്ചിട്ടുണ്ട്. എടക്കളത്തൂർ വടക്കുമുറി ഭാഗത്ത് പ്രവർത്തിച്ചിരുന്ന ഒരു സാംസ്ക്കാരിക സംഘടന സംഭാവന ചെയ്ത സ്ഥലത്ത്, 11 ഇന പരിപാടിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച 900ച.തുർ ശ്ര അടി വിസ്തൃതിയുള്ള ഒരു കെട്ടിടത്തിലാണിത് പ്രവർത്തിക്കുന്നത്. ശുദ്ധ ജലം ലഭ്യമല്ല എന്നുള്ളതാണ് ഈ സ്ഥാപനത്തെ അലട്ടുന്ന മുഖ്യ പ്രശ്നം. അലോപ്പതി ചികിത്സാ രീതിയിൽ പോലും പരിഹാരം കാണാൻ കഴിയാത്ത പല മാരക രോഗങ്ങൾക്കും ചിലവു കുറഞ്ഞ ഹോമിയോ പതിക്ക് രീതിയിൽ ഫലപ്രദമായ ചികിത്സായും ഉണ്ടെന്ന് വെളിപ്പെട്ട്

കൊണ്ടിരിക്കുന്ന ഇന്ന് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## വിഷ ചികിത്സാ കേന്ദ്രം

സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്വകാര്യ ഉടമസ്ഥതയിൽ ഒരു വിഷ ചികിത്സാ ഡിസ്പെൻസറി പറപ്പൂരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇപ്പോഴത് മന്ദീഭവിച്ചിരിക്കുകയാണ്.

പൊതുവേ നോക്കിയാൽ ആരോഗ്യ സ്ഥിതി തൃപ്തികരമാണെങ്കിലും രോഗാതുരത കൂടുതലാണിവിടെ. ഇത് ഫലപ്രദമായി നേരിടാൻ ആരോഗ്യ സേവന മേഖല കുറേകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. രണ്ട് പുതിയ കുടുംബക്ഷേമ കേന്ദ്രങ്ങൾ കൂടി തുടങ്ങണം.
2. കുടുംബ ക്ഷേമ കേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
3. രോഗങ്ങളെ കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തണം.
4. ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്തണം.
5. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും ആവശ്യത്തിനുള്ള മരുന്നുകൾ വിതരണം ചെയ്യണം.
6. രാത്രിയിൽ ഇൻപേഷ്യന്റ്സിന് ഡ്യൂട്ടി നേഴ്സിന്റെ സേവനം ലഭിക്കുന്നില്ല. ഒരു സ്റ്റാഫ് നേഴ്സിനെ കൂടി നിയമിക്കണം.
7. കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുംവിധം പുതിയ വാർഡ് നിർമ്മിക്കണം. സ്ഥല പരിമിധി മൂലം പല രോഗികളെയും തിരിച്ചയിക്കുകയാണിപ്പോൾ.
8. ചിലവുകുറഞ്ഞ കക്കൂസ് നിർമ്മാണം സാർവത്രികമാക്കണം.
9. കക്കൂസില്ലാത്ത വീട്ടുകാർക്ക് അത് സ്ഥാപിക്കാനുള്ള സഹായം നല്കണം.
9. കൊതുക് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുക.
10. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കേടുപാടുകൾ തീർക്കണം. സ്ത്രീ-പുരുഷ രോഗികൾക്കായി ഇപ്പോൾ ഒരു ടോയ്ലറ്റ് മാത്രമേയുള്ളൂ. പുതിയ ഒരെണ്ണം കൂടി ഉണ്ടാകണം.
11. സൗജന്യ ത്വക്ക് രോഗ നിർണ്ണയം, രക്തപരിശോധന, രക്ത സമ്മർദ്ദ പരിശോധന തുടങ്ങിയ ക്യാമ്പുകൾ ഇടയ്ക്കിടെ നടത്തണം.
12. വിഷ ചികിത്സാ കേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
13. പകർച്ചാ വ്യാധികൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കണം.
14. വാർഡ് രണ്ടിൽ ഒരു സബ് സെന്റർ തുടങ്ങണം.
15. പോന്നോർ മേഖലയിൽ ഒരു സബ് സെന്റർ തുടങ്ങണം.
16. രോഗങ്ങളെ കുറിച്ചും പ്രതിരോധപ്രവർത്തനങ്ങളെ കുറിച്ചും ജനങ്ങളിൽ ബോധവത്ക്കരണം നടത്തണം.
17. അഴുക്ക് ചാലുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം.
18. പൈപ്പ് ലൈനുകളിൽ കൂടി നല്കുന്ന വെള്ളം ശുദ്ധീകരിച്ച് നല്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.
19. വേസ്റ്റ് ബക്കറ്റ് സംവിധാനം ഏർപ്പെടുത്തണം.
20. Dead Body വാർഡിൽ നിന്നും എത്രയുംപെട്ടെന്ന് നീക്കം ചെയ്ത് സൂക്ഷിക്കാനുള്ള ഏർപ്പാടുണ്ടാക്കണം.
21. ആയ്യൂർവ്വേദ ഡിസ്പെൻസറിയുടെ സേവനം ഉച്ചയ്ക്ക് ശേഷവും ലഭ്യമാക്കണം.
22. ടി. ബി. , ലെപ്രസി, മലേറിയ എന്നിവയുടെ നിർമ്മാർജ്ജനത്തിന് സബ്സെന്റർ തുടങ്ങണം.
23. നാഗത്താൻ ക്കാവ് സെന്ററിലുള്ള കുഴൽ കിണറിലെ വെള്ളം കോലത്താട്ട് ഭാഗത്തേക്കും ചാലയ്ക്കൽ പാറ ഭാഗത്തേക്കും എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.
24. ചാലയ്ക്കൽ മഠത്തിനോട് ചേർന്നുള്ള കിണർ വൃത്തയാക്കി ഉപയോഗയോഗ്യമാക്കണം.
25. മുള്ളൂർ സ്ക്കൂൾ കോമ്പൗണ്ട് പരിസരവാസികൾ വൃത്തികേടാക്കുന്നത് തടയണം.
26. IX-ാം വാർഡിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം.
27. ചികിത്സോപകരണങ്ങൾ അണുവിമുക്തമാക്കാനുള്ള

പ്രത്യേക മുറി നിർമ്മിക്കണം. ഇതിനായി ഗ്യാസ് കണക്ഷൻ ലഭ്യമാക്കണം. മറുപിള്ള നിക്ഷേപിക്കാനുള്ള കുഴി (Placenta pit) ഉണ്ടാക്കണം.
28. ആയുർവ്വേദ ഫാർമസിസ്റ്റിനെ നിയമിക്കണം.
29.ഹോമിയോ ഡിസ്പെൻസറിയിലെ ജല ക്ഷാമം പരിഹരിക്കണം.

## പരിഹാര മാർഗ്ഗങ്ങളും സാധ്യതകളും

1. പുതിയ കുടുംബക്ഷേമ കേന്ദ്രങ്ങൾ തുടങ്ങാൻ പോന്നോരിലുള്ള വില്ലേജാഫീസിനടുത്തുള്ള പുറംപോക്ക് ഭൂമിയും മുള്ളൂരിൽ ലഭിക്കുന്ന സ്ഥലവും ഉപയോഗപ്പെടുത്താം. ഇതോടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുള്ളവർക്കും കൂടുതൽ ദൂരം യാത്ര ചെയ്യാതെ കുടുബക്ഷേമ കേന്ദ്രങ്ങളിലെത്താൻ കഴിയും. മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ നടത്താനും കൂടുതൽ പേർക്ക് സേവനം നടത്താനും .സാധിക്കും.
2. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കീഴിൽ വരുന്ന ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് വരുന്ന ഡോക്ടർമാരുടേയും പരിശീലകരുടേയും സേവനം കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ഉപയോഗപ്പെടുത്താം.
3. തോളൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയാൽ ഇപ്പോൾ അനുഭവപ്പെടുന്ന സ്റ്റാഫ് നേഴ്സിന്റെ കുറവും സ്ഥല പരിമിതിയും ഇല്ലാതാക്കാം. പുതിയ വാർഡുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഇവിടെയുണ്ട്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് സൗകര്യം ഇപ്പോഴുണ്ട്. ഒരു മാതൃകാ പ്രാഥമികാരോഗ്യകേന്ദ്രമായതിനാൽ ഇപ്പോൾ പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വരുന്ന ഈ സ്ഥാപനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുന്നതിന് MP/MLA മാരുടെ വികസന ഫണ്ടുകളും ആശുപത്രി സുഹൃത് സമിതിയുടെ സേവനവും ലഭ്യമാക്കാൻ പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്തിന് മുൻകൈെടുക്കാൻ കഴിയും.
4. മരുന്നുകൾക്കുള്ള അലോട്ടമെന്റ് തുക ചുരുങ്ങിയത് 2 ലക്ഷമെങ്കിലും ആക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. മെച്ചപ്പെട്ട ചികിത്സാ തേടി രോഗികൾ ദൂര സ്ഥലങ്ങളിലേക്ക് പോകേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും.
5. കൊതുക് നിയന്ത്രണം സാധ്യമാകാൻ കക്കൂസുകളുടെ ഗ്യാസ് പൈപ്പുകളിൽ കൊതുക് വല കെട്ടാവുന്നതും ഫ്യൂമിഗേഷൻ, മരുന്ന് തളിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ചെയ്യാം.
6. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയൊരു ടോയ്‌ലറ്റ് ഇപ്പോഴുള്ളതിന്റെ സമീപത്തായി തന്നെ നിർമ്മിക്കുവാൻ ഇടമുണ്ട്. ഒരേ ടോയ്‌ലറ്റ് തന്നെ സ്ത്രീ- പുരുഷ രോഗികൾ ഉപയോഗിക്കുന്ന അവസ്ഥ ഒഴിവാക്കുവാനാകും.
7. ഇപ്പോഴുള്ള വൈദ്യന്റെ പ്രായാധികൃവും മരുന്നുകളുടെ ലഭ്യത കുറവുമാണ് വിഷ ചികിത്സാ കേന്ദ്രത്തെ അലട്ടുന്നത്. വിഷ വൈദ്യം അറിയുന്ന പുതിയ ആളെ കണ്ടെത്തുകയും മരുന്നുകൾ വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുകയുമാണ് പോം വഴി.
8. ചികിത്സോപകരണങ്ങൾ അണുവിമുക്തമാക്കാനുള്ള മുറി, OP വിഭാഗവും ഇപ്പോഴുള്ള വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന വരാന്തയുടെ മുകളിൽ നിർമ്മിക്കാം. തന്മൂലം നിർമ്മാണ ചിലവും അണുബാധ സാധ്യതയും കുറയ്ക്കാം. നിർമ്മാണത്തിനായി പുതിയ സ്ഥലം കണ്ടെത്തേണ്ടതായും വരുന്നില്ല.
9. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന കിണറിനെ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി (Plecanta pit ) ഉണ്ടാക്കിയാൽ ചിലവ് കുറയ്ക്കാം. മലിനീകരണം ഇല്ലാതാകുന്നു.
10. ആയുർവ്വേദ ഫാർമിസിസ്റ്റിനെ നിയമിച്ചാൽ മരുന്നുകൾ വേണ്ടത്ര യോഗ്യത ഇല്ലാത്തവർ തയ്യാറാക്കി നൽകുന്നതുമൂലം ഉണ്ടായേക്കാനിടയുള്ള പ്രശ്നങ്ങൾ ഒഴിവാക്കാനാകും.

# കുടിവെള്ളം

ചുറ്റും നെല്പാടങ്ങളുള്ള ഒരു കൃഷി മേഖലയായ ഈ ഗ്രാമ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് തെക്കു വടക്കായി കിടക്കുന്ന മുള്ളൂർ കായലും KLDC കനാലും പടിഞ്ഞാറെ അതിർത്തിയിൽ തെക്കുവടക്കായി കിടക്കുന്ന കേച്ചേരി പുഴയുമാണ് മുഖ്യ ജല സ്രോതസ്സുകൾ. ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം

പരിഹരിക്കാൻ മേൽപറഞ്ഞ ജല സ്രോതസ്സുകളിലെ ജല വിഭവ കൈകാര്യസ്ഥത അതായത് വാട്ടർ മാനേജമെന്റ് ശരിയാം വണ്ണം നടത്തുകയാണ് വേണ്ടത്. ഇന്ന് പലരും നെല്പാടങ്ങൾ മണ്ണിട്ടു നികത്തിയതുമൂലവും പുഴയോരത്തേയും KLDC കനാലിന്റെയും തിട്ടകൾ വേണ്ട വിധത്തിൽ സംരക്ഷിച്ചു നിർത്താത്തതുമൂലവും ജല സംഭരണശേഷി വളരെയധികം കുറഞ്ഞ് പോയത് കുടി വള്ള ക്ഷാമത്തിന് കാരണമാകുന്നുണ്ട്.

<u>ജല സ്രോതസ്സ് പട്ടിക</u>

| നദി | കായൽ | കനാൽ | കിണറുകൾ | | പൊതു കുളങ്ങൾ | പൊതു ടാപ്പുകൾ | കുഴൽ കിണറുകൾ |
|---|---|---|---|---|---|---|---|
| | | | പൊതു ഉടമയിലുള്ളത് | സ്വകാര്യ ഉടമയിലുള്ളത് | | | |
| ഒന്ന് | ഒന്ന് | ഒന്ന് | 42 | 2487 | 9 | 51 | 17 |

കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന മാർച്ച് മുതൽ മെയ് ഉൾപ്പെടെയുള്ള മാസങ്ങളിൽ നെൽപാടങ്ങളിൽ പുഞ്ചകൃഷിനടത്തിയാൽ കിണറുകളിലെ വെള്ളം വറ്റാറില്ലാ എന്നതാണ് അനുഭവം. കോൾ പടവുകളിൽ പുഞ്ച കൃഷിയിറക്കാൻ വേണ്ടി പമ്പ് ചെയ്ത് കളയുന്ന അധികവെള്ളം കേച്ചേരി പുഴയിൽ സംഭരിച്ചു നിർത്തേണ്ടതാണ്. ചിമ്മിനി ഡാം പ്രവർത്തനം ആരംഭിച്ചതു കൊണ്ട് കോൾ പടവുകളിലെ ജല ദൗർലഭ്യവും പരിഹരിക്കാനാവുമെന്നതിനാൽ മുകളിൽ സൂചിപ്പിച്ച വിധത്തിലുള്ള പദ്ധതി പ്രാവർത്തികമാക്കുകയാണ് ഇവിടത്തെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാനുള്ള മാർഗ്ഗമായി സ്വീകരിക്കാവുന്നത്.

ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ഒന്നാം വാർഡിലെ പഴമുക്ക് കോളനി, പടിഞ്ഞാറെ കുന്ന്, പള്ളി കുന്ന്, താമൻ കുളം രണ്ടാം വാർഡിലെ എടക്കളത്തൂർ കിഴക്കുമുറി മൂന്നാം വാർഡിലെ ലക്ഷം വീട് കോളനി, നാലാം വാർഡിലെ ശവക്കോട്ട പരിസരം, തോളൂർ കിഴക്ക് ഭാഗം, അഞ്ചാം വാർഡിലെ കിഴക്കേതോളൂർ കുരിശുപള്ളി പരിസരം, റെയിൽ നടപാട്ടത്തിനടുത്തുള്ള പ്രദേശം, ആറാം വാർഡിലെ സഹകരണ സംഘം പരിസരം ലക്ഷം വീട് കോളനി, നാഗത്താൻ കാവ്, ഏഴാം വാർഡിലെ ലക്ഷം വീട് കോളനി, കോൺവെന്റിന് സമീപം എട്ടാം വാർഡിലെ ചാലയ്ക്കൽ പാഠഭാഗം, ഒമ്പതാം വാർഡിലെ മുള്ളൂർ കുന്ന്, സ്ക്കൂൾ പരിസരം എന്നിവിടങ്ങളിലാണ്. ഈ പ്രശ്ന പരിഹാരത്തിനുള്ള ശ്രമങ്ങൾ കാൽ നൂറ്റാണ്ടിലേറെ കാലമായി തുടരുന്നുവെങ്കിലും ആവശ്യത്തിനുള്ള ശുദ്ധ ജലം ലഭിക്കുന്ന സ്രോതസ്സ് കണ്ടെത്താനാവാത്തതുമൂലം ഇതുവരെ മുഴുവനായും വിജയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെറിയ ചെറിയ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

## <u>നിലവിലുള്ള ജലവിതരണസംവിധാനങ്ങൾ</u>

### 1. തോളൂർ പഞ്ചായത്ത് ഗ്രാമീണ <u>ജലവിതരണപദ്ധതി</u>

30 കൊല്ലം മുമ്പ് ആരംഭിച്ച ഈ പദ്ധതി 1991 ലാണ് കമ്മീഷൻ ചെയ്തത്. കേച്ചേരിപ്പുഴയിലെ കടാം തോടിൽ വാട്ടർ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം നിർമ്മിച്ച കിണർ ഉപയോഗ്യമല്ലാതായി. 20,000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ഉന്നതതല ടാങ്ക് (Over-head Tank) ഉയർന്ന പ്രദേശമായ എട്ടാം വാർഡിലെ ലക്ഷം വീടുകോളനി പരിസരത്ത് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിനുള്ള വെള്ളം കിട്ടാത്തതുമൂലം വേണ്ട വിധം ഉപയോഗിക്കാനായിട്ടില്ല. ഇപ്പോൾ കടാം തോട്ടിലെ കിണറിനു സമീപം 2 കുഴൽ കിണറുകളിൽ നിന്നെടുക്കുന്ന വെള്ളം കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റിയതല്ല. എങ്കിലും ഏഴാം വാർഡ് ലക്ഷം വീട്, എട്ടാം വാർഡ് ലക്ഷം വീട്, ആശുപത്രി പരിസരം എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ പൈപ്പ് ലൈൻ വലിച്ച് 15 ടാപ്പുകൾ സ്ഥാപിച്ചിരുന്നു. 1996 ൽ 1700 മീറ്റർ പുതിയ ലൈൻ വലിച്ച് 13 ടാപ്പുകൾ കൂടി സ്ഥാപിച്ചതുമൂലം ചാലയ്ക്കൽ

പാറഭാഗം, കന്യാസ്ത്രീ മഠം പരിസരം കരുവാൻ മൂല എന്നിവിടങ്ങളിലെ ജല്ക്ഷാമത്തിനും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം പൈപ്പുകൾ സ്ഥാപിച്ചിട്ട് 25 വർഷം കഴിഞ്ഞതിനാൽ പലയിടത്തും പൈപ്പുകൾ ദ്രവീകരിച്ച് ലീക്ക് ചെയ്ത്വെള്ളം പാഴായി പോകുന്നുണ്ട്. കൂടാതെ സംഭരണത്തിനും വിതരണത്തിനും ഒരേ ലൈൻ തന്നെ ഉപയോഗിക്കുന്നതിനാൽ ടാങ്കിൽ വെള്ളത്താൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഇപ്പോഴുള്ള പഴകി ദ്രവിച്ച പൈപ്പുകൾ മാറ്റി സംഭരണത്തിനും വിതരണത്തിനും വെവ്വേറെ ലൈനുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നാഗത്താൻ കാവ് ജംഗ്ഷനിൽ പുതുതായി കുഴിച്ചിരിക്കുന്ന കുഴൽ കിണറിൽ നിന്നും മണിക്കൂറിൽ 30,000 ലിറ്ററോളം കുടിവെള്ളമായി ഉപയോഗിക്കാവുന്ന ജലം ലഭിക്കാനിടയുണ്ടെന്ന് മനസ്സിലാക്കുന്നു. ഇത് പരിശോധിച്ചുകഴിഞ്ഞ് സ്ഥിരീകരിച്ചാൽ 5,6,7,8 എന്നീ വാർഡുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ കഴിയുമെന്ന് കരുതുന്നു. ഇവിടെ മോട്ടോർ സ്ഥാപിച്ച് വെള്ളം ക്ലോറിനേറ്റ് ചെയ്ത് നിലവിലുള്ള പൈപ്പ് ലൈനുമായി ഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

### .2.പോന്നോർ പട്ടിക ജാതി കോളനി ശുദ്ധജല വിതരണ പദ്ധതി

ഈ പദ്ധതി പ്രകാരം കോളനിയിൽ 15 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലലഭ്യത വേണ്ടത്ര യില്ലാത്തതിനാൽ പ്രശ്നം പൂർണ്ണമായും പരിഹൃതമായിട്ടില്ല. ജല ലഭ്യതക്കുള്ള നല്ല ഉറവിടം ലഭിച്ചാൽ പോന്നോർ മേഖലയിലേയും തോളൂർ കുന്ന് പരിസരത്തേയും ജലക്ഷാമം പരിഹരിക്കാനാകും. ഈ വർഷം ഇവിടെ സ്ഥാപിച്ചിരുന്ന പഴകിയ പൈപ്പുകൾ മുഴുവൻ മാറ്റുകയും നാല് പുതിയ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

എടക്കളത്തൂർ വടക്കുമുറി, ലക്ഷം വീട്, പഴമുക്ക് കോളനി, പടിഞ്ഞാറെ കുന്ന് എന്നിവിടങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ ഈ പ്രദേശത്തിനടുത്തുള്ള ആളൂർ പാടത്തെ മൺകുഴികളിൽ ഉറവിടം നിർമ്മിച്ച് ഉന്നതതല സംഭരണ ടാങ്ക് നിർമ്മിച്ച് പുതിയ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കേണ്ടിയിരിക്കുന്നു. കയ്പ്പറമ്പ് പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ പുത്തൂരിൽ നിന്ന് നീട്ടിയാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധ്യത കാണുന്നുണ്ട്. ഇതായിരിക്കും സുഗമവും ചെലവുകുറഞ്ഞതും ഫലപ്രദവുംമായ പദ്ധതി.

നിലവിലുള്ള പൊതുകിണറുകൾ ആഴം കൂട്ടി ഉപയോഗ്യമാക്കിയും പുതിയവ നിർമ്മിച്ചും ഇപ്പോൾ ജലവിതരണത്തിനുള്ള സംവിധാനം കുറ്റമറ്റതാക്കി. സ്വകാര്യ വ്യക്തികളുടേതുൾപ്പടെയുള്ള ശുദ്ധ ജല സ്രോതസ്സുകളുമായി ഘടിപ്പിച്ചും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചും ഇവിടത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്. പൊതുകുളങ്ങളും വേണ്ടവിധം സംരക്ഷിച്ച് ഈ പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതാണ്. മുഴുവൻ കുടിവെള്ളസ്രോതസ്സുകളും വേനലാരംഭത്തിൽ ക്ലോറിനേറ്റ് ചെയ്യുകയും വേണം.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കണം.
2. പൊതുകിണറുകൾ ആഴം കൂട്ടണം. പുതിയവ നിർമ്മിക്കണം. പഴകിദ്രവിച്ച തുടിക്കാലുകൾ മാറ്റി സ്ഥാപിക്കണം.
3. വേനൽക്കാലത്ത് കേച്ചേരി പുഴയിലും നെൽപ്പാടങ്ങളിലും വെള്ളം സംഭരിച്ചു നിർത്തണം.
4. പൊതുകുളങ്ങൾ സംരക്ഷിക്കണം.
5. കുടിവെള്ള സ്രോതസ്സുകൾക്ക് ക്ലോറിനേറ്റ് ചെയ്യണം.
6. പഴകി ദ്രവിച്ച പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കണം. സംഭരണത്തിനും വിതരണത്തിനും വെവ്വേറെ ലൈൻ സ്ഥാപിക്കണം.
7. കൂടുതൽ കുഴൽ കിണറുകൾ കുഴിച്ച് ഹാന്റ് പമ്പ് സ്ഥാപിക്കണം.
8. രാവിലെയും വൈകീട്ടും ജലവിതരണം നടത്തണം.
9. ഇരുമ്പുപൈപ്പുകളുള്ള കുഴൽകിണറുകളിൽ പി. വി. സി. പൈപ്പ് സ്ഥാപിക്കണം.
10. പഴമുക്ക് കോളനിയിൽ കുടിവെള്ളത്തിന് സൗകര്യം ഉണ്ടാക്കണം.
11. ഒന്നാം വാർഡിലെ ലക്ഷം വീട് കിണർ നന്നാക്കണം.

രാമൻ കുളം പരിസരത്ത് കുടിവെള്ളം എത്തിക്കണം.

12. രണ്ടാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

13. സാമൂഹ്യജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചന സൗകര്യം വർദ്ധിപ്പക്കണം.

14. കിണർ വെള്ളം ശുചിയാക്കുന്നതിനുവേണ്ടി ബ്ലീച്ചിങ്ങ് പൗഡർ ആവശ്യമുള്ള സമയത്ത് ആശുപത്രി വഴി വിതരണം ചെയ്യണം.

15. കുഴൽ കിണറുകൾ കുഴിക്കുമ്പോൾ ഭൂജല വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തണം.

16. ഏഴാം വാർഡിലെ ലക്ഷം വീട് പരിസരത്തുള്ള കുഴൽകിണറിന്റെ ഫൗണ്ടേഷൻ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തണം.

17. വിവിധ കാരണങ്ങളാൽ ലഭിക്കാതെ ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ പൈപ്പുലൈനുകൾ സ്ഥാപിച്ചോ കിണറുകൾ കുഴിച്ചോ കുടിവെള്ളം എത്തിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

18. ഒമ്പതാം വാർഡിലെ പൊതുകിണറിലേക്ക് വഴി തുറന്നു കിട്ടണം.

## പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും

1. പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തി പൈപ്പ് ലൈൻ സ്ഥാപിക്കാവുന്നതാണ്.

2. K. L. D. C. കനാലിലും കേച്ചേരിപ്പുഴയിലും ജലം സംഭരിച്ചുനിർത്താൻ പറപ്പൂർ സർവ്വീസ് സഹകരണ സംഘവുമായി ബന്ധപ്പെടാവുന്നതാണ്.

3. ആളൂർ പാടത്തെ മൺകുഴിയിൽ ജലസ്രോതസ്സ് കണ്ടെത്താനും കൈപ്പറമ്പ് പഞ്ചായത്തിന്റെ ജലവിതരണ പദ്ധതി എടക്കളത്തൂരിലേക്ക് വ്യാപിപ്പിക്കാനും ശ്രമിക്കാവുന്നതാണ്. നാഗത്താൻ കാവ് കുഴൽകിണർ നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുവാനും ശ്രമിക്കാം.

4. കുഴൽ കിണറുകളും പൊതുകിണറുകളും നിർമ്മിക്കുകയും പൊതുകുളങ്ങളുൾപ്പെടെ നിലവിലുള്ള ജലസ്രോതസ്സുകൾ നവീകരിക്കുകയും ചെയ്യാം.

5. പഴകിയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാവുന്നതാണ്.

# പരിസര ശുചീകരണം

രോഗ പ്രതിരോധ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ ആരംഭിക്കുന്നത് ശുചിത്വം പാലിക്കുന്നതിലൂടെ ആയതിനാൽ ശുചീകരണം വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത ഏറെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

തോളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ തന്നെ ശരിയായ ശുചീകരണ സംവിധാനമില്ല. ഇവിടെയുണ്ടാകുന്ന മാലിന്യങ്ങൾ രോഗാണുക്കൾ നിറഞ്ഞതാകാൻ ഇടയുള്ളതിനാൽ അവ ഫലപ്രദമായി കൈയ്യൊഴിക്കാനുള്ള സംവിധാനമുണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇവിടെ ശരിയായ വിധത്തിലുള്ള ഒരു Placenta (മറുപിള്ള) Pit പോലുമില്ലാത്തത് ഏറെ പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട്. മേൽ പറഞ്ഞ പ്രശ്നങ്ങൾ പരഹരിക്കാൻ ഒരു Incenarator (ഇൻസിനറേറ്റർ) സംവിധാനം ഏർപ്പെടുത്തുകയാണ് അഭികാമ്യമായിട്ടുള്ളത്.

ഈ പഞ്ചായത്തിലെ പ്രധാന കച്ചവടകേന്ദ്രം പറപ്പൂരിലെ പള്ളി മാർക്കറ്റാണ്. ഇവിടെ കുപ്പത്തൊട്ടികൾ (Dust bin) സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പലരും മാലിന്യങ്ങൾ റോഡിന്റെ കാനകളിൽ കൊണ്ടിടുന്നുണ്ട്. ഇതു അഴുക്കുചാൽ (Drain) സംവിധാനം തടസ്സപ്പെടുത്തുന്നതു മൂലം വർഷക്കാലങ്ങളിൽ റോഡിലൂടെ വെള്ളമൊഴുകി റോഡ് പെട്ടെന്ന് സഞ്ചാരയോഗ്യമല്ലാതാവുന്നു. കാനകളിൽ മണ്ണടിയാനും കാരണമാകുന്നു. മാർക്കറ്റ് വൃത്തിയാക്കാനുള്ള ഏർപ്പാടുകൾ അധികൃതർ ചെയ്യാറുണ്ടെങ്കിലും ബന്ധപ്പെട്ടവർ അതു പാലിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ മാർക്കറ്റിലെ അറവു ശാലയിലെ അവശിഷ്ടങ്ങൾ ചീഞ്ഞു നാറി ദുർഗന്ധം വമിക്കാറുണ്ട്. ഈ അവശിഷ്ടങ്ങൾ വേണ്ട വിധം സംസ്കരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിസരം ദുർഗന്ധ പൂരിതമാകുന്നത് ബന്ധപ്പെട്ടവർ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാത്തതുകൊണ്ടും അറവുശാലയും മാംസവില്പന സ്റ്റാളുകളും കഴുകി

വൃത്തി യാക്കാത്തതുകൊണ്ടുമാണ്. മറ്റൊരു കച്ചവടകേന്ദ്രമായ പോന്നോർ മാർക്കറ്റിലെയും സ്ഥിതി ഇതിൽ നിന്നും വിഭിന്നമല്ല.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും മാർക്കറ്റ് അധികൃതരുടെയും കച്ചവടക്കാരുടെയും സംയുക്തയോഗം വിളിച്ചുചേർത്ത് മാർക്കറ്റും പരിസരവും വൃത്തിയായി സൂക്ഷിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുകയും അതു കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഇടക്കിടെ പരിശോധനക്ക് വിധേയമാക്കുകയും നിർദ്ദേശാനുസരണം പ്രവർത്തിക്കാത്ത കച്ചവടക്കാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള എല്ലാ നിയമ നടപടികൾ സ്വീകരിക്കുകയുമാണ് പ്രശ്ന പരിഹാരത്തിനായി ചെയ്യേണ്ടത്.

372 വീടുകളിൽ മാത്രമെ ഇവിടെ കമ്പോസ്റ്റ് കുഴികളുള്ളു. മറ്റുള്ളവർ മാലിന്യങ്ങൾ കത്തിച്ചുക്കളയുകയോ പൊതുനിരത്തുകളിലേക്ക് വലിച്ചെറിയുകയോ ചെയ്യുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ഇങ്ങനെ കുപ്പത്തൊട്ടികൾ സ്ഥാപിച്ചാൽ അവയിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാനും പൊതുജനാരോഗ്യത്തിന് ഹാനികരമല്ലാത്ത വിധത്തിൽ സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ വീടുകളിലെ മാലിന്യങ്ങൾ റോഡുകളിലെറിയരുതെന്നും അവ കത്തിച്ചുക്കളയുകയോ കമ്പോസ്റ്റ് കുഴികളിൽ നിക്ഷേപിക്കുകയോ വേണമെന്നും ബോധവൽക്കരണം നടത്തേണ്ടതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ കാര്യങ്ങൾ ഗ്രാമ സഭയും വാർഡു കമ്മിറ്റിയും ചർച്ച ചെയ്ത് പരിഹാരങ്ങൾ ആരായേണ്ടതും വിവരം ഗ്രാമ പഞ്ചായത്തിൽ അറിയിക്കാവുന്നതുമാണ്. വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ നിന്നും അത് ഒഴിക്കിക്കളയാനുള്ള സംവിധാനം ഉണ്ടാക്കുകയും അതിനു കഴിയാത്തിടത്ത് അണുനാശിനി പ്രയോഗം നടത്തുകയും വേണം.

1.അഴുക്കുചാൽ ശുചീകരണം നടത്തുക.
2. കുപ്പത്തൊട്ടി സംവിധാനം ഏർപ്പെടുത്തുക.
3. മലിനജലം റോഡിലൊഴുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.
4. പരിസര ശചീകരണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.
5. ആശുപത്രി മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ സംവിധാനം വേണം.

### പരിഹാര മാർഗ്ഗങ്ങളും സാധ്യതകളും

1. വർഷക്കാലാരംഭത്തിനു മുമ്പ് അഴുക്കുചാലുകൾ വൃത്തിയാക്കണം. അഴുക്കുചാലിൽ മണ്ണും മാലിന്യങ്ങളും നിക്ഷേപിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ്.
2. കുപ്പത്തൊട്ടി സംവിധാനമേർപ്പെടുത്തുന്ന തോടൊപ്പം മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ഏർപ്പാടുകളും ചെയ്യേണ്ടതുണ്ട്. മാലിന്യങ്ങൾ ചിതറി ക്കിടക്കുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാകും.
3. ആരോഗ്യക്ഷേമ പ്രവർത്തകരുടെ സഹായത്തോടെ പരിസരശുചീകരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്താം. മാലിന്യങ്ങൾ റോഡിലെറിയുന്ന പ്രവണതയും തുറസ്സായ സ്ഥലങ്ങളിൽ മലവിസ്സർജ്ജനം നടത്തുന്ന അവസ്ഥയും ഇല്ലാതാക്കാം. പല അസുഖങ്ങളും പിടിപെടാതെയിരിക്കും.
4. ആശുപത്രിയിൽ ഒരു ഇൻസിനറേറ്റർ സംവിധാനം ഏർപ്പെടുത്തണം. മലിനീകരണവും അണു പ്രസരണവും കുറക്കാം.

## മാർക്കറ്റ്

നിത്യോപയോഗ സാധനങ്ങൾ കൈമാറ്റത്തിലൂടെ ക്രയവിക്രയം ചെയ്തിരുന്ന പഴയ നാളുകൾക്കുശേഷം ഈ നാട്ടിൽ ഒരു കച്ചവട കേന്ദ്രം എന്ന നിലയിൽ പ്രവർത്തനമാരംഭിച്ചത് "പഴയ ചന്ത" എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന സ്ഥലത്തായിരുന്നു. സ്വകാര്യ ഉടമയിലായിരുന്ന ഈ കേന്ദ്രം പറപ്പൂർ പള്ളി മാർക്കറ്റിന്റെ ആവിർഭാവത്തോടെ അസ്തമിച്ചു

പോറുകയാണുണ്ടായത്.

വിളവെടുപ്പു സമയത്ത് കാർഷിക വിളകൾക്കനുഭവപ്പെടുന്ന വിലയിടിവും നിലക്കാരുടെ തട്ടിപ്പും തടയാൻ ഒരു പൊതു സംഭരണ കേന്ദ്രം തുടങ്ങേണ്ടത് ആവശ്യമാണ്. നെല്ല് അടക്ക, നാളികേരം, കുരുമുളക്, കശുവണ്ടി തുടങ്ങിയ പ്രധാന വിളകൾക്കെങ്കിലും ന്യായമായ വില കിട്ടാൻ ഇതു സഹായകരമാകും. നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി ഉയരുമ്പോഴും എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസം നല്കി കുറഞ്ഞ വിലക്ക് അവ വിതരണം ചെയ്തു വരുന്ന മാവേലി സ്റ്റോർ ഈ പഞ്ചായത്തിനുളളിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ ഗുണമേൻമയുള്ള ഭക്ഷ്യധാന്യങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഭാരിച്ച തുക സബ്സിഡി നല്കി സ്റ്റാറ്റ്യൂട്ടറി റേഷനിങ്ങ് സമ്പ്രദായം നിലനിർത്തുമ്പോൾ ഇവയുടെ പ്രവർത്തനങ്ങളിൽ ആശാസ്യമല്ലാത്ത പല തിരിമറികളും നടക്കുന്നത് ഫലപ്രദമായി നിയന്ത്രിക്കാൻ ഗ്രാമ പഞ്ചായത്തുകൾക്കുകൂടി അധികാരം നല്കണം. ഒമ്പതാം വാർഡ് നിവാസികൾക്ക് തൊട്ടടുത്ത പൊതുവിതരണ കേന്ദ്രത്തിലെത്താൻ മൂന്നു കിലോമീറ്ററിലധികം ദൂരം ഇപ്പോൾ സഞ്ചരിക്കേണ്ടിവരുന്നുണ്ട്. ഇതു പരിഹരിക്കാൻ മുളളൂരിൽ ഒരു പൊതു വിതരണ കേന്ദ്രം കൂടി തുടങ്ങാനും ശ്രമിക്കേണ്ടതാണ്.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. മാവേലി സ്റ്റോർ വേണം.
2. അടക്ക മാർക്കറ്റ് വേണം.
3. മുളളൂരിൽ റേഷൻ കട വേണം.
4. മാർക്കറ്റുകളിൽ ശുചീകരണ സംവിധാനം നടപ്പാക്കണം.

### പരിഹാര മാർഗ്ഗങ്ങളും സാദ്ധ്യതയും

1. മാവേലി സ്റ്റോർ അനുവദിച്ചുകിട്ടാൻ ബന്ധപ്പെട്ടവർക്ക് നിവേദനം സമർപ്പിക്കാവുന്നതാണ്. വിലക്കയറ്റത്താൽ പൊറുതി മുട്ടുന്ന ജനങ്ങൾക്കിത് ആശ്വാസകരമാവും. സമീപപ്രദേശത്തൊന്നും മാവേലി സ്റ്റോറുകളില്ല.
2. അടക്ക വില്ക്കാൻ ഇപ്പോൾ കേച്ചേരിയിലോ അമല നഗറിലോ പോകേണ്ട അവസ്ഥയാണ്. ഇതു മൂലം കർഷകർക്ക് സാമ്പത്തിക ചിലവ് കൂടുന്നത് പരിഹരിക്കാൻ എല്ലാ ദിവസവും ഇവിടെതന്നെ അടക്ക സംഭരിക്കാനുള്ള സംവിധാനമേർപ്പെടുത്തിയാൽ കച്ചവട സാദ്ധ്യത വർദ്ധിപ്പിക്കുന്നതുമൂലം കൂടുതൽ വരുമാനം പഞ്ചായത്തിനു ലഭിക്കുകയും ചെയ്യും.
3. മുളളൂർ പ്രദേശത്ത് ഒരു റേഷൻ കട തുടങ്ങിയാൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാനാവും.
4. ശുചീകരണം നടത്താൻ മാർക്കറ്റ് അധികൃതരെ അറിയിക്കുന്നതും തുടരന്വേഷണങ്ങൾ നടത്താവുന്നതുമാണ്.

തികച്ചും സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകമാണ് തോളൂർ പഞ്ചായത്തിനുളളത്. കാലപ്പഴക്കം കൊണ്ടും മറ്റ് സവിശേഷതകൾ കൊണ്ടും ശ്രദ്ധേയങ്ങളായ ഇരുപതോളം ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. തൃശ്ശൂർ ജില്ലയിലെ ആദ്യകാല ക്രിസ്ത്യൻപള്ളികളിലൊന്നായ പറപ്പൂർ പള്ളി ഈ പഞ്ചായത്തിലാണ്. കൂടാതെ പോന്നോരിലും എടക്കളത്തൂരിലും ഓരോ ഇടവക പള്ളികളും കൂടിയുണ്ട്. ഈ പഞ്ചായത്തിലെ ഏക മുസ്ലീം പള്ളി 1994- ൽ ആണ് സ്ഥാപിതമായത്.

**1. എടക്കളത്തൂർ ദുർഗ്ഗാക്ഷേത്രം**

പ്രസിദ്ധമായ മാടമ്പു മനയുടെ ഊരായ്മ ക്ഷേത്രമാണിത്. ഇപ്പോഴത്തെ ഭരണം നാട്ടുകാരുടെ കമ്മറ്റിയാണ്. തൃശ്ശൂർ പൂരത്തിന് പ്രധാന പങ്കാളിയായ തിരുവമ്പാടി വിഭാഗത്തിന്റെ പൂരം പുറപ്പാട് എടക്കളത്തൂരിൽ നിന്നായിരുന്നു എന്ന് പഴമക്കാർ പറയുന്നു. തൃശ്ശൂർ പൂരത്തിന്റെ പിറ്റേദിവസം ആണ് (ഉത്രം നാൾ) ഇവിടെ ഉത്സവത്തിന് കൊടികയറുന്നത്. എട്ട് ദിവസം നീണ്ടുനില്കുന്ന ചടങ്ങുകളും ആഘോഷങ്ങളും ഉണ്ട്.

**2. എടക്കളത്തൂർ അയ്യപ്പൻകാവ്**

ജീർണ്ണാവസ്ഥയിലായിരുന്ന ഈ ക്ഷേത്രം അടുത്ത കാലത്താണ് പുനരുദ്ധരിച്ചത്. നാട്ടുകാരുടെ സമിതിയാണ് ക്ഷേത്ര ഭരണം നടത്തുന്നത്. മണ്ഡലക്കാലത്ത് നടത്തുന്ന പരിപാടികളൊഴിച്ച്, പ്രത്യേക ഉത്സവങ്ങൾ ഒന്നും ഇവിടെ പതിവില്ല.

**3. പോന്നോർ ശിവ ക്ഷേത്രം**

വളരെ പഴക്കമുളള ക്ഷേത്രമാണിത്. ശിവരാത്രി ഗംഭീരമായി ആഘോഷിക്കുന്നു. ക്ഷേത്രഭരണം നാട്ടുകാരാണ് നടത്തുന്നത്.

**4. പോന്നോർ ആയിരം കാവ് ഭഗവതി ക്ഷേത്രം**

ഈ പുരാതനക്ഷേത്രം പുളിഞ്ചേരി വീട്ടുവളപ്പിൽക്കാരുടെ വകയായിരുന്നു. മകര സംക്രമത്തിനാണ് ഇവിടത്തെ പ്രധാന ഉത്സവം. തുലാമാസത്തിലെ പോക്കു ചൊവ്വാഴ്ച നടത്തുന്ന നിറമാലയും പ്രസിദ്ധമാണ്. ഇവിടെ ഹനുമാൻ പ്രതിഷ്ഠയും ശാസ്താവ് പ്രതിഷ്ഠയും ഉണ്ട്. ധനു ഒന്ന് മുതൽ 10 ദിവസം നീണ്ടു നില്കുന്ന വെള്ളരി പൂജയും നടത്താറുണ്ട്. നാട്ടുകാരുടെ സമിതിയാണ് ഇവിടെ ഭരണം നടത്തുന്നത്.

**5. പോന്നോർ കുഴിക്കാട്ടുകര ശിവക്ഷേത്രം**

വളരെ പഴക്കമുളള ശിലാ നിർമ്മിത ക്ഷേത്രമാണിത്. ശിവരാത്രിയാണ് പ്രധാന ഉത്സവം. നാട്ടുകാരുടെ സമിതിയാണ് ഇവിടെയും ഭരണം നടത്തുന്നത്.

**6. തോളൂർ പിഷാരിയേക്കൽ ക്ഷേത്രം**

ദുർഗ്ഗാപ്രതിഷ്ഠയായുളള ഈ ക്ഷേത്രം അഴുവാഞ്ചേരി മനവകയായിരുന്നു. വൃശ്ചിക മാസത്തിലെ കാർത്തിക നാളിലാണ് ഉത്സവം. നാട്ടുകാരുടെ സമിതിയാണ് ഇവിടെ ഭരണം നടത്തുന്നത്.

**7. വഴിയിൽ ശേഖവൻ കാവ് ക്ഷേത്രം**

വേട്ടക്കൊരു മകനും ഭഗവതിയും ആണ് പ്രതിഷ്ഠ. അടുത്തകാലം വരെ വേട്ടക്കൊരു മകൻ പാട്ടും കളവും ഉണ്ടായിരുന്നു. ധനു. മാസം 10-ാം തിയ്യതിയാണ് ഇവിടുത്തെ പ്രധാന ഉത്സവം. നാട്ടുകാരിൽ നിന്ന് രൂപീകരിച്ച ട്രസ്റ്റിയാണ് ഇവിടത്തെ ഭരണം നടത്തുന്നത്.

**8. തോളൂർ വിഷ്ണു ക്ഷേത്രം**

അഷ്ടമിരോഹിണിയാണ് ഇവിടെ പ്രധാനം. ട്രസ്റ്റിയാണ് ഭരണം നടത്തുന്നത്.

### 9. നാഗത്താൻ കാവ്

മണ്ണാർശാല കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ സർപ്പക്ഷേത്രമാണിത്. മണാളത്ത് കുടുംബമാണ് ക്ഷേത്രത്തിന്റേ നടത്തിപ്പ്. കന്നി മാസത്തിലെ ആയില്യ മഹോത്സവത്തിന് സംസ്ഥാനത്തിന്റെ നാനാ ഭാഗത്തുനിന്നും പതിനായിരങ്ങൾ വന്ന് ദർശനം നടത്തുന്നു. ഇവിടെ കളമെഴുത്തു പാട്ടും നടന്നിരുന്നു.

### 10. പെരിഞ്ചാല ശിവക്ഷേത്രം

ഈ മഹാക്ഷേത്രം ചിറ്റൂർ മനവകയാണ്. ശിവരാത്രിയാണ് പ്രധാനം. നാട്ടുകാരാണ് ഭരണം നടത്തിവരുന്നത്.

### 11. മുള്ളൂർ ഭഗവതിക്ഷേത്രം

അടുത്തകാലത്ത് വിപുലമായി പുനരുദ്ധരിക്കപ്പെട്ട ഈ ക്ഷേത്രത്തിൽ ഭഗവതിയാണ് പ്രതിഷ്ഠ. ഉപപ്രതിഷ്ഠയായി ശാസ്താവും ഉണ്ട്. മേടമാസത്തിലെ അശ്വതി നാളിൽ താലപ്പൊലി മഹോത്സവം നടക്കുന്നു. വൃശ്ചിക മാസത്തിലെ ഉത്രാടം നാളിലാണ് പ്രതിഷ്ഠാദിനം. കർക്കിടക മാസങ്ങളിൽ നടന്നു വരുന്ന കളമെഴുത്ത് പാട്ടും ഈ ക്ഷേത്രത്തിലെ പ്രത്യേകതയാണ്.

### 12. ഐനിക്കാട് കാളിക്ഷേത്രം

കളത്തൂർ കുടുംബക്കാരുടെ വകയാണിത്. മേടം 20-ാംന് ആണ് ഇവിടത്തെ ഉത്സവം. നാട്ടുകാരുടെ സമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

ഇവ കൂടാതെ എടക്കളത്തൂർ ചെറുമുക്ക് ക്ഷേത്രം, പോന്നോർ ചവറാട്ടിൽ ക്ഷേത്രം, പോന്നോരിൽ തന്നെ പെരിങ്ങിണി കാവ് ക്ഷേത്രം, പറപ്പൂരിൽ അരകുളത്തിൽ ക്ഷേത്രം എന്നിങ്ങനെ അനവധി ക്ഷേത്രങ്ങൾ വേറെയും ഉണ്ട്. മേൽപറഞ്ഞ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് ഒട്ടനവധി നാടൻ പാരമ്പര്യ കലകൾ അരങ്ങേറുന്നു.

## പള്ളികൾ

### 1. പറപ്പൂർ പള്ളി

ജില്ലയിലെ ആദ്യകാല ക്രിസ്ത്യൻ പള്ളികളിൽ ഒന്നാണിത്. വിശുദ്ധ യോഹന്നാൻ നെപുംസിയാന്റെ പേരിലാണ് പള്ളി. നവംബറിൽ നടക്കാറുള്ള വിശുദ്ധ റോസയുടെ തുരുനാളിനോടനുബന്ധിച്ചുള്ള വ്യാപാരമേളയിൽ നിന്നായിരുന്നു അടുത്ത പ്രദേശത്തുകാർ വീട്ടുപകരണങ്ങൾ, കാർഷികോപകരണങ്ങൾ, വിത്തുകൾ എന്നിവ വാങ്ങിയിരുന്നത്. മാറിയ കച്ചവട സാഹചര്യങ്ങളിൽ വ്യാപാരമേള മിക്കവാറും നിലച്ചെങ്കിലും ആയിരക്കണക്കിനാളുകൾ ഇന്നും തിരുന്നാളിന് ഒത്തുകൂടുന്നു. ഈ തിരുനാളിനോടു കൂടി തന്നെ അടുത്തിടെ മുതൽ വി. സെബാസ്റ്റ്യാനോസിന്റെ തിരുനാളും ആഘോഷിക്കുന്നു. പഞ്ചായത്തിന്റെ പ്രധാന വ്യാപാര കേന്ദ്രമായ പറപ്പൂർ ചന്ത പള്ളിയുടെ സ്ഥലത്തും നിയന്ത്രണത്തിലുമാണ്. മെയ് മാസം 9-ാം തിയ്യതിക്കും 17-ാം തിയ്യതിക്കും ഇടയിലുള്ള ഞായ്റാഴ്ചയാണ് ഇവിടത്തെ യോഹന്നാൻ നെപ്പുംസിയാനോസിന്റെ തിരുന്നാൾ.

### 2. പോന്നോർ ചെറു പുഷ്പം പള്ളി

1937-ൽ ആണ് ഇത് സ്ഥാപിച്ചത്. ജനുവരി ആദ്യ ഞായറാഴ്ച സെന്റ് സെബാസ്റ്റ്യന്റേയും പരിശുദ്ധ കന്യകാമറിയത്തിന്റെയും തിരുനാളുകൾ ആഘോഷിക്കുന്നു.

### 3. എടക്കളത്തൂർ പള്ളി

സെന്റ് മേരീസിന്റെ പേരിലുള്ള ഈ ഇടവക പള്ളി 8-2-1968 ൽ സ്ഥാപിച്ചു. ജനുവരി 30 ന് സെന്റ് സെബാസ്റ്റനോസിന്റെയും ആഗസ്റ്റ് 15 ന് സ്വർഗ്ഗാരോപിത മാതാവിന്റെയും തിരുനാളുകളാണ് ഇവിടെ ആഘോഷിക്കുന്നത്.

ഇതു കൂടാതെ ഇവിടെ നിരവധി കുരിശു പള്ളികളും ഉണ്ട്. പോന്നോർ എടക്കളത്തൂർ പള്ളികൾ പറപ്പൂർ ഇടവകയിൽ നിന്ന് പോയിട്ടുള്ളവയാണ്.

### 4. മുസ്ലീം പള്ളി

ഈ പഞ്ചായത്തിലെ ഏക മുസ്ലീം പള്ളി 1994-ൽ പറപ്പൂരിൽ സ്ഥാപിച്ചു. നബിദിനമാണ് ഇവിടത്തെ പ്രധാന ആഘോഷം.

## വായനശാലകൾ

പഞ്ചായത്തിൽ 5 വായനശാലകളാണുള്ളത്. ഏറ്റവും വലിയ പസ്തക ശേഖരമുള്ള പറപ്പൂർ വായനശാലയും, മുള്ളൂർ ഗ്രാമീണ വായനശാലയും ഇതിൽപ്പെടുന്നു. എല്ലാ വായനശാലകളിലും പുസ്തക വായനക്കാരുടെ എണ്ണം കുറയുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. മാത്രമല്ല ഗൗരവമായ വായന തീരെ ഇല്ലെന്ന് തന്നെ പറയാം. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വർദ്ധിച്ച പ്രചാരവും പാശ്ചാത്യ ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനവും ഇതിന് കാരണങ്ങളാണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ നിറഞ്ഞു നിന്നിരുന്ന സാംസ്കാരിക മേഖലക്ക് സജീവ സംഭാവനകൾ നൽകിയിരുന്ന വായനശാലകൾ ഇന്ന് സാമ്പത്തിക പരാധീനത മൂലം നില നില്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലാണ്. സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങളാകേണ്ടത് വായനശാലകളാണ്. വായനശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്. വായനാശീലം വളർത്തേണ്ടതുണ്ട്.

1969 വരെ നല്ല നിലയിൽ പ്രവർത്തിച്ച പോന്നോർ വായനശാലയുടെ കെട്ടിടം അറ്റകുറ്റ പ്പണികൾ ചെയ്യാതെ ജീർണ്ണാവസ്ഥയിലാണ്. ഇപ്പോൾ ജനപങ്കാളിത്തത്തോടെ ഈ കെട്ടിടം പുതുക്കി പണിയുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നുണ്ട്.

## ക്ലബുകൾ

താഴെ പറയുന്ന മുപ്പതോളം കലാകായിക ക്ലബുകൾ ഈ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വർഷം മുഴുവൻ സജീവമായവ വിരളമായേ ഉള്ളൂ. ഓണം, ക്രിസ്തുമസ് പഞ്ചായത്ത് കലാകായിക മേള, തുടങ്ങിയ സന്ദർഭങ്ങളിൽ രംഗത്ത് പ്രത്യക്ഷപ്പെടുന്നവയാണ് കൂടുതലും.

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | കാളിദാസ കലാ വേദി മുള്ളൂർ | 9 |
| 2. | ബ്രദേഴ്സ്ക്ലബ് മുള്ളൂർ | 9 |
| 3. | സാഗര കലാവേദി പറപ്പൂർ | 8 |
| 4. | ഫാൽക്കൺ ക്ലബ് പറപ്പൂർ | 8 |
| 5. | ക്രിക്കറ്റ് ക്ലബ് പറപ്പൂർ | 7 |
| 6. | സെന്റ് ജോൺസ് മ്യൂസിക് ഭവൻ പറപ്പൂർ | 7 |
| 7. | പറപ്പൂർ ഫുട്ബോൾ അസ്സോസ്സിയേഷൻ | 7 |
| 8. | സ്പാർക്ക് ക്ലബ് പറപ്പൂർ | 7 |
| 9. | വിന്നേഴ്സ് ക്ലബ് പറപ്പൂർ | 7 |
| 10 | പുലരി ക്ലബ് പറപ്പൂർ | 7 |
| 11. | ദൃശ്യകലാലയം തോളൂർ | 4 |
| 12. | സൺസ് ക്ലബ് തോളൂർ | 4 |
| 13. | സ്റ്റാർ ക്ലബ് തോളൂർ | 4 |
| 14. | സൂര്യ ക്ലബ് പോന്നോർ | 4 |
| 15. | ഉത്സവ് ക്ലബ് പോന്നോർ | 3 |
| 16. | യങ്ങ് ഹീറോസ് ക്ലബ് പോന്നോർ | 3 |
| 17. | യങ്ങ് പ്ലയേഴ്സ് പോന്നോർ | 3 |
| 18. | അയ്യപ്പ കലാവേദി പോന്നോർ | 3 |
| 19. | വീവൺ ക്ലബ് പോന്നോർ | 3 |
| 20. | ജീവൻസ് ക്ലബ് പോന്നോർ | 2 |
| 21. | ന്യൂ സ്റ്റാർ ക്ലബ് എടക്കളത്തൂർ | 1 |
| 22. | ദേശാഭിമാനി ക്ലബ് എടക്കളത്തൂർ | 1 |
| 23. | ഫ്രൻസ് ക്ലബ് മുള്ളൂർ | 9 |
| 24. | മുള്ളൂർ ഫുട്ബോൾ അസ്സോസ്സിയേഷൻ | 9 |
| 25. | നവദർശന ക്ലബ് എടക്കളത്തൂർ | 2 |
| 26. | രാഷ്ട്രചേതന എടക്കളത്തൂർ | 2 |
| 27. | ജോളി ആർട്സ് ക്ലബ് തോളൂർ | 5 |
| 28. | ന്യൂവേവ്സ് തോളൂർ | 5 |
| 29. | പാട്രിയാറ്റ് ക്ലബ് തോളൂർ | 5 |
| 30. | രാജീവ് കലാ കായിക സംസ്കാര വേദി പോന്നോർ | 2 |

## കായികരംഗം

കായിക രംഗത്ത് നിരവധി പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ എടുത്തു പറയത്തക്ക വ്യക്തിയാണ് ഇന്റർ നാഷണൽ ഫുട്ബോൾ താരം ശ്രീ. സി. വി. പാപ്പച്ചൻ. പാപ്പച്ചന്റെ സഹോദരന്മാരായ ജോണി (ഫാക്ട്) സണ്ണി (എസ്.ബി.ടി) യും കൂടാതെ റെജിസൺ ഇ. ടി. (ഫാക്ട്) ജോസ്. പി. ജെ. (എയർ ഇന്ത്യ) എം. ജെ. ആന്റണി (കർണ്ണാടക പോലീസ്,) അസീസ് (എയർ ഫോഴ്സ്) തുടങ്ങിയ ഫുട്ബോൾ താരങ്ങൾ ഇന്നും തിളങ്ങി നില്കുന്നു. ഷാർജ പോലീസ് ടീമിൽ കളിക്കുന്ന വി. കെ. സുരേന്ദ്രൻ ഈ പഞ്ചായത്തിന്റെ സന്താനമാണ്. പൊതുവെ മൈതാനങ്ങളുടെ എണ്ണക്കുറവും ഉള്ളവയിലെ പരിമിതിയും ഈ പഞ്ചായത്തിന്റെ കായിക രംഗത്തേക്കുള്ള വളർച്ചക്ക് വിഘാതമാണ്. എന്നിരിക്കലും ജില്ലാതല കായിക മേളയിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ ഈ പഞ്ചായത്തിലെ യുവതീ യുവാക്കൾക്ക് കഴിഞ്ഞിട്ടുണ്ട്.

കളരി, കരാട്ടെ തുടങ്ങിയ ആയോധന വിദ്യകൾ പരിശീലിക്കുന്ന ക്ലബുകളും സ്ഥാപനങ്ങളും ചിലയിടങ്ങളിൽപ്രവർത്തിക്കുന്നുണ്ട്. പലരും പ്രവർത്തനം ആരംഭിച്ച് 5-6 മാസത്തിന് ശേഷം അപ്രത്യക്ഷമാകാറാണ് പതിവ്.

പഞ്ചായത്തിലെ ഏക സിനിമാശാല പറപ്പൂരിലെ ജെ. ബി. ടാക്കീസ് സി ക്ലാസ്സിൽപ്പെട്ടതാണ്.

സ്ത്രീകളുടെ സാംസ്കാരിക കേന്ദ്രങ്ങൾ ഒന്നും തന്നെയില്ലെന്ന് പറയാം. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വർദ്ധിച്ച പ്രചാരം സ്ത്രീകൾക്കിടയിലുണ്ട്. ടെലിവിഷനും ഇവർക്ക് വലിയ ദൗർബല്യമായിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിലും സ്ത്രീകൾക്കിടയിലും വായനാശീലം വർദ്ധിപ്പിക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. നല്ല പുസ്തകങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ആവശ്യമായ സൗകര്യങ്ങളും സാമ്പത്തിക സഹായവും ലഭിച്ചാൽ സാംസ്കാരിക രംഗത്ത് കാര്യമായ സംഭാവനകൾ നൽകാൻ വായന ശാലകൾക്ക് കഴിയും. വായന ശാലകൾ നാടിന്റേ അക്ഷയഖനിയാണെന്നും അവ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നുള്ള ബോധം ജനങ്ങളിൽ വളർത്തേണ്ടതുണ്ട്.

ഇന്ന് ഉത്സവപറമ്പുകളിൽ മാത്രം (നാമമാത്രമായെങ്കിലും) ഒതുങ്ങി നില്ക്കുന്ന നാടൻ കലാകായിക രൂപങ്ങൾക്ക് അർഹമായ പ്രോത്സാഹനം നൽകാനും പഞ്ചായത്ത് മേളകളിലൂടെ അവയെ ഉദ്ധരിക്കാനും ശ്രമിക്കേണ്ടതാണ്.

വിവിധ മതസമൂഹങ്ങൾ ഇടകലർന്ന് ജീവിക്കുന്ന നമ്മുടെ പഞ്ചായത്തിൽ കാണുന്ന സൗഹാർദ്ദം നമ്മുടെ സാംസ്കാരിക അടിത്തറയുടെ ശക്തിയെ സൂചിപ്പിക്കുന്നു, അതുകൊണ്ട് തന്നെ സാംസ്കാരിക രംഗത്ത് എന്തെങ്കിലും അപചയങ്ങൾ കാണുന്നുണ്ടെങ്കിൽ അവ താല്കാലികം മാത്രമാണെന്ന് നമുക്ക് ആശിക്കാം.

# 13 വനിതാക്ഷേമം

സമൂഹത്തെപാലൂട്ടി വളർത്തുന്ന വനിത എന്നും ക്ഷേമവതിയായിരിക്കണം. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 50.4% സ്ത്രീകളാണ്. ജനസംഖ്യയിലെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ ജീവിതനിലവാരത്തിലുള്ള പുരോഗതിയിലൂടെ മാത്രമെ സമൂഹത്തിന്റെ മൊത്തത്തിലുള്ള നില മെച്ചപ്പെടുകയുള്ളൂ. ജീവിതത്തിന്റെ പല മേഖലകളിലും സ്ത്രീകൾ വളരെ പുറകിലാണ് നിലകൊള്ളുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു. പഞ്ചായത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ സ്ത്രീകളുടെ നില മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

### വ്യവസായ മേഖലയിൽ പണിയെടുക്കുന്നവർ

| ക്രമ നമ്പർ | തൊഴിൽമേഖല | സ്ത്രീ | പുരുഷന്മാർ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1. | കല്ലാര വ്യവസായം | 339 | 665 | 1004 | 33.76 |
| 2. | അടക്കവെട്ട് | 4 | 44 | 48 | 8.33 |
| 3. | ടൈലറിംഗ് | 17 | 1 | 18 | 94.44 |
| 4. | പലഹാര നിർമ്മാണം | 13 | 3 | 16 | 81.25 |
| 5. | ആയുർവ്വേദ മേഖല | 1 | 1 | 2 | 50 |
| 6. | റൈസ് മിൽ | 1 | 3 | 4 | 25 |
| 7. | പ്രിന്റിങ്ങ് പ്രസ് | 9 | 3 | 12 | 75 |
| 8. | ഫർണിച്ചർ | 1 | 12 | 13 | 7.7 |
| 9. | ഓയിൽ മിൽ | 1 | 13 | 14 | 7.14 |
| 10. | പ്ലാസ്റ്റിക് | 2 | 4 | 6 | 33.3 |
| . | ആകെ | 388 | 749 | 1137 | 34.12 |

സ്ത്രീകൾക്ക് വളരെ ഫലപ്രദമായി തൊഴിലെടുക്കാവുന്ന വ്യവസായ മേഖലയിലെ കണക്കാണ് മേൽ പ്രസ്താവിച്ചത്. ഈ രംഗങ്ങളിലെല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം കുറയുന്നത് എന്തുകൊണ്ട്? തൊഴിലില്ലായ്മ പ്രശ്നം ഏറ്റവും രൂക്ഷമായി ബാധിക്കുന്നതും അതിന്റെ തീക്ഷ്ണത അനുഭവിക്കുകയും ചെയ്യുന്നത് സ്ത്രീകളാണ്. എന്നിട്ടും തൊഴിൽ രംഗത്തു വരാൻ വൈമുഖ്യം കാണിക്കുന്ന സ്ത്രീകൾക്ക് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

### സ്ത്രീതൊഴിൽ പങ്കാളിത്തം

| ക്രമ നമ്പർ | തൊഴിൽമേഖല | സ്ത്രീ | പുരുഷന്മാർ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി | 743 | 103 4 | 1777 | 41.8% |
| 2 | കെട്ടിടപ്പണി | 586 | 1060 | 1646 | 35.6% |
| 3 | മറ്റു കൂലിപ്പണി | 480 | 2900 | 3380 | 14.2% |
| 4 | വ്യവസായമേഖല | 388 | 749 | 1137 | 34.1% |
| 5 | സേവനമേഖല | 122 | 528 | 650 | 18.8% |
| 6 | കുടിൽവ്യവസായം | 165 | 88 | 253 | 65.2% |
| | ~~ആകെ~~ | ~~2484~~ | ~~6359~~ | ~~8843~~ | ~~28.1%~~ |

മുൻകാലങ്ങളിൽ കർഷകത്തൊഴിലാളി സ്ത്രീകൾ വളരെ കൂടുതലായിരുന്നു. മാറിയ സാഹചര്യമനുസരിച്ച് ഈ രംഗത്ത് സ്ത്രീതൊഴിലവസരങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളി സ്ത്രീകൾ കെട്ടിടനിർമ്മാണത്തൊഴിലാളികളാകാൻ നിർബന്ധിതരായിരിക്കുന്നു.

തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് പലപ്പോഴും നീതി ലഭിക്കുന്നില്ല. കെട്ടിടനിർമ്മാണരംഗത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള കൂലിനിരക്ക് പരിശോധിക്കുമ്പോൾ ഈ വസ്തുത വ്യക്തമാകും. പണിയെടുക്കുന്നത് സ്ത്രീയോ പുരുഷനോ എന്ന കണക്കനു

യെടുക്കുന്നത് സ്ത്രീയോ പുരുഷനോ എന്ന കണക്കനുസരിച്ചാണ് കൂലി നിശ്ചയിക്കുന്നത്. പുരുഷന് ശരാശരി 130 രൂപ കൂലി ലഭിക്കുമ്പോൾ സ്ത്രീക്ക് ശരാശരി 75 രൂപയാണ് ലഭിക്കുന്നത്. തുല്യവേതനം എന്ന വ്യവസ്ഥ ഇവിടെ പാലിക്കപ്പെടുന്നില്ല.

കെട്ടിടനിർമ്മാണ രംഗത്തെ പ്രധാന ജോലികളായ ഇഷ്ടികപടുക്കൽ, തേപ്പ്, ഫ്ലോറിംങ്ങ് മുതലായവ ചെയ്യാനുള്ള സമർത്ഥത പുരുഷന്മാർക്കേയുള്ളൂ എന്നൊരു തെറ്റായ ധാരണ നിലനിൽക്കുന്നുണ്ട്. ഈ രംഗത്തേക്ക് സ്ത്രീകൾക്കും കടന്നു വരാവുന്നതാണ്. അനേകം നിലകൾ വാർക്കുന്ന കെട്ടിടത്തിന്റെ മുകൾത്തട്ടുവരെ കല്ലും സിമന്റും ചുമടായി എത്തിക്കാനുള്ള കഴിവ് സ്ത്രീക്കുണ്ടെങ്കിൽ മേൽ പറഞ്ഞ പ്രധാന ജോലികളും ചെയ്യാവുന്നതേയുള്ളൂ. കുറഞ്ഞൊരു കാലത്തെ പരിശീലനം കൊണ്ട് ഈ ജോലികളിൽ പ്രാവീണ്യം നേടാൻ അവർക്ക് സാധിക്കും. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീ തന്റെ ശക്തിയും കഴിവും പ്രകടിപ്പിക്കാൻ സന്നദ്ധരാകണം.

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണെന്ന് പറഞ്ഞുവല്ലൊ. ഈ സ്ത്രീകളിൽ വലിയൊരു വിഭാഗം അലസരായി കഴിഞ്ഞുകൂടുകയാണെന്നു പറയാം. നേരത്തെ പ്രസ്താവിച്ച സ്ഥിതി വിവരകണക്കുകൾ പരിശോധിച്ചാൽ അത്ഭുതകരമായ വസ്തുത വെളിവാകും.

പഞ്ചായത്തിലെ 8509 സ്ത്രീകളിൽ 2500 ന് താഴെ സ്ത്രീകൾ മാത്രമെ സ്വന്തമായി വരുമാനമുണ്ടാകുന്ന ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നുള്ളൂ. ബാക്കി 6000 പേരും വിലയേറിയ സമയം പാഴാക്കിക്കളയുകയാണ്. ഒരു ശരാശരി ഭവനത്തിൽ വീട്ടുജോലിക്ക് ഏകദേശം മൂന്നുമണിക്കൂർ മതിയാകും. ഇന്നത്തെ അണുകുടുംബത്തിന്റെ സാഹചര്യമനുസരിച്ച് സ്ത്രീകൾക്ക് ഒഴിവു സമയം അധികമുണ്ടാകാനാണ് സാധ്യത. വീട്ടിലിരിക്കുന്ന മിക്കവാറും സ്ത്രീകൾ ആരോഗ്യമുള്ളവരാണ്. സാമാന്യം ബുദ്ധിയും ഇവർക്കുണ്ട്. ഇവരുടെ ഒഴിവുസമയത്തെ ക്രിയാത്മകമാക്കിത്തീർക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പച്ചക്കറിത്തോട്ടം, ആടുമാടുവളർത്തൽ, കുറ്റിമുല്ലകൃഷി, ഓർക്കിഡ്കൃഷി, കട്ട് ഫ്ലവർ, അലങ്കാരവസ്തുക്കളുടെ നിർമ്മാണം, കുടിൽ വ്യവസായങ്ങൾ, തുന്നൽപ്പണി, സ്വർണ്ണപ്പണി തുടങ്ങി അഭിരുചിയുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത് ഒഴിവുസമയം ആദായകരവും ആഹ്ലാദകരവുമാക്കിത്തീർക്കാൻ സ്ത്രീക്ക് സാധിക്കണം. സ്വന്തം കാലിൽ നില്കാനുള്ള ശക്തി കൈവരുമ്പോൾ സ്ത്രീക്ക് അത്ഭുതകരമായ മാനസിക സിദ്ധികൾ കൈവരുന്നു. സ്വന്തം വ്യക്തിത്വം ഗൃഹാന്തരീക്ഷത്തിലും സമൂഹത്തിലും പ്രകടിപ്പിക്കാൻ അവസരവും സിദ്ധിക്കുന്നു. ഈ പഞ്ചായത്തിലെ 1205 സ്ത്രീകൾ മേൽ പറഞ്ഞവയിൽ ചില ജോലികൾ ലാഭകരമായി പരീക്ഷിച്ച് വിജയിപ്പിച്ചിട്ടുണ്ട്.

## തൊഴിലവസരങ്ങൾ

D W C R A യൂണിറ്റുകൾ ഈ പഞ്ചായത്തിൽ രണ്ടെണ്ണമാണുള്ളത്. എടക്കളത്തൂർ കേന്ദ്രമായി ഒരു പലഹാരനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പത്തു സ്ത്രീകൾക്ക് ഇതിൽ പങ്കാളിത്തമുണ്ട്. കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്നു.

തോളൂർ കേന്ദ്രമാക്കി ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണ യുണിറ്റ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പത്തുപേർക്ക് പങ്കാളിത്തമുണ്ട്. ഇവർക്ക് ഇതിനുള്ള ട്രെയിനിംങ്ങ് നല്കിക്കൊണ്ടിരിക്കുന്നു.

കൂടുതൽ യൂണിറ്റുകൾ തുടങ്ങാൻ ആഗ്രഹിച്ചുകൊണ്ട് സ്ത്രീകൾ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു എന്നത് ആശ്വാസകരമായ വസ്തുതയാണ്.

## വീട്ടുവേല

തൊഴിൽ രംഗത്തെപ്പറ്റി നമ്മുടെ മനസ്സിൽ കുടികൊള്ളുന്ന പഴഞ്ചൻ ആശയങ്ങൾ കാലഹരണപ്പെട്ട് തുടങ്ങിയിരിക്കുന്നു. ഇന്ന് വീട്ടുവേലക്ക് ആളെ കിട്ടാതെ വിഷമിക്കുന്ന അനേകം കുടുംബങ്ങളുണ്ട്. ഈ ജോലിക്ക് ആരും തയ്യാറാകാത്തതിന് കാരണം വേതനത്തിന്റെ കുറവാണ്. 300-500 രൂപ നിരക്കിൽ

നില്കുന്നത് തൊഴിലാളിക്ക് ലാഭകരമല്ല. കൂടുതൽ നിരക്കിൽ നിർത്തുന്നത് വീട്ടുടമസ്ഥനും ലാഭകരമല്ല.

വീട്ടുവേല ചെയ്യുന്നതിൽ ഏറ്റവും മിടുക്കു കാണിക്കുന്നത് സ്ത്രീകളാണ് എന്നത് നിസ്തർക്കമാണ്. മികവു പ്രകടിപ്പിക്കുവാൻ കഴിയുന്ന ജോലി ആദായകരം കൂടിയായിരിക്കണം.

ഈ പഞ്ചായത്തിൽ വീട്ടുവേലക്കു പോകുന്നവരും പോകാൻ തയ്യാറുള്ളവരും അടങ്ങുന്ന ഒരു സഹകരണ സംഘത്തിന് രൂപം കൊടുക്കുക. വീട്ടുവേലക്ക് ആളെ ആവശ്യമുള്ളവർ സംഘത്തിൽ വിവരമറിയിക്കുക. ഒരു വനിതക്ക് നാലോ അഞ്ചോ വീടുകളിൽ മാറി മാറി ജോലി ചെയ്യാൻ സാധിക്കുമെങ്കിൽ തൊഴിലാളിക്കും തൊഴിലുടമക്കും അത് ലാഭകരവുമായിരിക്കും. സന്തോഷപ്രദവും ആയിരിക്കും. വീട്ടുവേലക്കാരി എന്ന പദവിക്കുതന്നെ പുതിയ മുഖം ലഭിക്കുന്നു. സംഘടിതമായ യത്നവും വിശാലമായ കാഴ്ചപ്പാടും ഉണ്ടെങ്കിൽ വീട്ടുവേലചെയ്ത് സ്വയം നഷ്ടപ്പെടുന്ന വനിതകൾക്ക് ജീവിതപുരോഗതി സാധ്യമാകും.

## അംഗൻവാടികൾ - ബാലവാടികൾ - മഹിളാസമാജങ്ങൾ

അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സാമൂഹ്യക്ഷേമത്തിന്റെ സിരാ കേന്ദ്രമായി പ്രവർത്തിക്കാൻ ഈ സ്ഥാപനങ്ങൾക്കു സാധിക്കും എന്നതിനാൽ K D S സ്കീമിൽ ഉൾപ്പെടുത്തി അംഗൻവാടി കേന്ദ്രമാക്കി ഉയർത്തേണ്ടതാണ്.

1959 മുതൽ പുഴുക്കൽ ബ്ലോക്കുവഴി നടപ്പിലാക്കിവരുന്ന വനിതാ ശിശുക്ഷേമ പരിപാടികൾ തോളൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽവന്നു. 1964-ൽ പറപ്പൂർ L. P. സ്കൂളിനു സമീപം മഹിളാസമാജവും അതിന്റെ കീഴിൽ ഒരു ബാലവാടിയും സ്ത്രീകൾക്കായി തുന്നൽ ക്ലാസ്സും ആരംഭിച്ചു. 1978-ൽ ഒരു മഹിളാസമാജം തോളൂരും 1979 ൽ രണ്ട് മഹിളാസമാജങ്ങൾ എടക്കളത്തൂരും ആരംഭിച്ചു.

| ക്രമ നമ്പർ | വാർഡ് | സ്ഥലം | മഹിളാ സമാജം | ബാലവാടി ഉണ്ട്,ഇല്ല |
|---|---|---|---|---|
| 1 | I | എടക്കളത്തൂർ | വടക്കുമുറി മഹിളാ സമാജം | ഉണ്ട് |
| 2 | I | എടക്കളത്തൂർ | പ്രിയദർശിനി | " " |
| 3 | III | പോന്നോർ | ദേശാഭിമാനി | " " |
| 4 | IV | തോളൂർ | കലാദേവി | " " |
| 5 | IX | മുള്ളൂർ | കൈരളി | " " |

മേൽ പറഞ്ഞ മഹിളാസമാജങ്ങൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. കലാകായിക സംസ്കാരത്തിനും ദേശീയോദ്ഗ്രഥനത്തിനും മുൻതൂക്കം കൊടുത്ത് പ്രവർത്തിക്കുന്നവയുമാണ്. ഈ സമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും പഞ്ചായത്തിലെ മുഴുവൻ മഹിളകളേയും ബോധവൽക്കരിക്കേണ്ട ചുമതല ഏറ്റെടുക്കുകയും വേണം. അജ്ഞതയാണ് സ്ത്രീയുടെ പിന്നോക്കാവസ്ഥക്ക് മുഖ്യഹേതു.

ബാലവാടികളിൽ ജോലിചെയ്യുന്ന മഹിളകളുടെ സ്ഥിതി വളരെ ശോചനീയമാണ്. 365 രൂപയാണ് ബാലവാടി അദ്ധ്യാപികയുടെ പ്രതിമാസ വേതനം. സഹായിയുടേത് വെറും 165 രൂപയും. ഒരു ഭരണകൂടം സ്ത്രീയെ എത്രമാത്രം അവഗണിക്കുന്നു എന്നതിന് ഈ വേതന വ്യവസ്ഥതന്നെ ഉദാഹരണമാണ്. ഈ വ്യവസ്ഥ മാറ്റി അർഹതക്കനുസരിച്ച് മാന്യമായ വേതനം ലഭിക്കാൻ ഈ ബാലവാടികളിലെ സ്ത്രീ ജീവനക്കാർ അർഹരാണ്.

## ഉദ്യോഗസ്ഥകളായ സ്ത്രീകൾ

ഈ പഞ്ചായത്തിൽ കൂടുതലും ഉദ്യോഗസ്ഥകളാണുള്ളത്. പലരും ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്നു. പൊതുവെ ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ ജീവിതഭാരം വളരെ കൂടുതലാണ്. ഇവർക്ക് പുരുഷന്റേതിനേക്കാൾ ഇരട്ടി ജോലി ചെയ്യേണ്ടി വരുന്നു. ഇതിനേക്കാൾ കൂടുതലായി കുട്ടികളുടെ പ്രശ്നങ്ങളും അവരെ അലട്ടുന്നു.

#### പ്രസവാവധി

ഉദ്യോഗസ്ഥകളായ • സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന അനേക പ്രശ്നങ്ങളിൽ മുഖ്യമായത് പ്രസവാവധിയെ സംബന്ധിച്ചുള്ളതാണ്. കുഞ്ഞിന് 90 ദിവസം പോലും പ്രായമാകുന്നതിനു മുമ്പ് ഉദ്യോഗത്തിനു പോകേണ്ടിവരുന്ന അമ്മക്ക് മാനസികവും കായികവുമായ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു. ഈ പ്രായത്തിലുള്ള കുട്ടികൾക്ക് അമ്മയുടെ സ്നേഹസാമീപ്യവും മുലപ്പാലും ആവശ്യമാണ്. ഒന്നോ രണ്ടോ കുട്ടികൾ എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉള്ള കുട്ടികളുടെ ആരോഗ്യം പരിരക്ഷിക്കാൻ രക്ഷിതാക്കളും സർക്കാരും ബാദ്ധ്യസ്ഥരാണ്. അതുകൊണ്ട് പ്രസവത്തോടനുബന്ധിച്ച് ഒരു വർഷത്തെ അവധി ലഭിക്കുവാൻ ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് അവകാശവും അർഹതയുമുണ്ട്.

#### മാതൃശിശുപരിപാലനം •

ഈ പഞ്ചായത്തിലെ P H C വളരെ കാര്യക്ഷമതയോടെ ഈ രംഗത്ത് ശ്രദ്ധചെലുത്തുന്നുണ്ട്. P H C വഴി അനുപൂരക പോഷകാഹാരം ലഭിക്കുന്ന 185 കുട്ടികളും 12 ഗർഭിണികളും 13 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്.

ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് P H C എന്നാൽ ഈ പഞ്ചായത്തിലെ മുഴുവൻ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും, കുട്ടികളും ഈ സ്ഥാപനത്തിലെ ചികിത്സാരീതിയോടും വിദഗ്ദ്ധോപദേശങ്ങളോടും വിമുഖത കാണിക്കുന്നു. ഉയർന്ന വരുമാനമുള്ളവർ പ്രത്യേകിച്ചും പണച്ചെലവുള്ള സ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. P H C യിലേക്ക് ഇവർ ആകർഷിക്കപ്പെടാത്തത് തികച്ചും അജ്ഞതകൊണ്ടാണ്. ഗർഭിണികളുടേയും അമ്മമാരുടേയും കുട്ടികളുടേയും കാര്യത്തിൽ ഏറ്റവും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന P H C ആണ് ഈ പഞ്ചായത്തിൽ പറപ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നത്. വനിതാഡോക്ടറുടേയും ഹെൽത്ത് ഇൻസ്പെക്ടറുടേയും വിദഗ്ദ്ധസേവനം വനിതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

#### മുലയൂട്ടുന്ന അമ്മമാർ

ആരോഗ്യ പരിപാലനത്തിൽ അമ്മമാരും ശിശുക്കളും സവിശേഷ പരിഗണന അർഹിക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക ശുശ്രൂഷയും പോഷകാഹാരവും ലഭ്യമാക്കണം. ഇതിനുള്ള നടപടികൾ ആവശ്യമാണ്.

| | |
|---|---|
| മുലയൂട്ടുന്ന അമ്മമാർ | 85 |
| ഗർഭിണികൾ | 211 |
| ഒരു വയസ്സിനു താഴെ പ്രായം | 209 |
| ഒരു വയസ്സിനും രണ്ടു വയസ്സിനും ഇടയിൽ പ്രായം | 246 |

ശ്രദ്ധേയമായ മറ്റൊരു കാര്യം ഒരു വയസ്സിനു താഴെ പ്രായമുള്ള 209 ശിശുക്കളുണ്ട് ഈ പഞ്ചായത്തിൽ. എന്നാൽ മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 85 ആണ്. കണക്കുകളിൽ ചില പാകപ്പിഴകളുണ്ടാകാം. എങ്കിലുംകൃത്രിമ ഉല്പന്നങ്ങൾ നല്കി കുഞ്ഞുങ്ങളെ കൊഴുപ്പിച്ചു വളർത്താനുള്ള പ്രവണത ഇവിടെ വർദ്ധിച്ചുവരുന്നുണ്ടെന്നു കാണുന്നു. പ്രകൃതി കുഞ്ഞുങ്ങൾക്കായി കനിഞ്ഞു നല്കുന്ന മുലപ്പാൽ പലപ്പോഴും അവർക്ക് നിഷേധിക്കപ്പെടുന്നു. ഇത് കുട്ടികളോട് ചെയ്യുന്ന കടുത്ത വഞ്ചനയാണ്. മുലപ്പാലിനോടൊപ്പം കുഞ്ഞിനു ലഭിക്കുന്നത് സുരക്ഷിതത്വബോധവും സ്നേഹവാത്സല്യങ്ങളും ആരോഗ്യവുമാണ്. അതുകൊണ്ട് മുലപ്പാൽ മടികൂടാതെ നല്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഗർഭിണികളായ സ്ത്രീകളെ പറഞ്ഞു മനസ്സിലാക്കുന്നതിനും മുലപ്പാൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ഉതകുന്ന ബോധവൽക്കരണക്ലാസ്സുകൾ അത്യന്താപേക്ഷിതമാണ്.

## വിദ്യാഭ്യാസരംഗം

അമ്മയുടെ മടിത്തട്ടാണ് കുഞ്ഞിന്റെ പ്രാഥമിക വിദ്യാലയം. തലമുറകളെ വളർത്തിയെടുക്കുന്ന അമ്മക്ക്,

(സ്ത്രീക്ക്) ആ ഒറ്റൊറ്റ കാരണം കൊണ്ടുതന്നെ വേണ്ട വിധത്തിലുള്ള വിദ്യ ലഭിച്ചിരിക്കണം. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ പഠനനിലവാരം പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിലുള്ള പിന്നോക്കാവസ്ഥ ബോധ്യപ്പെടും.

| വിഭാഗം | S.S.L.C ക്ക് താഴെ | S.S.L.C | PDC/ITI | Degree/PG | അക്ഷരം അറിയാവുന്നവർ | നിരക്ഷരർ | ആകെ |
|---|---|---|---|---|---|---|---|
| സ്ത്രീ | 4318 | 2446 | 929 | 568 | 240 | 8 | 8509 |
| പുരുഷൻ | 2125 | 3200 | 1764 | 1245 | 40 | 10 | 8384 |

മേൽ ഉദ്ധരിച്ച കണക്ക് സൂചിപ്പിക്കുന്നത് സ്ത്രീകളിൽ ബഹുഭൂരിപക്ഷം പേർക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ടെങ്കിലും കുട്ടികളുടെ സാഹചര്യങ്ങൾക്കും പഠനനിലവാരത്തിലും ഒപ്പം ഉയരാൻ കഴിവില്ല എന്നതാണ്. സ്കൂൾതലത്തിൽ പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ കുടുംബപശ്ചാത്തലം വിശകലനം ചെയ്താൽ അവന്റെ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണമായി കാണുന്നത് അമ്മയുടെ വിദ്യാഭ്യാസക്കുറവോ സാമീപ്യമില്ലായ്മയോ ആണ്. കുട്ടികൾ പഠിക്കുന്ന ഗഹനമായ വിഷയങ്ങൾ മുഴുവൻ കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും L. P. UP. ക്ലാസ്സുകളിൽ അവർക്ക് ആവശ്യമായ സഹായം പഠന കാര്യങ്ങളിൽ നല്കാൻ അമ്മക്ക് സാധിക്കണം. അങ്ങനെ വിദ്യാഭ്യാസത്തിന് അടിത്തറയിട്ടുപോകുന്ന അവസ്ഥ വീടുകളിൽ സംജാതമാകണമെങ്കിൽ അമ്മ വിദ്യാഭ്യാസമുള്ളവളായിരിക്കണം. വിദ്യാഭ്യാസം സിദ്ധിച്ച അമ്മയുടെ കുട്ടിയും വിദ്യാഭ്യാസമില്ലാത്ത അമ്മയുടെ കുട്ടിയും തമ്മിൽ പഠനനിലവാരത്തിൽ പുലർത്തുന്ന അന്തരം പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകും. അതുകൊണ്ട് സമൂഹപുരോഗതിയെക്കുറിച്ച് ചിന്തിച്ചു തുടങ്ങുമ്പോൾ സ്ത്രീ വിദ്യാഭ്യാസത്തിനാണ് പ്രധാന ഊന്നൽ നല്കേണ്ടത്.

പെൺകുട്ടിക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതിൽ വിമുഖതയുള്ളവരാണ് പല രക്ഷിതാക്കളും. പെൺവിദ്യാഭ്യാസത്തിന് ചെലവിടുന്ന തുക അനാവശ്യചെലവും പുരുഷവിദ്യാഭ്യാസം എത്രയും ലാഭകരവും എന്ന മനോഭാവം മാറ്റേണ്ടതാണ്. അഭ്യസ്തവിദ്യരായ പുരുഷന്മാരുടെ പകുതി പോലുമില്ല അഭ്യസ്തവിദ്യരായ സ്ത്രീകൾ. S.SL.C.വരെ പഠിച്ചു കഴിഞ്ഞാൽ പിന്നെ പാസ്സായാലും ഇല്ലെങ്കിലും പകുതിയിലേറെ പെൺകുട്ടികൾ വിദ്യാഭ്യാസരംഗത്തു നിന്ന് നിഷ്ക്രമിക്കുന്നു. അതുമല്ലെങ്കിൽ വിവാഹം വരെ ചെലവില്ലാതെ പഠിക്കാവുന്ന ഏതെങ്കിലും പഠനരംഗത്തേക്ക് യാതൊരു ലക്ഷ്യവുമില്ലാതെ അവർ അയക്കപ്പെടുന്നു.

ഇന്ന് പല മേഖലകളിലും സ്ത്രീകൾ ആധിപത്യം സ്ഥാപിച്ചിട്ടുണ്ട്. ആതുരശുശ്രൂഷ, വിദ്യാഭ്യാസരംഗം മുതലായി ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.

**അദ്ധ്യാപന മേഖല**

| സ്കൂൾ | അദ്ധ്യാപകരുടെ എണ്ണം | സ്ത്രീ | പുരുഷൻ | ശതമാനം |
|---|---|---|---|---|
| High School | 55 | 46 | 9 | 83.6 |
| U. P. S. | 22 | 16 | 6 | 72.7 |
| L. P. S. | 31 | 27 | 4 | 87 |
| Pre Primary | 7 | 6 | 1 | 85.7 |
| ആകെ | 115 | 95 | 20 | 82.6 |

മേൽ പ്രസ്താവിച്ച പട്ടിക സൂചിപ്പിക്കുന്നത് അദ്ധ്യാപക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ് എന്നതാണ്. ഇത്തരം സേവന തുറകളിലെല്ലാം അവശ്യം ഉണ്ടായിരിക്കേണ്ട സ്നേഹ കാരുണ്യാദി വികാരങ്ങൾ സ്ത്രീ ഹൃദയങ്ങളിൽ കൂടുതലുള്ളതായിരിക്കാം ഇതിനു കാരണം.

## ആരോഗ്യം

സ്ത്രീയുടെ ആരോഗ്യം കുടുംബത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തിന് ആവശ്യമാണ്: എന്നാൽ ദുർബല വിഭാത്തിൽപ്പെട്ട സ്ത്രീകളുടെ ആരോഗ്യ നില മോശമാണ്. P H C യിലെ കണക്കുപ്രകാരം രോഗവുമായി വരുന്നവരിൽ 70% സ്ത്രീകളാണ്. പോഷകാഹാരക്കുറവ്, കഠിനാദ്ധ്വാനം, ശുദ്ധജലപ്രശ്നം, ശുചിത്വമുള്ള കക്കൂസിന്റെ അഭാവം, അടുക്കളയിലെ പുക തുടങ്ങി ഇതിന് അനേകം കാരണങ്ങളുണ്ട്.തൊഴിലിനു പോകുന്ന സ്ത്രീക്ക് തൊഴിലെടുക്കുന്ന പുരുഷനേക്കാൾ ഇരട്ടി ജോലി ചെയ്യേണ്ടി വരുന്നു.

ശ്വാസകോശ സംബന്ധമായ രോഗങ്ങളിൽ 80% വും സ്ത്രീകളിലാണ് കാണുന്നത്. പുകയാണിതിന് കാരണം. പുകയില്ലാത്ത അടുപ്പുകൾ ദുർബലവിഭാഗത്തിൽപ്പെട്ട വീടുകളിൽ സൗജന്യവും നിർബന്ധവുമായി സ്ഥാപിക്കണം. കക്കൂസ് പണിയുന്നതിന് പൊതുജനങ്ങളുടെയും സംഘടനകളുടെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ വിഭവസമാഹരണം നടത്തി എത്രയും പെട്ടെന്ന് സഹായധനം നല്കണം. ശുചിത്വത്തെക്കുറിച്ചും ആരോഗ്യസംരക്ഷണത്തെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

## സ്ത്രീകളുടെ സാമൂഹ്യപദവി

ഈ പഞ്ചായത്തിലെ നാലാം വാർഡ് മെമ്പറായ വിമല. കെ. കെ. (മണിക്കുട്ടി) കർഷകത്തൊഴിലാളി യൂണിയൻ ജില്ലാ കമ്മിറ്റിയംഗമാണ്. ബ്ലോക്ക് മെമ്പറായ ശ്രീമതി. പി. സാവിത്രിയമ്മ അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ഏരിയാ കമ്മിറ്റി മെമ്പറാണ്.

ചുരുക്കം ചില സ്ത്രീകൾ പൊതുരംഗത്ത് വന്നിട്ടുണ്ട്. വിദ്യാഭ്യാസവും ഉദ്യോഗവുമുള്ള സ്ത്രീകളടക്കം 95% സ്ത്രീകളും പൊതു കാര്യങ്ങളിൽ വൈമുഖ്യം കാണിക്കുന്നു. സമൂഹത്തോടുള്ള ഭയമാണ് ഇതിനു കാരണം. പൊതുരംഗത്തേക്കിറങ്ങി വരുന്ന സ്ത്രീയെ അപവാദം കൊണ്ട് മുറിപ്പെടുത്തുക എന്ന സാമൂഹ്യ തിന്മയുടെ പ്രതിഫലനം ഇവിടെയുമുണ്ട്. അതുകൊണ്ടുതന്നെയാണ് സ്ത്രീകൾ രംഗത്ത് വരാതിരിക്കുന്നത്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ (കുടിൽ വ്യവസായങ്ങളായ സോപ്പ്, തീപ്പെട്ടി, മെഴുകിതിരി മുതലായവ തുടങ്ങാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.
2. മിൽക്ക് ബൂത്ത്, ടെയ്ലറിംങ്ങ് യുണിറ്റ്, റെഡി മെയ്ഡ് യൂണിറ്റ്, പ്രസ്സ് മുതലായവ തുടങ്ങാനുള്ള സഹായം ആവശ്യമാണ്.
3. സമ്പൂർണ്ണ മദ്യനിരോധനം ആവശ്യമാണ്. മദ്യപാനത്തിന്റെ ദൂഷ്യഫലം സ്ത്രീകളാണ് അനുഭവിക്കുന്നത്. അനധികൃതമായ വ്യാജമദ്യവില്പന നിറുത്തലാക്കണം. വില കൂടുതലുള്ള വിദേശമദ്യം ഉപയോഗിക്കുന്നതുകൊണ്ട് സാമ്പത്തിക പരാധീനത കുടുംബങ്ങളിൽ കൂടുതൽ അനുഭവപ്പെടുന്നു.
4. D W C R A യൂണിറ്റുകൾ തുടങ്ങണം.
5. 50% ജോലി സംവരണം (P. S. C) ഏർപ്പെടുത്തണം.
6. സ്ത്രീ സാംസ്കാരിക കേന്ദ്രങ്ങൾ വേണം.
7. പാൽ സംഭരിച്ച് വിവിധയിനം ഉല്പന്നങ്ങൾ (ഐസ് ക്രീം മുതലായവ നിർമ്മിക്കാനുള്ള പരിശീലനം നല്കണം.
8. അംഗൻവാടി ആവശ്യമാണ്.
9. 'ക്രഷ്' തുടങ്ങാനുള്ള ശ്രമം ആവശ്യമാണ്.
10. അശ്ലീല ചിത്രങ്ങൾ നിരോധിക്കേണ്ടതാണ്.
11. സ്ത്രീധന പ്രശ്നം മൂലം വിഷമിക്കുന്ന കുടുംബങ്ങൾ ധാരാളമുണ്ട്.
12. സ്ത്രീധനം, സ്ത്രീപീഡനം മുതലായ സാമൂഹ്യതിന്മകൾക്കെതിരെ ബോധവൽക്കരണം ആവശ്യമാണ്.
13. പഞ്ചായത്തിൽ ഒരു "വനിതാസൊസൈറ്റി" രൂപീകരിക്കണം.

# (14) പട്ടിക ജാതി -പട്ടിക വർഗ്ഗ വികസനം

തോളൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 3694 വീടുകളിൽ 507 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വീടുകളാണുള്ളത്. ആകെ ജനസംഖ്യയായ 16893 ൽ 2481 പേർ പട്ടിക ജാതിക്കാരാണ്. ഇത് ആകെ ജനസംഖ്യയുടെ 14.68 % വരും . ഇവരിൽ 1158 പുരുഷൻമാരും 1323 സ്ത്രീകളുമാണ്. പാണൻ, മണ്ണാൻ, പറയ, പുലയ, വേട്ടുവ, കണക്ക എന്നീ സമുദായക്കാരാണ് ഇവിടെയുള്ളത്. പട്ടിക വർഗ്ഗക്കാർ ആരുംതന്നെ ഇവിടെയില്ല. സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളെപ്പോലെ തന്നെ ഇവരുടെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെ സ്ഥിതി മറ്റ് വിഭാഗക്കാരെ അപേക്ഷിച്ച് വളരെ പുറകിൽ തന്നെയാണ്. ചില രംഗങ്ങളിൽ ചെറിയ മുന്നേറ്റം നടത്തുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റു വിഭാഗങ്ങളുടെ ശരാശരി നിലവാരത്തിലെത്തുവാൻ ഇവർ ബഹു ദൂരം പോകേണ്ടതുണ്ട്.

ആകെയുള്ള ഭൂമിയുടെ ഒരു ശതമാനത്തിൽ അല്പം കൂടുതൽ മാത്രമാണ് പട്ടികജാതിക്കാരുടെ കൈവശത്തിലുള്ളത്. പഞ്ചായത്തിലെ മോശപ്പെട്ട സ്ഥലമാണ് ഇവയിൽ ഏറിയ പങ്കും. പഞ്ചായത്തിന്റെ ഉയർന്ന കുന്നിൻ ചെരിവുകളിലും വയലോരങ്ങളിലും പൊതുവേ അന്യ സമുദായങ്ങളിൽ നിന്നു വേറിട്ടുമാണ് ഇവരുടെ വാസ സ്ഥലങ്ങൾ. അതുകൊണ്ട് ഇവരുടെ സങ്കേതങ്ങളിൽ ശുദ്ധജലക്ഷാമം, ഗതാഗത യോഗ്യമായ റോഡുകളുടെ കുറവ് എന്നിവ പൊതുവേ നിലനിൽക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ 13 പട്ടിക ജാതി കോളനികളാണ് ഉള്ളത്. അതിൽ മടപ്പാട്ടുപറമ്പ് പട്ടിക ജാതി കോളനിയും, പോന്നോർ പട്ടിക ജാതി കോളനിയും IHDP കോളനികളാണ്. 13 കോളനികളിലുമായി 361 കുടുംബങ്ങൾ താമസിക്കുന്നു. ബാക്കി 146 കുടുംബങ്ങൾ പലയിടത്തായി മറ്റു സമുദായങ്ങൾക്കിടയിൽ താമസിക്കുന്നു. വിവിധ സാമൂഹ്യാചാരങ്ങളും പഴമയുടേതായ അവിശിഷ്ടങ്ങളും ഇന്നും അവരുടെ സാമൂഹ്യ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നതായി കാണാം. ഇവരുടെ സംസ്ക്കാരവുമായി ബന്ധപ്പെട്ട അനുഷ്ടാന കലാരൂപങ്ങളായ കാളികൊട്ട്, മൂക്കാൻ ചാത്തൻ, മുടിയാട്ടം, കാള കളി, ചോഴികളി, പറയൻ പാട്ട്, കലശം, നായാടികളി, തിറ, തെയ്യം, തുടങ്ങിയ കലാരൂപങ്ങൾ ഇന്നും ആചരിക്കുന്നു. എന്നാൽ കാണികളെ ഏറെ ആകർഷിച്ചിരുന്ന "പൊറാട്ട് നാടകം" ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. അയിത്തം പോലെയുള്ള ദുരാചാരങ്ങൾ നിലനിൽക്കുന്നില്ല.

ഈ പ്രദേശത്തെ ഏക ഹൈസ്ക്കൂളായ സെന്റ് ജോൺസ് ഹൈസ്ക്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന 275 കുട്ടികളിൽ 32 പേർ പട്ടിക ജാതിയിൽപ്പെട്ടവരാണ്. ഇത് 11.6% വരും. ഇത് സൂചിപ്പിക്കുന്നത് അടിസ്ഥാന വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ്.

<u>വിദ്യാഭ്യാസ നിലവാരം</u>

| | |
|---|---|
| S.S.L.C. വരെ | 200 |
| P.D.C | 52 |
| Degree | 21 |
| T.T.C | 2 |
| B, Ed. | 3 |
| P.G. | 2 |
| സഹകരണ പരിശീലനം | 3 |

പഠന നിലവാരം പത്താംക്ലാസ്സിനുമുകളിൽ കോളേജ് തലത്തിൽ നില നിർത്തികാണുന്നില്ല. ഡിഗ്രി തലത്തിൽ പൊതുവെയും പ്രൊഫഷ്ണൽ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും പട്ടിക ജാതിക്കാർ വളരെ പുറകിലാണ്.

കുട്ടികളെ തൊഴിലിനു കൊണ്ടുപോകുന്നതിനു പകരം വിദ്യാഭ്യാസത്തിനയക്കുന്ന രീതിയിലേക്ക് സാമൂഹ്യപരമായി ഇവർക്ക് മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്നുവെന്ന് പ്രസ്തുത സ്ഥിതി വിവരകണക്കിൽ നിന്ന് മനസ്സിലാക്കാം.

പട്ടികജാതിക്കാർ കുറേയൊക്കെ നേതൃത്വ നിരയിൽ എത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം ,ലഭിച്ചവരുമുണ്ട്. എങ്കിലും പ്രതീക്ഷക്കനുസരിച്ചുള്ള വർദ്ധനവായിട്ടില്ല.

ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാരിൽ ബഹു ഭൂരിപക്ഷം പേരും കർഷകത്തൊഴിലാളികളാണ്. ഏകദേശം 10 പേർ മാത്രമേ സ്വന്തം കൃഷിഭൂമിയിൽ കൃഷിചെയ്യുന്നവരായിട്ടുള്ളൂ. കല്ലുവെട്ട് കെട്ടിട നിർമ്മാണം, കല്ലോര എന്നീ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരും ധാരാളമുണ്ട്. 35 പേർ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരാണ്. 2 പേർ അദ്ധ്യാപന രംഗത്തുമുണ്ട്. 5 പേർ ബാങ്ക് ജീവനക്കാരായുണ്ട്. കച്ചവട രംഗത്ത് പ്രവർത്തിക്കുന്നവർ തീരെയില്ലെന്നു തന്നെ പറയാം.

ഈ പഞ്ചായത്തിലെ, പട്ടിക ജാതി സങ്കേതങ്ങളെ കുറിച്ച് ഒരു പൊതു അവലോകനം താഴെ കൊടുക്കുന്നു.

## വാർഡ് I

**1. പഴമുക്ക് പട്ടിക ജാതി കോളനി**

ഈ കോളനിയിൽ 24 വീടുകളുണ്ട്. എല്ലാം ഓടിട്ട വീടുകളാണ്. ഭൂരിപക്ഷം വീടുകൾക്കും അടിയന്തിരമായി അറ്റകുറ്റ പണി ചെയ്യേണ്ടതുണ്ട്. മിക്ക വീടുകളിലും ശുചിത്വം ഉള്ള കക്കൂസുകൾ ഇല്ല. ശുദ്ധ ജലത്തിന്റെ കടുത്ത ക്ഷാമം നേരിടുന്ന പ്രദേശമാണിത്. റോഡിന്റെ സൗകര്യം ഏറെ അപര്യാപ്തമാണ്. വൈദ്യുതി വിതരണം തൃപ്തികരമാണ്. തെരുവു വിളക്കുകൾ നിലവിലില്ല. വിദ്യഭ്യാസപരമായി വളരെ പുറകിലാണ്.

**2. എടക്കളത്തൂർ ലക്ഷം വീട് കോളനി**

ഈ കോളനിയിൽ 10 പട്ടിക ജാതി വീടുകളുണ്ട്. ഈ വീടുകൾക്ക് അറ്റകുറ്റ പണികൾ ഉടൻ ചെയ്യേണ്ടാതായിട്ടുണ്ട്. ഈ പ്രദേശവും കടുത്ത ശുദ്ധ ജല ക്ഷാമം നേരിടുന്നു. വൈദ്യുതികരിച്ച പ്രദേശമാണിത്. റോഡ് സൗകര്യം തൃപ്തികരമാണ്.

**3. വടക്കെ കുന്ന്**

ഇവിടെ 7 പട്ടികജാതി വീടുകളുണ്ട്. എല്ലാം ഓടിട്ടതാണ്. വൈദ്യുതീകരിച്ചിട്ടുണ്ട്. ശുദ്ധജല ക്ഷാമം കാര്യമായി നേരിടുന്നു. ഗതാഗത സൗകര്യം തൃപ്തികരമാണ്.

**4.പടിഞ്ഞാറെ കുന്ന്**

ഇവിടെ 4 പട്ടിക ജാതി വീടുള്ളതിൽ നാലും ഓടിട്ടതും വൈദ്യുതീകരിച്ചതുമാണ്. ഗാതാഗതം തൃപ്തികരം. ശുദ്ധജലക്ഷാമം ഉണ്ട്. ഒരു കിണറും ഒരു കുഴൽ കിണറും ഉണ്ട്.

**5, മിച്ചഭൂമി**

ഇവിടെ 5 പട്ടിക ജാതി വീടുണ്ട്. എല്ലാം ഓടിട്ടതും വൈദ്യുതീകരിച്ചതുമാണ്. റോഡിന്റെ സൗകര്യം തൃപ്തികരമാണ്. ഒരു കിണറും ഒരു കുഴൽ കിണറും നിലവിലുണ്ട്. ശുദ്ധ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

## വാർഡ് II

**1. തെക്കേപ്പുറത്ത് കോളനി**

ഇവിടെ 13 വീടുകളുണ്ട്. വീടുകളെല്ലാം ഓടിട്ടതും വൈദ്യുതീകരിച്ചതുമാണ്. റോഡ് സൗകര്യം തൃപ്തികരമല്ല. ശുദ്ധജല ക്ഷാമം നിലവിലില്ല.

**2. കൂറാംപാടത്ത് കോളനി**

ഇവിടെ 10 വീടുള്ളതിൽ എല്ലാം ഓടിട്ടതും വൈദ്യുതീകരിച്ചതുമാണ്. ജല ലഭ്യതയുള്ള പ്രദേശമാണെങ്കിലും 2 കിണറുകളേ ഈ പ്രദേശത്തുള്ളൂ. ശുദ്ധ ജല ക്ഷാമം രൂക്ഷമല്ല. എങ്കിലും എല്ലാ വീടുകളിലും കിണറിനുവേണ്ട ധനസഹായം നൽകേണ്ടതാണ്. ഗതാഗത സൗകര്യം തൃപ്തികരമല്ല.

ഈ വാർഡിൽ പട്ടിക ജാതി വീടുകൾ പലയിടത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

## വാർഡ് III

പട്ടിക ജാതി വീടുകൾ വളരെ കുറവുള്ള വാർഡാണിത്. 17 വീടുകളാണ് ഈ വാർഡിലുള്ളത്. ഇതിൽ ആറ് വീട് ലക്ഷം വീട് കോളനിയിലാണ് സ്ഥതി ചെയ്യുന്നത്. ലക്ഷം വീട് ഭാഗത്തെ കുടിവെള്ള ക്ഷാമം ഒഴിച്ചാൽ അടിസ്ഥാന സൗകര്യങ്ങൾ പൊതുവേ തൃപ്തികരമാണ്.

## വാർഡ് IV

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടിക ജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന വാർഡാണിത്. പോന്നോർ പട്ടിക ജാതി കോളനി ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ഈ കോളനിയിൽ 54 വീടുകളുണ്ട്. താരതമ്യേന വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ള കോളനിയാണിത്. കമ്മ്യൂണിറ്റി ഹാൾ, ടി. വി. എന്നിവയുണ്ട്. പോന്നോർ പട്ടിക ജാതി കോളനി 95-96 കാലത്ത് I.H.D.P ( ഇൻഡഗ്രേറ്റ് - ഹേബിറ്റേറ്റ് ഡവലപ്മെന്റ് പ്രോഗ്രാം) കോളനി ആയി അംഗീകരിക്കപ്പെട്ടു. ആയതിന്റെ ഭാഗമായി ചില വികസന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ നടന്നു. പാർപ്പിട സൗകര്യം തൃപ്തികരമല്ല. ഗതാഗത സൗകര്യം തൃപ്തികരമാണ്. കോളനിയുടെ എല്ലാ ഭാഗവും വൈദ്യുതീകരിച്ചിട്ടുണ്ട്. 19 ടാപ്പുകളുള്ള ശുദ്ധ ജല വിതരണ പദ്ധതി നിലവിലുണ്ട്. രണ്ടു കുഴൽ കിണറുകളും 2 കിണറുകളും ഇപ്പോൾ ഉണ്ട്. എന്നാൽ ശുദ്ധ ജല ലഭ്യത തൃപ്തികരമല്ല. ശുദ്ധ ജല വിതരണ പദ്ധതി നവീകരിക്കുവാനും ജല ലഭ്യത വർദ്ധിപ്പിക്കുവാനും നടത്തിയ ശ്രമങ്ങൾ വിജയിച്ചു എന്ന് പറയുവാൻ കഴിയുകയില്ല.

ഈ കോളനിയിൽ 25 തമിഴ് കുടുംബങ്ങൾ താമസമുണ്ട്. 37 കൊല്ലമായി ഇവിടെ ഇവർ താമസമാക്കിയിട്ട്. "ചക്ക്ളിയർ" ജാതിയിൽ പ്പെട്ടവരാണിവർ. ഇവരുടെ മക്കളെ സ്ക്കൂൾ രജിസ്റ്ററിൽ പട്ടിക ജാതിയിൽ 'ചക്ളിയ' സമുദായക്കാരായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർ പട്ടിക ജാതിക്കാരല്ല എന്ന കാരണം പറഞ്ഞ് ഇവർക്ക് കോളനിയിൽ പട്ടയം നല്കുന്നതിൽ നിന്ന് ഒഴിച്ചു നിർത്തിയിരിക്കുകയാണ്. 37 കൊല്ലമായി തമിഴ്നാടുവിടുകയും നാളിതുവരെ ഇവിടെ സ്ഥിര താമസമാക്കുകയും ചെയ്ത ഇവരെ ഇവിടത്തുകാരായി അംഗീകരിച്ചെങ്കിലും പട്ടിക ജാതിക്കാരായി അംഗീകരിച്ചിട്ടില്ല എന്നതാണ് വസ്തുത. ഇവരെ പട്ടിക ജാതിക്കാരായി അംഗീകരിക്കുകയും, പട്ടയം നൽകുകയും, അടിസ്ഥാനസൗകര്യങ്ങൾ ചെയ്തുകൊടുക്കുയും വേണം.

ഈ വാർഡിൽ 39 പട്ടിക ജാതി വീടുകൾ അങ്ങിങ്ങായിട്ടുണ്ട്. പൊതുവെ ഇവരുടെ നില തൃപ്തികരമാണ്. ഈ വാർഡിലാണ് പഞ്ചായത്തിലെ ഏക പൊതു ശ്മശാനം ഉള്ളത്.

## വാർഡ് V

ഈ വാർഡിൽ ഇരുപതോളം പട്ടിക ജാതി വീടുകളാണുളളത്. ഇവ അങ്ങിങ്ങായാണ് സ്ഥിതി ചെയ്യുന്നത് . ഇവരുടെ പാർപ്പിട സൗകര്യം അപര്യാപ്തമാണ്. ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.

## വാർഡ് VI

ഇവിടെ 70 ൽ പരം പട്ടിക ജാതി കുടുംബങ്ങളുണ്ട്. ലക്ഷം വീട് കോളനിയിലും ആസ്പത്രിക്കു സമീപത്തും, നാഗത്താൻ കാവ് ക്ഷേത്രത്തിനു സമീപത്തുമായാണ് ഇവ സ്ഥിതി ചെയ്യുന്നത്. ഒറ്റപ്പെട്ടു കിടക്കുന്ന വീടുകളും ഉണ്ട്. ആശുപത്രി പരിസരത്തും, ലക്ഷം വീട് കോളനിയിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പാർപ്പിട സൗകര്യവും ഗതാഗതസൗകര്യവും തൃപ്തികരമല്ല: വൈദ്യുതി മിക്കവീടുകളിലും ആയിട്ടുണ്ട്.

## വാർഡ് VII

24 പട്ടികജാതി വീടുകൾ ഈ വാർഡിലുണ്ട്. കൂട്ടമായി താമസിക്കുന്ന സങ്കേതങ്ങൾ കുറവാണ്. അരക്കുളം റോഡിനു സമീപം 7 കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്നു. ഇവർക്ക് പട്ടയം ലഭിക്കാത്തതുമൂലം അടിസ്ഥാന സൗകര്യങ്ങൾ ലഭിച്ചിട്ടില്ല. പൊതുവെ ഇവരുടെ സ്ഥിതി തൃപ്തികരമല്ല.

## വാർഡ് VIII

നൂറിൽ പരം പട്ടിക ജാതി കുടുംബങ്ങൾ ഈ വാർഡിലുണ്ട്. മടപ്പാട്ടുപറമ്പ് കോളനി 1994- 95 വർഷത്തിൽ I H D P കോളനി ആയി തിരഞ്ഞെടുക്കപ്പെടുകയും ചില വികസന പ്രവർത്തനങ്ങൾനടത്തുകയും ചെയ്തിട്ടുണ്ട്. ഈ കോളനിയിൽ ജനസാന്ദ്രത കൂടുതലാണ്. കൈവശ

രേഖകൾ സിദ്ധിച്ചിട്ടില്ലാത്തതിനാൽ പലർക്കും വീട് പണിക്കുള്ള ധന സഹായം ലഭിച്ചിട്ടില്ല. ശുദ്ധജല ലഭ്യത തൃപ്തികരമാണ്. കോളനി വൈദ്യുതീകരിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം തൃപ്തികരമല്ല. കാരണം ജനസാന്ദ്രത കൂടിയതിനാൽ റോഡ് വീതി കൂട്ടുന്നതിനുള്ള സ്ഥലസൗകര്യം കുറവാണ്. അഗ്രോ സെന്റർ ഈ പ്രദേശത്തുണ്ട്. ഒരു T.V.യും ഇവിടേക്ക് അനുവദിച്ചുകിട്ടിയിട്ടുണ്ട്.

ചാലക്കൽ പാറ കോളനിയിൽ 26 പട്ടിക ജാതി വീടുകളുണ്ട്. വീടുകൾ ഓടിട്ടവയാണ്. വൈദ്യുതീകരിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം തൃപ്തികരമല്ല. ശുദ്ധജല പ്രശ്നം രൂക്ഷമാണ്. 1995-96 ൽ വരൾമഅച്ച ദുരിതാശ്വാസ പ്രവർത്തിയുടെ ഭാഗമായി പഴയ ചന്ത പരിസരത്തു നിന്നും 1300 മീറ്റർ പൈപ്പ് ലൈൻ നീട്ടി ചാലക്കൽ പാറപ്രദേത്ത് 5 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വെള്ളം എല്ലാ സമയവും ലഭിക്കുന്നില്ല. ലഭിക്കുന്ന വെള്ളം കുടിക്കുവാൻ യോഗ്യമല്ല. ഈ നിർമ്മാണപ്രവർത്തിക്കുവേണ്ട അദ്ധ്വാനം ഈ പ്രദേശത്തെ യുവാക്കൾ സംഭാവന ചെയ്യുകയാണുണ്ടായതെന്ന് പ്രത്യേകല്ലെടുത്തു പറയേണ്ടതുണ്ട്.

## വാർഡ് IX

ഈ വാർഡിൽ 45 പട്ടിക ജാതി വീടുകളുണ്ട്. ഇതിൽ 24 വീടുകൾ ഐനിക്കാടാണ് സ്ഥിതിചെയ്യുന്നത്. ഈ കുടുംബക്കാർ എല്ലാവരും തന്നെ കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവരാണ്. ഇവരിൽ പലരും സ്വന്തം കൃഷിഭൂമിയുള്ളവരാണ്. ഐനിക്കാട് തുരുത്തിൽ മറ്റ് ജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഒന്നും തന്നെയില്ല. തൊട്ടടുത്ത കരയായ മുള്ളൂരുമായി ബന്ധിപ്പിക്കുന്ന ബണ്ടിന്റെ നിർമ്മാണം പൂർത്തിയാക്കുക എന്നതാണ് ഇവിടത്തെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന 'വിഷയം. വർഷക്കാലത്ത് ഐനിക്കാട് തുരുത്ത് മററ് പ്രദേശങ്ങളുമായി ബന്ധപ്പെടുന്നത് "വഞ്ചി" യാത്ര മുഖേനയാണ്. ഇവിടം വൈദ്യുതീകരിച്ചിട്ടുണ്ട് എല്ലാവരും താരതമ്യേന മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഉള്ളവരാണ്. ജലക്ഷാമം ഇവിടെ തീരെയില്ല.

മുള്ളൂർ കുന്നിലും പരിസരത്തുമായി 20 പട്ടിക ജാതി വീടുകളുണ്ട്. പാർപ്പിട സൗകര്യവും, ഗതാഗതസൗകര്യവും തൃപ്തികരമല്ല. പല വീടുകളും ഓലമേഞ്ഞ കുടിലുകളാണ്. വൈദ്യുതി എല്ലാ പ്രദേശത്തും എത്തിയിട്ടുണ്ടെങ്കിലും പല വീടുകളും വൈദ്യുതീകരിക്കാത്തവയാണ്. ശുദ്ധജലക്ഷാമം രൂക്ഷമല്ല.

## പ്രശ്നങ്ങളും പരിഹാരങ്ങളും

ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളെ താഴെ ക്രോഡീകരിക്കുന്നു.

**1. പാർപ്പിടം**

നിലവിലുള്ള വീടുകളിൽ ഏറിയ പങ്കും അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യേണ്ട അവസ്ഥയിലാണ്. ഇവരുടെ പൊതുവായ സാമൂഹ്യ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ഈ പ്രശ്നം ഇവർക്ക് സ്വന്തം നിലയിൽ പരിഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷക്കുക വയ്യ. കൂടുതൽ സഹായധനം അറ്റകുറ്റപ്പണികൾക്കായി നീക്കിവെക്കേണ്ടതാണ്.

ഭൂമി വാങ്ങുന്നതിനും വീടു പണിയുന്നതിനുമായി അതാതു പ്രദേശത്തെ മാർക്കററു നിരക്കനുസരിച്ച് ധനസഹായത്തുകയിൽ വേണ്ട മാററം വരുത്തേണ്ടതാണ്. അടുത്ത അഞ്ച് വർഷക്കാലത്തിനിടയിൽ ഈ പഞ്ചായത്തിൽ ഏററവും ചുരുങ്ങിയത് നൂറു പേർക്കെങ്കിലും പാർപ്പിടത്തിനു വേണ്ട സ്ഥലം കണ്ടത്തേണ്ടതായി വരും.

**2. ശുദ്ധജലം**

ശുദ്ധജലത്തിനു പ്രയാസം അനുഭവപ്പടുന്ന എടക്കളത്തൂർ പഴമുക്ക് കോളനി ലക്ഷം വീട് വടക്കേകുന്ന് എന്നിവിടങ്ങളിൽ ശുദ്ധജലം ലഭിക്കുന്നതിനു വേണ്ട പുതിയ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. പഴമുക്ക് കോളനിയെ കേന്ദ്രീകരിച്ച് ഒരു മിനി ശുദ്ധജല വിതരണ പദ്ധതി തുടങ്ങുന്നതിനെ സംബന്ധിച്ചും ആലോചിക്കാവുന്നതാണ്. പോന്നോർ കോളനിയിലെ ശുദ്ധജല വിതരണ പദ്ധതിയിലെ

ജലലഭ്യത വർദ്ധിപ്പിച്ച് പോന്നോർ ലക്ഷം വീട് പരിസരത്തേക്കും ശവക്കോട്ട പരിസരത്തേക്കും വ്യാപിപ്പിക്കേണ്ടതാണ്. പറപ്പൂരിലെ ശുദ്ധജല വിതരണ പദ്ധതി 5, 6, 7, 8 വാർഡുകളിലെ 'പട്ടിക ജാതി സങ്കേതങ്ങളിലേക്കും വ്യാപിപ്പച്ച് ഇവിടങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കേണ്ടതാണ്. പട്ടിക ജാതി ഗുണഭോക്താക്കൾക്ക് സ്വന്തം കിണറു കുഴിക്കുന്നതിനു ധനസഹായം അനുവദിക്കേണ്ടതാണ്.

മുള്ളൂരിൽ ശ്രീ അരിമ്പൂരത്ത് നാരായണൻ നായർ പട്ടിക ജാതിക്കാർക്ക് സൗജന്യ ശുദ്ധജല വിതരണം ചെയ്ത സ്ഥലത്തുള്ള വീടുകൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്.

**3. വൈദ്യുതി**

വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾക്ക് കണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്.

**4. വിദ്യാഭ്യാസം**

സമൂഹത്തിന്റെ വളർച്ചയിൽ വിദ്യാഭ്യാസത്തിന്റെ പങ്കിനെയും പ്രാധാന്യത്തേയും കുറിച്ച് രക്ഷിതാക്കളേ ബോധവൽക്കരിച്ചുകൊണ്ടും കുട്ടികൾക്ക് പ്രോത്സാഹനങ്ങൾ ഏർപ്പെടുത്തികൊണ്ടും പട്ടിക ജാതിക്കാരുടെ പൊതു വിദ്യാഭ്യാസ നില ഉയർത്താൻ ശ്രമിക്കേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിലുള്ളവർ കൂടുതൽ കയറി വരേണ്ടതുണ്ട്.

**5. സാമൂഹ്യക്ഷേമം**

എല്ലാ പട്ടിക ജാതി സങ്കേതങ്ങളിലും റിക്രിയേഷൻ ക്ലബുകളും, T. V. കളും സ്ഥാപിക്കേണ്ടതുണ്ട്. പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

**6. തൊഴിൽ**

പരമ്പരാഗത തൊഴിലുകൾ (കൊട്ടനെയ്ത്ത്, പായ നെയ്ത്ത്) പരിപോഷിപ്പിക്കുന്നതിന് വേണ്ടി സംഘടിതമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

**7. കക്കൂസ്**

പട്ടിക ജാതിക്കാരുടെ 25% വീടുകൾക്കും ആധുനിക കക്കൂസുകളില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങളാകയാൽ എല്ലാ വീടുകൾക്കും ആധുനിക കക്കൂസുൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കേണ്ടതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പട്ടികജാതി കോളനികളിലും, കുടുംബങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക (കക്കൂസ്, കിണർ, പൈപ്പ്).
2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർക്ക് അടിയന്തിരമായി കണക്ഷൻ അനുവദിക്കുക.
3. ഭവനനിർമ്മാണ വായ്പ നല്കുക.
4. IRDP പദ്ധതി പ്രകാരം സ്വയം തൊഴിലിനു ധനസഹായം നല്കുക.
5. പട്ടികജാതിക്കാരുടെ സാമൂഹ്യപദവി തൃപ്തികരമാക്കുവാൻ ബോധവൽക്കരണം നടത്തി മുഴുവൻ കുട്ടികളെയും വിദ്യാഭ്യാസത്തിന് വിടുക.
6. SC/ST വികസന വകുപ്പിൽ നിന്നും സ്ത്രീകൾക്ക് നല്കുന്ന വിവാഹ സഹായധനം വർദ്ധിപ്പിക്കുക
7. അനർട്ടിൽ നിന്ന് മണ്ണെണ്ണ സ്റ്റൗ എല്ലാ പട്ടികജാതി കുംടുംബങ്ങൾക്കും അനുവദിക്കുക. ആയതിനു വേണ്ട മണ്ണെണ്ണക്ക് പെർമിറ്റ് അനുവദിക്കുക.
8. ജാതി സർട്ടിഫിക്കറ്റ് ആവശ്യമാണെങ്കിൽ പലപ്പോഴും വില്ലേജ് ആഫീസറുടെ അടുക്കലും, തഹസിൽദാരുടെ അടുക്കലും പോകുവാൻ ചുരുങ്ങിയത് 2 ദിവസമെങ്കിലും വേണ്ടി വരും. ഈ ദുരവസ്ഥ മാറ്റുവാൻ സർട്ടിഫിക്കറ്റ് നല്കുവാൻ പഞ്ചായത്തിന് അധികാരം കൈമാറ്റം ചെയ്യുക.
9. IRDP വായ്പ ലഭിക്കുന്നതിനു പലപ്പോഴും കാലതാമസം നേരിടുന്നു. സാധനങ്ങളുടെ ക്വട്ടേഷൻ വാങ്ങുമ്പോൾ പല സാധനങ്ങളുടെയും യഥാർത്ഥ വിലയേക്കാൾ കൂടുതലാണ് ക്വട്ടേഷനിൽ കാണിക്കാറ്. IRDP സ്കീമിൽ പേര് ഉൾപ്പെടാത്ത ആളുകളെ ഉൾപ്പെടുത്തുവാനുള്ള സാഹചര്യം ഉണ്ടാക്കുക.

10. 8-ാം വാർഡിൽ നൂറോളം പട്ടിക ജാതി കുടുംബങ്ങൾ ഉള്ളതിനാൽ വായനശാല, അംഗൻവാടി എന്നിവ ആവശ്യമുണ്ട്. റോഡുകൾ അറ്റകുറ്റപ്പണി നടത്തണം. 2-ാം വാർഡിൽ വഴിവിളക്ക് വേണം. കുറാംപാടം, കരിക്കുളം റോഡ്, വെട്ടത്ത് റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം. കരിക്കുളം കെട്ടി സംരക്ഷിക്കണം. അവിടെ കുടിവെള്ളക്ഷാമം പരിഹരിക്കണം. മാത്രമല്ല ഇവിടെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. വീടുകൾ റിപ്പയർ ചെയ്യുന്നതിനു ധനസഹായം ലഭിക്കണം. സാംസ്കാരിക നിലയം, T.V. സെന്റർ സ്ഥാപിക്കണം. പുര ഓല മേയുന്നതിനു SC/ST വികസന വകുപ്പിൽ നിന്ന് ഇപ്പോൾ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണം. 9-ാം വാർഡിൽ T.V. സെന്റർ നിർമ്മാണം നടത്തുക. T.V. ലഭ്യമാക്കുക. തെക്കേവെട്ടിയിലെ പുറംപോക്ക് ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട വിവരം കളക്ടറെ അറിയിച്ചുവെങ്കിലും നടപടി ആയില്ല. വഞ്ചി, വല IRDP വഴി കിട്ടണം.

ഇപ്പോൾ കാർഷികാവശ്യത്തിന് മോട്ടോറിനു വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു 30 സെന്റ് ഭൂമി കൈവശം വേണം എന്നാണ് വ്യവസ്ഥ. പട്ടിക ജാതിക്കാർക്ക് ഈ വ്യവസ്ഥയിൽ ഇളവ് നല്കേണ്ടതാണ്.

പോന്നോർ പട്ടിക ജാതി കോളനിയിലെ ഇലക്ട്രിക് പോസ്റ്റുകൾ റോഡിന്റെ സൈഡിലേക്ക് മാററണം. വാട്ടർടാങ്ക് ഉയരം കൂട്ടണം. വാട്ടർ ടാപ്പുകൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കണം. നിലവിലുള്ള കിണറുകൾ വൃത്തിയാക്കി ജല ലഭ്യത കൂട്ടണം. കോളനിയിലെ പട്ടിക ജാതിക്കാർക്ക് പട്ടയംനൽകണം.നിരക്ഷരരെ സാക്ഷരരാക്കണം. ഹോളോബ്രിക്സ് തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാഹചര്യം ഉണ്ടാക്കണം. (10 യുവാക്കൾ തയ്യാറായി വന്നിട്ടുണ്ട്.)

കോളനിയുടെ തെക്കെ ഭാഗത്തുള്ള സ്ഞ്ചാരയോഗ്യമല്ലാത്ത കിഴക്കോട്ടുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം. കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമി പതിച്ചുകൊടുക്കണം. കമ്മ്യൂണിറ്റി ഹാളിൽ ഫർണീച്ചർ, ഫാൻ, പാചകസൗകര്യം വായനശാലയിൽ ആവശ്യത്തിനുള്ള പുസ്തകം എന്നിവ ലഭ്യമാക്കണം. ഒരു ഡിസ്പെൻസറി സ്ഥാപിക്കുക. കോളനി പരിസരത്തുള്ള അനധികൃത മദ്യവില്പന തടയുക. തോളൂർ കുന്നിലുള്ള പൊതു ശ്മശാനത്തിൽ ഒരു ഷെഡ് നിർമ്മിക്കുകയും വൈദ്യുതി ഉപയോഗിച്ച് ശവം ദഹിപ്പിക്കുന്ന സംവിധാനം ഉണ്ടാക്കുകയും വേണം.

## ഉപസംഹാരം

കൈവശഭൂമിയുടെ രീതി പരിശോധിച്ചാൽ പട്ടിക ജാതിക്കാർ സമീപ ഭാവിയിൽ നേരിടേണ്ടി വന്നേക്കാവുന്ന പ്രശ്നങ്ങളുടെ തീക്ഷണത മനസ്സിലാക്കാവുന്നതാണ്. ഭൂരിപക്ഷം കുടുംബങ്ങൾക്കും കൈവശ ഭൂമി 5-10 സെന്റിന് ഇടയിലാണ്. ആകെ ഭൂമിയുടെ 1½% ഭൂമി മാത്രമെ ഇവരുടെ കൈവശമായുള്ളൂ. അതുകൊണ്ടുതന്നെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർ നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം പാർപ്പിടപ്രശ്നം തന്നെ ആയിരിക്കും. ഭൂമിയുടെ വില വർദ്ധനവ് കണക്കിലെടുക്കുമ്പോൾ അടിയന്തിരമായി സർക്കാർ ഇടപെടലുകൾ ഉണ്ടായില്ലെങ്കിൽ കിടപ്പാടമില്ലാത്ത വലിയ ഒരു വിഭാഗം നമ്മുടെ സമൂഹത്തിൽ ഉയർന്ന് വരും എന്ന കാര്യം സംശയാതീതമാണ്. ഇത് നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കിയേക്കാവുന്ന സംഘർഷത്തിന്റെ ആഴവും വ്യാപ്തിയും പ്രവചനാതീതമാണ്. ഇന്നത്തെ സർക്കാർ പാർപ്പിടപദ്ധതികൾ ഈ പ്രതിസന്ധിയെ നേരിടാൻ പര്യാപ്തമല്ല തന്നെ. 1-2 ഏക്കർ ഭൂമി (മിക്കതും വാസയോഗ്യമല്ലാത്തത്) പൊന്നും വിലക്കെടുത്ത് 4-5 സെന്റ് വീതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നരീതിയും ലക്ഷം വീട് പദ്ധതികളെ പോലെയുള്ള പദ്ധതികളും പുനർചിന്തനത്തിനു വിധേയമാക്കേണ്ട സമയമായിരിക്കുന്നു. ഈ രീതി നടപ്പാക്കുന്നതിന് എളുപ്പമല്ല എന്നതു വിസ്മരിക്കുന്നില്ല. ഇന്ന് പട്ടിക ജാതിക്കാരുടെ ഉന്നമനത്തിനായി വിവിധ ഡിപ്പാർട്ടമെന്റുകൾ വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം സംയോജിപ്പിച്ച് ഭൂമി വാങ്ങുന്നതിനും, വീട് പണിയുന്നതിനും പ്രാമുഖ്യം നൽകി ധനസഹായം നൽകുന്ന ഒരു പ്രായോഗിക പദ്ധതിയാണ് രൂപപ്പെടുത്തി എടുക്കേണ്ടത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ വികേന്ദ്രീകൃതമായ ഒരു രീതി ആയിരിക്കും അഭികാമ്യം.

തോളൂർ ഗ്രാമ പഞ്ചായത്ത്

പട്ടിക ജാതി വീടുകളുടെ എണ്ണം

വാർഡ് തലത്തിൽ

പട്ടിക **14.1**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | ആകെ |
|---|---|---|---|---|---|---|---|---|---|
| വീടുകലുടെ എണ്ണം | 61 | 61 | 17 | 108 | 73 | 73 | 63 | 51 | 507 |

(1991 ലെ സ്ഥിതി വിവരകണക്കാണ് ആധാരമാക്കിയിട്ടുള്ളത്.)

# 15 വാർത്താവിനിമയം

സന്ദേശവാഹകരുടെ കയ്യിൽ കുറിയോല കൊടുത്തയച്ചിരുന്ന പഴയ കാലത്തുനിന്നും ആധുനിക മനുഷ്യനിലേക്കുള്ള വളർച്ചയിൽ വാർത്താവിനിമയമാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇന്ന് അവ അവിഭാജ്യ ഘടകങ്ങളായി തീർന്നിരിക്കുന്നു.

പത്രം, തപാൽ, റേഡിയോ, ടെലിവിഷൻ, ടെലഫോൺ, ടെലഗ്രാം തുടങ്ങിയ വാർത്താവിനിമയ സംവിധാനങ്ങൾ ഇപ്പോൾ ലഭ്യമായിട്ടുള്ള ഈ ഗ്രാമപഞ്ചായത്തിൽ ഈ ശൃംഗലയിലെ ആദ്യ സംരഭമെന്ന നിലയിൽ സ്ഥാനം പിടിച്ചത് അഞ്ചൽ സംവിധാനമാണ്. ഇന്നത്തെ പോലെ യാത്ര സൗകര്യങ്ങൾ ഇല്ലാതിരുന്ന 1940 ൽ ആണ് ഇവിടെ തപാൽ വിതരണം തുടങ്ങിയത്. അന്ന് തൃശ്ശൂർ കുന്നംകുളം റൂട്ടിൽ ഗതാഗത സൗകര്യമുണ്ടായിരുന്നതിനാൽ ഇവിടെക്കുള്ള തപാൽ ഉരുപ്പടികൾ മുണ്ടൂരിൽ ശേഖരിച്ച് അഞ്ചലോട്ടക്കാർ വഴിയാണ് ഇവിടെ എത്തിച്ചിരുന്നത്. മണിവടിയും കിലുക്കി താളാൽമക ചുവടുവെപ്പ്കളുമായി വരുന്ന അഞ്ചലോട്ടക്കാരനെ കണ്ടാൽ വഴിമദ്ധ്യേയുള്ളവർ താനെ വഴിമാറിക്കൊടുക്കുമായിരുന്നു. തൻമൂലം കൃത്യ സമയത്തുതന്നെ അഞ്ചലാഫീസിലെത്തുന്ന തപാലുകൾ കാര്യക്ഷമമായി വിതരണം നടത്താനും സാധിച്ചിരുന്നു. പിന്നീട് തപാൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഈ പ്രദേശത്തുനിന്ന് അക്കാലത്ത് അസ്സാം കൊളംബ്( ഇന്നത്തെ ശ്രീലങ്ക) മലേഷ്യ എന്നിവിടങ്ങളിലേക്ക് പട്ടാള സേവനത്തിനും, കച്ചവടത്തിനുമായി പോയിരുന്ന ആളുകളുടെ കത്തുകളും മണിയോർഡറുകളും കൃത്യ മായി വിതരണം ചെയ്യാൻ ഇത് ഏറെ സഹായകരമായിരുന്നിട്ടുണ്ട്. ഇപ്പോൾ ഈ ഗ്രാമ പഞ്ചായത്തിൽ ഒരു സബ് പോസ്റ്റാഫീസും മൂന്ന് ഇ. ഡി. പോസ്റ്റാഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ദിവസം ശരാശരി 800 കത്തുകളും 35 റെജിസ്ട്രേഡ് കത്തുകളും 35 മണി ഓർഡറുകളും വിതരണം ചെയ്യുന്നുണ്ട്. വർഷത്തിൽ ഒരു ലക്ഷം രൂപ ഇന്ദിരാവികാസ് പത്രയും പന്ത്രണ്ടു ലക്ഷം രൂപ റെക്കറിങ്ങ് ഇനത്തിലും പോസ്റ്റോഫീസിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്.

1944 നോട് അടുത്താണ് ഇവിടെ പത്രവിതരണം തുടങ്ങിയത്. അന്ന് വിതരണം ചെയ്തിരുന്ന പത്രങ്ങൾ തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന ഗോമതി, എക്സ്പ്രസ്സ് എന്നിവ ആയിരുന്നു. അതിൽ സോഷ്യലിസ്റ്റ് കാഴ്ചപ്പാടുള്ളതും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരുടെ ജിഹ്വയായി വിലയിരുത്ത പ്പെട്ടതുമായ എക്സ്പ്രസ്സ് പത്രം മാത്രമെ നിലനിന്നുള്ളൂ. രാജ്യഭരണത്തിന്റെ സ്തുതിഗീതങ്ങൾ പാടിയിരുന്ന ഗോമതി പത്രം ജനങ്ങൾ ബഹിഷ്കരിച്ചതു മൂലം വിതരണം നിർത്തേണ്ടി വരികയായിരുന്നു.

ഇപ്പോൾ മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി, ദീപിക, എക്സ്പ്രസ്സ് എന്നീ മലയാള പത്രങ്ങളും, ഇന്ത്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു എന്നീ ഇംഗ്ലീഷ് പത്രങ്ങളും ഇവിടെ വിതരണം ചെയ്തു വരുന്നുണ്ട്. എങ്കിലും 30% വീടുകളിൽ മാത്രമെ സ്ഥിരമായ പത്രം വരുത്തുന്നുള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പത്രങ്ങളുടെ ക്രമാതീതമായ വിലവർദ്ധനയും ടെലിവിഷൻ, റേഡിയോ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരവുമാകാം ഈ സാഹചര്യത്തിനു കാരണമായത്.

ജനീവ ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിയൻ കാത്തലിക് ഇന്റർ നാഷണൽ പ്രസ്സിന്റെ (യു.സി.ഐ.പി) ജനറൽ സെക്രട്ടറി സ്ഥാനം ഇപ്പോൾ വഹിക്കുന്നത് ഇന്നാട്ടുകാരനായ ജോസഫ് ചിറ്റിലപ്പിള്ളി എന്ന ചെറുപ്പക്കാരനാണെന്ന് ഇവിടെ സ്മരണാർഹമാണ്.

ഈ പ്രദേശത്ത് 939 ദിനപത്രങ്ങൾ വിതരണം നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| 1. | മാതൃഭൂമി | 402 | എണ്ണം |
| 2. | മലയാളമനോരമ | 301 | " |

| | | | |
|---|---|---|---|
| 3. | ദേശാഭിമാനി | 104 | " |
| 4. | ദീപിക | 52 | " |
| 5. | എക്സ്പ്രസ്സ് | 30 | " |
| 6. | ഇന്ത്യൻ എക്സ്പ്രസ്സ് | 28 | " |
| 7. | ദി ഹിന്ദു | 22 | " |
| | ആകെ | 939 | |

1948 ൽ ആണ് ഈ പഞ്ചായത്ത് പ്രദേശത്ത് ആദ്യമായി റേഡിയോ എത്തിയത്. 1960 ൽ പറപ്പൂരിലുള്ള പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് അക്കാലത്ത് ഒരു റേഡിയോ സ്ഥാപിച്ചത് ഏറെ ഗുണകരമായിരുന്നു. ഇന്നു പഞ്ചായത്തിലെ 95% വീടുകളിലും റേഡിയോ ഉണ്ട്.

ദൃശ്യ ശ്രാവ്യ മാധ്യമമായ ടെലിവിഷൻ 1980 ൽ ആണ് ഇവിടെ പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്. ഏറെ ആസ്വാദകരുള്ള ഒരു വാർത്താവിനിമയ മാധ്യമമായ ഇത് ഗ്രാമ പഞ്ചായത്തിലെ 20% ശതമാനത്തിൽ അധികം വീടുകളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു.

പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള പൊതു ടെലിവിഷൻ 1992 ൽ നാലാം വാർഡിലെ കമ്മ്യൂണിറ്റി ഹാളിലാണ് സ്ഥാപിച്ചിട്ടുള്ളത്. നിർദ്ധനരായ ധാരാളം കുടുംബങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശത്താണ് കമ്മ്യൂണിറ്റി ഹാൾ നിലനിൽക്കുന്നത്.

ആറാം വാർഡ് ലക്ഷം വീട് കോളനിക്ക് സമീപം പഞ്ചായത്ത് വക റിക്രിയേഷൻ ക്ലബ്ബിൽ ടെലിവിഷൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്.

അയിനിക്കാട് ടെലിവിഷൻ സെന്റർ പണിയുന്നതിന് നടപടികൾ ആയിട്ടുണ്ട്.

എട്ടാം വാർഡിൽ ലക്ഷം വീടു കോളനിയിൽ സ്ഥിതി ചെയ്യുന്ന അഗ്രോ സെന്ററിൽ സ്ഥാപിക്കുന്നതിന് ജില്ലാ ഇൻഫോർമേഷൻ ഓഫീസിൽ നിന്ന് ടെലിവിഷൻ അനുവദിച്ച് കിട്ടിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് ടെലിവിഷൻ പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

ഇന്ന് നമ്മുടെ നിത്യജീവിതവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന ടെലിഫോൺ സംവിധാനം ആദ്യമായി ഇവിടെ എത്തിയത് 1964 ൽ പഞ്ചായത്ത് ഓഫീസിലേക്ക് കണക്ഷൻ ലഭിക്കുന്നതിലൂടെ ആണ്. 1986 ൽ ഇവിടെ ഒരു ടെലിഫോൺ എക്സ്ചേഞ്ച് ആരംഭിച്ചതോടെ ഒട്ടനവധി വീടുകളിലും സ്ഥാപനങ്ങളിലും ടെലിഫോൺ എത്തി. പുതിയ കണക്ഷനു വേണ്ടി കാത്തിരിക്കുന്നവർ നിരവധിയാണ്. ടെലിഫോൺ സൗകര്യം എത്തിയെങ്കിലും എസ്.ടി.ഡി സൗകര്യമുള്ള പബ്ലിക് ടെലിഫോൺ ബൂത്തുകളും ഫാക്സ് സന്ദേശമയയ്ക്കാനുള്ള സൗകര്യങ്ങളും ഇല്ലാ എന്നത് വലിയൊരു പോരായ്മയായി നിലനിൽക്കുന്നു. ഇപ്പോൾ ഈ പഞ്ചായത്തിൽ 259 ടെലിഫോൺ കണഷ്കനുണ്ട്.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ വടക്കുമുറി ഹോമിയോ ഡിസ്പൻസറി പരിസരത്തും അമ്പല നട പരിസരത്തും പോസ്റ്റ് ബോക്സ് സ്ഥാപിക്കണം.
2. ഈ പ്രദേശത്ത് ഒരു പബ്ലിക് ടെലിഫോൺ ബൂത്ത് സ്ഥാപിക്കണം.

വാഡ് 2

1. തോളൂർ വില്ലേജ് ഓഫീസിനോടു ചേർന്നു കിടക്കുന്ന പുറം പോക്ക് സ്ഥലത്ത് പൊതുക്ഷേമത്തിന് വായനശാലയും അതിനോടനുബന്ധിച്ച് ഒരു ടെലിവിഷനും സ്ഥാപിക്കണം.
2. ടെലിഫോൺ കണക്ഷൻ ആവശ്യക്കാർക്ക് എത്രയും വേഗം എത്തിക്കണം.
3. എടക്കളത്തൂരിൽ പബ്ലിക്ക് ടെലഫോൺ ബൂത്ത് സ്ഥാപിക്കണം.

വാർഡ് 4

1. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോന്നോർ പോസ്റ്റോഫീസ്, വില്ലേജ് ഓഫീസ് പരിസരത്തുള്ള പുറംപോക്കിലേക്ക് മാറ്റണം.
2. പോന്നോർ സെന്ററിൽ എസ്.ടി.ഡി. സൗകര്യത്തോടുകൂടിയ പബ്ലിക് ടെലിഫോൺ ബൂത്ത് വേണം.

വാർഡ് 5

1. പബ്ലിക് ടെലിഫോൺ ബൂത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന 4 എസ്.ടി.ഡി. ബൂത്തും വേണം.
2. ഓട്ടുകമ്പനി പരിസരത്ത് തപാൽ പെട്ടി വേണം.

വാർഡ് 9

1. മുളളൂരിൽ ഒരു പോസ്റ്റോഫീസ് അടിയന്തിരമായി അനുവദിച്ചു കിട്ടണം.
2. മുളളൂർ വായന ശാലയ്ക്ക് ടെലിവിഷൻ അനുവദിക്കണം.
3. ഐനിക്കാട് ടെലിവിഷൻ സ്ഥാപിക്കുന്നതിന്ന് കെട്ടിടവും ടെലിവിഷനും വേണം.
4. വായന ശാലയിലേയ്ക്ക് പഞ്ചായത്ത് ചെലവിൽ ന്യൂസ് പേപ്പർ ഇടണം.
5. പോസ്റ്റോഫീസ്സിന്ന് മുൻഗണനനൽകണം.
6. മുള്ളൂരിൽ പബ്ലിക് ടെലഫോൺ ബൂത്ത് വേണം.

## ടെലഫോൺ എക്സ്ചേഞ്ച്

ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടെലഫോൺ എക്സചേഞ്ച് സൗകര്യപ്രദമായ സ്ഥലത്ത് സ്വന്തം കെട്ടിടംപണിത് മാറ്റി സ്ഥാപിക്കണം. കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ കൂടുതലകയാൽ എക്സ്ചേഞ്ച് വിപുലികരിച്ച് എത്രയും വേഗം കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. എസ്.ടി.ഡി. സൗകര്യമുള്ള പബ്ലിക് ബൂത്തുകളും ഫാക്സ് സന്ദേശമയക്കുന്നതിനുള്ള സൗകര്യം ഇല്ല എന്നത് ഇന്ന് വലിയൊരുപോരായ്മയായി നില നില്ക്കുന്നു. ഇത് പരിഹരിക്കാൻ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഇവസ്ഥാപിക്കേണ്ടിയിരിക്കുന്നു.

# 16 വിഭവസമാഹരണം

## പ്രകൃതി വിഭവങ്ങൾ

പ്രകൃതി വിഭവങ്ങൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. അവയെ കാര്യക്ഷമമായും ഫലവത്തായും എങ്ങിനെ ഉപയോഗിക്കാം എന്നതാണ് പ്രശനം. ഉദാഹരണത്തിന് നമ്മുടെ റോഡു നിർമ്മാണത്തിനു വേണ്ട കരിങ്കല്ലും കെട്ടിട നിർമ്മാണത്തിനു വേണ്ട വെട്ടുകല്ലും ഈ പഞ്ചായത്തിൽ ലഭ്യമാണ്. എടക്കളത്തൂർ വടക്കുമുറിയിലെ പഴമുക്ക് കോളനിക്ക് സമീപവും പടിഞ്ഞാറെ കുന്ന് പ്രദേശത്തും കരിങ്കൽപ്പാറകൾ ധാരളമുണ്ട്. സമീപവാസികൾക്ക് പ്രയാസമുണ്ടാകാതെ കരിങ്കൽ പൊട്ടിച്ചെടുക്കുന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വെട്ടുകല്ല് ലഭ്യമാണ്.

പടിഞ്ഞാറ് ഭാഗത്ത് വടക്കുനിന്ന് തെക്കോട്ടൊഴുകുന്ന കേച്ചേരിപ്പുഴയും തെക്കുകിഴക്കു ഭാഗങ്ങളിൽ കോൾനിലങ്ങളും, കോൾനിലങ്ങളെ ബന്ധിപ്പിക്കുന്ന ഇറിഗേഷൻ കനാലുകളും, ഈ ജലസ്രോതസുകളുടെ നടുവിലാണ് തോളൂർ ഗ്രാമ പഞ്ചായത്ത്. സാമാന്യം നന്നായി മഴയും ഇവിടെ ലഭിക്കും. ഇത് സൂചിപ്പിക്കുന്നത് സൂഷ്മവും കാര്യക്ഷമവുമായ ജല വിനിയോഗ തന്ത്രങ്ങൾ ആവിഷ്കരിക്കാൻ കഴിയുകയാണെങ്കിൽ പഞ്ചായത്തിലെ ഒരോ ഇഞ്ച് ഭൂമിയും കൃഷിഭൂമിയാക്കി മാറ്റാൻ കഴിയും എന്നാണ്. ഇതായിരിക്കും ഒരു പക്ഷേ ഈ പഞ്ചായത്തിന്റെ വികസന പ്രക്രിയയുടെ മർമ്മം.

### പഞ്ചായത്തിന്റെ വരുമാനം

വിവിധ ഇനങ്ങളിലായി 1995-96 കാലത്തെ പഞ്ചായത്തിന്റെ വരുമാനം താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | കെട്ടിടനികുതി | — | 1,71,549.50 രൂപ |
| 2. | സർവ്വീസ്നികുതി | — | 31,917.50 രൂപ |
| 3. | തൊഴിൽനികുതി | — | 1,04,446.00 രൂപ |
| 4. | വിനോദ നികുതി | — | 13,761.00 രൂപ |
| 5. | അധിക വിനോദ നികുതി | — | 8,261.00 രൂപ |
| 6. | പ്രദർശന നികുതി | — | 2,200.00 രൂപ |
| 7. | പ്രദർശന നികുതി സർചാർജ് | — | 560.00 രൂപ |
| 8. | ചന്ത വരവ് | — | 1,215.00 രൂപ |
| 9. | ലൈസൻസ് ഫീസ് | — | 12,318.50 രൂപ |
| 10. | ലൈബ്രറിസെസ് | — | 9,945.00 രൂപ |
| 11. | വസ്തു കൈമാറ്റ നികുതി | — | 73,691.00 രൂപ |
| 12. | ഡെപ്പോസിറ്റുകൾ | — | 7,787.00 രൂപ |
| 13. | മറ്റുള്ളവ (ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യലേലം, ഫലവൃക്ഷങ്ങൾ) | — | 91,450.20 രൂപ |
| | | | 5,29,101.70 രൂപ |

പഞ്ചായത്തിന്റെ ഭരണ നിർവ്വഹണ ചെലവ് 4,67,185/- രൂപ

ഇത് പഞ്ചായത്തിന്റെ സ്വന്തം വരുമാനത്തിന്റെ 80% ത്തോളം വരും.

സർക്കാർ ഗ്രാന്റിനങ്ങളിലായി പഞ്ചായത്തിന്റെ വരുമാനം

**1995-96**

| V.R.M | M.I | VTC | 75% Duty | Special Grand | JRY | UNTIED | TOTAL |
|---|---|---|---|---|---|---|---|
| 41374 രൂ | 11940 രൂ | 171574 രൂ | 23941രൂ | 38000 രൂ | 242300 രൂ | 274700 രൂ | 803821 രൂ |

ആകെ വരുമാനം = സ്വന്തം വരുമാനം + ഗ്രാൻറ് വരുമാനം = 13,33,369/- രൂ

ഭരണനിർമ്മാണ ചെലവുകൾ ആകെ വരുമാനത്തിന്റെ 35% വരും.

കെട്ടിട നികുതി നീതിയുക്തമായി പുനർനിർണയം നടത്തികൊണ്ട് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മത്സ്യലേലത്തിൽ നിന്ന് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളുമുണ്ട്.

**ധനകാര്യസ്ഥാപനങ്ങൾ**

പഞ്ചായത്തിലെ പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക്.
2. ധന ലക്ഷ്മി ബാങ്ക്.
3. കാത്തലിക് സിറിയൻ ബാങ്ക്. (എക്സ്റ്റൻഷൻ കൗണ്ടർ.)

പറപ്പൂർ സർവ്വീസ് സഹകരണ ബാങ്കിനെയാണ് ജനങ്ങൾ ബാങ്കിംഗ് ആവശ്യങ്ങൾക്കായി കൂടുതലും സമീപിക്കുന്നത്. ഈ പഞ്ചായത്തിലെ പണമിടപാടുകളുടെ സിരാകേന്ദ്രമായി ഈ സ്ഥാപനത്തെ മാറ്റേണ്ടതുണ്ട്. സഹകരണ ബാങ്കിൽ സമാഹരിക്കുന്ന പണത്തിൽ സിംഹഭാഗവും ഇവിടെത്തന്നെ വായ്പയായി വിതരണം ചെയ്യുന്നു എന്നത് നാം ശ്രദ്ധാപൂർവ്വം വീക്ഷിക്കേണ്ട വസ്തുതയാണ്.

പഞ്ചായത്തിലെ 500-ഓളം പേർ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ ഭൂരിപക്ഷം പേരും തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. പ്രതിമാസം ഗൾഫിൽ നിന്ന് ചുരുങ്ങിയത് 10 ലക്ഷം രൂപയെങ്കിലും ഈ പഞ്ചായത്തിൽ വരുന്നുണ്ട്. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ 1000-ഓളം വരും പ്രതിദിനം പറപ്പൂർ പോസ്റ്റോഫീസിൽ ശരാശരി 35-ഓളം മണി ഓർഡറുകൾ വരുന്നുണ്ട്. പ്രതിമാസം 3,4 ലക്ഷം രൂപ ഈ വഴിയിലും ഇവിടെ വരുന്നുണ്ട് എന്ന് അനുമാനിക്കാവുന്നതാണ്. കേരളത്തിലെ ഇതര പ്രദേശങ്ങളിലെന്ന പോലെ ഗൾഫ് വരുമാനം ഭൂരിഭാഗവും കെട്ടിട നിർമ്മാണ രംഗത്താണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് ഗൾഫ് വരുമാനം കാർഷിക രംഗത്ത് അൽപ്പമൊക്കെ ഉപയോഗിച്ചിട്ടുണ്ടാകാമെങ്കിലും വ്യവസായ രംഗത്ത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ കാര്യമായി ഉപയോഗിച്ചതായി കാണുന്നില്ല.

## സാധ്യതകൾ

1. വികസന പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് ചെലവുകൾ ചുരുക്കാവുന്നതാണ്.

2. പ്രത്യേകിച്ച് റോഡു നിർമ്മാണം പോലെയുള്ള വികസന പ്രവർത്തനത്തിൽ 25% എങ്കിലും സന്നദ്ധ പ്രവർത്തനങ്ങൾ വഴി സമാഹരിക്കാവുന്നതാണ്.

3. ഗൾഫ് വരുമാനത്തിന്റെ കുറച്ചുഭാഗമെങ്കിലും ചെറുകിട വ്യവസായ രംഗത്തും കാർഷിക രംഗത്തും നിക്ഷേപിക്കുന്നതിന് ശ്രമിക്കാവുന്നതാണ്.

4. കാർഷിക രംഗത്ത് സർവ്വീസ് സഹകരണ ബാങ്കിന് ഇടപെടാൻ കഴിഞ്ഞേക്കാവുന്ന മേഖലകളെ കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

5. പഞ്ചായത്തിലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് നികുതി പുനർ നിർണയം നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രവർത്തിച്ചകൊണ്ടിരിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നികുതി പുനർ നിർണയം നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

## <u>ഉപസംഹാരം</u>

തോളൂർ ഗ്രാമ പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും പല വികസന പ്രവർത്തനങ്ങളും നടത്തുവാൻ കഴിഞ്ഞകാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

അവയിൽ പ്രധാനപ്പെട്ട ചിലത് സംക്ഷിപ്തമായി താഴെകൊടുക്കുന്നു.

1. 1960 ന്റെ ആദ്യ പാദത്തിൽ നടന്ന തോളൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിർമ്മാണം.
2. എടക്കളത്തൂരിൽ സബ് സെന്ററിന് 10 സെൻറ് സ്ഥലം സൗജന്യമായി സമ്പാദിക്കുവാൻ കഴിഞ്ഞു.
3. പോന്നോരിലെ മിനി ഗ്രൗണ്ട് നിർമാണം
4. GWUPS ലെ കെട്ടിട നിർമ്മാണം
5. എടക്കളത്തൂരിലെ സാംസ്കാരിക മന്ദിരത്തിന്റെ നിർമ്മാണം.
6. പറപ്പൂരിൽ മൃഗാശുപത്രി, ആയുർവേദാശുപത്രി, കൃഷിഭവൻ എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയത്. ഈ ആവശ്യത്തിന് 80,000 രൂപ നാട്ടുകാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്തു.
7. തോളൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 50000 രൂപയുടെ സാധനസമാഗ്രികൾ സമാഹരിച്ചു.
8. മുള്ളൂരിൽ സബ് സെന്റർ പണിയുന്നതിന് 5 സെൻറ് സ്ഥലം സംഭാവനയായി ലഭിച്ചു.
9. പഴയ ചന്ത പരിസരത്ത് നിന്ന് ചാലക്കൽ പാറ പരിസരത്തേക്ക് 1300 മീറ്റർ നീളം പൈപ്പ് ലൈൻ നീട്ടുന്ന പണി ശ്രമദാനമായി നടത്തുവാൻ കഴിഞ്ഞു.
10. ശ്രമദാനാടിസ്ഥാനത്തിൽ നടന്ന മുള്ളൂർകുന്ന് റോഡിന്റെ നിർമ്മാണം.



Cover Designed By : **Biju & C. A. Vargheese** Type Setting & Printing : **Grace Graphics, Kechery.**

# THOLUR GRAMA PANCHAYATH MAP



4275

INST TE OF LOCAL ADMINISTRATION ★ THRISSUR 680581
LIBRARY

